പുസ്തകം 7 ലക്കം 6
മെയ് 2017
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്ത്വ

Eka Thathwa

മാസിക



## ഉറങ്ങുന്നവർക്കായി ഞാൻ ഉണർന്നിരിക്കാം

**ഏക തത്ത്വ പബ്ലിക്കേഷൻസ്**
പുറത്തിറക്കിയ പുതിയ പുസ്തകം
ഓട്ടൻ തുള്ളൽ രൂപത്തിൽ
**സേതു എം. നായർ കരിപ്പോൾ** രചിച്ച
കാടാമ്പുഴ ക്ഷേത്രത്തിന്റെ ഐതിഹ്യം

# കാടാമ്പുഴ ക്ഷേത്രോല്പത്തി (കിരാതാർജ്ജുനീയം)




ഓട്ടൻ തുള്ളൽ രൂപത്തിൽ സേതു എം. നായർ കരിപ്പോൾ രചിച്ച കാടാമ്പുഴ ക്ഷേത്രത്തിന്റെ ഐതിഹ്യം കാടാമ്പുഴ ക്ഷേത്രോല്പത്തി (കിരാതാർജ്ജുനീയം) എന്ന പുസ്തകം കാടാമ്പുഴ ദേവസ്വത്തിന് സമർപ്പണം ചെയ്തു. തദവസരത്തിൽ കാടാമ്പുഴ ദേവസ്വം മാനേജർ അപ്പു വാര്യർ ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ ടി. സി. ബിജുവിന് പുസ്തകത്തിന്റെ ഒരു പ്രതി നല്കിക്കൊണ്ട് പ്രകാശനം ചെയ്തു. കോപ്പികൾക്ക് ഏക തത്ത്വ 9446443321 എന്ന നമ്പറിൽ വിളിക്കുക. പുസ്തകം കാടാമ്പുഴ ദേവസ്വം കൗണ്ടറിൽ ലഭ്യമാണ്. വില - 45 രൂപ.

**ഉയർന്ന നിലവാരമുള്ളതും ഏറെക്കാലം തുരുമ്പിക്കാത്തതുമായ**



## കമ്പിവേലി, നെറ്റ് വേലി

നിർമ്മിതിയിൽ ഇതിനോടകം ജനപ്രീതിനേടിയ രാജൻ തെക്കേമഠത്തിന് ഏക തത്ത്വയുടെ ഹൃദയം നിറഞ്ഞ ആശംസകൾ.
തികഞ്ഞ അർപ്പണബോധവും സത്യസന്ധമായ ഇടപാടുകളിലൂടെയും തൊഴിലിൽ ശോഭിച്ചുനിൽക്കുന്ന ഇദ്ദേഹത്തിന്റെ സേവനം ഒരൊറ്റ ഫോൺ കോളിൽ നിങ്ങൾക്കും ലഭ്യമാക്കാം. കൂടാതെ വൈവിധ്യമാർന്ന ഡിസൈനുകളിലുള്ള

**സ്ലാബ് മതിലുകൾ,**
**പുകയില്ലാത്ത അടുപ്പുകൾ,**
**റെഡിമെയ്ഡ് ഷെൽഫുകൾ**

എന്നിവയും കുറഞ്ഞ സമയത്തിനകം ചുരുങ്ങിയ ചിലവിൽ നിർമ്മിച്ചുകൊടുക്കുന്നു.

വിലാസം :
**രാജൻ, തെക്കേമഠം,**
പെരിങ്ങോട്ടുകുറുശ്ശി
**8593016640**

₹ 15

# ഏക തത്ത്വ
## മാസിക

പുസ്തകം 7 ലക്കം 6
മെയ് 2017

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**കവർ ഫോട്ടോ**
പ്രമോദ് മഞ്ചേരി

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70**
**Palakkad 678 001**

വരിസംഖ്യ
പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട
വിലാസം :
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**
**Website: www.ekathathwa.com**

# ഉള്ളടക്കം



**ലേഖനം**
7 - സാമൂഹ്യ മൂല്യച്യുതി - ടി. വി. നാരായണൻകുട്ടി
12 - ശങ്കരാചാര്യരുടെ പിഴവിനെ തിരുത്തിയ ശ്രീ നാരായണ ഗുരുദേവൻ - കല എസ്. നായർ
14 - ഇതിനൊരു പരിഹാരം ദാമ്പത്യജീവിതം അനുവദിച്ചു കൊടുക്കലാണ് - എം. ജോൺസൺ റോച്ച്
16 - ആശ്വാസത്തിന്റെ മന്ത്രച്ചരടുമായി മുണ്ടൂർ കൃഷ്ണൻകുട്ടി - ശ്രീപ്രകാശ് ഒറ്റപ്പാലം
23 - വൻ കെട്ടിട നിർമ്മാണങ്ങൾക്ക് വന പരിസ്ഥിതിമന്ത്രാലയ നിയന്ത്രണങ്ങൾ തുടരും - വിനോദ് കുമാർ ദാമോദർ

**കഥ**
26 - പുരുഷാർത്ഥം - പ്രമോദ് മഞ്ചേരി
27 - അധമർണ്ണന്റെ ജന്മങ്ങൾ - പി. എം. ശശിധരൻ
29 - അപൂർവ ജീവികൾ - പ്രകാശൻ ചുനങ്ങാട്
31 - ആടിന്റെ പ്രസക്ത ഭാഗം - കെ. വിജയകുമാരൻ
33 - പരിവർത്തനം - ടി. കെ. ഉണ്ണികൃഷ്ണൻ
34 - ഒടുവിൽ - സുരേഷ് തെക്കീട്ടിൽ
34 - വിഷം - ജിഷ രതീഷ്
38 - അവാർഡ് - അരവിന്ദൻ
41 - അത്യാഹിതം - സതീഷ് മാമ്പ്ര

**കവിത**
11 - ജിഷ - ഒരു ചരിത്ര മരണം - ഇന്ദുജൻ ഇന്ദീവരം
13 - തമസ്സല്ലോ സുഖപ്രദം - വാസന്തി മോഹൻ
15 - ശിഖണ്ഡി മുതൽ ഇന്നുവരെ - അഡ്വ. പി. രാജഗോപാലമേനോൻ
15 - എൻ മതം - അജയ് ബാലചന്ദ്രൻ
19 - ഉൽബോധനം - സോമനാഥൻ മാസ്റ്റർ
23 - അമ്മായിയമ്മ - ഡി. തോമസ്
28 - കടിഞ്ഞൂൽ കല്യാണം - രജനി തരൂർ
30 - സസ്യജാലം - മീനാക്ഷി എഴുവത്ത്
33 - പത്താം അവതാരം - സൈനുദീൻ മുണ്ടക്കയം
35 - മാറിയ ഗ്രാമം - പ്രസാദ് വാസുദേവൻ
37 - നോക്കും വാക്കും - ഓമന ചന്ദ്രൻ പെരിങ്ങോട്ടുകുറുശ്ശി

**സ്മരണ**
18 - എന്റെ അഭിനയ സ്മരണകൾ - മുക്കം ഭാസി
20 - ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മാനുഷനുള്ള കാലം - പി. രാധാകൃഷ്ണൻ നായർ
24 - എന്റെ ഉണ്ണിക്ക് - മുരളീധർ കൊല്ലത്ത്

**ആരോഗ്യം**
25 - ആരോഗ്യം സർവ്വധനാൽ പ്രധാനം - ടി. ജെ. നായർ
25 - ഹൈപ്പോകോൺട്രിയാസിസ് - ഡോ. സി. രാമകൃഷ്ണൻ

**ആസ്വാദനം**
22 - ഒരു ശ്രാവണ സംഗീതം പോലെ മുരളീരവം - ഇന്ദുജൻ ഇന്ദീവരം

**പാചകം**
40 - കുമ്പളങ്ങ, ക്യാരറ്റ് പച്ചടി - ജയ ബാലചന്ദ്രൻ

**ദൈവനാമത്തിൽ**
41 - അമ്മ എന്ന അമൂല്യനിധി - മുഹമ്മദ് കനി

## എനിക്കു പറയാനുള്ളത്



# ഉറങ്ങുന്നവർക്കായി ഞാൻ ഉണർന്നിരിക്കാം !

**കാ**ർമേഘങ്ങൾ, മൂടിക്കെട്ടിയ അന്തരീക്ഷം. ഉഷ്ണത്തിന് ഒട്ടും ശമനമില്ല. മഴ പെയ്യുമായിരിക്കും. മഴ പെയ്താലെന്ത് പെയ്തില്ലെങ്കിലെന്ത്, വല്ലാത്ത നിസ്സംഗത ഏവരിലും നിഴലിച്ചുനിൽക്കുന്നു. പലതുണ്ട് കാരണങ്ങൾ. വെള്ളക്ഷാമം രൂക്ഷമായി വരുന്നു. ഒരിക്കലും വറ്റിയിട്ടില്ലാത്ത കിണറുകൾ വറ്റിത്തുടങ്ങി. വറ്റാറായ കിണറുകളിലേയ്ക്ക് ദിവസവും ആധിയോടെ നോക്കിനിൽക്കുന്നു ചിലർ. ജനമനസ്സുകളിൽ ആകെ ഒരു ഭീതി. ശരീരത്തിനെ ബാധിച്ച ക്യാൻസറിനെ തുരത്തി ഓടിക്കാനായി ചെയ്യുന്ന കീമോയും റേഡിയേഷനും രോഗിയുടെ ശാരീരിക നില കൂടുതൽ വഷളാക്കുന്നതു പോലെ ഡീമോണിറ്റൈസേഷനും അതേത്തുടർന്നുള്ള സാമ്പത്തിക മാന്ദ്യവും എല്ലാവരുടെ ജീവിതനിലവാരത്തെ പിടിച്ചുകുലുക്കിയിരിക്കുകയാണ്. ഒരു ഷോക്ക് കിട്ടിയതുപോലെ എല്ലാ മേഘലയും സ്തംഭിച്ചിരിക്കുകയാണ്. എല്ലാം ശരിയാകും ശരിയാകാതെ തരമില്ലല്ലോ. എല്ലാം പഴയതുപോലെ ആകുമ്പോൾ എല്ലാം ശരിയാകുക തന്നെ ചെയ്യും.

വിദ്യാഭ്യാസയോഗ്യതയില്ലാത്ത സംസ്കാരശൂന്യരെ വളർത്തിവലുതാക്കും. എന്നിട്ട് വിദ്യാസമ്പന്നരായ ഉദ്യോഗസ്ഥരേയും നാട്ടുകാരേയും ഭരിക്കാൻ ചുമതലപ്പെടുത്തും. നാട് വലിയങ്ങാടി പോലായി. ആകെ ബഹളമയം. ഈ ബഹളങ്ങളൊന്നുമില്ലെങ്കിൽ പിന്നെന്തു ഭരണമെന്നായി ജനത്തിന്നും.

വിദ്യാഭ്യാസയോഗ്യതയില്ലാത്ത
സംസ്കാരശൂന്യരെ
വളർത്തിവലുതാക്കും.
എന്നിട്ട് വിദ്യാസമ്പന്നരായ
ഉദ്യോഗസ്ഥരേയും
നാട്ടുകാരേയും ഭരിക്കാൻ
ചുമതലപ്പെടുത്തും.
നാട് വലിയങ്ങാടി പോലായി.
ആകെ ബഹളമയം.
ഈ ബഹളങ്ങളൊന്നുമില്ലെങ്കിൽ
പിന്നെന്തു ഭരണമെന്നായി
ജനത്തിന്നും.

നാൽപ്പത് വയസ്സുകഴിഞ്ഞാൽ പിന്നെ ചിലർക്ക് അടുത്തുള്ളതേ കാണൂ. മറ്റുചിലർക്ക് ദൂരെയുള്ളതും. അമ്പത് വയസ്സുവരെ തിമിര്, പിന്നെ തിമിരം. മൊബൈലിന്റേയും ടി. വി.യുടേയും ഇന്റർനെറ്റിന്റേയും അമിത ഉപയോഗം മൂലം കുഞ്ഞുനാളിലെ കാഴ്ചയും പിന്നെ കാഴ്ച്ചപ്പാടുകളും തകരാറിലാവുന്നു. അനുഭവങ്ങളിലൂടെ അതുമല്ലെങ്കിൽ ജീവിതത്തിലൊരു തിരിച്ചടി കിട്ടുമ്പോൾ, കാഴ്ചപ്പാടുകളിൽ മാറ്റം വരുന്നു. ഓപറേഷനും ലേസർ ട്രീറ്റ്മെന്റിനുമായി ലക്ഷങ്ങൾ ചിലവഴിച്ചാൽ കാഴ്ചയും നേരെയാക്കാം. ഒരു കണ്ണിൽ -6 മറ്റെ കണ്ണിൽ -9. ലേസർ ട്രീറ്റ്മെന്റിലൂടെ കാഴ്ച ശരിയാക്കി പക്ഷെ നാലഞ്ചുവർഷങ്ങൾ കഴിഞ്ഞപ്പോൾ കാഴ്ച വീണ്ടും തകരാറിലായി -9ലേയ്ക്ക് അടുക്കുന്നു. ഡോക്ടറെ കണ്ടു. വീണ്ടും ഒന്നുകൂടി ലേസർ ചെയ്യാം. ഒരു കണ്ണിന് ഇരുപ്പത്തയ്യായിരം രൂപ. രണ്ടുകണ്ണിനും ചേർത്തി നാല്പതിനായിരം രൂപ. വേറൊരു പുതിയ ടെക്നോളജിയുണ്ട്. കീഹോൾ ആണ്. അതിൽ ഒരു കണ്ണിന് എഴുപത്തയ്യായിരം, രണ്ടുകണ്ണിനും കൂടി ഒരുലക്ഷത്തിയിരുപതിനായിരം രൂപ. ഹോട്ടലിൽ ചെന്നാൽ എന്തുവേണമെങ്കിലും കഴിക്കാം. പണം വേണമെന്നു മാത്രം. അതുപോലെ പലവിധത്തിലുള്ള ഓപറേഷൻ പാക്കേജുണ്ട്. നിങ്ങളുടെ സംതൃപ്തിയാണ് പ്രധാനം. കഞ്ഞി കുടിക്കുമ്പോഴാണോ ബിരിയാണി കഴിക്കുമ്പോഴാണോ നിങ്ങൾക്ക് കൂടുതൽ സംതൃപ്തി കിട്ടുക ? ബിരിയാണി കഴിച്ചുമടുത്തവർക്ക് കഞ്ഞിയും കഞ്ഞി കുടിച്ചുമടുത്തവർക്ക് ബിരിയാണിയും സംതൃപ്തി നല്കും. എന്നാൽ വിശപ്പകറ്റാൻ, കിട്ടുന്നത് ഭക്ഷിക്കുന്നവർക്ക് എപ്പോഴും സംതൃപ്തിയാണ്. അവർക്ക് ഇപ്പോഴും എപ്പോഴും ദൈവത്തോട് നന്ദിയുമുണ്ട്. എന്തായാലും വിശപ്പുമാറും. പക്ഷെ വിശപ്പിനെക്കാളും സംതൃപ്തിക്ക് പ്രാധാന്യം കൊടുക്കാൻ നാം തുടങ്ങിയിരിക്കുന്നു. അതുകൊണ്ടാണ് എല്ലാത്തിനും പാക്കേജുകൾ വന്നത്. ടൂർ പാക്കേജ്, വിദ്യാഭ്യാസ പാക്കേജ്, ഓപ്പറേഷൻ പാക്കേജ് തുടങ്ങി നിരവധി പാക്കേജുകൾ.

ആരോഗ്യമുള്ളപ്പോൾ ഒന്നും പഠിക്കില്ല, ചിന്തിക്കില്ല. വയ്യാതാകുമ്പോഴാണ്, വാർദ്ധക്യത്തിലാണ് എല്ലാം ചിന്തിച്ചുതുടങ്ങുന്നത്. അമ്പലത്തിലും പള്ളിയിലും എല്ലാതരം ദൈവീകമായ ചടങ്ങുകളിലും ഭക്തിപ്രഭാഷണങ്ങളും കേൾക്കുന്നത് ആരാണ് ? വയസ്സായവർ. കാരണമെന്താണ് ? വേറെ നിവൃത്തി

യില്ല. മാത്രമല്ല ചെറിയൊരു സംതൃപ്തിയും ലഭിക്കുന്നുണ്ട്. പ്രഭാഷകനും വയസ്സനാണ്. ഇന്ന് കേട്ടത് അല്പനേരത്തിനുള്ളിൽ മറക്കുമെങ്കിലും കേൾക്കുമ്പോഴൊരു സുഖം ! എന്തുകൊണ്ടാണ് കുട്ടികളിലും ചെറുപ്പക്കാരിലും ഭക്തിയില്ലാതേയും കുറവായും അനുഭവപ്പെടുന്നത്. പുനർജന്മത്തിന്റെ സാധ്യത കണക്കിലെടുത്ത് ചിന്തിച്ചാൽ പിടികിട്ടും. ഒരു നിവൃത്തിയുമില്ലാതെ വയസ്സുകാലത്ത് ഭക്തിയിൽ മുഴുകി കേട്ടുമടുത്ത് മനസ്സിലാക്കിയ കാര്യങ്ങൾ ആരോഗ്യമുള്ള, യുവത്വം തുളുമ്പുന്ന മനസ്സും ശരീരവും വീണ്ടും കിട്ടിയപ്പോൾ എല്ലാം മറന്നു ജീവിക്കുന്നു. വാർദ്ധക്യം വരണം ചിന്തിക്കാൻ, ഭക്തിവരാൻ എന്നു കരുതി കണ്ണുണ്ടായിട്ടും കാണാതെ കണ്ണട വെച്ചും കണ്ണടച്ച് ജീവിക്കുകയാണ് മനുഷ്യർ.

ചില ചെറുപ്പക്കാർ ഭക്തിയിൽ മുഴുകി ജീവിക്കുന്നുണ്ട്. അവർക്ക് പഴമക്കാരുടെ പിന്തുണയുമുണ്ട്. പക്ഷെ ഈ ചെറുപ്പക്കാരിലേറിയ പങ്കും വർഗ്ഗീയ വിഷം നിറക്കപ്പെട്ടവരാണ്. അവർക്ക് വിശ്വാസം, ആരാധന എന്നൊന്നില്ല. പകരം തന്റെ മതത്തിനെ മുന്നിലെത്തിക്കാനുള്ള, വലുതായി കാണിക്കാനുള്ള ശ്രമം മാത്രമാണ്. അവരുടെ ചോര വല്ലാതെ തിളയ്ക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ചിന്തിച്ചും ഉണർന്നുമുള്ള പ്രവർത്തികൾ അവരിൽ കാണില്ല. അവർ അക്ഷമരാണ്. ഒന്ന് പറഞ്ഞ് രണ്ടാമത്തേതിന് വാളെടുക്കും.

ഓരോ മതത്തിന്റെയും അധികാരികൾ, വക്താക്കൾ അവരുടെ മതം മാത്രമേ അംഗീകരിക്കുകയുള്ളൂ. അതിന്റെ പ്രചാരണത്തിനായി യുവാക്കളെ, യുവതികളെ ഉപയോഗിക്കുന്നു. കൂട്ടത്തിൽ കൂടുംമുമ്പ് ചിന്തിക്കുക. എല്ലാവരും സ്വതന്ത്രചിന്തകരാകുക. എല്ലാം നിങ്ങളുടെ ഉള്ളിൽ തന്നെയുണ്ട്. അവയെ കണ്ടെത്തുക.

രണ്ടായിരത്തിയഞ്ഞൂറിൽ പരം കുറ്റവാളികളെ കുറ്റവിമുക്തരാക്കാൻ പോകുന്നു ! ലിസ്റ്റ് തയ്യാറായി വരുന്നു. ആ ലിസ്റ്റിൽ അറുംകൊലകൾ നടത്തിയവരും പീഡിപ്പിച്ചവരും വ്യാജമദ്യരാജാക്കൻമാരും പെടുന്നു. എല്ലാവരും പുറത്തിറങ്ങട്ടെ. പീഡനങ്ങൾ അനുഭവിക്കാനായി മാത്രം സൃഷ്ടിക്കപ്പെട്ട ഒരു ജനത ഇവിടെയുണ്ട്. എല്ലാ രാഷ്ട്രീയ പാർട്ടിക്കാരും അവരവരുടെ ഗുണ്ടകളെ, കുറ്റവാളികളെ ഈ വർഷത്തെ ലിസ്റ്റിൽ തന്നെ ഉൾപ്പെടുത്തി ജയിൽ മോചിതരാക്കാനുള്ള ശ്രമത്തിലാണ്. ചെറിയ ചെറിയ കള്ളത്തരം ചെയ്തവരെ കാലാവധി കഴിഞ്ഞേ ജയിൽ മോചിതരാക്കുകയുള്ളൂ. ചോദിക്കാനും പറയാനും അവർക്കുവേണ്ടി വാദിക്കാനും ആരും ഇല്ലല്ലോ. പക്ഷെ വി. ഐ. പി. ക്രിമിനലുകൾ ജയിലിലെത്തുന്നത് തന്നെ കുറ്റകൃത്യം നടത്തിയിട്ട് വർഷങ്ങൾക്കുശേഷമാണ്. എന്നിട്ടും പലപ്പോഴായി ഇവർ ജാമ്യത്തിലിറങ്ങി കേസിന്റെ തെളിവ് നശിപ്പിക്കും. വീണ്ടും ജയിലിലെത്തുമ്പോഴേക്കും പുറത്തുവിടാനുള്ള ഉത്തരവ് വരും. നമ്മുടെ നാട്ടിലെ ഓരോ നിയമവ്യവസ്ഥ... ഇതുകണ്ടല്ലേ പുതിയ തലമുറ വളരുന്നത്.

മനുഷ്യമനസ്സിലെ മാലിന്യങ്ങളെല്ലാം ഭൂമിയിലേയ്ക്ക് പടർന്നു കയറി. അതാണുണ്ടായത്. നമ്മൾ ഓരോരുത്തരുടേയും മനസ്സ് ദുഷിച്ചു, മരവിച്ചു. അതിന്റെ പരിണിതഫലമാണ് ഭൂമിയിലെ മാലിന്യകൂമ്പാരം. ശരീരം നന്നാക്കാൻ ഭക്ഷണം കഴിച്ച് വ്യായാമം ചെയ്താൽ മതി. അതുപോലെ മനസ്സു നന്നാവാൻ നല്ല വായനാശീലവും ചിന്തയും അത്യാവശ്യമാണ്.

വെടിക്കെട്ട് കുറഞ്ഞതോടെ ഉത്സവത്തിനുള്ള ആളുകൾ കുറഞ്ഞു. ഇനിവരും കാലങ്ങളിൽ ഉത്സവത്തിന്നായുള്ള നാട്ടുകാരുടെ സംഭാവനയും കുറയും. പൊട്ടിച്ചുകളയാൻ കൊടുത്തിട്ട് പൊട്ടിച്ചു കളയുന്നില്ലല്ലോ. സംഭാവന ഇത്ര മതി എന്നാവും. ഉത്സവങ്ങളുമായി ബന്ധപ്പെട്ട് പിരിച്ചെടുത്ത പണത്തെക്കൊണ്ട് സ്കൂളുകളും കോളേജുകളും നല്ല തൊഴിൽശാലകളും നിർമ്മിച്ചതാണെങ്കിൽ ഇതിനോടകം തന്നെ നാം എല്ലാവിധത്തിലും ഒന്നാമതായേനേ. ഇതുവരെ പൊടിപൂരമാക്കിയ പണത്തെക്കുറിച്ചൊന്ന് ചിന്തിച്ചുനോക്കൂ. ആ പണമുണ്ടെങ്കിൽ നമുക്ക് ചൈനയേക്കാളും ഉത്പന്നങ്ങൾ നിർമ്മിച്ചും വിതരണം ചെയ്തും ലോകശ്രദ്ധ പിടിച്ചുപറ്റാനായേനേ. ഇനിയും വൈകിയിട്ടില്ല. നമ്മിലെ നന്മയാണ്, കാരുണ്യമാണ്, അറിവാണ് ദൈവം. നല്ലതരം അറിവ് നേടൂ. എല്ലാം നേരത്തേ തിരിച്ചറിഞ്ഞ് മുന്നേറൂ.

അന്നദാനം മഹാദാനം. എല്ലാ വിഭാഗങ്ങളും, ആഘോഷകമ്മിറ്റികളും അന്നദാനം ഒരു മഹാസംഭവമാക്കിയിരിക്കുകയാണ്. അന്നം കിട്ടാത്തവന് വൃത്തിയുള്ള പ്ലെയിറ്റിൽ, ഇലയിൽ സ്നേഹത്തോടെ സ്വന്തം കൈകളാൽ അന്നം വിളമ്പിക്കൊടുക്കുമ്പോഴാണ് അന്നദാനം മഹാദാനമാകുന്നത്. അതിന് പിരിവിന്റെ ആവശ്യമുണ്ടോ. നിരന്തരം വീട്ടിൽ എത്രയെത്ര പാവങ്ങൾ വരുന്നു. കൈനീട്ടി നിൽക്കുന്നു. അവരിൽ കാണാത്ത ദൈവത്തെ നിങ്ങൾക്ക് എങ്ങിനെ ചലനമറ്റ രൂപങ്ങളിലും ശൂന്യതയിലും കാണാനാകും. ഒരുവൻ നന്നാവാനായി അറിഞ്ഞുകൊടുക്കുന്ന ഓരോ രൂപയും ധാന്യവും വെറുതെ പോകില്ല പക്ഷെ കൊടുക്കുമ്പോൾ പിറുപിറുത്തും സംശയിച്ചുമല്ലേ കൊടുക്കുന്നത്. അതുകൊണ്ടുപോയി കള്ളുകുടിക്കും കഞ്ചാവുവലിക്കും എന്നെല്ലാം കരുതി ചില്ലറയിലെ ചില്ലറമൂല്യമുള്ള നാണയത്തെ ദാനമായി നല്കുന്നത്. ആ പണവുമായി പോകുമ്പോൾ കള്ളുഷാപ്പു കാണാനും കാണുമ്പോൾ തന്നെ അത് അവനെ വലിച്ചുകൊണ്ടുപോകും. അവന് അതല്ലാതെ തരമില്ലാതാകും. ഭക്ഷണം കൊടുക്കുമ്പോഴും കൊടുക്കുന്നവന്റെ മനസ്സിലെ വിചാരധാരകൾ സ്വീകരിക്കുന്ന ആളിലേയ്ക്ക് പകരും. അതുകൊണ്ട് മനസ്സറിഞ്ഞുകൊടുക്കുക, മനസ്സറിഞ്ഞ് സ്വീകരിക്കുക. കൂലി വാങ്ങുമ്പോഴും, കൊടുക്കുമ്പോഴും പൂർവ്വീക സ്വത്ത് കൈവരുമ്പോഴുമെല്ലാം ഇതുപോലെതന്നെയാണ് സംഭവിക്കുന്നത്. എല്ലാവരും അറിഞ്ഞുവാങ്ങുന്നതിന് പകരം പിടിച്ചുപറിക്കുന്നു. മനം നൊന്ത് കൊടുക്കുന്നു. അതുകൊണ്ടുതന്നെ പുണ്യപ്രവൃത്തി എന്നുകരുതി ചെയ്യുന്ന പലതും ആർക്കും ഗുണമില്ലാതെ പോകുന്നു.

നിങ്ങൾ മിച്ചം പിടിക്കുന്ന, ലാഭിക്കുന്ന പണം നിങ്ങളുടെ കൈയിൽ നിന്നും നഷ്ടപ്പെടും. അർഹിക്കുന്നവന് നിസ്സാരമായി കൊടുത്ത ഓരോ സഹായവും പണവും പതിൻമടങ്ങായി ജീവിതത്തിൽ സന്തോഷവും സമാധാനവും ധനവുമായി തന്നെ തിരിച്ചെത്തും. ധാനം നമ്മൾ ചെയ്യുക, ചെയ്തശേഷം കുറ്റപ്പെടുത്താതിരിക്കുക. മറിച്ച് ചിന്തിക്കാതിരിക്കുക. നിങ്ങൾ നല്കിയത് നല്ലതി

നായ് മാത്രമേ അയാൾക്ക് ചിലവഴിക്കാനാകൂ തീർച്ച.

ഉത്സവങ്ങൾക്കായി റോഡിലിറങ്ങി വാഹനം തടുത്ത് പണം പിരിക്കുമ്പോൾ ഓർക്കുക, പിരിവിനിറങ്ങിയ ഞാനെത്ര രൂപ ഈ ഉത്സവത്തിനായി കൊടുത്തു. അത് എങ്ങിനെ സമ്പാദിച്ചതാണ് എന്നെല്ലാം. റോഡ് തടഞ്ഞ് പിരിവെടുക്കാൻ അവകാശമില്ല. പലവഴിയ്ക്ക് പലതരം പ്രശ്നങ്ങളുമായി വാഹനങ്ങളിൽ പോകുന്നവരെ ഉപദ്രവിക്കാതിരുന്നാൽ തന്നെ നീ വിശ്വസിക്കുന്ന ദൈവം നിനക്ക് നന്മയേ വരുത്തൂ. അല്ലാത്ത പക്ഷം നേരത്തേ സൂചിപ്പിച്ചതുപോലെ പിറുപിറുത്ത് തരുന്ന പണം കൊണ്ട് ഉത്സവം നടത്തി പരസ്പരം പിറുപിറുത്ത് തമ്മിൽ തല്ലി കലഹിച്ചുപിരിയേണ്ടിവരും ഓരോ ഉത്സവകമ്മിറ്റികളും. ദൈവത്തിന് സ്വയമേവ കഴിവില്ലാത്തതുകൊണ്ടാണോ നാം പണപ്പിരിവ് നടത്തി ഉത്സവങ്ങൾ ആഘോഷിക്കേണ്ടിവരുന്നത്. അതോ ദൈവത്തിന് വേണ്ടിയല്ല നമുക്കുവേണ്ടിയാണോ ആഘോഷങ്ങൾ നടത്തുന്നത്. അങ്ങിനെയെങ്കിൽ പിന്നെ എന്തുമാകാം. അതിനുള്ള ശിക്ഷയായാണ് ആന ഇടഞ്ഞ് മദം പൊട്ടി ഓടുന്നതും വെടിക്കെട്ട് ദുരന്തങ്ങൾ ഉണ്ടാകുന്നതും. ഇനി വലിയൊരു ഭക്ഷ്യദുരന്തം വരാനിരിക്കുന്നുണ്ട്. കാരണം അന്നദാനം അതിരുകടക്കുന്നു. നീ കഴിക്കുന്ന ഓരോ ഭക്ഷണവും ദൈവം അനുവദിച്ചുതന്നതാണ്. അല്ലാതെ അന്നദാനത്തിലൂടെ ലഭിക്കുന്ന ഭക്ഷണം മാത്രമല്ല ദൈവത്തിന്റെ പ്രസാദം. വീട്ടിൽ ഭക്ഷണമുള്ളവരേ, അന്നദാനം ചെയ്തോളൂ. പക്ഷെ അന്നദാന സദ്യയിൽ ചെന്നിരുന്ന് ഭക്ഷിക്കരുതേ... ശിക്ഷ കിട്ടും തീർച്ച. വീട്ടിൽ ഭക്ഷണമുള്ളവർക്ക് അന്നം ദാനമായി കൊടുക്കാതെ വിശക്കുന്നവന് കൊടുക്കൂ. രാവിലെ എട്ട് മണിക്ക് വിളമ്പിത്തുടങ്ങിയതാണ് ഉത്സവസദ്യ, തീരുമ്പോൾ വൈകീട്ട് ആറുമണിയായി. നിരവധി ജനം സദ്യയിൽ പങ്കെടുത്തു, 200 പറ അരിവെച്ചു എന്നൊന്നും പറയാതെ, മോശമാണ്. ഇത്രയും അരിയും ചിലവും ആർഭാടങ്ങളും ഒന്നും വേണ്ട. ദിവസവും ഇല്ലാത്തവർക്ക് ഭക്ഷണം നൽകുന്ന സ്ഥിരം സംവിധാനം ഉണ്ടാക്കണം. അതു ശരിയാണ്, പക്ഷെ നമ്മളെ പോലുള്ളവർക്ക് ഭഗവാന്റെ പ്രസാദം അവരോടൊത്ത് കഴിക്കാനാകില്ലല്ലോ. നമുക്ക് വേറൊരു ഭക്ഷണശാലയും കൂടെ ഒരുക്കാം എന്നുകരുതരുത്. ഒരുദിവസം നീയും ദരിദ്രനാവും വൃത്തിഹീനനാവും അപ്പോഴേ മനസ്സിലാവൂ. അപ്പോൾ മനസ്സിലായിട്ട് കാര്യമുണ്ടോ ? ഇല്ലല്ലോ. അത് മനസ്സിലാക്കാനായിട്ടാണ് പഠിക്കുന്നവർക്കായി ദൈവം ഈ ലോകത്തെ ഇങ്ങനെ നിലനിർത്തിയിരിക്കുന്നത്. എല്ലാം കണ്ടും കേട്ടും പഠിക്കാം. പക്ഷെ ചിലർ അനുഭവിച്ചുതന്നെ പഠിക്കുള്ളൂ എന്ന് ശപഥം ചെയ്താൽ എന്തുചെയ്യും. കള്ളുകുടിച്ചൊന്നു നോക്കണം, സിഗരറ്റ് വലിച്ചൊന്നു നോക്കണം, വ്യഭിചരിക്കണം, നുണ പറയണം, പണം പിടിച്ചുപറിക്കണം എന്നിട്ട് വാർദ്ധക്യത്തിൽ മരണത്തേയും കാത്ത് നരകയാതന അനുഭവിച്ച് മലർന്നുകിടക്കണം. പാവങ്ങൾ, പഠിക്കാതെ പോയവർ. അവർ ഈ അവസ്ഥയിലുമൊന്നും ചിന്തിക്കില്ല. കാരണം പഠിക്കാൻ വന്നത് നാമാണല്ലോ. അവരോ, മറ്റുള്ളവർക്ക് പാഠമാവാൻ വന്നവരാണ്. അവർ അവരുടെ പണി ഭംഗിയായി ചെയ്യുന്നുണ്ട്. പഠിക്കാനായി വന്നവരേ, നിങ്ങൾ കാഴ്ചകളിൽ നിന്നും കാര്യങ്ങൾ പഠിക്കുന്നുണ്ടോ ? വേഗം പഠിച്ചെടുത്തോളൂ. ഇനി വരാനിരിക്കുന്ന ജന്മാന്തരങ്ങൾ ഒഴിവാക്കാം, കുറയ്ക്കാം. അല്ലാത്തപക്ഷം ദൈവത്തിന്റെ ചോദ്യം ചെയ്യലിൽ ഉരുകി ഇല്ലാതാകും. ഓരോ കരച്ചിലും അറിവാണ്. മറ്റുള്ളവരുടെ ദുഃഖങ്ങൾ അറിഞ്ഞപ്പോൾ, അതിൽ പങ്കുചേർന്ന് ഉൾക്കൊണ്ട് കരഞ്ഞുപോയെങ്കിൽ നീ നിർമ്മലനാണ്. ദൈവസ്നേഹം ഉള്ളവനാണ്. ചെയ്യാനാകുന്നത്ര നന്മകൾ ചെയ്തുകൊണ്ടിരിക്കുക. നിന്റെ ചുറ്റുവട്ടാരത്തിൽ വേദനിക്കുന്നവരും ദുരിതം അനുഭവിക്കുന്നവരും വന്ന് നിറയും. അതുകൊണ്ടുതന്നെ ആർഭാടങ്ങളില്ലാതെ, ജാടകളില്ലാതെ നീ പച്ചയ്ക്ക് ജീവിക്കും. പച്ച മനുഷ്യനായി ജീവിക്കാനായാൽ ഭാഗ്യവാൻ. ഓരോ അറിവും ദുഃഖത്തെ തരും. ദുഃഖം അത് നമ്മെ തിരിച്ചറിവിലേയ്ക്ക് നയിക്കും. തിരിച്ചറിവ് നേടാനാണല്ലോ വന്നത്. അധികാരസ്ഥാനങ്ങളിൽ ഇരുക്കുന്നവരേ നോക്കുക. എല്ലാവരും നിരുത്തരവാദപരമായാണ് പെരുമാറുന്നത്. നമ്മൾ സങ്കുചിതരാവുമ്പോൾ നമ്മുടെ നേതാവും സങ്കുചിതനാവും. നമ്മൾ വിശാലമനസ്കത ഉള്ളവരാവുമ്പോൾ നമ്മുടെ നേതാവും വിശാലവീക്ഷണമുള്ളവനാവും. ഇവിടെ നമ്മളെക്കാളും പൊട്ടത്തരം ചെയ്യുന്ന നേതാക്കളാണുള്ളത്. അതിന്റെ പരിണിത ഫലം അനുഭവിക്കുന്നത് നമ്മൾ ഉൾപ്പെടുന്ന സമൂഹവും. ഇതിന് മാറ്റം വരണമെങ്കിൽ നാം ഉണരണം.


**ഉറങ്ങുന്നവർക്കായി**
**ഞാൻ ഉണർന്നിരിക്കാം**
**ഉറക്കം നടിക്കുന്നവരെയോർത്ത്**
**വിലപിക്കാം**
**അവരേയും ചുമന്ന് വഴിനടക്കാം**
**ഉറക്കം വന്നാൽ കണ്ണടയ്ക്കാം**
**ഇനി ഉറക്കം നടിച്ചവർ**
**ഉണർന്നിരിക്കട്ടെ**
**അവരും ഉറക്കം**
**നടിക്കുന്നവരെയോർത്ത്**
**വിലപിക്കട്ടെ.**

ഉറക്കം നടിച്ച് തോളിൽ കിടക്കുന്ന കുട്ടി ഉറങ്ങുകയല്ല എന്ന് അച്ഛനറിയാം. അതുപോലെ ഉത്തരവാദിത്വങ്ങൾ എടുക്കാതെ മടിപിടിച്ചിരിക്കുകയും ലീവെടുക്കാതെ മുങ്ങി നടക്കുന്നവൻ എന്തുപണിയാണ് ചെയ്യുന്നത് എന്നെല്ലാം പണിയെടുത്ത് ജീവിക്കുന്നവർക്ക് അറിയാം. എങ്കിലും പറഞ്ഞിട്ട് കാര്യമുണ്ടോ ? ഏവർക്കും മറ്റുള്ളവരെ ബുദ്ധിമുട്ടിക്കരുത് എന്ന് സ്വയമേവ തോന്നണ്ടേ? പണിയെടുക്കുന്ന ന്യൂനപക്ഷം എല്ലാം സഹിക്കുന്നത് സമാധാനപ്രിയരായതുകൊണ്ടാണ്. അല്ലാതെ അവർ ബുദ്ധിയില്ലാത്തവരായതുകൊണ്ടല്ല, പ്രതികരിക്കാൻ അറിയാത്തവരായതുകൊണ്ടുമല്ല. പ്രതികരിച്ച് കലഹിക്കുന്നതിനുപകരം എല്ലാം മനസ്സിലാക്കി അവരെല്ലാം തിരിച്ചുവരുംവരെ കാത്തിരിക്കുകയാണവർ.

ഉറങ്ങുന്നവർക്കും ഉറക്കം നടിക്കുന്നവർക്കുമായി ഉണർന്നിരിക്കുന്ന, ഉണർന്നുപ്രവർത്തിക്കുന്നവരുടെ ശ്രമഫലമായാണ് ഇത്തിരിയെങ്കിലും നന്മ ഇവിടെ നിലനിൽക്കുന്നത്. അവർ പിൻവാങ്ങുന്നതോടെ, മടങ്ങുന്നതോടെ ഉറങ്ങുന്നവരും ഉറക്കം നടിക്കുന്നവരും ചാടി എഴുന്നേൽക്കും കുംഭകർണ്ണനെപ്പോലെ. എന്നിട്ട് എല്ലാത്തിനേയും നശിപ്പിച്ച് സ്വയമേവ ഇല്ലാതാകും. ഉണരുക, ഉണർന്നു പ്രവർത്തിക്കുന്നവരുടെകൂടെ ചേർന്നു പ്രവർത്തിക്കുക.

# സാമൂഹ്യ മൂല്യച്യുതി

## ഉത്തരവാദി നിയമവ്യവസ്ഥയോ ഭരണകൂടമോ അതോ സമൂഹം തന്നെയോ ?



**ടി. വി. നാരായണൻ കുട്ടി**
8547594929

നമ്മുടെ രാജ്യത്ത് സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ ദിനംപ്രതി വർദ്ധിച്ചുവരുന്നതായി കാണുന്നുണ്ടല്ലോ. കഴിഞ്ഞ കാലങ്ങളിലും ഇവയുണ്ടായിരുന്നെങ്കിലും ഇവയിൽ പ്രകടമായ വർദ്ധന സമീപ കാലങ്ങളിലാണ് കണ്ടുതുടങ്ങിയത്. കഴിഞ്ഞ അഞ്ചു പത്ത് വർഷങ്ങളിലെ കണക്കെടുത്താൽ ഇത് മനസ്സിലാക്കുകയും ചെയ്യും. അപ്പോൾ കഴിഞ്ഞ പത്തുവർഷത്തിനിടയിൽ കാതലായ മാറ്റങ്ങൾ ഇവിടെ ഏതൊക്കെ രംഗങ്ങളിലാണെന്നൊന്ന് പരിശോധിച്ചുനോക്കൂ. ഒരുപാട് മേഖലകളിൽ, ഇതിന് കാരണമായ മാറ്റങ്ങളുണ്ടായിട്ടുണ്ട്. ഈ മേഖലകളിലെല്ലാം മാറ്റങ്ങൾ വരാൻ തുടങ്ങിയ കാലങ്ങളിലും വ്യത്യാസം കാണാൻ സാധിക്കും. ജനങ്ങളുടെ സമാധാനം, സുരക്ഷിത ബോധം, സഹിഷ്ണുത എന്നിവയ്ക്കെതിരെയുള്ള കടന്നുകയറ്റങ്ങൾക്കും, മൗലികാവകാശങ്ങൾ നിഷേധിക്കപ്പെടുന്ന പ്രവണതകൾക്കും കാരണമായ മേഖലകളിൽ ചിലതിവിടെ പ്രസ്താവിക്കാം.

മനുഷ്യന്റെ സദാചാരബോധം, കുടുംബബന്ധങ്ങളുടെ കെട്ടുറപ്പിലെ വിള്ളൽ, പുരുഷൻ സ്ത്രീവിവേചനം, നീതിപാലന വ്യവസ്ഥയിലെ കെടുകാര്യസ്ഥത, കാലത്തിന്നനുസരിച്ച് മാറ്റം ഉൾക്കൊള്ളാത്ത നീതിപീഠങ്ങൾ, നീതിപീഠങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കിടയിലെ അഴിമതി, അച്ചടക്കരാഹിത്യം, ലഹരി ഉപയോഗത്തിലുണ്ടായ വർദ്ധനവ്, തീവ്രവാദം, ഇവയേക്കാൾ ഏറ്റവും പ്രധാനപ്പെട്ടത്, ഭരണകൂടങ്ങളുടെ നിസ്സംഗത, മൂല്യശോഷണം, ജനഹിതകാര്യങ്ങൾ നിർവ്വഹിക്കുന്നതിലുള്ള അലംഭാവം, രാഷ്ട്രീയ പാർട്ടികളുടെ പെരുപ്പം, അവരുടെ ആധികാരത്തിന്നായുള്ള ആർത്തി, മൗലികാവകാശങ്ങളിന്മേലുള്ള കടന്നുകയറ്റം, പെട്ടെന്ന് കോടീശ്വരനാകാനുള്ള മോഹം, കോർപ്പറേറ്റ് പ്രീണനം ഇതെല്ലാം ഇവയിൽ ചിലത് മാത്രം. ഇവയ്ക്ക് പുറമെ ധർമ്മം മറന്നുള്ള മാധ്യമങ്ങളുടെ പ്രവർത്തനവും പ്രത്യേകിച്ച് ദൃശ്യമാധ്യമങ്ങൾ. ഈ മാറ്റത്തിന് ആക്കം കൂട്ടുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് കാണാം.

മേൽ പറഞ്ഞവയിൽ ചിലതിവിടെ വിശദീകരിക്കാം. ഒരു വ്യക്തിയുടെ സദാചാരബോധത്തെ പൂർണ്ണമായും സ്വാധീനിക്കുന്നത് അവൻ വളർന്നുവന്ന സാഹചര്യവും, അവന്റെ കുടുംബപശ്ചാത്തലവും തന്നെയാണ്. ഇതിൽ പ്രായപൂർത്തിയാകുന്നതുവരെയുള്ള കാലഘട്ടമാണ് ഏറ്റവും പ്രധാനപ്പെട്ടത്. അതായത് വിദ്യാഭ്യാസകാലഘട്ടം. ഈ കാലങ്ങളിൽ നല്ല സ്വഭാവശുദ്ധിയോടെ വളർന്നുവന്നവരിൽ ഒരു ചെറിയ ശതമാനം മാത്രമേ ഭാവിയിൽ വഴി തെറ്റിപ്പോകാൻ സാധ്യതയുള്ളു. അദ്ധ്യാപകരും, സുഹൃത്തുക്കളും എല്ലാത്തിനുമുപരി രക്ഷിതാക്കളും കുടുംബാംഗങ്ങളും ഇക്കാലങ്ങളിൽ അവന്റെ സ്വഭാവരൂപീകരണത്തിൽ പങ്കാളികളാവുന്നു. അതിനാൽ ഇന്ന് വിദ്യാഭ്യാസ രംഗത്തും, രക്ഷിതാക്കളുടെ മക്കളോടുള്ള സമീപനത്തിലും കാര്യമായ എന്തോ സംഭവിച്ചിട്ടുണ്ടെന്ന് കാണാം.

പണ്ടത്തേതിൽ നിന്നും വ്യത്യസ്തമായി വിദ്യാഭ്യാസം ഇന്നൊരു കച്ചവടമായി മാറിയത് തന്നെ ഇതിന്നൊരു കാരണം. ലാഭം കൊയ്യുന്നൊരു വ്യവസായമായി വിദ്യാഭ്യാസം മാറിയിരിക്കുന്നു. തങ്ങളുടെ കള്ളക്കളികൾ പുറത്തറിയാതിരിക്കാൻ അനാവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു. രക്ഷാകർതൃസംഘടന, വിദ്യാർത്ഥി സംഘടന എന്നിവ വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. കൂടാതെ പരീക്ഷാ നടത്തിപ്പിലും കൃത്രിമം കാണിക്കുന്നു. ഇവർക്കൊരൊറ്റ ലക്ഷ്യമേയുള്ളൂ. പണമുണ്ടാക്കുക. അതിന് വളഞ്ഞ വഴിയിലൂടെ റിസൽട്ട് മെച്ചപ്പെടുത്തുക. ഇതേത്തുടർന്ന് കലാലയാന്തരീക്ഷം പ്രക്ഷുബ്ദമാകുന്നു. ഇവയുടെ ഇരകളോ ? വിദ്യാർത്ഥികളും. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് പഠനത്തിന് പണം നൽകുന്ന ബാങ്കുകൾ അനാവശ്യ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തി പീഡിപ്പിക്കുന്നു. സർക്കാരിക്കാര്യത്തിൽ ഇടപെടുന്നത് അപൂർവ്വം.

രക്ഷിതാക്കളാണെങ്കിൽ നല്ലൊരു തുക കൊടുത്ത് മൂന്നു വയസ്സാകുമ്പോഴേക്കും തങ്ങളുടെ കുട്ടികളെ പ്രീ. കെ. ജി. യിൽ ചേർത്താൽ എല്ലാം കഴിഞ്ഞു എന്ന് വിചാരിക്കുന്നവർ. കുട്ടികൾ എന്തുചെയ്യുന്നു, എങ്ങിനെ പഠിക്കുന്നു എന്നൊന്നും അന്വേഷിക്കാൻ പോലും പലർക്കും സമയമില്ല. രണ്ടുപേരും ജോലിക്കാർ. അതികാലെ വീട്ടിൽ നിന്നിറങ്ങിയാൽ തിരിച്ചെത്തുന്നത് വളരെ വൈകി. ഇതിനിടെ ഏങ്ങിനെ മക്കളുടെ കാര്യങ്ങൾ ശ്രദ്ധിക്കും? പ്ലസ് ടു പഠനം കഴിഞ്ഞാൽ പല വിദ്യാർത്ഥികളും അന്യസംസ്ഥാനങ്ങളിലെ വിദ്യാലയങ്ങളിൽ. അവിടെ പാക്കേജ് സമ്പ്രദായത്തിൽ പഠനം. അതിനും രക്ഷിതാക്കൾക്കൊരുത്തരവാദിത്തവുമില്ല. അവിടെ ചേർത്താൽ മാത്രം മതി. അവിടത്തെ മോശം കൂട്ടുകെട്ടുകൾ ചിലരെയെങ്കിലും സ്വാധീനിക്കും. അണു കുടുംബങ്ങളായ ശേഷമുള്ള പ്രശ്നങ്ങളാണിത്. അണു കുടുംബങ്ങൾ രൂപം കൊള്ളുന്നതിനെ നമുക്ക് നിയന്ത്രിക്കാൻ കഴിയില്ല. മാറ്റങ്ങൾ അനിവാര്യമാണുതാനും. പണ്ടത്തെ കൂട്ടുകുടുംബങ്ങളിൽ ഇത്തരം സാഹചര്യങ്ങളുണ്ടായിരുന്നില്ലെന്ന് പറയാനേ ഇന്ന് കഴിയൂ. പണ്ടത്തെപ്പോലെ സാധിച്ചില്ലെങ്കിലും ഒരല്പം സമയമെങ്കിലും സ്വന്തം കുട്ടികളുടെ കാര്യത്തിൽ ശ്രദ്ധിക്കാനുള്ള സമയം രക്ഷിതാക്കൾ കണ്ടെത്തണമെന്നാണ് ഞാനുദ്ദേശിക്കുന്നത്. സ്വന്തം കുട്ടികൾക്ക് ക്ഷമയോടെ കാര്യങ്ങൾ പറഞ്ഞു കൊടുക്കാനും, അവരുടെ ആവശ്യങ്ങൾ എന്തെന്നറിഞ്ഞ് നിറവേറ്റാനും തയ്യാറാകണം. തങ്ങളുടെ അച്ഛനമ്മമാരോട് എന്തും ധൈര്യമായി പറയാമെന്ന ബോധം കുട്ടികളിലുണ്ടാവണം. അത്തരത്തിലൊരാത്മബന്ധം നല്ലൊരു കുടുംബത്തിൽ മാത്രമേ ഉണ്ടാവുകയുള്ളൂ. ഈ സാഹചര്യം സൃഷ്ടിക്ക

പ്പെട്ടാൽ സദാചാര ബോധത്തിലേക്കുള്ള ഒരു വ്യക്തിയുടെ യാത്രയുടെ തുടക്കം നന്നായിയെന്ന് നിസ്സംശയം പറയാം.

പുരുഷൻ, സ്ത്രീ വിവേചന പ്രശ്നവും കുടുംബത്തിൽ നിന്നുതന്നെ തുടങ്ങണം. ചില അമ്മമാരെങ്കിലും തങ്ങളുടെ മക്കളിൽ ആൺകുട്ടിയോടും പെൺകുട്ടിയോടും പെരുമാറുന്നത് വ്യത്യസ്ത രീതിയിലാണ്. ഇത് ചെറുപ്പം തൊട്ടേ അവരിൽ തങ്ങൾ വ്യത്യസ്തരാണെന്ന ചിന്തയുളവാക്കാൻ പ്രേരകമാവും. അതുകഴിഞ്ഞാൽ പിന്നെ മിക്സ്ഡ് സ്കൂളുകളുടെ അഭാവം. സ്വകാര്യമേഖലയിൽ മിക്സ്ഡ് സ്കൂളുകൾ താരതമ്യേന കുറവാണ്. മിക്സ്ഡ് സ്കൂളുകളും കോളേജുകളും സ്ത്രീ-പുരുഷവിവേചനം ഒരുപരിധി വരെ കുറയ്ക്കാൻ പര്യാപ്തമാണ്.

സിനിമയിലെ സംഭാഷണ പദങ്ങൾ പലതും സ്ത്രീകളെ പരോക്ഷമായി അപമാനിക്കുന്ന രീതിയിലുള്ളതാണ്. 'വേശ്യ' എന്ന പദവി സ്ത്രീകൾക്ക് മാത്രമേയുള്ളൊരു പദവിയായാണ് കരുതപ്പെടുന്നത്. അവൾ വേശ്യയാകുന്നതിന് പങ്കാളിയാകുന്ന പുരുഷന്റെ മാന്യതയ്ക്ക് വലിയ കുറവൊന്നുമില്ല. വേശ്യാവൃത്തി കുറ്റമാണ്. മറ്റു കുറ്റകൃത്യങ്ങളിൽ അതിന് പിന്തുണ നൽകുന്നവന് കുറ്റക്കാരേക്കാൾ ശിക്ഷ വിധിക്കാമത്രെ ! വേശ്യാവൃത്തിയിൽ ഇവിടെ അങ്ങിനെയൊരു പരിഗണനയേ ഇല്ല. പരസ്ത്രീ ബന്ധം നടത്തുന്നത് പുരുഷന്മാരാണെങ്കിലും കുറ്റക്കാർ കൂടുതലും സ്ത്രീകൾ തന്നെ. അവർ അതിന് സമ്മതിച്ചിട്ടല്ലേ ? എന്ന് രസകരമായ മറുപടി. താനതിന്ന് ഒരുങ്ങിപ്പുറപ്പെട്ടിട്ടല്ലേ ? എന്ന് ചോദിക്കരുത്. പുരുഷന്മാർ വിചാരിച്ചാൽ അവസാനിപ്പിക്കാൻ പറ്റുന്ന ഒന്നാണ് ഈ വേശ്യാവൃത്തി. ഇനി സിനിമയിലും, നാടകങ്ങളിലും സ്ത്രീകളെ ചീത്ത വിളിക്കുമ്പോൾ സംബോധന ചെയ്യുന്ന ചില വാക്കുകളുണ്ട്. തേവിടിശ്ശി, കൂത്തിച്ചി, എരണം കെട്ടവളേ എന്നിത്യാദിവാക്കുകൾ അവയിൽ ചിലതു മാത്രം. ഇവയ്ക്ക് പുല്ലിംഗം എന്താണെന്ന് ആർക്കും അറിയില്ല. മറിച്ച് പുരുഷനെ സ്ത്രീ ചീത്ത വിളിക്കുമ്പോൾ പറയുന്നത് ഇങ്ങിനെയായിരിക്കും. "ഇയാള് മുടിഞ്ഞുപോകത്തേ ഉള്ളൂ", "ഇയാളെക്കൊണ്ട് ഞാൻ തോറ്റു", "ഒന്നു പോ മനുഷ്യാ",, "ഞാനും കുട്ടികളും വല്ല വെഷോം കുടിച്ച് ചാകും." ഇവിടെ പുരുഷന്മാരെ ചീത്ത പറയുന്ന പദങ്ങളിൽ മൃദുത്വം കാണാൻ സാധിക്കും. വളരെ അപൂർവ്വം ചിലർ മാത്രമാണ് പുരുഷന്മാരെ താഴ്ത്തിക്കെട്ടിക്കൊണ്ടുള്ള സംഭാഷണങ്ങൾ എഴുതുന്നത്. സീരിയലുകൾ നോക്കൂ... മോശം കഥാപാത്രങ്ങളുടെ എണ്ണത്തിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളായിരിക്കും.

പഞ്ചായത്തിലും നിയമസഭകളിലും പാർലിമെന്റിലും സ്ത്രീ സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. പക്ഷെ ഭരണരംഗത്ത് ഇവർക്കർഹിക്കുന്ന സംവരണം ഇന്നും ലഭിച്ചിട്ടില്ലെന്നാണ് തോന്നുന്നത് - ഓരോ രാഷ്ട്രീയ പാർട്ടികളും സ്ത്രീകൾക്ക് അർഹിക്കുന്ന സംവരണം നൽകുക തന്നെ വേണം.

നീതിന്യായവ്യവസ്ഥയെപ്പറ്റി പറയുമ്പോൾ ഒരുപാട് കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. ഒരു കുറ്റം ശ്രദ്ധയിൽ പെട്ടുകഴിഞ്ഞാൽ അതിന് കാരണക്കാരായവരെ കണ്ടെത്തി, കോടതിയിൽ ആവശ്യമായ തെളിവുകൾ സഹിതം ഹാജരാക്കുക എന്ന പരമ പ്രധാനമായ കടമയാണ് ക്രമസമാധാന പാലനത്തിന്റെ ആദ്യഘട്ടം. ഇതിന്നായി തയ്യാറാക്കുന്ന പ്രാഥമിക വിവരറിപ്പോർട്ട് (F.I.R) വളരെ പ്രാധാന്യമേറിയതാണ്. ഇതിനെ ആശ്രയിച്ചാണ് കേസ് മുൻപോട്ടു പോകുന്നത്. ഇതിൽ കൃത്രിമം കാണിക്കാനുള്ള വ്യഗ്രത ഇന്ന പല സംഭവങ്ങളിലും കാണാം. "ഫോർമൽ ഇൻഫർമേഷൻ റിപ്പോർട്ടി"നെ ഫേവറബിൾ ഇൻഫർമേഷൻ റിപ്പോർട്ടാക്കി മാറ്റുന്നതുമുതൽ അഴിമതിയുടെ വാതിൽ തുറക്കപ്പെടുന്നു. പിന്നീടുള്ളത് കേസന്വേഷിക്കുന്ന ഉദ്യോഗസ്ഥൻ കേസ് ശരിയായ രീതിയിൽ കൊണ്ടുപോകുന്നെന്നറിഞ്ഞാൽ അയാളെ സ്ഥലം മാറ്റിയോ, മറ്റേതെങ്കിലും മാർഗ്ഗമുപയോഗിച്ചോ കേസിന്റെ ഗതി മാറ്റാനുള്ള സാഹചര്യം സൃഷ്ടിക്കലാണ്. അടുത്തത് കേസ് കോടതിയിലെത്തിയാൽ ഹാജരാക്കുന്ന കള്ള സാക്ഷികളെവെച്ചുള്ള കളിയാണ്. ഇത് അഴിമതിയുടെ മറ്റൊരു മേഖല. ഇതിന് സാഹചര്യമൊരുക്കാൻ കേസ് പരമാവധി നീട്ടിക്കൊണ്ടുപോകാനുള്ള അടവും ഇതിനിടെ പ്രയോഗിക്കും.

എന്തിന് വെറും രേഖകൾ മാത്രം അടിസ്ഥാനമാക്കിയുള്ള ഒരു കടയൊഴിപ്പിക്കൽ കേസ്സ് തീർപ്പാക്കാൻ ചുരുങ്ങിയത് രണ്ടുമുതൽ മൂന്നുവർഷം വരെയെടുക്കുന്നു. പിന്നെയാണോ ക്രിമിനൽ കുറ്റങ്ങൾ. ജയിലുകളിൽ കുറ്റവാളികളും കുറ്റം ചാർത്തപ്പെട്ടവരുമുണ്ടാകും. ഇതു മൂലം ജയിലുകളിൽ വേണ്ടത്ര സ്ഥല സൗകര്യമില്ല. സർക്കാറിന്നിവരെ തീറ്റിപ്പോറ്റാനുള്ള ബാധ്യത വേറെ. കാലം കഴിയുന്തോറും കേസ്സിന്റെ സ്വഭാവവും. പ്രതിയുടെ മനോനിലയും മാറി മാറി വരും. കോടതിയിൽ വരുന്ന കേസുകളുടെ എണ്ണം നിയന്ത്രണാതീതമാകും. ഒരു ന്യായാധിപൻ മാറി, പുതിയൊരാൾ വരുമ്പോൾ അദ്ദേഹത്തിന് കേസുകൾ വീണ്ടും പഠിക്കേണ്ടിവരും. ഇതും വിധി പറയുന്നതിൽ കാലതാമസമുണ്ടാക്കും. കേസ് നീണ്ടുപോകുമ്പോൾ സാമ്പത്തിക നഷ്ടവും, കടുത്ത മാനസിക സമ്മർദ്ദവും കക്ഷികൾക്കുണ്ടാവും. അതുകൊണ്ടുതന്നെ ഒരിക്കൽ കേസിൽ പെട്ടവൻ അറിഞ്ഞുകൊണ്ടു വീണ്ടുമൊരു കേസ്സിന് സ്വയം പോകാൻ താല്പര്യം കാണിക്കില്ല. നേരിട്ട് തെളിവുസഹിതം പരാതി കൊടുത്ത പലർക്കും നീതി ലഭിക്കാത്ത പല സംഭവങ്ങളും നാം കേട്ടതാണ്. പോലീസ് സ്റ്റേഷനിൽ വെച്ച് അനുരഞ്ജനത്തിലൂടെ തീർപ്പാക്കാൻ പറ്റുന്ന പല പ്രശ്നങ്ങളും കോടതിയിലെത്തുന്നുണ്ട്. കുറ്റകൃത്യങ്ങൾ നടക്കുന്ന എല്ലാ മേഖലയിലും തുടക്കം മുതൽ ചില സംഭവങ്ങളിലെങ്കിലും നീതിപാലകരുടെ അനാവശ്യ ഇടപെടലുകൾ ഇന്ന് പ്രകടമാണ്. "ഇടപെട്ടാൽ നടക്കും" എന്ന ബോധം പ്രതികൾക്കുണ്ടാകുന്നതുകൊണ്ടാണ് പല പ്രതികളും നിർഭയരായി വിലസുന്നത്. ഈ സാഹചര്യം ഇല്ലാതാക്കാൻ ഭരണകൂടങ്ങൾ കടുത്ത നടപടിയെടുക്കണം. രാഷ്ട്രീയ പാർട്ടികളും, അവരുടെ ലക്ഷ്യം രാജ്യത്ത് സമാധാനം സ്ഥാപിക്കലാണെങ്കിൽ ഇതിന് ഭരണകൂടങ്ങളെ സഹായിക്കണം. കേസ്സുകൾ തീർപ്പാക്കാനുള്ള കാലതാമസം സ്വാധീനിക്കാനുള്ള വഴിയൊരുക്കുന്നു. കൂടാതെ വാദിക്ക് കുറേ സമയം കഴിഞ്ഞ് ലഭിക്കുന്ന നീതി യഥാർത്ഥ നീതിയായി കണക്കാക്കാനും പറ്റില്ല.

കാലത്തിനൊത്തുള്ള മാറ്റങ്ങളുൾക്കൊള്ളാത്ത നീതി പീഠങ്ങളും ഇതിന്നൊരു കാരണമാണെന്ന് പറയുന്നതിൽ തെറ്റില്ലെന്ന് തോന്നുന്നു. ബ്രിട്ടീഷുകാരുടെ കാലത്തുണ്ടായ വ്യവസ്ഥയിൽ നിന്ന്, ഇത്രയും കാലത്തിന് ശേഷം, മാറിയ സാഹചര്യങ്ങൾക്കും സമൂഹത്തിലുണ്ടായ ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്കനുസരിച്ചും വേണ്ട മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന് ഈ രംഗത്തുള്ളവർ ആത്മാർത്ഥമായി പരിശോധിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ നല്ലത്. ഇത് പറയുന്നതിന് കേസുകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം തന്നെയാണ് പ്രധാനകാരണം. കേസുകളുടെ ബാഹുല്യമാണെങ്കിൽ അതെങ്ങിനെ വന്നുവെന്നും അത് പതു

ക്കെയാണെങ്കിലും തരണം ചെയ്യാൻ എന്താണ് പോംവഴിയെന്നും ഭരണകൂടങ്ങൾ ആലോചിക്കാത്തതെന്ത് ? നിയമനിർമ്മാണസഭകളും ജുഡീഷ്യറിയും ഒത്തുചേർന്നാണല്ലോ രാജ്യത്തെ മുന്നോട്ടുനയിക്കുന്നത്. അപ്പോൾ ഏത് തരം കേസുകളിലാണ് കാലതാമസം വരുന്നത് ? അതിനെന്താണ് കാരണം ? എന്നൊക്കെ പരിശോധിച്ച് അത് പരിഹരിക്കാനുള്ള നിയമനിർമ്മാണം നടത്തുന്നതിൽ ശ്രദ്ധിച്ചുകൂടെ ?

ഇതിന്നായി കേസുകളെ അവ രജിസ്റ്റർ ചെയ്യുന്ന സ്ഥലത്തുവെച്ച് തന്നെ അവയുടെ സ്വഭാവമനുസരിച്ച് തരംതിരിച്ച് ഓരോ വിഭാഗത്തിനും ഇന്ന കോടതിയാണ് പരമാധികാര കോടതിയെന്ന് നിശ്ചയിച്ചാൽ ഓരോ കോടതിയിലും വരുന്ന എണ്ണത്തിൽ നിയന്ത്രണമേർപ്പെടുത്താൻ പറ്റുമെന്ന് തോന്നുന്നു. ഇന്ത്യയിലെ മുഴുവൻ കോടതികളിലും ന്യായാധിപന്മാരും, അഭിഭാഷകരും ഒരേ നിയമ സംഹിതയുടെ കീഴിലല്ലെ ? ഇന്ന് ചില നിസ്സാര കേസുകളെങ്കിലും അഭിമാനപ്രശ്നമായെടുത്ത് സ്വാധീനമുള്ളവർ പല കോടതികളിലും എത്തിക്കുന്നതായി കാണാം. കേസ്സിന്റെ സ്വഭാവമനുസരിച്ച് അവസാനതീർപ്പ് ഇന്ന കോടതിയിലാണെന്ന് നിശ്ചയിക്കുന്നത് നീതി നിഷേധമായിക്കാണാൻ പറ്റില്ല. മാത്രമല്ല കേസുകൾ നീണ്ടുപോകുന്നത് ഒരുപരിധിവരെ കുറയ്ക്കാനും പറ്റും. ഇതുമായി ബന്ധപ്പെട്ട് നിലവിലെ നിയമത്തിൽ വല്ല മാറ്റവും ആവശ്യമാണെങ്കിൽ അത് ചെയ്യണം. ശ്രീ. നമ്പിനാരായണന്റെ I.S.R.O ചാരവൃത്തിക്കേസ്സ്, ശ്രീ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന 1994ൽ തുടങ്ങിയത് 23 കൊല്ലങ്ങൾക്കുശേഷം ഇന്നും അവസാനിച്ചിട്ടില്ല. എന്തിനാണിങ്ങനെ പണവും, കോടതി സമയവും നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.

രാഷ്ട്രീയപാർട്ടികളുടെ അനാവശ്യ ഇടപെടലുകളാണ് മറ്റൊന്ന്. പാർട്ടികളുടെ ബാഹുല്യം ഇതിന് കാരണമായിട്ടുണ്ട്. പണ്ട് രാഷ്ട്രീയ പാർട്ടിനേതാക്കൾ അഴിമതിമുക്തരായിരുന്നു. ഇന്ന് ഓരോ പുതിയ രാഷ്ട്രീയപാർട്ടി രൂപീകരണത്തിന്റെ പിന്നിലും സ്വന്തം കാര്യം കാണാനും വിലപേശാനും അഴിമതി നടത്താനുള്ള പ്രവണതയാണെന്ന് കാണാൻ കഴിയും. ജാതി, മത, സംഘടനകളടക്കം രാഷ്ട്രീയപാർട്ടികൾ രൂപീകരിക്കുകയോ, പരസ്യമായി മറ്റു രാഷ്ട്രീയ പാർട്ടികളെ പിൻതുണയ്ക്കുകയോ ചെയ്യുന്നത് ഇതിനുവേണ്ടിയാണ്. ഇത് നിരോധിക്കാൻ നിയമനിർമ്മാണം നടത്താൻ ഭരണകൂടം തയ്യാറാവാത്തതെന്തേ ? ഇവിടെ ഓരോരുത്തർക്ക് അവരുടെ വോട്ടിലാണ് നോട്ടം. ഇങ്ങിനെ ചില നിക്ഷിപ്തതാല്പര്യങ്ങളുമായി നടക്കുന്ന രാഷ്ട്രീയ പാർട്ടികൾ ജനങ്ങൾക്ക് ഗുണകരമായ മാറ്റങ്ങൾ വരുത്തുന്നതിൽ തല്പരരല്ല. ഇപ്പോൾ തിരഞ്ഞെടുപ്പ് കമ്മീഷൻ നിവൃത്തിയില്ലാതെ വന്നപ്പോൾ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ ജാതി, മതപ്രീണനങ്ങൾ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ടെന്തുകാര്യം ? എല്ലാത്തിനും ലൂപ്ഹോൾ അവർ കണ്ടെത്തും. പാർട്ടികളുടെ ബാഹുല്യം കുറച്ചേ പറ്റൂ. ഒരു നിശ്ചിത ശതമാനം വോട്ടെങ്കിലും നേടാത്ത പാർട്ടികൾക്ക് അംഗീകാരം നൽകരുത്. ഇതിന്നാവശ്യമായ നിയമനിർമ്മാണം നടത്തണം.

നീതിപീഠവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരിൽ പ്രധാനപ്പെട്ടവർ അഭിഭാഷകരാണ്. നീതിപാലകർ നൽകുന്ന തെളിവുകളോടുകൂടി പ്രതിക്കർഹമായ ശിക്ഷ ലഭിക്കുന്നതിനാവശ്യമായ നടപടികളിലിടപെട്ട്, പ്രതിഭാഗം, വാദിഭാഗം അഭിഭാഷകർ തങ്ങളുടെ കക്ഷികൾക്കനുകൂലമായ തെളിവുകളും നിയമവശങ്ങളും മറ്റും നിരത്തി ന്യായാധിപന് മുൻപിൽ വാദിക്കുന്നു. ഇതിന്ന് ഓരോ അഭിഭാഷകനും പ്രതിഫലം വാങ്ങാനുള്ള അവകാശവുമുണ്ട്. സർക്കാർ വക്കീലന്മാർക്ക് ശമ്പളം കിട്ടും. മറ്റ് അഭിഭാഷകരുടെ പ്രതിഫല തുകയ്ക്ക് വല്ല മാനദണ്ഡങ്ങളുണ്ടോ എന്നെനിക്കറിയില്ല. ഹൈക്കോടതികളിലും, സുപ്രീംകോടതികളിലും ഹാജരാകുന്നവർ വാങ്ങുന്ന ചില പ്രതിഫലത്തുകയെ സംബന്ധിച്ച് ചില വെളിപ്പെടുത്തലുകളിലൂടെ, അറിയാനിടയായതിൽനിന്ന് ചിലത് മനസ്സിലായി, അത്രതന്നെ. ഇക്കാര്യം ഇവിടെ ഒരു വിഷയമേ അല്ല. എങ്കിലും ഫീസിലെ അന്തരം ചില കേസുകളിലെങ്കിലും വാദിയുടേയും പ്രതിയുടേയും വക്കീലന്മാർക്ക് ചില നീക്കുപോക്കുകൾ നടത്താനുള്ള വഴി തുറന്നിടുന്നില്ലേ എന്ന സംശയം ഉടലെടുക്കുന്നുണ്ട്. ഉണ്ടെങ്കിൽ ഇതൊരു അഴിമതിയായി കരുതുന്നതിൽ തെറ്റുണ്ടോ ? മാത്രമല്ല കണക്കിൽ പെടാത്ത ഫീസുകൾക്ക് മാനദണ്ഡമില്ലാത്തത് അധികഫീസ് നൽകുന്നവരെ സഹായിക്കാനുള്ള പ്രേരണ നൽകുമെന്ന കാര്യത്തിൽ സംശയമില്ല. ഇത്തരം പ്രവണതകൾ കേസിന്റെ വാദിയെത്തന്നെ അട്ടിമറിക്കും. സർക്കാറിന്റെ ഇടപെടലുകൾക്ക് പുറമെ ഇത്തരം ഇടപെടലുകളും നടക്കുന്നില്ലേ എന്നൊരു സാധാരണക്കാരൻ സംശയിച്ചാൽ അതിൽ അതിശയോക്തിയില്ല. മേൽ പറഞ്ഞ കാര്യം സൂചിപ്പിച്ചത് സന്നത്തെടുക്കുമ്പോൾ ചൊല്ലിയ പ്രതിജ്ഞപ്രകാരം അഭിഭാഷകവൃത്തിയുടെ പവിത്രതയും, പരിപാവനതയും കാത്തുസൂക്ഷിക്കുന്നവരെക്കുറിച്ചല്ല. അഭിഭാഷകരാണല്ലോ ഭാവിയിൽ ന്യായാധിപന്മാരാകുന്നത്.

മാധ്യമങ്ങൾക്കെതിരെ ഒരു ചെറിയവിഭാഗം അഭിഭാഷകർ ചേർന്നുനടത്തിയ ഉപരോധം ഏവർക്കും അറിയാവുന്നതാണല്ലോ. ഇന്നത്തെ അഭിഭാഷകരിൽ പ്രഗത്ഭരായ പലരും അത് ശരിയല്ലെന്ന് അഭിപ്രായവുമായി ഇതിന്നെതിരെ രംഗത്തെത്തിയിരുന്നു. പക്ഷെ പ്രശ്നം ഇപ്പോഴും പൂർണ്ണമായി പരിഹരിച്ചെന്ന് പറയാറായിട്ടില്ല. അപ്പോൾ ഇവർക്കാരോടാണ് കൂറ്. മൗലികാവകാശങ്ങൾ സംരക്ഷിക്കാൻ ബാധ്യതയുള്ള കോടതിപോലും, അതിന്ന് സഹായികളായി പ്രവർത്തിക്കേണ്ട വക്കീലന്മാർ കൈക്കൊണ്ട ഒരുനടപടിയിൽ തീർപ്പുകൽപ്പിക്കാനാകാതെ നിൽക്കുന്ന ദയനീയ കാഴ്ച നാം കാണുന്നു. അഭിഭാഷകന്, വ്യക്തിപരമായോ മറ്റേതെങ്കിലും വിധത്തിലോ യാതൊരു ദോഷവുമില്ലാത്ത കാര്യം, തങ്ങൾ നിയമം പഠിച്ചവരാണെന്ന ഒരൊറ്റ ധാർഷ്ട്യത്തിന്റെ പേരിൽ വളരെ കുറച്ചുപേർ മാത്രമെടുത്ത തീരുമാനം ഇനിയും തിരുത്തിയെന്ന് പറയാറായിട്ടില്ല. ഇവരെ ഇതിന് പ്രേരിപ്പിക്കേണ്ടവരും നിശ്ചലരാണ്. ഇവർക്കെന്ത് സാമൂഹ്യപ്രതിബദ്ധത.

മേൽ പറഞ്ഞ കാര്യങ്ങളിൽ നിന്നും ഇന്നത്തെ നീതിന്യായ വ്യവസ്ഥ കൈകാര്യം ചെയ്യുന്ന കോടതികളും, അനുബന്ധ സംവിധാനങ്ങളും ഗുണപരമായതല്ലെന്ന് അർത്ഥമാക്കുന്നേ ഇല്ല. ഇവർക്ക് ആവശ്യമായ നിയമനിർമ്മാണം യഥാസമയം മാറ്റിനൽകാത്തതാണ് പ്രധാന കാരണം. കൂട്ടത്തിൽ ചില മോശം പ്രവണതകൾ ഉള്ളത് ഒഴിവാക്കണമെന്നേ അർത്ഥമാക്കുന്നുള്ളു. ഇതുമൂലം സാധാരണക്കാരന് ലഭിക്കേണ്ട നീതി യഥാസമയം ലഭിക്കുന്നില്ലെന്നാണ് ഞാൻ സൂചിപ്പിച്ചത്. ഇതിന് ഒട്ടനവധി കാരണങ്ങളുണ്ട്. അത് വിശകലനം ചെയ്ത് ബന്ധപ്പെട്ട അധികാരികൾ ഇതിന്നൊരു പ്രതിവിധി കണ്ടെത്താനുള്ള സമയം അതിക്രമിച്ചിരിക്കുന്നു.

ലഹരി ഉപയോഗമാണ് മറ്റൊന്ന്. മദ്യവും ലഹരിപദാർത്ഥം തന്നെ. പക്ഷെ ഇതിന്നൊരു പ്രത്യേ

കത പല സംസ്ഥാനങ്ങളിലും സർക്കാർ തന്നെ ഉപയോഗിക്കാൻ അനുമതി നല്കിയിട്ടുള്ള ലഹരി വസ്തുവാണെന്നുമാത്രം. (ഇപ്പോൾ കള്ള്, വൈൻ, ബിയർ എന്നിവ ലഹരിപദാർത്ഥമല്ലെന്നു വാദഗതിയുമായി ചിലർ രംഗപ്രവേശനം ചെയ്തിട്ടുണ്ട്. ഇതിൽ ഉപയോഗിക്കുന്ന ഉയർന്ന ആൽക്കഹോളിന്റെ അളവോ, കള്ളിൽ ചേർക്കുന്ന മറ്റു മായങ്ങളോ ലഹരിപദാർത്ഥങ്ങളായി ഇവയെ മാറ്റുമെന്ന് ആർക്കാണറിയാത്തത്.) കൂടാതെ കഞ്ചാവ്, ചരസ്സ്, ഹെറോയിൻ, ഹാൻസ് തുടങ്ങി പല പേരുകളിൽ ലഹരിപദാർത്ഥം കമ്പോളത്തിൽ സുലഭമാണ്. ഇവയിലേതുപയോഗിച്ചാലും സ്വബോധം നശിക്കും. ബോധമില്ലാത്തവൻ മൃഗത്തിന് തുല്യം. യഥാർത്ഥമൃഗം അതിനെ ഉപദ്രവിച്ചാൽ മാത്രമേ അക്രമസ്വഭാവം പ്രകടിപ്പിക്കയുള്ളൂ. മനുഷ്യമൃഗം അങ്ങിനെയല്ല. അതിനേക്കാൾ ഭീകരമാണ്. കൂടുതലും സ്ത്രീകളും, പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുമാണ് ഇവരുടെ ഇരകൾ. മദ്യം നിരോധിക്കൽ സർക്കാരിന്റെ വരുമാനം കുറയ്ക്കുമെന്ന ഞൊട്ടു ന്യായത്തിൽ ഇവർ കടിച്ചുതൂങ്ങി നിൽക്കുന്നു. ജനനന്മയാണ് ലക്ഷ്യമെങ്കിൽ വേറെ വരുമാനമാർഗ്ഗം തേടി മദ്യത്തിലെ വരുമാനം വേണ്ടെന്ന് വെയ്ക്കണം. സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കിയ ചില സംസ്ഥാനങ്ങൾ ഇന്ത്യയിലുണ്ടല്ലോ ? ഇതിന് സംസ്ഥാനങ്ങൾ തയ്യാറായില്ലെങ്കിൽ മദ്യനിരോധനം സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ നിന്ന് മാറ്റി ഭാരതസർക്കാരിന്റെ അധികാരപരിധിയിലാക്കാനുള്ള നടപടിയുണ്ടാകണം. തുടർന്ന് ഭാരതം മുഴുവൻ മദ്യനിരോധനം നടപ്പാക്കണം. എങ്കിലേ പൂർണ്ണഗുണം ലഭിക്കയുള്ളു. ഒരു സംസ്ഥാനത്ത് മാത്രമായി ഇത് നടപ്പാക്കുന്നത് അത്ര ഫലപ്രദമല്ല. ലഹരി പദാർത്ഥങ്ങൾ കടത്തുന്നവർക്കും, വിതരണം ചെയ്യുന്നവർക്കുമുള്ള ശിക്ഷ പരമാവധി വർദ്ധിപ്പിക്കാനും സർക്കാർ തയ്യാറാവണം. കൈയ്യോടെ പിടികൂടിയ കുറ്റങ്ങളിലെങ്കിലും പ്രതിയെ വീണ്ടും തെളിവിനായി ശ്രമിക്കാതെ അതിവേഗം ശിക്ഷിക്കാനുള്ള നടപടിയെടുക്കണം. ഇതിന്നായി നിലവിലെ ചട്ടങ്ങൾ ഭേദഗതി ആവശ്യമെങ്കിൽ അതിന് തയ്യാറാകണം.

പെട്ടെന്ന് പണക്കാരനാകാൻ ഇന്നേറ്റവും പറ്റിയ മേഖല രാഷ്ട്രീയപ്രവർത്തനമായി മാറിയിരിക്കുന്നു. അതുകൊണ്ടുതന്നെ മുൻതൂക്കമുള്ള പാർട്ടികളിലേക്ക് ചിലർ വന്നുകൊണ്ടേയിരിക്കും. 'ആദർശങ്ങൾക്ക്' മാർക്കറ്റ് വില വളരെ താണ അവസ്ഥയിലാണ്. അടുത്ത തിരഞ്ഞെടുപ്പിൽ ജയസാധ്യതയുള്ള പാർട്ടിക്ക് വൻ കോർപ്പറേറ്റ് മുതലാളിമാർ മുൻകൂറായി ധനസഹായം നടത്തും. ജയിച്ചുകഴിഞ്ഞ് ഭരണം തുടങ്ങിയാൽ കൊടുത്തതിന്റെ പല മടങ്ങ് സമ്പാദിക്കാനുള്ള സഹായം ഇവരിൽ നിന്ന് കരസ്ഥമാക്കുകയും ചെയ്യും. ലക്ഷപ്രഭുക്കളാവാൻ പണ്ട് മോഹിച്ചവർ ഇന്ന് കോടീശ്വരന്മാരാകാൻ ആർത്തികാട്ടുന്നു. ജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ച് തങ്ങളുടെ പാർട്ടിക്കും, ബന്ധുക്കൾക്കും ആവശ്യമായതെല്ലാം ചെയ്തുകൊടുക്കുന്നു. ഇത് വെറുതെ പറയുന്നതല്ല. സാമാന്യം പണക്കാരനല്ലാത്ത ഒരു സജീവ രാഷ്ട്രീയപ്രവർത്തകൻ ഇന്ന് ഇന്ത്യാ രാജ്യത്തുണ്ടോ ? ഉണ്ടെങ്കിൽ അവർ മണ്ടന്മാരായിരിക്കും. വായനക്കാർ പരിശോധിക്കൂ... പണ്ട് ഇതായിരുന്നോ സ്ഥിതി... കോർപ്പറേറ്റുകളാണെങ്കിൽ സർക്കാർ പ്രീണനം നടത്തി പൊതുമുതലിൽ കൈയ്യിട്ട് കൊള്ളലാഭം കൊയ്ത് ലോകത്തിലെ നമ്പർ വൺ കോടിപതികളാവാൻ മത്സരിക്കുന്നു. ഒരു ചെറിയ ഉദാഹരണം, രണ്ടു വർഷം മുമ്പ് ഒമ്പതാം സംസ്ഥാനത്തായിരുന്ന ഒരു കോർപ്പറേറ്റ് മുതലാളി ഇന്ന് മൂന്നാം സ്ഥാനത്ത്. ഇത്രവേഗം എങ്ങിനെയെത്തി. ആളാരെന്ന് പത്രം വായിക്കുന്നവർക്ക് മനസ്സിലായിക്കാണും. ഇന്ന് രാജ്യത്ത് രണ്ട് വിഭാഗക്കാരേ പ്രധാനമായുള്ളു. കീഴ്ത്തട്ടും മേൽത്തട്ടും. ഇടത്തരക്കാർ ദിനംപ്രതി കുറഞ്ഞുവരുന്നു. കീഴ്ത്തട്ടുകാർക്ക് എന്നും അധോഗതി തന്നെ. ഇവരെയാണ് ഉത്തരവാദിത്തമുള്ള സർക്കാർ കാര്യമായി ശ്രദ്ധിക്കേണ്ടത്. ഇവരെ തിരഞ്ഞെടുപ്പ് സമയത്ത് വോട്ടിനായി മാത്രം ആശ്രയിച്ചാൽ പോര. ഇവരുടെ ആവശ്യങ്ങളിലും ശ്രദ്ധിച്ചാൽ അതോടൊപ്പം മറ്റു ജനങ്ങളുടെ ആവശ്യവും തന്നാലെ ശരിയാകും.

മാധ്യമങ്ങൾക്ക് പ്രത്യേകിച്ച് ദൃശ്യമാധ്യമങ്ങൾക്ക് നമ്മുടെ നാട്ടിൽ നടക്കുന്ന ദുഷ്പ്രവണതകൾക്കെതിരെ നല്ല ഉദ്ദേശത്തോടെ പ്രതികരിച്ച് ജനങ്ങളിൽ സ്വാധീനം ചെലുത്താൻ കഴിയും. പക്ഷെ വളരെ ഖേദത്തോടെ പറയട്ടെ ഇവരുടെ പല പ്രവർത്തികളും സംഗതി വഷളാക്കുന്നതിലേക്കാണ് നയിക്കുന്നത്. കാരണം ഓരോ ചാനലുകൾക്കും പ്രത്യേക രാഷ്ട്രീയ ചായ്‌വോ, മറ്റു മുതലാളിത്ത പ്രീണനലക്ഷ്യങ്ങളോ ഉണ്ടെന്നത് തന്നെ. ബ്രേക്കിങ് വാർത്തകൾക്കായി ഓടിനടക്കുക. ആ വാർത്ത കൊടുത്ത് പിന്നീടത് തെറ്റാണെന്നറിഞ്ഞാൽ 'തിരുത്ത്' കൊടുക്കാതിരിക്കുക. രാത്രി സ്ഥിരമായ സമയങ്ങളിൽ അന്നത്തെ പ്രധാന സംഭവമെന്ന് പറഞ്ഞ് ചർച്ചകൾ സംഘടിപ്പിക്കുന്നതാണ് മറ്റൊരുകാര്യം. ഈ ചർച്ചകളിൽ സംഭവം എന്തുതന്നെയായാലും പ്രമുഖ രാഷ്ട്രീയ പാർട്ടി പ്രതിനിധികളെ വിളിച്ച് അഭിപ്രായം ആരായുന്നത് കാണാം. ഇവർക്ക് ആ വിഷയവുമായി ചിലപ്പോൾ ഒരു ബന്ധവുമുണ്ടാവില്ല. പക്ഷെ ചാനലുകാർക്ക് രാഷ്ട്രീയക്കാർ എല്ലാം തികഞ്ഞവരാണ്. ഇവർ തങ്ങളുടെ പാർട്ടിയുടെ താല്പര്യത്തിനനുസരിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ പറയും. ചിലപ്പോൾ ചർച്ച് നയിക്കുന്ന ആൾക്ക് ആ ചാനലിന്റെ താല്പര്യത്തിൽ നിന്ന് വല്ലാതെ വ്യതിചലിക്കുന്നെന്നറിഞ്ഞാൽ ഇടക്ക് കയറി ഇടപെടുന്നതായും കാണാം. ഒരു ചർച്ചയിലും അതുമായി ബന്ധപ്പെട്ട ഒരു സാധാരണക്കാരന്റെ അഭിപ്രായം കേൾക്കാൻ ശ്രമിക്കുന്നതായി കണ്ടിട്ടില്ല. സ്ത്രീകളെ ബാധിക്കുന്ന വിഷയമാകുമ്പോൾ മാത്രം കൂടുതൽ സ്ത്രീകളെ വിളിക്കും. അതും ചില സ്ഥിരക്കാർ. ഇവിടെയും സാധാരണ കുടുംബിനികളുടേയും, സമൂഹത്തിൽ പലതട്ടിൽ കിടക്കുന്നവരേയും വിളിച്ച് അഭിപ്രായമാരായാത്തതെന്ത് ? ഫോണിൽ കൂടിയെങ്കിലും ഇവരുമായി ബന്ധപ്പെടാമല്ലോ ? ജാതി, മതം, വർഗ്ഗീയത എന്നീ വിഷയങ്ങളിൽ വന്നാൽ അതിനും ചില സ്ഥിരക്കാരുണ്ട്. ഇവർ മുമ്പ് പറഞ്ഞത് പലതും ആവർത്തിക്കും. ചിലർ നിർത്താൻ പറഞ്ഞാലും നിർത്താതെ പറഞ്ഞുകൊണ്ടേയിരിക്കും. മൊത്തത്തിൽ ചർച്ചകൾ വെറും പ്രഹസനങ്ങളായി മാറുന്നു. ഇതുകൊണ്ടൊരു മെച്ചവും സമൂഹത്തിനോ, നാട്ടിനോ ഇല്ല തന്നെ. കഴിഞ്ഞ ഭരണകാലത്ത്, ഒരു തട്ടിപ്പ് കേസിലെ പ്രതിയായ സ്ത്രീയെ ചുറ്റി, ഒരു ഭരണസംവിധാനം മുഴുവൻ കുറേ ദിവസത്തേക്ക് ദുരുപയോഗം ചെയ്ത് ചാനലുകാർ ആഘോഷിച്ചത് മാന്യവായനക്കാർക്ക് അറിവുള്ളതല്ലെ ? ഈ കേസ് ഇന്ന് പലരും മറന്നുകഴിഞ്ഞു. സർക്കാരിന്റെ പണം എത്രത്തോളം ഇതിന്നുവേണ്ടി ചിലവാക്കി എന്നൊന്ന് പരിശോധിച്ചുനോക്കൂ. ഇതിൽ നിന്ന് വല്ല പാഠവും ജനങ്ങളോ സമൂഹമോ പഠിച്ചോ ? വാർത്തകൾ ശരിയായ രീതിയിൽ സത്യസന്ധമായി നൽകിയാൽ തന്നെ അതൊരു നല്ല കാര്യമാണ്. ചർച്ചകൾ വേണ്ട എന്നല്ല. ചർച്ചകൾക്കായി ചർച്ച നടത്തരുത്. ഗുണമേന്മ വേണം. എല്ലാ വിഭാഗങ്ങളിലും പെട്ടവരുടെ

അഭിപ്രായം കേൾക്കണം. എന്നിട്ട് വിശകലനം ചെയ്യണം. വിവരം മാത്രമല്ല അതത് മേഖലയിലെ അനുഭവവും മാനദണ്ഡമാക്കണം. രാഷ്ട്രീയനേതാക്കൾക്ക് എല്ലാ മേഖലകളെപ്പറ്റിയും സാമാന്യ അറിവുണ്ടായേക്കും. പക്ഷെ അനുഭവം കുറവായിരിക്കും. ഇതവരെ കുറ്റപ്പെടുത്തുകയല്ല. ഇന്നത്തെ നേതാക്കന്മാർക്ക് ചില പരിമിതികളുണ്ട്. പല പത്രങ്ങളും, പഴയകാല പത്രങ്ങളെ അപേക്ഷിച്ച് പത്രധർമ്മം പാലിക്കുന്നതിൽ പിറകോട്ടാണ്. മാസികകളും, വാരികകളും നിറയെ പരസ്യങ്ങളാണ്. ഇതിനുവേണ്ടി പേജുകൾ കൂട്ടി വില കൂട്ടി വിൽക്കുന്നു. വായനക്കാർ ഇഷ്ടപ്പെട്ടില്ലെങ്കിലും ചില ആഴ്ചകളിൽ പരസ്യത്തിന്റെ ബാഹുല്യം മൂലം രണ്ട് വാരികകൾ അടിച്ചേൽപ്പിക്കുന്നു.

അടുത്തത് സാംസ്കാരിക മേഖലയുടെ മൂല്യച്യ്യുതിയാണ്. കൂടുതൽ ആൾക്കാരെ ആകർഷിക്കുന്ന സിനിമയായാലും, സീരിയലായാലും മിക്കതിലും ബലാൽസംഗം, തട്ടിക്കൊണ്ടുപോകൽ, ഭവനഭേദനം, കൊല, കൗമാരപ്രണയം എന്നിവയുണ്ടാകും. എല്ലാത്തിനും പുതിയ ടെക്നിക്കുകൾ ഉപയോഗപ്പെടുത്തും. അതുകൊണ്ടുതന്നെ ഈ മേഖല അല്പം അപകടകരമാണ്. പണ്ടത്തെ സിനിമകൾ വല്ലതും യഥാർത്ഥത്തിൽ കുടുംബങ്ങളിൽ നടക്കുന്ന പല പ്രമേയങ്ങളും കൂട്ടിച്ചേർക്കുന്ന കഴകളെ അടിസ്ഥാനമാക്കിയുള്ളവയായിരുന്നു. അന്ന് ഇത്രയേറെ പ്രശ്നങ്ങളുണ്ടായിരുന്നോ ? ഇന്ന് പല സിനിമകൾക്കും കഥയെന്നൊന്ന് കഷ്ടിച്ചുമതി. ബാക്കി അതിനെ വട്ടം കറങ്ങി ധാരാളം നൃത്തരംഗങ്ങളും, കാർ ചെയ്സും, അടിയും ഇടിയും കൊലപാതകങ്ങളും തട്ടിക്കൊണ്ടുപോകലും എല്ലാം നൂതന രീതി ഉപയോഗിച്ചു കൊഴുപ്പിച്ച് ഒരു പരുവമാക്കിയെടുക്കുന്നു. നല്ല സിനിമകളും ഇല്ലാതില്ല. സിനിമയുടെ അപകടങ്ങളെക്കുറിച്ച് പറയുമ്പോൾ, സിനിമ കണ്ട് ആരും വഴി തെറ്റി പോകാറില്ലെന്ന്, സിനിമയുമായി ബന്ധപ്പെട്ടുപ്രവർത്തിക്കുന്നവരിൽ ചിലർ പറയുക സ്വാഭാവികമാണ്. സിനിമയെ അടച്ചാക്ഷേപിക്കുകയാണെന്ന് ആരും കരുതരുത്. സിനിമാരംഗത്ത് നല്ല കഴിവും, നല്ല മനസുമുള്ള എത്രയോ കലാകാരന്മാരും, സാങ്കേതിക വിദഗ്ദ്ധരുമുണ്ട്. എന്തുകൊണ്ടോ ഈ രംഗത്ത് ഇന്നത്തെ നിലയിൽ നിന്ന് ചില മാറ്റങ്ങളെങ്കിലും സമൂഹനന്മയ്ക്കായി അനിവാര്യമാണെന്ന് തോന്നുന്നു. കാരണം ഇന്നത്തെ സിനിമ കാണുമ്പോൾ ചില യുവാക്കളിലും, കുട്ടികളിലും ഇവ എന്തെങ്കിലും സ്വാധീനം ചെലുത്തില്ലെന്ന് പറയാൻ കഴിയില്ല. ഇതാണ് ജീവിതമെന്ന് ചിലർ ധരിച്ചേക്കും. സെൻസർ ബോർഡ് അല്പംകൂടി ശ്രദ്ധിച്ചാൽ ചില കാര്യങ്ങൾ ചെയ്യാൻ പറ്റും. ഇതിന്നായി ചട്ടങ്ങളിൽ മാറ്റം വരുത്തണമെങ്കിൽ അത് ചെയ്യണം. സീരിയലുകളും സമൂഹനന്മയ്ക്കായി ഒന്നും ചെയ്യുന്നില്ല. നീട്ടി നീട്ടി കൊണ്ടുപോകാനുള്ള വ്യഗ്രതയിൽ തുടക്കത്തിലെ കഥ മാറി മാറി അവസാനം എങ്ങിനെയെങ്കിലും ഒന്നവസാനിപ്പിക്കാനുള്ള തിടുക്കം കാണിക്കുന്നവയാണ് പലതും. കഥാപാത്രങ്ങൾ സ്വന്തമായി ഒരു സ്വഭാവം തുടക്കത്തിലുള്ളത് ഇടയ്ക്കിടെ മാറിക്കൊണ്ടേയിരിക്കും. കഥ നീട്ടാൻ വേണ്ടി പല കഥാപാത്രങ്ങളെക്കൊണ്ടും യഥാർത്ഥ സത്യം പറയാതെ കളവുപറയിക്കും. പിന്നെ അതിൽ പിടിച്ചുതൂങ്ങി കഥ വേറെ വഴിക്ക് കൊണ്ടുപോകും. എല്ലാ ദിവസവും ഒന്നോ രണ്ടോ കരച്ചിൽ ഗ്യാരണ്ടി. യാഥാർത്ഥ്യങ്ങളുമായി ഒരു പൊരുത്തവുമില്ലാത്ത കാര്യങ്ങൾ സീരിയലിൽ ഉടനീളം സംഭവിച്ചു കൊണ്ടേയിരിക്കും. ചില നടിമാരേയും നടന്മാരേയും ഇടക്കുവെച്ച് മാറ്റുന്നതും കാണാം. സീരിയലുകൾക്കും സെൻസറിങ്ങ് ഏർപ്പെടുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ഒരു കാര്യം കൂടി പറഞ്ഞ് ഈ ലേഖനം അവസാനിപ്പിക്കാം. മൊബൈൽ ഫോണുകളുടെ ആധിപത്യം ചെറിയ തോതിൽ സമൂഹത്തിലെ ചില ദുഷ്പ്രവണതകൾക്ക് തൂക്കം കൂട്ടാൻ പ്രേരകമായിട്ടുണ്ടെന്ന് പറയാതെ വയ്യ. ഈ സംവിധാനം വേണ്ടെന്ന് വെയ്ക്കാൻ ഇന്ന് സാധ്യമല്ല. എങ്കിലും ഇത് ദുരുപയോഗം ചെയ്യാതെ ഉപയോഗിക്കാൻ ഇന്നത്തെ തലമുറ ശ്രദ്ധിക്കണം. പല കേസുകൾക്കും തുമ്പുണ്ടാക്കാൻ മൊബൈൽ ഫോണുകൾ സഹായകമായിട്ടുണ്ട് എന്ന വസ്തുത വിസ്മരിക്കുന്നില്ല.

മാറ്റങ്ങൾ അനിവാര്യമാണ്. പക്ഷെ അവ നല്ലതിനായിരിക്കണം. വിവേകബുദ്ധി മനുഷ്യന് തന്നിരിക്കുന്നതുതന്നെ നല്ലതും ചീത്തയും തിരിച്ചറിഞ്ഞ് പ്രവർത്തിക്കാനും, പ്രതികരിക്കാനുമാണ്. അല്ലാതെ മൃഗമായി മാറാനല്ല. ഇത് ഓരോരുത്തരും മനസ്സിലാക്കുകയും, സമൂഹത്തിലെ നാനാതുറയിലും പെട്ടവർ കൂട്ടായി പ്രവർത്തിക്കാനും തയ്യാറായാൽ ഇന്ന് സമൂഹത്തിലുള്ള മൂല്യച്യ്യുതിക്ക് ഒരളവുവരെ പരിഹാരമാകുമെന്ന് തോന്നുന്നു.

## കവിത

# ജിഷ

### ഒരുചരിത്രമരണം

ഇന്ദുജൻ ഇന്ദീവരം
9567128513

ജിഷ,
നിസ്സഹായതയുടെ
നിശീഥ താഴ്വരയിൽ
പറിഞ്ഞുകീറിയ
നിന്റെ ചരിത്രമരണം
ലോകമനഃസാക്ഷിയുടെ
തിരുമുഖത്തിന്
കറുത്ത പരിവേഷം ചാർത്തി.

മരണത്തിന്റെ അലമുറ ശബ്ദം
പറ്റിപ്പിടിച്ച നിന്റെ മുറിയിൽ
സ്ത്രീത്വത്തിന്റെ ദിവ്യനാളങ്ങൾ
ചിന്നിച്ചിതറി മാഞ്ഞുപോയി.
പരമസത്യത്തിന്റെ നാവുകൾ
പത്തിവിടർത്തിയ നിമിഷങ്ങൾ
പകൽ സൂര്യന്റെ
തീഷ്ണരശ്മികൾ
കാവൽനിന്ന നിമിഷങ്ങൾ
അഹിംസയ്ക്ക്
വെൺ കൊറ്റക്കുട ചൂടിച്ച
വിശുദ്ധമണ്ണിന്റെ ദീനവിലാപം
ആരുടെ കർണ്ണപുടങ്ങളിൽ
അലറിത്തെറിച്ചു ?
ആരുടെ സ്നേഹം വറ്റിയ
അധരങ്ങളിൽ
ആർദ്രമഴയായ് പെയ്തിറങ്ങി ?
ജിഷ, നിന്റെ മരണം
ഉതിർത്തുവിട്ട കൊടുങ്കാറ്റ്
പ്രചണ്ഡ ശക്തിയായി
സിംഹാസനത്തെ ഇളക്കിമറിച്ചു.
നിന്റെ രോഷത്തിന്റെ ദംഷ്ട്രയിൽ
ഞെരിഞ്ഞമരാത്ത
നരാധമന്മാരുണ്ടാകില്ല.
ജിഷ, നിന്റെ മരണം
ചരിത്രത്തിന്റെ
നാവുകൾക്ക് പാടാൻ
ഒരു വിപ്ലവഗാനം
നിന്റെ ഊഷ്മളയോർമ്മയിൽ
പിറവിയെടുക്കുന്ന ചിന്തകൾ
പ്രളയാബ്ധിയായ്
പ്രക്ഷുബ്ധാഗ്നിയായ്
പ്രകൃതിയിലെമ്പാടും
പടർന്നുവീശും.



കല എസ് നായർ
044 26152283

# ശങ്കരാചാര്യരുടെ പിഴവിനെ തിരുത്തിയ ശ്രീ നാരായണ ഗുരുദേവൻ...

**അ**ദ്വൈതം എന്നത് ശങ്കര സൃഷ്ടിയായാണ് പരക്കെ അറിയപ്പെടുന്നത്. എന്നാൽ തെളിമയാർന്ന അദ്വൈത ചിന്തയിൽ ജാതീയത എന്ന ചെളി കൂടി കലക്കുകയായിരുന്നു വാസ്തവത്തിൽ ശങ്കരാചാര്യർ. ശങ്കരന് മുൻപ് തന്നെ അദ്വൈതം എന്ന പേരിൽ മതങ്ങൾ ഉണ്ടായിരുന്നു. ഔപനിഷാദ്വൈതം, ബ്രഹ്മാദ്വൈതം, ശൂന്യാദ്വൈതം, ശബ്ദാദ്വൈതം ഇവയൊക്കെ അതിൽ ചിലതായിരുന്നു.

ശ്രുതി, വിരുദ്ധ മതങ്ങളെ ഖണ്ഡിച്ച ശങ്കരൻ ശ്രുതി സമ്മതമായ അദ്വൈത മതത്തെ സ്ഥാപിച്ചു. ശങ്കരാദ്വൈതം എന്ന് അദ്ദേഹത്തിന്റെ അനുയായികളും ബ്രഹ്മണാദ്വൈതം എന്ന് വിമർശകരും പറയുന്ന സിദ്ധാന്തം. അതിൻ പ്രകാരം രൂപം പ്രാപിച്ചതാണ് ഇന്ന് നാം കാണുന്ന വ്യവസ്ഥാപിത ഹിന്ദുമതം.

രുചികരമായ പാൽപായസം കുടിക്കുമ്പോൾ അതിനകത്ത് കിടന്ന ഒരു കഷണം കാഞ്ഞിര കുരു കടിച്ചാൽ എപ്രകാരം അതുവരെ അനുഭവിച്ച ആ രുചി കയ്പ് ആയി മാറുമോ അതേപോലെ ആണ് ശങ്കര അദ്വൈതവും.

വിവേക ചൂഡാമണി എന്ന ഗ്രന്ഥത്തിൽ ശങ്കരൻ ഭക്തിയുടെ ലക്ഷണത്തെ പറഞ്ഞിരിക്കുന്നത് ഇപ്രകാരം ആണ് 'സ്വസ്വരൂപാനുസന്ധാനം ഭക്തിരിത്യഭീധീയതെ' അതായത് ഞാൻ ശുദ്ധൻ ആണ്, ബോധസ്വരൂപൻ ആണ്. ആനന്ദസ്വരൂപൻ ആണ്. മുക്തനാണ് ഇങ്ങനെ തന്റെ സ്വരൂപത്തെ നിരന്തരം ചിന്തിക്കുന്നതാണ് ഭക്തി. എന്നാൽ ആ ചിന്തകൾക്കും മുകളിൽ ശങ്കരനിൽ ജാതീയത കുടി കൊണ്ടിരുന്നു. ഒരു ചണ്ടാളനിൽ നിന്നും സത്യ ദർശനം ഉണ്ടാകും വരെ ശങ്കര അദ്വൈതം വെറും ബ്രാഹ്മണ അദ്വൈതം തന്നെ ആയിരുന്നു. എന്നാൽ തെറ്റ് മനസ്സിലാക്കിയ ശേഷവും അദ്ദേഹത്തിന് അത് പ്രായോഗിക ജീവിതത്തിൽ പകർത്താൻ കഴിഞ്ഞില്ല എന്ന് വേണം കരുതാൻ. ഒന്നുകിൽ ചെറുപ്പത്തിൽ തന്നെ സമാധി ആകേണ്ടി വന്നതിനാൽ കഴിഞ്ഞുകാണില്ല. അല്ലെങ്കിൽ ജാതി എന്ന ചങ്ങലയിൽ നിന്നും രക്ഷ നേടുവാൻ അദ്ദേഹത്തിന് കഴിഞ്ഞുകാണില്ല.

ശങ്കരൻ ബ്രാഹ്മണനായി ജനിച്ചു. ജീവിച്ചു. പുസ്തകങ്ങളിൽ നിന്നും വാദങ്ങളിൽ നിന്നും അദ്ദേഹം മനസ്സിലാക്കാതെ പോയ അദ്വൈതം ഒരു ചണ്ടാളൻ പകർന്നു കൊടുത്തു. മനീഷ പഞ്ചക രചന അതിനുശേഷം നടന്നതായി വേണം അനുമാനിക്കാൻ. ഗീതയിലെ 'ചാതുർവർണ്യം മയാ സൃഷ്ടം' എന്ന വരികളും ആബസ്തംഭ സൂത്രത്തിലെ 'ജന്മത ശ്രേയ' എന്ന വാചകവും ജാതീയതയെ ദൈവവല്കരിച്ചു. ജാതി എന്നത് ദൈവം ഉണ്ടാക്കിയ കാര്യം ആണെന്ന് വിശ്വസിച്ചു ജീവിച്ച ജനത്തെ അവരുടെ ആ അന്ധവിശ്വാസത്തിനു ശക്തി നൽകുന്ന ഏറ്റവും മികച്ച സംഭാവനയാണ് തന്റെ ബ്രഹ്മസൂത്ര വ്യാഖ്യാനത്തിലൂടെ ശങ്കരൻ നല്കിയത്.

'ശുചം ആദ്രവതി ഇതി ശൂദ്ര' (വ്യസനത്തിന്റെ പിന്നാലെ പായുന്നവൻ ആണ് ശൂദ്രൻ) എന്ന് ചില പണ്ഡിതൻമാർ പറയുന്നു. ചാന്ധോക്യോപനിഷത്തിൽ രൈക്യ മുനി ജന്ശ്രുതി രാജാവിനെ വിളിക്കുന്നു ശൂദ്രൻ എന്ന്. ഇവിടെ രാജാവ് ക്ഷത്രിയൻ എന്നറിയാഞ്ഞല്ല. മറിച്ച് ദുഃഖാർത്തൻ തന്റെ സമീപം എത്തിയത് കൊണ്ടാണ് രൈക്യൻ ജന്ശ്രുതിയെ ശൂദ്രൻ എന്ന് വിളിച്ചത്. എന്നാൽ ശങ്കര വ്യാഖ്യാനത്തിൽ ജാതി ശൂദ്രൻ എന്ന നിലയിൽ ആണ് ഈ സംഭവത്തെ വർണ്ണിച്ചിരിക്കുന്നത്.

'സംസ്കരപാമർശാതടാഭാവഭിലാപച്ച' എന്ന് തുടങ്ങുന്ന സൂത്രത്തിൽ ഉപനയനം തുടങ്ങിയ സംസ്കാരങ്ങൾ അനുവദിച്ചിട്ടില്ലാത്ത ജാതി ശൂദ്രന് വേദവിദ്യക്കധികാരം ഇല്ല എന്ന് വ്യക്തം ആക്കുന്നു.

'തെഷമെവൈതാം ബ്രഹ്മ വിധ്യാം വാടതെ ശിരോവൃതം വിധിവൽ യിസ്തു ചീർണ്ണം'. 'തടഭാവനിർധാരനെ ച പ്രവൃതെ' എന്ന സൂത്രം കൊണ്ട് പ്രവർത്തിയിൽ നിന്നും ജാതി ശൂദ്രന് വേദാധ്യായത്തിന് അധികാരമില്ല എന്ന് ശങ്കരൻ സമർഥിക്കുന്നു. ചാന്ധോക്യോപനിഷത്തിൽ തന്നെ മറ്റൊരു കഥയിൽ സത്യകാമനെ ബ്രാഹ്മണൻ ആയതിനാൽ മാത്രം ഉപനയിപ്പിക്കുന്ന ഗൗതമന്റെ കഥയും ജാതി മലിനതയെ സൂചിപ്പിക്കുന്നു.

ശ്രവനാധ്യാനാർധപ്രതിശേധാൽ സ്മ്രുതെശ്ച്ച എന്ന സൂത്രത്തിൽ വേദത്തിൽ ശൂദ്രന് വേദത്തിന്റെ ശ്രവണവും, അദ്ധ്യയനവും അർത്ഥചിന്തനവും പ്രതിഷേധിച്ചിട്ടുള്ളത് കൊണ്ടും സ്മൃതിയിൽ അങ്ങനെ പറഞ്ഞിട്ടുള്ളത് കൊണ്ടും ജാതി ശൂദ്രന് വേദവിദ്യക്ക് അധികാരമില്ല എന്ന് ശങ്കരൻ സമർഥിക്കുന്നു.

ശ്രുതിയിൽ ശൂദ്രന് വേദശ്രവണവും വേദ അദ്ധ്യയനവും വേദ അർത്ഥചിന്തനവും നിഷേധിച്ചിട്ടുണ്ട്. '

ഇതേൽ ശ്മശാനം യാൽ ശൂദ്ര തസ്മാൽ ശൂദ്രസ്യ സമീപേ നാധ്യെതവ്യം'. അർത്ഥം : ശൂദ്രൻ ശ്മശാനത്തിന് തുല്യം അശുദ്ധൻ ആകുന്നു അതിനാൽ ശൂദ്രന്റെ സമീപത്തിരുന്നു വേദ ധ്യാനം ചെയ്യരുത്.

പരശുരാമ സ്മൃതി ഇങ്ങനെ പറയുന്നു. 'വേദക്ഷര വിച്ചരേന ശൂദ്ര പത്തി തല്ക്ഷശനാൽ'. അർത്ഥം : വേദഅർത്ഥ വിചാരം കൊണ്ട് ശൂദ്രൻ അധപതിക്കും. ചുരുക്കിപ്പറഞ്ഞാൽ ഉണ്ടോ ഇല്ലയോ എന്നറിയാത്ത ദേവന് വേദഅധികാരം ഉണ്ടെന്നും ശൂദ്രന് അത് നിഷിധം ആണെന്നും ശങ്കരൻ വ്യാഖ്യാനിക്കുന്നു.

അഹം ബ്രഹ്മാസ്മി എന്നത് ബ്രാഹ്മണന് മാത്രം ആകും ചേരുക എന്ന് തോന്നും അത് വായിച്ചാൽ ശങ്കരന്റെ ഈ വ്യാഖ്യാനം അടി

സ്ഥാനം ആക്കി ആണ് കേരളനചാരം വരെ രചിക്കപ്പെട്ടത്. ഫലം ലക്ഷക്കണക്കിന് ജനങ്ങൾ നൂറ്റാണ്ടുകളോളം പുഴുക്കളെക്കാളും നരകിച്ച ജീവിതം നയിക്കേണ്ടിവന്നു. ഭാരതത്തിലെ ഋഷിമാരുടെ ചിന്തയായ അദ്വൈതത്തെ ജാതീയത എന്ന ബൈൻഡ് ഇട്ടുകെട്ടി സാധാരണ ജനത്തിന് അപ്രാപ്യമാക്കിയ ശങ്കരന്റെ തെറ്റിനെ ഭാരതീയ ദാർശനിക ചിന്തകൾ ജാതി മതഭേദമില്ലാതെ എല്ലാവർക്കും പകർന്നു നൽകി ശങ്കരകാലത്തേ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേയ്ക്ക് നയിച്ചത്. ഗുരുദേവനും, സാമൂഹികമായി മാറ്റങ്ങൾ ഉണ്ടാക്കിയത് ബ്രിട്ടീഷ് ഭരണവും ആണ്. നമുക്ക് സന്യാസം തന്നത് ബ്രിട്ടീഷുകാർ ആണ് എന്ന് ഗുരു പറഞ്ഞത് ഈ അവസരത്തിൽ ഓർക്കുക.

ശങ്കരാചാര്യർക്ക് കഴിയാതെ പോയ, അല്ലെങ്കിൽ ശങ്കരാചാര്യർക്ക് അറിയാതെ പോയ അല്ലെങ്കിൽ ശങ്കരാചാര്യർ വെടക്കാക്കിയ അദ്വൈത ദർശനത്തെ സ്വന്തം ആത്മാനുഭൂതിയുടെ പ്രകാശത്തിൽ പുനപരിശോധിച്ച് തെറ്റുകൾ തിരുത്തി, പുഴുകുത്തുകൾ ദൂരെ മാറ്റി പുനഃപ്രകാശനം നിർവഹിച്ചത് ശ്രീ നാരായണ ഗുരുദേവൻ ആയിരുന്നു.

'അനുഭവീയാതറിവേല' എന്ന് ഗുരുദേവൻ പറഞ്ഞത് അതിന്റെ സാക്ഷ്യപത്രമാണ്. ശങ്കരാചാര്യർക്ക് ആകട്ടെ അത് ചണ്ടാളനിൽ നിന്നും കടം കൊണ്ട അറിവ് മാത്രമായിരുന്നു താനും.

'അവനവനാത്മ സുഖതിനാചരിപ്പതു അപരന് സുഖത്തിനായ് വരേണം.' ഈ വരികളിൽ നിന്ന് മാത്രം ഗുരുവിന്റെ മനസ്സിനെ നമുക്ക് കാണാൻ കഴിയും. ചണ്ടാളനിൽ സത്യദർശനം പ്രാപ്തം ആകുന്നതിനു മുൻപായിരുന്നെങ്കിൽ മേൽപ്പറഞ്ഞ ഗുരുവാക്യം ശങ്കരൻ ആണ് പറഞ്ഞിരുന്നെങ്കിൽ അതിപ്രകാരം ആകുമായിരുന്നു. 'അവനവനാത്മ സുഖതിനാചരിപ്പതു വിപ്രന് സുഖത്തിനായ് വരേണം.'

'ഗുരു' എന്നതിന്റെ അർത്ഥം ഇരുട്ടിൽ നിന്നും വെളിച്ചത്തിലേയ്ക്ക് നയിക്കുന്ന ആൾ എന്നാണ്. അങ്ങനെ എങ്കിൽ ജാതീയത എന്ന ഇരുട്ടിൽ നിന്നും ശങ്കര അദ്വൈതത്തെ മോചിപ്പിച്ച ശങ്കരാചാര്യരെ തന്നെ മോചിപ്പിച്ച ശ്രീ നാരായണ ഗുരുദേവൻ ശങ്കരാചാര്യരുടേയും ഗുരുസ്ഥാനീയൻ ആണ്.

എന്നാൽ ഇന്നാകട്ടെ ശ്രീ നാരായണ ഗുരുദേവനെ കേവലം ഒരു ഹിന്ദു സന്യാസി ആയി ചിത്രീകരിച്ചു. ശങ്കര അദ്വൈതം തന്നെ ഗുരുദേവന്റെ മേലും കെട്ടിവെച്ച് ഗുരു ദർശനത്തെ നമസ്കരിക്കാൻ വർണ്ണാശ്രമ ധർമ വിശ്വാസികളായ ഒരു കൂട്ടം ബുദ്ധിജീവികൾ ആഞ്ഞുപരിശ്രമിക്കുകയാണ്.

ഇതൊന്നും അറിയാതെ മനസ്സിലാക്കാൻ ശ്രമിക്കാതെ ശ്രുതിയിലും സ്മൃതിയിലും അതിന്റെ ഉപോൽപ്പന്നം ആയ വർണ്ണാശ്രമധർമ്മത്തിൽ വിശ്വസിക്കുന്ന പ്രസ്ഥാനങ്ങളുടെ കാൽക്കൽ വീഴുന്ന ഇന്നത്തെ ശ്രീ നാരായണ പ്രസ്ഥാനങ്ങൾ ഗുരുദേവനെ അപമാനിക്കുകയാണ് ചെയ്യുന്നത്. ശിവഗിരി ഹൈന്ദവ മഠം എന്നും ഭാരതത്തിൽ രാമ രാജ്യം വരണം എന്നും പറഞ്ഞുനടക്കുന്ന ശിവഗിരി സന്യാസിമാരും, സ്വാർത്ഥ താൽപര്യങ്ങളെ സംരക്ഷിക്കാൻ ഹൈന്ദവ ധർമ സംരക്ഷക വേഷം സ്വയം കെട്ടി ആടുന്ന എസ്. എൻ. ഡി. പി. നേതാക്കളും ഗുരുനിന്ദ മാത്രമല്ല മഹത്തായ ഭാരതീയ ദർശനത്തെ വീണ്ടും കുഴിച്ചുമൂടാനുള്ള നിന്ദ്യമായ പ്രവർത്തിയിൽ ആണ് ഏർപ്പെട്ടിരിക്കുന്നത്.

●



**വാസന്തി മോഹൻ**
**9142223960**

# തമസ്സല്ലോ സുഖപ്രദം

തപ്പിത്തടഞ്ഞുവീണിടല്ലേയിരുട്ടിൽ നീ
താക്കീതോടോതി മുത്തശ്ശി പലവട്ടം
മടിയിലേക്കോടിക്കയറിയമ്മിണിയേവം
പറഞ്ഞുപതിവായിക്കളിക്കുമീനേരം ഞാൻ
വെളിച്ചമുള്ള്പ്പോഴമ്മ പിടിച്ചിരുത്തുമെന്നെ
പഠിക്കെന്നും ചൊല്ലിയടച്ചുകുറ്റിയിടും
പഠിക്കലെഴുതലെല്ലാം കഴിഞ്ഞാൽ പിന്നെ
ഒച്ചവെക്കാൻവയ്യ സീരിയൽ കാണേണം പോൽ
അച്ഛനുമമ്മയും മത്സരിച്ചു മാറി മാറി
വെച്ചിടും ടി. വി. സീരിയലും ന്യൂസ് ചാനലും
ഇടവേളകളിലമ്മ വാട്സപ്പിൽ തുരുതുരെ
സന്ദേശമയക്കുന്ന തിരക്കിലായിപ്പോകും.
യൂ ടൂബിൽ നിന്നും കണ്ണെടുക്കാതെയച്ഛൻ
"മാമുണ്ടോ അമ്മു"വെന്നാരായും വല്ലപ്പോഴും
ഒച്ചവെക്കാനാകാതെ പറയാനാരുമില്ലാതെ
സ്വച്ഛന്ദമുറങ്ങും ഞാൻ വല്ല മൂലക്കലും
കറന്റുപോകാൻ തുടങ്ങിയ നാൾ മുതലച്ഛൻ
കളിക്കാൻ വരാറുണ്ടെന്നോടൊപ്പം പലപ്പോഴും
ക്ലാസ്സിലെ കളികളും കഥയുമൊക്കെ കേൾക്കാൻ
കാൽക്ഷണമില്ലെന്നോതുമമ്മയും വരാറുണ്ട്
കറന്റ് കട്ടാണെനിക്കേറെയിഷ്ടമാം നേരാം
കറന്റുവരാതിരുന്നീടുവാൻ പ്രാർത്ഥിക്കും ഞാൻ
ഒറ്റപ്പെട്ടുപോയ ബാല്യത്തിൻ വ്യഥകേട്ടു
ഞെട്ടിത്തരിച്ചിരുന്നാവൃദ്ധയരക്ഷണം
ഒരുപാടെണ്ണത്തിനെയൊന്നിച്ചുവളർത്തിയ
തൊരുവേളയോർത്താമിഴികൾ തുളുമ്പിപ്പോയ്
കാലത്തിൻ മാറ്റമെന്നാത്മഗതത്താലേവം
കവി ചൊന്നതേ സത്യം "തമസ്സല്ലോ സുഖപ്രദം".

**ഒരു കാരണമില്ലാതെ ഈ ലോകത്ത് ആന്തരികവും ബാഹ്യവുമായി ഒന്നും തന്നെയില്ല. ഏതൊരു കാരണവും ഒരു ഫലത്തെ സൃഷ്ടിക്കാതിരിക്കുന്നുമില്ല.**

-സ്വാമി വിവേകാനന്ദൻ-

# ഇതിനൊരു പരിഹാരം ദാമ്പത്യജീവിതം അനുവദിച്ചുകൊടുക്കലാണ്.

എം. ജോൺസൺ റോച്ച്
9495520611

**പേ**രാവൂർ കൊട്ടിയൂരിൽ വൈദികന്റെ പീഡനത്തിനിരയായി പതിനാറുകാരി പ്രസവിച്ച സംഭവത്തിൽ രണ്ടു കന്യാസ്ത്രീകളടക്കം ആറുപേർക്കെതിരെ പോലീസ് കേസെടുത്തിരിക്കുകയാണ്. ഇങ്ങനെ പുരോഹിതന്മാരുടെ അടിച്ചേൽപ്പിക്കപ്പെടുന്ന കപടബ്രഹ്മചാര്യത്തിന്റെ മുഖമൂടി ആനുകാലിക വാർത്തകളിലൂടെ ഇടയ്ക്കിടെ അനാവരണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

കോളിളക്കം സൃഷ്ടിച്ച അഭയക്കേസ് എങ്ങും എത്താതെ നിൽക്കുന്നു. മുൻ ഡിജിപി വിൻസന്റ് പോൾ മുരിങ്ങൂർ ധ്യാനകേന്ദ്രത്തിലെ ലൈംഗിക അരാജകത്വം സ്ഥിതീകരിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. സിസ്റ്റർ മേരി ചാണ്ടി 'നന്മ നിറഞ്ഞവളെ സ്വസ്തി' എന്ന പേരിൽ എഴുതിയ പുസ്തകത്തിൽ കന്യാസ്ത്രീമഠത്തിൽ നടക്കുന്ന ലൈംഗിക പേക്കൂത്തുകൾ വിവരിക്കുന്നുണ്ട്. കനത്തമതിലുകൾക്കുള്ളിൽ അഴിഞ്ഞാടുന്ന പുരോഹിതന്മാരുടെ കാമകേളികളാണ് ഈ പുസ്തകത്തിലൂടെ സിസ്റ്റർ മേരിചാണ്ടി നമ്മോടു പറയുന്നത്. ഒരു കന്യാസ്ത്രീയുടെ പ്രസവത്തെ തുടർന്ന് ആ കുഞ്ഞിനെ കൊല്ലാനുള്ള ശ്രമത്തിൽ നിന്നും അതിസാഹസികമായി ആ കുഞ്ഞിനെ സിസ്റ്റർ മേരിചാണ്ടി രക്ഷപ്പെടുത്തിയ സംഭവം 'നന്മ നിറഞ്ഞവളെ സ്വസ്തി' എന്ന പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. മറ്റൊരു സിസ്റ്റർ ജെസ്മി തന്റെ പുസ്തകത്തിൽ കന്യാസ്ത്രീകൾ പുരോഹിതന്മാരുടെ കാമാർത്തിക്ക് സ്വയം വിധേയമാകേണ്ടവളാണെന്നും അല്ലാതിരുന്നാൽ കന്യാസ്ത്രീ മഠത്തിൽ ജീവിക്കാനാവില്ലെന്നും മാനസികപീഡനങ്ങൾ അനുഭവിക്കേണ്ടിവരുമെന്നും തന്റെ പുസ്തകത്തിൽ പറയുന്നു.

ഫ്രാൻസിസ് മാർപാപ്പയും അദ്ദേഹത്തിന്റെ മുൻഗാമികളും കത്തോലിക്ക പുരോഹിതരുടെ ലൈംഗിക പീഡനത്തിനു ഇരയായ കുട്ടികളോടും സ്ത്രീകളോടും മാപ്പുചോദിക്കുകയുണ്ടായി. ഫ്രാൻസിസ് മാർപാപ്പയുടെ മുൻഗാമിയായ ബനഡിക്ട് പതിനാറാമൻ ജർമ്മനിയിലെത്തിയപ്പോൾ പുരോഹിതരുടെ ലൈംഗിക ചെയ്തികളിൽ പ്രതിഷേധിച്ച് ആത്മീയർ കത്തോലിക്ക സഭ വിട്ടുപോകരുതെന്ന് സഭാവിശ്വാസികളോട് അഭ്യർത്ഥിക്കുകയും ചെയ്തു. ബനഡിക്ട് പതിനാറാമൻ ചൈൽഡ് ബ്യൂറോ പ്രതിനിധികളുടെ വേദിയിലും വൈദികരുടെ ബാലപീഡനത്തിനു മാപ്പ് ചോദിക്കുകയുണ്ടായി. പോപ്പ് ഫ്രാൻസിസ് ബാലപീഡനം സഭയുടെ നാണക്കേടാണെന്ന് ഇടയ്ക്കിടെ ലോകത്തോടു വിളിച്ചുപറയുന്നുണ്ട്.

ഇത്തരത്തിൽ പോപ്പുമാരുടെ നിരന്തരം ഏറ്റുപറച്ചിലുകളും കുറ്റസമ്മതങ്ങളും ക്ഷമായാചനകളും സഭയുടെ മാനം കാക്കാനായി നഷ്ടപരിഹാരം നൽകുന്നതും ഒരു തുടർക്കഥയായി തുടരുമ്പോഴും കത്തോലിക്ക പുരോഹിതന്മാരുടെ ലൈംഗികാവശ്യത്തിനുമേൽ ഒരു തീരുമാനം ഉണ്ടാകാതെ അനിശ്ചിതത്വം നിലനിറുത്തിക്കൊണ്ടു പോകുകയാണ്. യഥാർത്ഥത്തിൽ സഭാനേതൃത്വം ചെയ്യേണ്ടത് സഭയിലെ പുരോഹിത സമൂഹത്തിന് സദാചാരത്തിലൂന്നിയ വ്യവസ്ഥാപിതമായൊരു ലൈംഗികാവസ്ഥയ്ക്ക് രൂപം കൊടുക്കുകയാണ് വേണ്ടത്. അങ്ങനെ ദാമ്പത്യബന്ധത്തിൽ ഏർപ്പെട്ടുകൊണ്ട് ഉത്തരവാദിത്വത്തോടെ ഇവർ സഭ പ്രവർത്തനം നടത്തട്ടെ.

തിരുസഭയുടെ ഉന്നതാധികാരസമിതിയായ സുന്നഹദോസ് പുരോഹിതരുടെ ലൈംഗികാവശ്യങ്ങളിൽ ഒരു തീരുമാനമെടുക്കാതെ സ്വവർഗ്ഗരതി, ഗർഭച്ഛിദ്രം, സാമൂഹ്യ സദാചാരങ്ങൾ മുതലായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിൽ എന്തർത്ഥമാണുള്ളത് ? ക്രിസ്തു ഉദ്ബോധിപ്പിച്ചതുപോലെ ആദ്യം സ്വന്തം കണ്ണിലെ കരടാണ് എടുത്തുമാറ്റേണ്ടത്. ക്രിസ്ത്യൻ പുരോഹിതന്മാർ ഇന്ന് അനുവർത്തിച്ചുവരുന്ന ബാലപീഡനങ്ങൾക്കും ലൈംഗിക ചൂഷണങ്ങൾക്കും അറുതിവരുത്താതെ ലോകത്തെ നന്നാക്കാൻ ഇറങ്ങുന്നത് വിരോധാഭാസമാണ്.

കത്തോലിക്ക പുരോഹിതന്മാരുടെ ലൈംഗിക ജീവിതാവസ്ഥയെക്കുറിച്ചുള്ള ഒരു തീരുമാനമാണ് കത്തോലിക്ക സഭയുടെ ഉന്നതാധികാര സമിതിയായ സുന്നഹദോസ് ആദ്യം കൈക്കൊള്ളേണ്ടത്. ഇപ്പോൾ പുരോഹിതർ സഭയുടെ നിയമത്തിനുള്ളിൽ അമർന്ന് നിവൃത്തിയില്ലാതെ സ്വവർഗ്ഗരതിയിലും, ആൺകുട്ടികളോടുള്ള ബാലപീഡനങ്ങളിലും പ്രായമാകാത്ത പെൺകുട്ടികളെ ലൈംഗികതയ്ക്ക് ഇരയാക്കുന്നതിലും വാർത്ത സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. നിലനിൽക്കുന്ന കത്തോലിക്ക പുരോഹിതരുടെ ഈ അവസ്ഥയ്ക്ക് തടയിടാൻ ഇവർക്ക് വിവാഹം അനുവദിച്ചുകൊടുക്കുക എന്ന ഒരൊറ്റ പോംവഴിയേയുള്ളൂ.

ഇരുപത്തിയാറ് റോമൻ കത്തോലിക്ക സ്ത്രീകൾ തങ്ങൾ തിരുസഭയിലെ പുരോഹിതൻമാരുമായി ലൈംഗികബന്ധം പുലർത്തുന്നവരാണെന്നും, ഈ പുരോഹിതൻമാർക്ക് വിവാഹബന്ധം വിലക്കുള്ളതിനാൽ തങ്ങളെ വിവാഹം ചെയ്യാൻ ഈ പുരോഹിതന്മാർക്ക് ആവതില്ലെന്നും അതിനാൽ വിലക്ക് നിയമം എടുത്തുകളഞ്ഞ് തങ്ങളെ വിവാഹം ചെയ്യാൻ പുരോഹിതൻമാരെ അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഫ്രാൻസിസ് മാർപാപ്പയ്ക്ക് കത്തയച്ചിരിക്കുന്നു. കത്തിൽ പേരും, മേൽവിലാസവും, ഫോൺനമ്പരും അവരെ സംബന്ധിച്ച് മറ്റ് വിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. കത്തിലെ ഈ വിവരങ്ങൾ റോമിലെ വെബ്സൈറ്റ് തന്നെയാണ് പുറത്തുവിട്ടത്.

കത്തോലിക്ക പുരോഹിതർ ഗാനക്വയറിന്റെ പേരിലും പള്ളിയിലെ വിവിധ മതസംഘടനകളിലും സ്ത്രീകളെയും ആൺകുട്ടികളെയും ഉൾപ്പെടുത്തിയശേഷം അവരിൽ അധികാരം സ്ഥാപിക്കുകയും തുടർന്ന് പുരോഹിതൻമാരുടെ ഇരകളാക്കി മാറ്റിയെടുക്കുകയുമാണ് ചെയ്യുന്നത്. ഞാൻ പഠിച്ചിരുന്ന ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററായിരുന്ന പുരോഹിതന്റെ ആൺകുട്ടികളോടുള്ള ലൈംഗിക അതിക്രമം സഹിക്കാനാവാതെ ഇടവകകമ്മിറ്റി ആ വൈദികനെ ഭീഷണിപ്പെടുത്തി ആ സ്ഥാനത്ത് നിന്നുള്ള രാജിക്കത്ത് എഴുതിവാങ്ങുകയാണുണ്ടായത്. ഐക്യരാഷ്ട്രസംഘടനയുടെ കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള കമ്മിറ്റി റിപ്പോർട്ടിൽ കുട്ടികൾക്ക് നേരെയുള്ള കത്തോലിക്ക പുരോഹിത

ൻമാരുടെ ലൈംഗിക പരാക്രമങ്ങളെ വളരെയധികം ഗൗരവത്തോടെയാണ് പരാമർശിച്ചുകാണുന്നത്. ഒരു പെൺകുട്ടി പുരോഹിതനെക്കുറിച്ച് അവളുടെ അമ്മയോടു പരാതി പറഞ്ഞപ്പോൾ അമ്മ ഈ വിധമാണ് പ്രതികരിച്ചത്. 'പുരോഹിതർ ദൈവത്തിന്റെ പ്രതിനിധികളാണ്. അവർ പറയുന്നത് അനുസരിച്ചില്ലെങ്കിൽ കുടുംബം തുലഞ്ഞുപോകും. കുടുംബത്തിൽ ദൈവകോപമുണ്ടാകും. എന്നോടു പറഞ്ഞതല്ലാതെ ഇതാരോടും പറയരുതെ'ന്ന് ഒരു ഉപദേശം കൂടി ആ അമ്മ നല്കി.

അത്രയ്ക്കും വേരോട്ടമുള്ള വിശ്വാസങ്ങളാണ് അൽമായമാരിലേക്ക് ഈ പുരോഹിതൻമാർ കുത്തിവച്ചിരിക്കുന്നത്. വ്യവസ്ഥാപിത ഭരണകൂടവും, മതനേതാക്കളും ചേർന്ന് തൂക്കിലേറ്റിയ ക്രിസ്തുവിന്റെ ക്രൂശുമരണത്തെ ക്രിസ്തു ജീവിച്ച ജീവിതത്തിൽ നിന്ന് വേർപെടുത്തി പാപപരിഹാര സിദ്ധാന്തമായി അവതരിപ്പിച്ചിരിക്കുന്നു. ഈ സിദ്ധാന്തം പറഞ്ഞുകൊണ്ടാണ് വിശ്വാസികളെ പറ്റിക്കുന്നതും, ലൈംഗിക ചൂഷണങ്ങൾ നടത്തുന്നതും. ഈ വൈദികരിൽ ഭൂരിപക്ഷവും വളരെ ദാരിദ്ര്യ ചുറ്റുപാടുകളിൽ നിന്നും വന്നവരായിരിക്കും. പട്ടിണിയിലും പരിവട്ടത്തിൽ നിന്നും ഒരുവനെങ്കിലും രക്ഷപ്പെടണ്ടേയെന്ന് കരുതിയാണ് വൈദിക പഠനത്തിനായി വീട്ടുകാർ ഇവരെ സെമിനാരിയിൽ അയയ്ക്കുന്നത്. അല്ലെങ്കിൽ വീട്ടിലും നാട്ടിലും വേലത്തരങ്ങൾ കാണിച്ച് ശല്യമാകുമ്പോൾ ഇനി ഇവൻ ഇവിടെ നിന്നാൽ ശരിയാകില്ലെന്ന് കരുതി സെമിനാരിയിൽ എത്തിക്കുന്നു. കന്യാസ്ത്രീകളാകട്ടെ പ്രേമനൈരാശ്യം ബാധിച്ചും അല്ലെങ്കിൽ ദാരിദ്ര്യാവസ്ഥയിൽ നിന്നും മോചനം നേടാനുമാണ് കന്യാസ്ത്രീവേഷം കെട്ടാൻ നിർബന്ധിതരാകുന്നത്. ഈ പുരോഹിതവർഗ്ഗമാണ് കുലപതികളുടെ തീൻമേശകളിലും, മണിമാളികകളിലും സൗഹൃദം സ്ഥാപിക്കുകയും മറുവശത്ത് പരിത്യജിക്കപ്പെട്ട പാവപ്പെട്ട പെൺകുട്ടികളെ ലൈംഗിക ചൂഷണത്തിനു വിധേയയാക്കി പതിനാറുവയസ്സിൽ പ്രസവിപ്പിക്കുകയും ചെയ്യുന്നത്.

ഇതിന് കൂട്ടുനിന്നവരാണ് തോക്കിലങ്ങാടി ക്രിസ്തുരാജ ആശുപത്രി അഡ്മിനിസ്ട്രേറ്റർ, പെൺകുട്ടിയെ പരിശോധിച്ച ഇതേ ആശുപത്രിയിലെ ഡോക്ടർ, വൈത്തിരിയിലെ ഹോളി മേരി അനാഥാലയ മേധാവി, മറ്റൊരു സന്യാസിനി, കൊട്ടിയൂർ സ്വദേശിനി തങ്കമ്മ. അല്പം വൈകിയിരുന്നെങ്കിൽ ഫാദർ റോബിൻ വടക്കാഞ്ചേരി ആസ്ട്രേലിയയിലേക്ക് രക്ഷപ്പെടുമായിരുന്നു. അതിനുള്ള ഒത്താശ സഭ നേതൃത്വം ചെയ്തുകൊടുത്തിരുന്നു. പുറത്തറിയപ്പെടുന്ന ഇത്തരം അപൂർവ്വം കേസുകളിൽ നിന്നും പുരോഹിതരെ രക്ഷിക്കാനുള്ള റാക്കറ്റ് നാം ഊഹിക്കുന്നതിനും അപ്പുറത്താണ്. ഇവരുടെ ലൈംഗിക അരാജകത്വത്തിന് ഒരു പരിധിവരെയെങ്കിലും അറുതി വരുത്തുവാൻ പുരോഹിത വർഗ്ഗത്തിനു വിവാഹം അനുവദിച്ചാൽ പങ്കാളിയും, കുട്ടികളുമെങ്കിലും ഇവരെ നിയന്ത്രിച്ചുകൊള്ളും. അതിനുദാഹരണമാണ് സി. എസ്. ഐ., യാക്കോബാ സഭകളിലെ വൈദികർ.

●

## കവിത

# ശിഖണ്ഡി മുതൽ ഇന്നുവരെ

അഡ്വ. പി. രാജഗോപാലമേനോൻ


ഞങ്ങളും കഴിഞ്ഞീടും
അങ്ങിനെ മറഞ്ഞീടും
തങ്ങാതോർമ്മയിൽ പോലും !
ലക്ഷണമൊത്തോരല്ല
ഭക്ഷണം പോലും വേണ്ട
ശിക്ഷയ്ക്കുമാത്രം പ്രാപ്യർ !
സുരക്ഷയില്ലെന്നാലും
സ്വസ്തതയില്ലാതെന്നും
സർഗസ്വപ്നങ്ങൾ കാണാം !
ആകാശമേൽക്കൂരയിൽ
നിന്ന് ഞങ്ങൾക്കെത്തുന്നു
പേമാരി, സൂര്യാഘാതം.
ഉള്ളിലെ തീക്കാറ്റിന്റെ
ശക്തമാം മറപൊട്ടി-
ച്ചെത്തില്ല യാതൊന്നുമേ !
അതിനാൽ ജീവിയ്ക്കുന്നു
വ്യഥയിൽ ചൂഴും പാതി
വേവാത്ത മനസ്സുമായ്.
ഞങ്ങൾക്ക് വോട്ടില്ലെന്ന
സത്യമാമാശ്വാസത്തിൽ
ആർക്കുമേ വേണ്ടാത്തവർ
കണ്ണികളല്ലാ ഞങ്ങൾ
ധൂർത്തിന്റെ ജനായത്തം
മഹാവൃക്ഷത്തണലിൽ ?
ജനിച്ചെന്നതേ കുറ്റം
ചാർത്തിയിട്ടാക്രോശിയ്ക്കും
ഉന്നതോന്നതന്മാരെ/
മാതാപിതാക്കന്മാരെ
വാർക്കേണ്ട കണ്ണീർ നിങ്ങൾ
വാദ്യങ്ങൾക്കകമ്പടി

സേവിച്ചു ചിരിക്കുമ്പോൾ
നരകം സ്വതഃസ്സിദ്ധം
നാകമെല്ലാർക്കും സ്വപ്നം
ലിംഗമെന്നതുപോലെ!
സ്ത്രൈണത, പൗരുഷ്യവും
ലിംഗഭിന്നതയെങ്കിൽ
സമത്വം അംഗീകാരം!
നീതിയെന്നത് വെറും
സങ്കല്പമനോഭാവം
കൈക്കരുത്താണർഹത!
ഭാരതയുദ്ധം പോലും
നടത്തീ നീതിയ്ക്കായി
ശിഖണ്ഡി അതിൽഭാഗം
കൃഷ്ണനും ശ്രീരാമനും
വെട്ടിത്തെളിയിച്ചില്ലെ
കശ്മല ഭൂതങ്ങളെ ?
എന്നിട്ടിനിയും എന്തേ
നടപ്പാകാത്തൂ നീതി,
നിഷേധമല്ലോ കാമ്യം !
ഞങ്ങൾക്ക് കിട്ടാനീതി
കാരണം കയ്യെത്താത്ത
ദൂരത്താണതിൻ സ്ഥാനം
ഞങ്ങൾക്ക് വേണ്ടാ സ്വപ്നം
ഞങ്ങൾക്ക് വേണം സ്വല്പം
സ്വസ്തത! സമാധാനം !!
മനുഷ്യക്കോലങ്ങൾ തൻ
നഗ്നമാം വ്യഥകളെ
ആസ്വദിച്ചോട്ടെ ലോകർ,
ഞങ്ങളും ജീവിച്ചോട്ടെ.

## കവിത

അജയ് ബാലചന്ദ്രൻ
9895659050


# എൻ മതം



ആളുന്ന തീയതിൻ ശോഭ കാൺകേ
പുഷ്പമെന്നോർത്തൊരു ശലഭം പോലും
ശൂന്യമാം അഗ്നിയെ പുല്കാതിരുന്നെങ്കിൽ
എരിതീ തൻ ചൂടറിഞ്ഞകലത്തു മാഞ്ഞെങ്കിൽ
സ്വസ്ഥം കൃതാർത്ഥമീ ആത്മയാത്ര.

ഉള്ളം തെളിക്കുവാൻ ഉള്ളിൽ സ്ഫുരിക്കുന്ന
കാറ്റണയ്ക്കാത്തൊരു കുഞ്ഞിളം നാളത്തേ
ജ്ഞാനം സ്ഫുടം ചെയ്തു പടർത്തിടവേ
നിത്യമാം സത്യത്തിൻ സാമിപ്യം ഒന്നിനാൽ
ധന്യം അനന്യമീ ആത്മായനം.

## അനുസ്മരണം






ശ്രീപ്രകാശ് ഒറ്റപ്പാലം

7025041111


# ആശ്വാസത്തിന്റെ മന്ത്രച്ചരടുമായ് മുണ്ടൂർ കൃഷ്ണൻകുട്ടി

**മു**ണ്ടൂരിന്റെ സൂര്യതേജസ്സായി സാഹിത്യ നഭസ്സിൽ ജനിച്ചുയർന്ന മുണ്ടൂർ കൃഷ്ണൻകുട്ടി എന്ന മലയാളികളുടെ പ്രിയ കഥാകൃത്ത്, ഒരിടവപ്പാതിയുടെ തുടക്കത്തിൽ, 2005 ജൂൺ 4ന് ദിവംഗതനായി. 2017 ജൂൺ 4ന് പന്ത്രണ്ട് വർഷം തികയുകയാണ്. 1935 ജൂലായ് 13ന് മണക്കുളങ്ങര ഗോവിന്ദപിഷാരോടി അനുപുരം പിഷാരത്ത് മാധവിപിഷാരസ്യാർ ദമ്പതിമാരുടെ മകനായിയാണ് ജനനം. പരേതയായ രാധയാണ് സഹധർമ്മിണി.

കേരളത്തിന്റെ നെല്ലറയായ് പുകൾപെറ്റ, നോക്കിയാൽ കാണുന്നിടത്തെ പടുകൂറ്റൻ കരിമ്പനക്കൂട്ടങ്ങളും, പാലകളും തിങ്ങിവിങ്ങിയ ഇരുനൂറ്റിപതിമൂന്നാം നമ്പർ ദേശീയ പാതയും ചെർപ്പുളശ്ശേരി - പാലക്കാട് പാതയും സംഗമിക്കുന്നിടമായ മുണ്ടൂർ ചുങ്കത്ത് ബസ്സിറങ്ങി, വർഷങ്ങളായി കൃഷിയിറക്കാതെ തരിശിട്ട ജഢാവസ്ഥയിലാണ്ട പാടവും, നാട്ടിൻപുറത്തിന്റെ നടപ്പാതയും താണ്ടിയെത്തിയാൽ 'അനുപുരം പിഷാരത്ത്' എത്താം. ഈ വീട്ടിലാണ് മലയാള ചെറുകഥാ സാഹിത്യ മണ്ഡലത്തിന്റെ ഒരു ജോതിസ്സായി തിളങ്ങിയ, 'മുണ്ടൂർ കൃഷ്ണൻകുട്ടി' എന്ന തൂലികാനാമത്തിൽ ഒട്ടേറെ ഉദാത്ത സൃഷ്ടികൾ നമുക്ക് സമ്മാനിച്ച എ. പി. കൃഷ്ണൻകുട്ടി എന്ന നാട്ടുകാരുടെയൊക്കെ പ്രിയപ്പെട്ട എ. പി. എന്ന നിഷ്കളങ്കതയുടെ തനിസ്വരൂപം വസിച്ചിരുന്നത്.

ഈ അനുഗ്രഹീത സാഹിത്യകലാകാരനെക്കുറിച്ച് സ്മരിക്കുന്ന ഓരോ മലയാളിയുടെയും മനസ്സ് നിറയുന്നു. ഈ മഹാനുഭാവന്റെ കർമ്മകാണ്ഢത്തെക്കുറിച്ച് കൂട്ടംകൂടുമ്പോൾ* മുണ്ടൂർകാരുടെ കണ്ണുകൾ ദീപ്തമാകുന്നു ! മരപ്പൊത്തിലെ കരുത്തിൻ പ്രതീകങ്ങളായി ഇരതേടുന്ന മരംകൊത്തികളും, നിരനിരയായി ചന്തത്തിൽ പറന്നകലുന്ന ഓലേഞ്ഞാലി കിളിക്കൂട്ടങ്ങളും കൗശലത്തോടെ വാലറുത്ത് ഒളിയ്ക്കാൻ വെമ്പൽ കൂട്ടുന്ന ഗൗളിക്കൂട്ടങ്ങളും നിറം മാറാൻ കാത്തുനിൽക്കുന്ന ഓന്തുകളും, വേലിപ്പടർപ്പുകളിലെ പൊത്തുകളിൽനിന്നും പുറത്തേക്ക് തല നീട്ടി തന്റെ സാന്നിദ്ധ്യമറിയിക്കുന്ന കരിനാഗങ്ങളും, കരിമ്പനകൾ കാവലായ പഴഞ്ചൻ തറവാടുകളും, സർപ്പക്കാവുകളും, ജലസമൃദ്ധമായ തോടും, തോട്ടിൻകരയിലെ കൈതകൾക്കിടയിലെ സുഗന്ധവാഹിനികളായ കൈതപ്പൂവും ഒക്കെയാൽ വർണ്ണരാജി സമന്വയിച്ച മുണ്ടൂർ ഗ്രാമം - സർഗ്ഗവൈഭവമുള്ളവർക്ക് രചനകൾക്കായി ഇടനൽകുമെന്ന് പ്രഥമ ദർശനത്തിൽത്തന്നെ ബോദ്ധ്യമാകും.

വിദ്യാഭ്യാസവകുപ്പിൽ ഗുമസ്തനായി ജീവിതം ആരംഭിച്ച ഇദ്ദേഹം തുടർന്ന് പഠിച്ചുയർന്ന് മാഷന്മാർക്ക് പരിശീലനം നൽകുന്ന പരിശീലനക്കളരിയിലെ നല്ലൊരാശാനായി സേവനത്തിൽ നിന്ന് വിരമിച്ചു. അമ്പതുകളിൽ മുണ്ടൂരിൽ, സാഹിത്യത്തിലും എഴുത്തിലും തൽപ്പരരായ യുവജനങ്ങളുടെ സംഘം ഒരു ഗ്രാമീണ വായനശാലയ്ക്ക് തുടക്കമിട്ടു. വിവേകാനന്ദ വായനശാല. ഈ ഗ്രന്ഥാലയത്തിന് അമരക്കാരനായത് മുണ്ടൂർ കൃഷ്ണൻകുട്ടിയും മുണ്ടൂർ സേതുമാധവനുമൊക്കയായിരുന്നു. മുണ്ടൂരിൽ തന്നെ പിന്നീട് 'യുവ പ്രഭാത് വായനശാല' തുടങ്ങിയതും ഇവരുടെ നേതൃത്വത്തിൽ തന്നെയായിരുന്നു. പ്രതിമാസം നടക്കുന്ന സജീവമായി വായനാചർച്ചകളും സാഹിത്യകുതുകികളുടെ കൂട്ടായ്മയും, എഴുതി തെളിയുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനും, യുവജനങ്ങളെ വായനയുടെയും എഴുത്തിന്റെയും മേഖലയിലേക്ക് തിരിച്ചുവിടുന്നതിനും ഈ ഗ്രന്ഥാലയത്തിനായി 'മുണ്ടൂർത്രയങ്ങളായ' - 'മുണ്ടൂർ കൃഷ്ണൻകുട്ടി', 'മുണ്ടൂർ സേതുമാധവൻ' ബാലസാഹിത്യകാരനായ 'മുണ്ടൂർ അരവിന്ദൻ' എന്നിവർ ഈ വായനശാലയിലൂടെ കേരളത്തിന് സമ്മാനിതരായ സർഗ്ഗപ്രതിഭകളാണ്.

ദേശാഭിമാനി സ്റ്റഡിസർക്കിളിലൂടെ സാംസ്ക്കാരിക പ്രവർത്തനത്തിന് തുടക്കം കുറിച്ച സംഘടനാപാടവം, തുടർന്ന് പുരോഗമന കലാ സാഹിത്യ സംഘത്തിന്റെ പാലക്കാട് ജില്ലയുടെ അദ്ധ്യക്ഷനായി സ്തുത്യർഹമായ പ്രവർത്തനം കാഴ്ച വെക്കാനായി മുണ്ടൂർ കൃഷ്ണൻകുട്ടിക്ക്. തന്റെ തട്ടകമായ മുണ്ടൂരിലെ ഹൃദയസ്പന്ദനമായ യുവപ്രഭാത് വായനശാലയെ ഉന്നതിയിലെത്തിക്കുന്നതിനായി അഹോരാത്രം പണിയെടുത്തു. വായനശാലയിൽ കണ്ണിനും, കാതിനും, മനസ്സിനും കുളിരേകി വർഷംതോറും നടത്താറുള്ള സർഗ്ഗോത്സവങ്ങൾ സാംസ്ക്കാരികമേളയായി മാറ്റുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു മുണ്ടൂർ കൃഷ്ണൻകുട്ടി. ഇന്ന് യുവപ്രഭാത് വായനശാലയിൽ മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ സ്മരണാർത്ഥം 'മുണ്ടൂർ കൃഷ്ണൻ കുട്ടി സ്മാരക ഹാൾ' ഉണ്ട്.

മുണ്ടൂർ കൃഷ്ണൻകുട്ടി എന്ന കഥാകൃത്തിന്റെ തങ്കസൂര്യോദയം ബാല്യം തൊട്ടു തന്നെ ദൃശ്യമായിരുന്നു. പഠനകാലത്തുതന്നെ കഥകൾ രചിക്കുവാനും അവ അച്ചടിയുടെ ഭാവുകത്വത്തിൽ വെട്ടിത്തിളങ്ങുകയും ചെയ്തു. എം. ടി. വാസുദേവൻ നായർ മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പത്രാധിപരായിരുന്ന കാലത്ത്, മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ 'മൂന്നാമതൊരാൾ' തുടങ്ങിയ കഥകളും 'മനസ്സ് എന്ന ഭാരം' എന്ന നോവലും ഒക്കെയാൽ സമ്പന്നമാക്കിയ ആഴ്ചപ്പതിപ്പിന്റെ വിവിധ ലക്കങ്ങൾ അനുവാചകർ വളരെ ആഹ്ലാദത്തോടെയും ആവേശത്തോടെയും അവരുടെ ഇടനെഞ്ചിലേക്ക് അണച്ചിരുന്നു. സർഗ്ഗസൃഷ്ടിയിലൂടെ തന്റെ ജൈത്രയാത്ര തുടർന്ന മുണ്ടൂർ കൃഷ്ണൻകുട്ടിക്ക് തന്റേതായ ഇടം വായനക്കാരുടെ മനസ്സുകളിൽ ലഭിക്കുവാനുള്ള സൗഭാഗ്യം അല്പകാലത്തിനകമുണ്ടായി.

നിലാപിശുക്കുള്ള ഒരു രാ

ത്രിയിൽ, ആശ്വാസത്തിന്റെ മന്ത്രച്ചരട്, എന്നെ വെറുതെ വിട്ടാലും, അമ്മക്ക് വേണ്ടി, മൂന്നാമതൊരാൾ, ആരോ പിന്നിലുണ്ട്, അവശേഷിപ്പിന്റെ പക്ഷി തുടങ്ങിയ കഥാസമാഹാരങ്ങളും മാതുവിന്റെ കൃഷ്ണ തണുപ്പ്, ഏകാകി, മനസ്സ് എന്ന ഭാരം തുടങ്ങിയ നോവലുകളും അദ്ധ്യാപകന്റെ അനുഭവങ്ങൾ (ലേഖനം) എന്നിവ മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ തൂലികയിൽ നിന്നും വിടർന്ന സൃഷ്ടികളാണ്. ഇദ്ദേഹത്തിന്റെ മരണശേഷം അതുവരെ പുസ്തകരൂപത്തിലാകാതിരുന്ന കഥകൾ ചേർത്ത് 'കഥാപുരുഷൻ' എന്ന സമാഹാരം ഇറങ്ങിയിട്ടുണ്ട്.

എഴുത്തിന്റെയും വരികളുടെയും ലോകത്ത് ഖ്യാതി നേടിയ ഇദ്ദേഹത്തിന് അർഹതയാർന്ന അംഗീകാരങ്ങളേറെ തേടിയെത്തുകയായിരുന്നു. 1996ലെ ചെറുകാട് അവാർഡ് (നിലാപിശുക്കുള്ള ഒരു രാത്രിയിൽ), 1997ലെ കേരള സാഹിത്യ അക്കാദമി അവാർഡ് (ആശ്വാസത്തിന്റെ മന്ത്രച്ചരട്) 2002ലെ ഓടക്കുഴൽ അവാർഡ് (എന്നെ വെറുതെ വിട്ടാലും) എന്നിവ ഇദ്ദേഹത്തിനു ലഭിച്ച ബഹുമതികളാണ്.

മലയാള സാഹിത്യരംഗത്ത് നിരൂപണ ചക്രവർത്തിയായ പ്രൊഫസർ എം. കൃഷ്ണൻ നായർ തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഇരുപത്തിരണ്ട് ചെറുകഥകൾ തിരഞ്ഞെടുത്ത് അക്കാലത്തെ സുവർണ്ണകഥകളായി അടയാളപ്പെടുത്തി കഥാസമാഹാരങ്ങളിറക്കി. മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ "മൂന്നാമതൊരാൾ" എന്ന കഥ ഈ പതിപ്പിലുണ്ട് എന്ന വസ്തുത അറിയുന്ന മുണ്ടൂർ തട്ടകക്കാരുടെ മാത്രമല്ല എഴുത്തിനേയും വായനയേയും സ്നേഹിക്കുന്ന ഏതൊരു മലയാളിയേയും ആഹ്ലാദചകിതരാക്കി.

ആറുപതിറ്റാണ്ടിലേറെക്കാലമായി കഥകൾ രചിച്ച് കഥകളുടെ കുലപതിയായി മലയാളികൾ അംഗീകരിച്ച ടി. പത്മനാഭനും മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ 'മൂന്നാമതൊരാൾ' എന്ന കഥയെ ലോകത്തിലെ ഏറ്റവും മികച്ച പത്തു കഥകളിൽ ഒന്നായി അടയാളപ്പെടുത്തുന്നു.

'മനസ്സ് എന്ന ഭാരം' ഏറെ ശ്രദ്ധിയ്ക്കപ്പെടുകയും ചർച്ച ചെയ്യപ്പെട്ടതുമാണ്. 'അമ്മിണിടീച്ചർ' എന്ന ചെറുകഥ ഏറെ പഠനങ്ങൾക്കും അത്രത്തോളം വിമർശനങ്ങൾക്കും വിധേയമായി. എങ്ങിനെ ഒരു മാതൃകാദ്ധ്യാപികയാകാം എന്ന് മുണ്ടൂർ കൃഷ്ണൻകുട്ടി 'അമ്മിണി ടീച്ചറി'ലൂടെ നമുക്ക് കാണിച്ചുതരുന്നു. നവവിദ്യാഭ്യാസപദ്ധതിയിൽ ആവിഷ്ക്കരിച്ചപ്പോൾ അമ്മിണി ടീച്ചറുടെ പ്രസക്തി ബോധ്യമാവുകയും മുമ്പ് നടത്തിയ വിമർശനങ്ങൾ അസ്ഥാനത്താണെന്നും കാലം സാക്ഷ്യപ്പെടുത്തി. കുട്ടികളുടെ ലോകത്തിലേയ്ക്ക് ഒരദ്ധ്യാപികയിലുപരി, അവരുടെ മനസ്സുകളിൽ വാത്സല്യനിധിയായി ചേക്കേറി നിഷ്ക്കളങ്കരായ ഈ ബാലന്മാരെ ബോധവത്ക്കരിക്കുന്ന, അവരുടെ കളിക്കൂട്ടുകാരിയായ അവരിലൊരാളായ അമ്മിണി ടീച്ചർ വിദ്യാർത്ഥികളുടെ പ്രിയ അദ്ധ്യാപികയായി.

'ആരോ പിന്നിലുണ്ട്' എന്ന കഥാസമാഹാരത്തിലെ 'ധർമ്മം ശരണം ഗച്ഛാമ' എന്ന കഥ പരിശോധിച്ചാൽ കഥാരചനയുടെ വൈഭവം നമുക്ക് ബോധ്യമാകും. നവലിബറൽ നയങ്ങളും ആഗോളീകരണങ്ങളും നാട്ടിൻപുറങ്ങളിൽ പോലും ചെലുത്തുന്ന സ്വാധീനങ്ങൾ നമ്മെ ആശങ്കാഭരിതരാക്കുന്നു.

ഒരു പ്രഭാതത്തിൽ, ഗൃഹനാഥനിരിക്കാൻ മാത്രം അവകാശപ്പെട്ട 'മടിയൻ' കസേരയിൽ എങ്ങുനിന്നോ വലിഞ്ഞുകേറി വന്ന ഒരു വൃദ്ധൻ, അധികാരത്തോടെ ചടഞ്ഞിരുന്ന് ആ വീട്ടുകാരെ നിയന്ത്രിക്കുകയും അവരുടെയൊക്കെ 'സ്വൈര്യംകൊല്ലി' യായി മാറുകയും ചെയ്യുന്നു. തുടർന്ന് ഗതിയഞ്ചുംകെട്ട വീട്ടുടമസ്ഥൻ വാടക വീട്ടിലേക്ക് താമസം മാറുവാൻ തയ്യാറാവുകയും ചെയ്യുമ്പോൾ 'എനിക്ക് നിങ്ങളുടെ പുതിയ വീടുമറിയാം...!' എന്ന താക്കീത് നൽകുന്ന കഥാപാത്രത്തിന്റെ സൃഷ്ടി നമുക്ക് ചിന്തിക്കാൻ പറ്റുന്നതിലപ്പുറമാണ്. ആഗോളവത്ക്കരണത്തിന്റെ ദുരന്തഫലങ്ങൾ മുൻകൂട്ടിക്കണ്ടാണ് ഈ കഥ രചിച്ചതെന്ന് നിരൂപകർ സാക്ഷ്യപ്പെടുത്തുന്നു.

മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ ഓരോ കഥകളുടെ വായനാന്ത്യത്തിലും അനുവാചകർക്ക് പുതിയൊരു കഥ ജനിപ്പിക്കുന്നതിനുതകുന്നു. പ്രമേയങ്ങളുടെ പുതുമയിലും ആനുകാലിക പ്രസക്തിയിലും ആവർത്തനവിരസത ഒട്ടുമില്ലായ്മയാലും അദ്ദേഹത്തിന്റെ സൃഷ്ടികൾ വേറിട്ടുനിൽക്കുന്നു.

'സഖി' വാരികയുടെ പത്രാധിപരായി ഇദ്ദേഹം തന്റെ വൈഭവം തെളിയിച്ചു. കൂടാതെ 'തുളസീദളം' (പിഷാരടി സമാജത്തിന്റെ പ്രസിദ്ധീകരണം) മാസികയുടെ പത്രാധിപസ്ഥാനവും മരണം വരെ വഹിച്ചു. ഇദ്ദേഹം സീരിയൽ അഭിനയരംഗത്തും തന്റെ മികച്ച അഭിനയപാടവം കാഴ്ച വെച്ചിട്ടുണ്ട്.

മഹാകവി കുഞ്ചൻ നമ്പ്യാരുടെ ജന്മഗൃഹമായ കിള്ളിക്കുറുശ്ശിമംഗലത്തെ കുഞ്ചൻ സ്മാരകത്തിന്റെ ചെയർമാനായി ഇദ്ദേഹം നേതൃത്വം വഹിച്ചു. അക്കാലത്ത് അത്യന്തം ജീർണ്ണാവസ്ഥയിലായിരുന്ന ഈ സ്ഥാപനത്തെ തന്റെ കഠിനാദ്ധ്വാനത്തോടെ പുനരുദ്ധീകരിക്കുന്നതിനും, സാധാരണക്കാരെയും സാഹിത്യകുതുകികളെയും ഇങ്ങോട്ടാകർഷിക്കുന്നതിനും, ഓട്ടൻ തുള്ളൽ കല അഭ്യസിപ്പിക്കുവാനുള്ള സർവ്വവിധ പ്രയത്നങ്ങളും ഇദ്ദേഹം നടത്തി.

നാട്ടുകാരുടെയൊക്കെ പ്രിയ 'എ. പി.' ആയ മുണ്ടൂർ കൃഷ്ണൻകുട്ടിക്ക് ജനങ്ങളുടെ സ്നേഹം പിടിച്ചുപറ്റാൻ വല്ലാത്തൊരു വൈഭവമുണ്ടായിരുന്ന ചെറിയ കുട്ടികൾ മുതൽ പടുവൃദ്ധന്മാരോടു വരെ സ്നേഹബന്ധത്തിലേർപ്പെട്ടിരുന്ന ഇദ്ദേഹം ഏവരേയും തുല്യരായി കണ്ട് പെരുമാറിയിരുന്നു.

ഒട്ടേറെ സാഹിത്യകാരന്മാരുടെ ഈറ്റില്ലവും രംഗഭൂമികയുമാണ് പാലക്കാട് ജില്ല. കരിമ്പനക്കൂട്ടങ്ങൾ താളം പിടിച്ച് ചൂളം വിളിക്കുന്ന ചുടുകാറ്റും, കരിനാഗങ്ങൾ വെളിച്ചത്തിന്റെ ശബളിമയിൽ ഇണ ചേരുന്ന നട്ടുച്ചകളും, മയിലുകൾ ആനന്ദ നടനമാടുന്ന താഴ്വരങ്ങളും, യക്ഷിമാരും ഗന്ധർവ്വന്മാരും അഴിഞ്ഞാടുന്ന നാട്ടിൻ പുറങ്ങളും, പരദേശി – സ്വദേശി പണ്ഡാരങ്ങൾ വിലമ്പുന്ന കുണ്ടനിടവഴികളും, പേരാൽ മരത്തിൽ ശീർഷാസനത്തിൽ കടിച്ചുതൂങ്ങി നമ്മെ ഭയപ്പെടുത്തുന്ന ഒച്ചയുണ്ടാക്കുന്ന നരിച്ചീറിൻ കൂട്ടങ്ങളും, ഭഗവതീ കാവുകളും അത്രയേറെ എണ്ണമറ്റ തദ്ദേശിയോത്സവങ്ങളുടെയും പുകൾപെറ്റ തട്ടകങ്ങളായ പാലക്കാടൻ ഗ്രാമങ്ങളുടെ ഹൃദയവിശുദ്ധിയാർന്ന ത്രസിപ്പുകൾ ഏറ്റുവാങ്ങി, ഏറെ നല്ല വായനക്കാരാലും ഒട്ടേറെ സാഹിത്യകാരന്മാരാലും സമ്പന്നമാണ് ഈ പാലക്കാടൻ ഭൂമിക. ഇവിടെ തന്റെ ജീവിതത്തിന്റെ ഭൂരിഭാഗവും തന്റെ പ്രിയ രംഗഭൂമിയായ കഥാരംഗത്ത് അർപ്പിച്ച് മലയാള സാഹിത്യത്തിൽ ഒന്നാന്തരം സൃഷ്ടികൾ നടത്തി കൈരളിയെ ധന്യമാക്കി, കണ്ണുകളിൽ അലിവിന്റെ പ്രകാശകിരണങ്ങളും, മനസ്സിൽ ആവിഷ്ക്കാരത്തിന്റെ ഓലച്ചൂട്ടുകളുമാളിച്ച് നിഷ്ക്കളങ്കനായ ഈ സാഹിത്യനായകൻ മുണ്ടൂർ കൃഷ്ണൻകുട്ടി എന്ന യുഗപ്രഭാവൻ മലയാളഭാഷ നിലനിൽക്കുന്നിടത്തോളം കാലം ഉദയസൂര്യനെപോലെ ജ്വലിച്ചു നിൽക്കും.

## എന്റെ അഭിനയ സ്മരണകൾ
### ഭാഗം - 4

# ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം



**മുക്കം ഭാസി**
**9846138693**

**അ**ഞ്ചാം തരം വരെ എന്റെ കൂടെ പഠിച്ച ഒരുസുഹൃത്തുണ്ടായിരുന്നു എനിയ്ക്ക്; ഞാൻ പത്രം വായിച്ചുകൊടുക്കുന്ന നാൽക്കവലയിൽ. ആ സ്ഥലം മാമ്പറ്റ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. സുഹൃത്തിന്റെ വീട്ടുപേരും അതുതന്നെ. റോഡിനോട് ചേർന്നുള്ള ആ പറമ്പിൽ അവൻ പാർക്കുന്ന വീട് കൂടാതെ ഒരു ചെറിയ ഇരുനിലക്കെട്ടിടവും (പീടിക) അവർക്കുണ്ടായിരുന്നു.

ചെറിയ തോതിലുള്ള ഒരു പലചരക്ക് കടയും, മക്കാനിയും ആ കടയുടെ ഭാഗമായിരുന്നു. ഇത് നടത്തിയിരുന്നത് സുഹൃത്തിന്റെ അച്ഛൻ തന്നെ. സുഹൃത്തിന്റെ പേര് അപ്പുട്ടി. അപ്പുട്ടിയും ചിലപ്പോഴൊക്കെ അച്ഛനെ സഹായിച്ചിരുന്നു. ഒരേ ഒരു മകനായതുകൊണ്ട് അപ്പുട്ടി അച്ഛനമ്മമാരുടെ ലാളനാപാത്രവും.

ഒരുദിവസം ഞങ്ങളുടെ തലച്ചോറിൽ ആ മിന്നാമിനുങ്ങുദിച്ചു ഒരു ഇത്തിരിവെട്ടം ! എന്തുകൊണ്ട് നമുക്കൊരു വായനശാലയ്ക്ക് രൂപം കൊടുത്തുകൂടാ ? ഞങ്ങൾ പരസ്പരം ചോദിച്ചു. അപ്പുട്ടിയുടെ പീടികയുടെ മേൽമുറി വാടകയില്ലാതെ തരാമെന്ന് അവനേറ്റു. അവൻ പറഞ്ഞാൽ പിന്നെ അതിന് അപ്പീലില്ല.

ഞങ്ങൾ രണ്ടുപേരും കൂടി പലരേയും സമീപിച്ചു. ഏതാനും പുസ്തകങ്ങൾ സംഘടിപ്പിച്ചു. ദേശാഭിമാനി പത്രം സൗജന്യമായി ആ സഖാവിന്റെ വക. ഒരു ഡസ്കും, ഒരു ബെഞ്ചും ഒരു കൊച്ചലമാരയും. ലളിതമായ ചടങ്ങിൽ ഉദ്ഘാടനം. മുന്നിലൊരു ബോർഡും 'ഗ്രാമീണ വായനശാല മാമ്പറ്റ'. ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങ് വെട്ടം !!

ഞങ്ങളുടെ ഗ്രാമത്തിലെ ആദ്യത്തെ വായനശാല ! വായനശാലയിൽ പ്രസംഗ പരിശീലന ക്ലാസ്സ്, ചെറിയൊരു കൈയ്യെഴുത്തു മാസിക തുടങ്ങിയവയും തുടർന്നുണ്ടായി എന്ന് ഞാനോർക്കുന്നു.

എഴുത്തുകാരൊന്നുമില്ല അക്കാലത്ത് ഞങ്ങളുടെ പ്രദേശത്ത്. പേരുമാറ്റി ലേഖനം ഞങ്ങളൊക്കെത്തന്നെ എഴുതും ! അങ്ങനെയാണ് ആ കാലം. ചെറിയ ചെറിയ ക്ലബ്ബുകൾ. ഇത്തരം പരിശീലനക്ലാസ്സുകൾ. കൈയ്യെഴുത്ത് മാസികകൾ ഒടുവിലൊരു വാർഷികവും. വാർഷികത്തിനാണെങ്കിൽ നാടൻ വിഭവങ്ങൾ.

കോൽക്കളി, തിരുവാതിരക്കളി, ഹാസ്യപ്രകടനങ്ങൾ, ലഘുനാടകങ്ങൾ തുടങ്ങിയവ. കാര്യമായ കലാപ്രകടനങ്ങളൊന്നും മുളച്ചുവരാത്ത ഞങ്ങളുടെ മണ്ണിൽ ഇവയൊക്കെ ഞങ്ങളുടെ നാട്ടുകാർക്ക് പ്രിയം; അതിപ്രിയം.

ചൂട്ടും പായയുമായൊക്കെയാണ് കാണികളുടെ വരവ്. പ്രത്യേകിച്ച് സ്ത്രീകളുടെ. അവരാണ് നാട്ടിൻപുറത്തെ കലാസ്വാദകർ. അവരാണ് നിരൂപകർ ! പിറ്റേന്ന് അവരെ കണ്ടുമുട്ടുമ്പോൾ ഞങ്ങളുടെ നാടകവേഷത്തെപ്പറ്റി പറഞ്ഞ് അവർ ഞങ്ങളെ പ്രശംസകൊണ്ടുമൂടും. കാപട്യമില്ലാത്ത, നിർമ്മലമായ പ്രശംസകൾ. അതുകേൾക്കുമ്പോൾ കാച്ചിയ പപ്പടം പോലെ ഞങ്ങൾ വിജ്രംഭിതരാകും !

അവരൊക്കെയാണ് എന്നെയും എന്നെപ്പോലുള്ളവരേയും നാടകരംഗത്ത് ഉറപ്പിച്ച് നിർത്തിയത്. ഇന്ന് നമ്മൾ പരസ്പരം പുകഴ്ത്തിപറയും ചായം പൂശിയ മായവാക്കുകൾ. വെറും പോളിഷ്.

നാട്ടിൻപുറം നന്മകളാൽ സമൃദ്ധമായ അക്കാലത്ത് വിത്തും കൈക്കോട്ടും പാടിനടക്കുന്ന വിഷുപക്ഷികളുണ്ടായിരുന്നു. പുഞ്ചനെൽ കതിരുകൾ കൊത്തിമുറിച്ച് പാറി നടക്കുന്ന തത്തക്കൂട്ടങ്ങളുണ്ടായിരുന്നു. ഈറൻ പനയുടെ പട്ടത്തുമ്പിൽ തൂങ്ങിയാടുന്ന കൂരിയാറ്റ കൂടുകളും കൂരിയാറ്റക്കിളികളുമുണ്ടായിരുന്നു.

ഞാറ്റിൻ കണ്ടത്തിൻ വാരിവിതറിയ മുളപൊട്ടിയ നെൽവിത്തുകൾ കൊത്തിപ്പെറുക്കാൻ വരുന്ന മാടപ്പിറാവിൻ പറ്റത്തിന്റെ സംഘടിത കൂട്ടായ്മയുണ്ടായിരുന്നു - കർഷകന് ഇവയൊക്കെ അല്ലറചില്ലറ ഭീഷണിയുയർത്തിയിരുന്നെങ്കിലും ജീവിതചക്രങ്ങളുടെ അവിഭാജ്യഘടകങ്ങളായിരുന്ന ഇവയൊക്കെ കൗതുകകരമായ ദൃശ്യവിരുന്നുതന്നെയാ

യിരുന്നില്ലേ ?

ചേറുനിറഞ്ഞ പാടത്താണെങ്കിൽ ഞാഞ്ഞൂലും, തവളയും, മാനത്തുകണ്ണനും, പരൽമീനുകളും, തോടനും വിരാലും... അങ്ങനെ എത്രയെത്ര ജലജീവികൾ ! നീളൻ കാലുകളുമായി പാടത്തുടനീളം നടന്നുനീങ്ങുന്ന കൊറ്റിവർഗ്ഗങ്ങൾ !

മനുഷ്യന്റെ മനസ്സുപോലെ വരണ്ടുണങ്ങിയ പ്രകൃതിയിൽ നിന്ന് ഇത്തരം കാഴ്ചകൾ നമുക്കിനി തിരിച്ചുകിട്ടുമോ ? എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. ശുദ്ധമായ കലയും, സംസ്കാരവും, പ്രകൃതിയും. മായം ചേർക്കാത്ത ഒന്നുപോലും ഈ പ്രകൃതിയിലില്ലാതായിരിക്കുന്നു; സ്നേഹം പോലും.

കാടുകയറിയോ ഞാൻ; ക്ഷമിക്കുക. ആയിടയ്ക്ക് മണാശ്ശേരിയിൽ – അടുത്ത പ്രദേശം തന്നെ – ഒരു പൊതുജന വായനശാല രൂപം കൊണ്ടു. ധാരാളം പുസ്തകങ്ങളും സൗകര്യങ്ങളുമുള്ള ഒരു വായനശാല. അതോടെ ഞങ്ങളുടെ ഗ്രാമീണ വായനശാല, ഗ്യാസ് ലൈറ്റിന്റെ മുന്നിലെ മെഴുക് തിരി വെളിച്ചമായി !!

അവർക്ക് വാർഷികത്തിനൊരു നാടകം വേണം. നാടകം മാത്രം പോര; നടന്മാരും. മണാശ്ശേരി സ്കൂളിലെ ബാലൻ മാസ്റ്ററും, കിടാവുമാസ്റ്ററും കൂടി നാടകത്തിന്റെ ചുമതലയേറ്റെടുത്തു. 'ജേതാക്കൾ' എന്ന നാടകത്തിന്ന് നറുക്ക് വീണു. ഞാനും, മണാശ്ശേരി കുഞ്ഞനും സ്ത്രീവേഷധാരികൾ. കുസുമം എന്നായിരുന്നു നായികയായ എന്റെ പേര്.

ബാലൻ മാസ്റ്റർ നായകൻ. താൽക്കാലിക കൊട്ടക തീർത്തു. ടിക്കറ്റ് വെച്ച് ആ നാടകവും ഞങ്ങൾ അരങ്ങേറി. ഗ്രാമീണരായ പ്രേക്ഷകർ ഈ നാടകവും നെഞ്ചേറ്റി. ഇതോടെ സ്ത്രീവേഷത്തോട് എനിക്ക് താൽപ്പര്യമില്ലായ്മ തോന്നിത്തുടങ്ങി. പിന്നീട് ഞാൻ സ്ത്രീവേഷം കെട്ടിയില്ല ഒരിയ്ക്കലും.

ഇത്തരം നാടകങ്ങൾ നാട്ടിൻപുറത്തെ ചെറുപ്പക്കാരിൽ ഒരു 'വൈറൽ ഫീവർ' പരത്തി. ഒരു പകർച്ചപ്പനി. നാടകപ്പനി ! എന്തുകൊണ്ട് നമുക്കൊരു ക്ലബ്ബ് രൂപീകരിച്ചുകൂടാ ? ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് ?

എന്റെ അധ്യക്ഷതയിൽ കുറച്ച് ചെറുപ്പക്കാർ ഒരു യോഗം കൂടി. ഒരു ക്ലബ്ബിന് രൂപം നൽകി. 'മാമ്പറ്റ ബ്രദേഴ്സ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ്'.

പുതുതായി പിറവിയെടുത്ത ബിൽഡിംഗിൽ ഒരു റൂം വാടയ്ക്കെടുത്തു. വാടക 7 രൂപ. 4 സ്റ്റൂളും ഒരു കാരംബോർഡും. കാരം ബോർഡ് കളിക്കാരിൽ നിന്ന് തുച്ഛമായ ഒരു ഫീസും – ബെസ്റ്റ് ഓഫ് ത്രീയ്ക്ക്.

വാടക കൊടുക്കാൻ അങ്ങനെ പണം കണ്ടെത്തി. ധാരാളം കുട്ടികളേയും ചെറുപ്പക്കാരേയും കാരംസ് വലയിൽ കുരുക്കി ഞങ്ങൾ കാശുണ്ടാക്കി. കമ്മറ്റി പ്രസിഡണ്ട് താമരക്കുളത്ത് കൃഷ്ണൻ നമ്പൂതിരി. സെക്രട്ടറി ഈയുള്ളവൻ. പന്ത്രണ്ടോളം നാടകങ്ങൾ ബ്രദേഴ്സ് ക്ലബ്ബ് അവതരിപ്പിച്ചു. കേരളത്തിലെ പ്രശസ്തരായ നാടകകൃത്തുക്കളുടെ നാടകങ്ങൾ ! എല്ലാം പ്രേക്ഷകരെ തൃപ്തിപ്പെടുത്തിയ നാടകങ്ങൾ.

പൊൻകുന്നം വർക്കി, എസ്. എൽ. പുരം സദാനന്ദൻ, ചെറുകാട്, ഉറൂബ്, തിക്കോടിയൻ, കടവൂർ ജി. ചന്ദ്രൻ പിള്ള, വീര രാഘവൻ നായർ, പി. എ. വാരിയർ, കെ. ടി. മുഹമ്മദ് തുടങ്ങിയ നാടകാചാര്യന്മാരുടെ കഥാപാത്രങ്ങളെ ഞങ്ങൾ കാര്യമായ പോറലേല്പ്പിക്കാതെ പ്രേക്ഷകർക്ക് നൽകി. അവർ ഇരുകൈകളും നീട്ടി അവരെയൊക്കെ സ്വീകരിച്ചു.

എന്നിലുള്ള നാടകാഭിനയ തൃഷ്ണയ്ക്ക് തീപിടിച്ചകാലമായിരുന്നു അത്.

(തുടരും)


നിങ്ങളുടെ പുസ്തകങ്ങൾ

**ഏറ്റവും കുറഞ്ഞ ചിലവിൽ**

**ഉന്നത നിലവാരത്തിൽ പ്രസിദ്ധീകരിക്കുവാൻ**

**ഏക തത്ത്വ പബ്ലിക്കേഷൻ**
പാലക്കാട് -1

മൊബൈൽ : 9446443321,
9387118131

തവണകളായും പണമടയ്ക്കാം.


## കവിത




സോമനാഥൻ മാസ്റ്റർ
വയനാട്. 9946429805


# ഉൽബോധനം

ഒരു നൂറുസംവത്സരങ്ങൾക്കുമപ്പുറം
ഗുരുവോതി, മർത്യരെ, നിങ്ങൾ
ഒരു ജാതിയിൽപ്പെട്ട, കൂട്ടരാ,
നിങ്ങൾക്കു
പരിണയവുമന്യോന്യമാകാം.

മതമേതുമാകിലും ഭാഷയേതോതിലും
മനുജരെല്ലാമൊറ്റ ജാതി
ഒരുമയോടിണ ചേർന്നു കുഞ്ഞുങ്ങൾ
പ്രസവിക്കുമിനമാണു,
ജാതിയെന്നോർക്കൂ.

അതിലുച്ചനീചത്വമുണ്ടെന്നു
കരുതുവാൻ
മതിയായ ന്യായങ്ങളില്ല.
ഒരു ദൈവമാണീ പ്രപഞ്ച
സംരചനയ്ക്കു
കരണവും കാരണവുമെല്ലാം.

ഗുരുദേവനാദ്യമായ്
ശിവനെ പ്രതിഷ്ഠിച്ച
പുതിയതാം കോവിലിൻ ചുമരിൽ
അവിടുന്നു
രേഖപ്പെടുത്തിയതിപ്പൊഴുമവിടുണ്ടു-
ചരിതമായോർക്കാൻ.

ഗുരുവിന്റെ കൃതികളിൽ
നിന്നൂർജ്ജമുൾക്കൊണ്ടു
വളരണം മർത്യരെല്ലാരും
കലഹങ്ങൾ, യുദ്ധങ്ങളെല്ലാം,
നിറുത്തണം
ഒരു നവലോകം പിറക്കാൻ.
'ഒരു ജാതി, ഒരു മതം,
ഒരു ദൈവ'മെന്നതൊരു
പരിവർത്തനത്തിന്റെ മന്ത്രം.
ഗുരുദർശനത്തിന്റെ സാരവും
സംഗ്രഹവുമതിലുണ്ടു-
മാനവർക്കോർക്കാൻ.

# സ്മരണ

# ചെറുപ്പകാലങ്ങളിലുള്ള ശീലം

# മറക്കുമോ മാനുഷനുള്ള കാലം



**പി. രാധാകൃഷ്ണൻ നായർ**
**9495367909**

**ഞാ**ൻ പറളി ചെറിയ സ്കൂളിൽ (ജാനകി വിലാസ് സ്കൂൾ - അതായിരുന്നു പഴയ പേര്) പഠിക്കുന്ന കാലത്തെ ചെറിയ ചെറിയ മധുരിക്കുന്ന ഓർമ്മകൾ.

എന്റെ അഭിവന്ദ്യരായ അദ്ധ്യാപകർ, കുറുപ്പത്തെ നാരായണൻ മാസ്റ്റർ (എച്ച്. എം), കൂട്ടാല ബാലൻ മാസ്റ്റർ, ഓടന്നൂർ ഗോവിന്ദൻ കുട്ടി മാസ്റ്റർ, കുണ്ടളശ്ശേരി ശേഖരൻ മാസ്റ്റർ, തേനൂർ ലീലാവതി ടീച്ചർ, കിണാവല്ലൂർ ലക്ഷ്മി ടീച്ചർ, തേനൂർ വേലായുധൻ മാസ്റ്റർ, വേറെ രണ്ടു മാസ്റ്റർമാർ, പേര് രണ്ടാൾക്കും നാരായണൻ മാസ്റ്റർ എന്നാണെന്റെ ഓർമ്മ.

എന്റെ സ്നേഹം നിറഞ്ഞ കൂട്ടുകാർ; ലത്തീഫ്, ഉദയൻ, മധു, പൊന്നപ്പൻ, രാജൻ, ബാലൻ, സക്കറിയ, ബഷീർ, മനോരമ, രാധ, ചന്ദ്രിക, രേണുക, സുമംഗല, കാഞ്ചന, ഗിരിജ, രാധിക, ദുർഗ്ഗ, മീര, സുഹറ, ഇബ്രാഹിം, മണി, മറ്റു പലരും.

മറക്കാൻ പറ്റാത്ത ഓർമ്മകൾ: ഞാൻ മൂന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ നടന്ന ഒരു സംഭവം. ഗോവിന്ദൻ കുട്ടി മാസ്റ്റർ ക്ലാസ് ടീച്ചർ; ഒരു ദിവസം കാലത്ത് ഹാജർ വിളി കഴിഞ്ഞ് ക്ലാസ് തുടങ്ങി കുറേനേരം കഴിഞ്ഞപ്പോൾ (ഉണ്ണാറാവുന്നതിന് മുൻപാണെന്ന് ഓർമ്മയുണ്ട്) ഒന്നിന് വിട്ട നേരം, അതിനുമുമ്പേ ക്ലാസ്സിൽ ഓമനക്കുട്ടൻ എന്ന പദ്യം കഴിഞ്ഞാണ് ഞങ്ങൾ എല്ലാവരും ഒന്നിനു പോയത്. ഓമനക്കുട്ടൻ എന്ന പദ്യം

*ഓമനക്കുട്ടൻ ഗോവിന്ദൻ–*
*ബാലരാമനെ കൂടെ കൂട്ടാതെ–*
*കാമിനിമാർ അമ്മതൻ ശ്രീമടി–*
*ചെന്നു കേറിനാൻ.*

എന്നാണ് ആ പദ്യത്തിലെ ആദ്യ വരികൾ.

ആ പദ്യത്തിന്റെ അന്നത്തെ പാരഡി:

*ഓമനക്കുട്ടൻ പണ്ടാരക്കാലൻ*
*ഗോമാങ്ങ തിന്നു ചത്തുപോയ്.*

എന്ന് നീട്ടി ചൊല്ലി വലിയ ബഹളത്തോടെ ഞാൻ കൂട്ടുകാരുമൊത്ത് കളിച്ചിരിയ്ക്കുമ്പോൾ, പെട്ടെന്ന് ബെല്ലടി ശബ്ദം കേട്ട് ഞങ്ങളെല്ലാവരും ക്ലാസ്സിലേക്ക് ഓടിക്കയറി. (അതൊരു മാങ്ങാക്കാലമാണെന്ന് തോന്നുന്നു)

ഗോവിന്ദൻ കുട്ടി മാസ്റ്റർ ക്ലാസ്സിൽ വന്നതും എന്നോട് ഓമനക്കുട്ടന്റെ പദ്യം ചൊല്ലാൻ ആവശ്യപ്പെട്ടു. പദ്യം ചൊല്ലുമ്പോൾ ആവശ്യപ്പെട്ടു. പദ്യം ചൊല്ലുമ്പോൾ കണ്ണടച്ച് കൈകെട്ടി ചൊല്ലണം എന്നാണ് നിബന്ധന. ഞാൻ യാതൊരു സംശയവും കൂടാതെ ചൊല്ലിത്തുടങ്ങി –

*ഓമനക്കുട്ടൻ പണ്ടാരക്കാലൻ*
*ഗോമാങ്ങ തിന്ന് ചത്തുപോയി.*

ചൊല്ലിയതേ ഓർമ്മയുള്ളൂ. മാസ്റ്ററുടെ ചൂരൽ പ്രയോഗം ചന്തിയിൽ തുടരെത്തുടരെ തുടങ്ങി. അപ്പോഴാണ് ഞാൻ ക്ലാസ്സിലാണെന്ന് ഓർത്തത്. പിന്നീട് ഞാൻ ഒരിക്കലും ഒരു പദ്യത്തിനും പാരഡി കണ്ടെത്തിയിട്ടില്ല. അന്നൊക്കെ സ്കൂളിൽ പാലും, ഉപ്പുമാവും, ഉച്ചഭക്ഷണമായി കൊടുത്തിരുന്നു. മാടമ്പത്തെ നാരായണൻ നായർ എന്ന ആളായിരുന്നു അത് തയ്യാറാക്കിയിരുന്നത്.

എന്റെ മുത്തച്ഛനെ നന്നായി അദ്ദേഹത്തിന് അറിയാമായിരുന്നു. എനിക്ക് പാലും, ഉപ്പുമാവും, സ്കൂൾ വക കിട്ടില്ല. എങ്കിലും നാരായണൻ മാസ്റ്റർ വല്ലപ്പോഴുമൊക്കെ ആരും കാണാതെ എനിക്ക് തരുമായിരുന്നു. എനിക്ക് ഉച്ചയൂണിന് വീട്ടിൽ നിന്നും അമ്മ തൈരും ചോറും ഏതെങ്കിലും ഉപ്പിലിട്ടതും മാത്രമായിരുന്നു. എങ്കിലും കൂട്ടുകാരിൽ നിന്നും അവർ കൊണ്ടുവരുന്ന എല്ലാ കറികളും എനിക്കും തരുമായിരുന്നു.

മനോരമയുടെ പയർ കൊണ്ടാട്ടം, രാധികയുടെ ഉരുളക്കിഴങ്ങ് ഉപ്പേരി, സുഹറയുടെ നെല്ലിക്ക ഉപ്പിലിട്ടത്, ഗിരിജയുടെ വേപ്പിലക്കട്ടി എല്ലാം കൂടി ഉച്ചയൂൺ ഗംഭീരം.

ഇങ്ങിനെയൊക്കെയാണെങ്കിലും ഞാൻ ഇവരോടൊക്കെ വഴക്കുകൂടാറുള്ളതും പതിവായിരുന്നു. ആ വഴക്കിൽ ഞാൻ ചിലപ്പോൾ കുറേനാൾ ആരോടും മിണ്ടാതെ നടക്കുമായിരുന്നു. എങ്കിലും എന്റെ മനസ്സിൽ സങ്കടം നിറയും. പിന്നീട് എങ്ങനെ മിണ്ടിത്തുടങ്ങാം എന്ന ചിന്തയിലാവും. (ഇന്നും എന്റെ ശീലം അങ്ങിനെ തന്നെ). അതിനും ഞാൻ തന്നെ കാരണവും കണ്ടുപിടിക്കും. അതും ഉച്ചയൂൺ സമയത്താവും. എങ്ങിനെയെന്നാൽ, ഞാൻ ആരോടാണോ മിണ്ടാത്തത് അവരുടെ ചോറ്റുപാത്രത്തിൽ നിന്നും അവരുടെ സമ്മതം കൂടാതെ ഞാൻ കൈയ്യിട്ട് വല്ലതും വാരിതിന്നും. (എനിക്ക് ഇഷ്ടപ്പെടാത്ത ഭക്ഷണമാണെങ്കിലും ശരി)

അപ്പോൾ ആ കുട്ടി പറയും ഇതാ കണ്ടോ മിണ്ടാത്ത പട്ടി മിണ്ടി മിണ്ടി വരുന്നു, എന്ന് പറഞ്ഞ് കളിയാക്കും. അതോടുകൂടി ഞങ്ങളുടെ പിണക്കവും തീരും. പാലും ഉപ്പുമാവും നേരത്തെ സൂചിപ്പിച്ചുവല്ലോ ! ഇതുകിട്ടാൻ നേരത്തേ പേരുകൊടുക്കണം. എനിക്ക് പേരുകൊടുക്കാൻ പറ്റില്ല. കാരണം ഞാൻ അന്വേഷിച്ചില്ല. അമ്മയോട് ചോദിച്ചപ്പോൾ അത് നമുക്ക് കിട്ടില്ല മോനെ എന്നുമാത്രം പറഞ്ഞു. എങ്കിലും ഞാൻ വല്ലപ്പോഴും പോയി വാങ്ങിയിരുന്നു. ആയിടയ്ക്ക് ഒരു പാവം സ്ത്രീ ഉച്ചസമയത്ത് സ്കൂളിന്റെ പരിസരത്ത് ചുറ്റിനടക്കും. മക്കളെ, പാലുതാ, ഉപ്പുമാവ് താ എന്നുപറഞ്ഞ് ചിരിക്കും, ചിലപ്പോൾ കരയും. ഞങ്ങളിൽ ചില കുട്ടികൾ അവരെ ഭ്രാന്തി എന്ന വിളിക്കും. ചിലർ പേടിച്ചോടും. എന്റെ അന്നത്തെ ഓർമ്മ ശരിയാണെങ്കിൽ അവർ മുഷിഞ്ഞ കാച്ചിമുണ്ടും, കൈനീളമുള്ള കുപ്പായവും ഏതെങ്കിലും ചെടിയുടെ ഒരു ചെറിയ കമ്പും കൂടാതെ വലിയൊരു ഭാണ്ഡക്കെട്ടും കാണും. അവരുടെ ശരിയായ പേര് ഞങ്ങൾക്കറിയില്ല. പക്ഷെ എങ്ങിനെയോ ഞങ്ങളിൽ ചിലർ അവരെ 'കദീജതാത്ത' എന്നാണ് വിളിച്ചിരുന്നത്. ചെറിയ സ്കൂൾ വിട്ടതിനുശേഷം ഞാൻ അവരെ കണ്ടിട്ടില്ല. ഇന്ന് അതോർക്കുമ്പോൾ വലിയ മനോവേദന തോന്നുന്നു. ജീവിതത്തിൽ അങ്ങിനെ എത്രയെത്ര മുഖങ്ങൾ, എത്രയെത്ര ഭാണ്ഡങ്ങൾ. ജീവിതം തന്നെ ഒരു ഭാണ്ഡമാണെന്ന് തിരിച്ചറിഞ്ഞ നേരത്ത് എത്രയോ മനോവേദനകൾ പങ്കിടേണ്ടിവന്നിട്ടുണ്ട്.

അങ്ങിനെ ഞങ്ങളുടെ പ്രധാന അദ്ധ്യാപകനായ കുറുപ്പത്തെ നാരായണൻ മാസ്റ്ററുടെ വിരമിയ്ക്കൽ ദിവസം വന്നെത്തി. മാസ്റ്റർക്ക്

കുട്ടികളുടെ വകയോ മറ്റോ എന്നറിയില്ല പണക്കിഴി കൊടുക്കൽ എന്ന ചടങ്ങ് ആണെന്ന് തോന്നുന്നു. എല്ലാവരും അവരവർക്ക് സാധിക്കും പോലെ പണം കൊണ്ടുവരണമെന്ന് ക്ലാസ് ടീച്ചർ പറഞ്ഞതായാണ് ഓർമ്മ. എന്തോ ഒരു ചെറിയ സംഖ്യ ഞാനും കൊടുത്തു. മാസ്റ്ററുടെ യാത്രയയപ്പിനോടനുബന്ധിച്ചാണ് എന്ന് തോന്നുന്നു സ്കൂളിൽ ഒരുദിവസം മാജിക് ഷോ ഉണ്ടായിരുന്നു. മാജിക്കുകാരൻ കൂട്ടത്തിൽ ഇരുന്നിരുന്ന ഒരു കുട്ടിയെ വിളിച്ചു. എന്നിട്ട് അവന്റെ ഷർട്ട് ഊരി തരാൻ പറഞ്ഞു. അവൻ ഷർട്ട് ഊരിക്കൊടുത്തു. അന്ന് ആ കുട്ടി ധരിച്ചിരുന്ന ഷർട്ടിന്റെ നിറം ഇന്നും ഞാൻ ഓർക്കുന്നു, കടുംനീല നിറമുള്ള ഷർട്ടായിരുന്നു.

ആ മാജിക്കുകാരൻ യാതൊരു മടിയും കൂടാതെ മാജിക് മേശമേൽ കത്തിച്ചുവെച്ചിരുന്ന മെഴുകുതിരിയിൽ ആ ഷർട്ടിന്റെ ഒരുഭാഗം കത്തിച്ച് ഓട്ടയാക്കി. കുട്ടി ഷർട്ട് നിവർത്തി നോക്കിയതും കരഞ്ഞതും ഒരുമിച്ചായിരുന്നു. കുട്ടി കരഞ്ഞുകൊണ്ടുതന്നെ പറഞ്ഞു ഇതുകൊണ്ടുപോയാൽ വാപ്പ അടിക്കുമെന്ന്. കുട്ടിയുടെ കരച്ചിൽ കൂടുതലായപ്പോൾ, ആ മാജിക്കുകാരൻ ഷർട്ട് തിരിച്ചുവാങ്ങി ഒന്നുരണ്ടുവട്ടം നന്നായി കൈയ്യിൽ വെച്ച് തിരുമ്മി എന്നിട്ട് കുട്ടിക്ക് തിരികെക്കൊടുത്തു. കുട്ടിക്ക് വാങ്ങാൻ മടി. വീണ്ടും വീണ്ടും മാജിക്കുകാരൻ നിർബന്ധിച്ചപ്പോൾ കുട്ടി ഷർട്ട് വാങ്ങി; തിരിച്ചും മറിച്ചും നോക്കി, കേടില്ല. ഷർട്ട് ശരീരത്തിൽ ധരിച്ചു. ആ കുട്ടിയുടെ അപ്പോഴത്തെ സന്തോഷം കാണേണ്ടതായിരുന്നു.

മാസ്റ്ററുടെ യാത്രയയപ്പിനോടനുബന്ധിച്ച് പലതരം കലാപരിപാടികൾ നടത്തണമെന്നും, ആയതിന് കഴിവുള്ള കുട്ടികൾ പങ്കെടുക്കണമെന്നും അതാത് ക്ലാസ് ടീച്ചർമാർ അറിയിച്ചു. അങ്ങിനെ എന്റെ ക്ലാസ്സിലും ആ വിവരം എത്തിച്ചേർന്നു. എന്നെ ഓട്ടൻ തുള്ളൽ പഠിപ്പിക്കാൻ വീട്ടുകാരോട് പറയണമെന്ന് ലീലാവതി ടീച്ചർ ഏല്പിച്ചു. അന്നത്തെ ഞങ്ങളുടെ തറവാടുതന്നെ ഒരു തുള്ളലിലാണ്. വിശദമായി എഴുതുന്നില്ല. എങ്കിലും കുഞ്ചൻ നമ്പ്യാരിൽ നിന്നും രണ്ടുവരി തുള്ളൽ കവിത കടം വാങ്ങുന്നു.

*'ഓട്ടൻ തുള്ളൽ തുള്ളി*
*വരുമ്പോൾ*
*വീട്ടിൽ കഞ്ഞി കുടിപ്പാനില്ല.'*

ഇതാണവസ്ഥ. അങ്ങിനെ മാസ്റ്ററുടെ യാത്രയയപ്പ് ദിവസം വന്നെത്തി. ജാനകി വിലാസ് മുറ്റത്താണ് കലാപരിപാടികളെല്ലാം. ആ ചടങ്ങിൽ ഏറ്റവും മനോഹരമായ ഒരു കലാപരിപാടിയായിരുന്നു, ലക്ഷ്മി ടീച്ചറുടെ മകൾ ചന്ദ്രികയുടെ കൃഷ്ണന്റെ വേഷം (കണ്ണന്റെ) കെട്ടിയ മനോഹരമായ നൃത്തം എന്നെന്നും മനസ്സിൽ തങ്ങിനിൽക്കുന്നതാണ്.

ആ നൃത്തത്തിന്റെ ഈരടികൾ ഇങ്ങിനെയായിരുന്നു.

*'കണ്ണാ കണ്ണാ ഓടിവാ,*
*ഉണ്ണിക്കണ്ണാ ഓടിവാ*
*ഓടക്കുഴലിൽ പാടിവാ*
*കുഞ്ഞിക്കാൽ കൊണ്ടോടിവാ.'*

അങ്ങിനെ അന്നത്തെ ശുഭദിനത്തിൽ മാസ്റ്റർക്ക് പണക്കിഴിയും സമ്മാനിച്ചുകൊണ്ട് ആ വിഭവസമൃദ്ധമായ കലാപരിപാടികൾ തീർന്നു.

സ്കൂൾ പോകുന്ന നാളുകളിലുണ്ടായിരുന്ന മധുരിക്കുന്ന ഓർമ്മകൾ വീണ്ടും വീണ്ടും തെളിയുകയാണ്. പോകുന്ന വഴിക്ക് പത്തായപ്പുര മാലതി ചേച്ചിയുടെ ഇഡ്ഢലിയും ഉള്ളിസമ്മന്തിയും വൈകീട്ട് ലക്ഷ്മി ടീച്ചറുടെ വീട്ടിൽ ജാനു അമ്മ തരുന്ന പൊടിയരി ഉപ്പുമാവ്, കാപ്പി, അല്ലെങ്കിൽ മരച്ചീനി വേവിച്ചത്, അതുമല്ലെങ്കിൽ അവിലും ശർക്കരയും. എല്ലാ ദിവസവും എന്തെങ്കിലും കഴിക്കാൻ തന്നിട്ടേ എന്നെ വീട്ടിലേക്ക് പറഞ്ഞുവിടാറുള്ളൂ. എന്റെ മറ്റൊരമ്മ ലക്ഷ്മി ടീച്ചറായിരുന്നു. സ്നേഹമുള്ള അമ്മ.

വീട്ടിലെത്തിയാൽ എന്റെ മുത്തശ്ശി ഗോതമ്പ് വറുത്ത് പൊടിച്ച പൊടി കാപ്പിപ്പൊടിക്കുപകരമായി ചേർത്ത് ശർക്കരയിട്ട പാലിൽ ചേർത്തിത്തരുമായിരുന്നു. അതുകൂടാതെ മത്തൻ വിത്തും, അരിയും കൂടി ഉപ്പുവെള്ളം തളിച്ച് വറുത്തതും. അല്ലെങ്കിൽ മധുരക്കിഴങ്ങ് വേവിച്ചതും, വല്ലപ്പോഴും ഒരു വെല്ലപ്പവും. എന്തു നല്ല രസമുള്ള ബാല്യകാലം.

മറക്കാൻ പറ്റാത്ത അദ്ധ്യാപകർ, മാതൃസ്നേഹതുല്യർ; ശേഖരൻ മാസ്റ്റർക്ക് ഞാനാണ് ഗിരിജ ഹോട്ടലിൽ നിന്നും കാലത്ത് കാപ്പി, ഉഴുന്നുവട, വാങ്ങിക്കൊണ്ടുവന്നിരുന്നത്. വല്ലപ്പോഴും ഒരു വട എന്നോടും വാങ്ങി കഴിച്ചോളാൻ പറയുമായിരുന്നു. ഇതെല്ലാം അവർക്ക് എന്റെ മുത്തശ്ശനെ നന്നായിട്ടറിയാം എന്നതാണ് കാരണമെന്ന് ഞാൻ പിന്നീട് മനസ്സിലാക്കി.

ശേഖരൻ മാസ്റ്ററുടെ ഒരു പ്രത്യേകത ഞാൻ ഓർമ്മിക്കുന്നു. അദ്ദേഹത്തിന്റെ ഷർട്ടിന്റെ ഇടതുഭാഗത്ത് (അതോ ജുബ്ബയോ) പേന മാത്രം കുത്താനുള്ള കീശ അതൊരു പ്രത്യേകതയാണ്.


വീണ്ടും ബാല്യം തിരിച്ചുവന്നെങ്കിൽ ! എന്റെ സ്കൂൾ ജീവിതത്തിൽ മറക്കാൻ പറ്റാത്ത ഒരു കുടുംബമാണ് തറയിൽ എന്ന മുസ്ലിം കുടുംബം. കുടുംബനാഥൻ തറിയകുട്ടി റാവുത്തർ എന്ന തറീകുട്ടിക്ക. എന്റെ കൂട്ടുകാരൻ (അന്നും ഇന്നും) അബ്ദുൾ ലത്തീഫ്. ലത്തീഫിന്റെ വാപ്പ തറീകുട്ടിക്ക. അവരുടെ കുടുംബത്തിന്റെ സ്നേഹം എനിക്ക് മറക്കാൻ പറ്റാത്ത ഓർമ്മയാണ്. ഞാൻ അവരുടെ കുടുംബത്തിലെ അംഗത്തിനെ പോലെയായിരുന്നു. എനിക്ക് എല്ലാ സ്വാതന്ത്ര്യവും ഉണ്ടായിരുന്നു. നല്ല മുളങ്കുറ്റി പുട്ടും, പഴവും, ആട്ടിൻ പാലിൽ കാച്ചിയ ചായ. സ്നേഹമുള്ള സഹോദരീ സഹോദരങ്ങൾ പ്രത്യേകിച്ചും ഐസീബിതാത്ത, മൂത്ത സഹോദരി.

പരീക്ഷ കഴിഞ്ഞുവരുമ്പോൾ തറീകുട്ടിക്ക എന്നോട് ചോദിക്കും മോനേ നിനക്ക് എത്ര മാർക്ക് ഉണ്ട് എന്ന്. ഞാൻ എന്റെ മാർക്ക് പറയും. ലത്തീഫിനോടും മാർക്ക് ചോദിക്കും. അവൻ പറയുന്നത് ഇങ്ങിനെയാണ്. എനിക്കും രാധക്കും കൂടി നൂറു മാർക്ക്. ഇത് അറിയാതെയാണ് ഞാൻ എന്റെ മാർക്ക് പറഞ്ഞത്. ലത്തീഫിന് അടി ഉറപ്പായി. പിറ്റേ ദിവസം ലത്തീഫിന്റെ വക അടി എനിക്കും. എങ്കിലും ലത്തീഫ് പഠിച്ച് പോലീസ് ജോലിയിൽ ചേർന്നു. ഞാൻ അച്ഛന്റെ കൂടെ കച്ചവടത്തിൽ സഹായിച്ചും കഴിഞ്ഞുകൂടി.

പട്ടക്കുട പിടിച്ച് (മഴക്കാലത്ത്) സ്കൂളിൽ പോയിരുന്നതും, അമ്പാഴങ്ങയില പറിച്ച് തിന്നതും, മഷിത്തണ്ടുകൊണ്ട് സ്ലെറ്റ് മായ്ച്ചതും, പാണ്ടിയാലയിലെ നെല്ലിമരത്തിലെ നെല്ലിക്ക എറിഞ്ഞതും ആ വീട്ടിലെ വയസ്സൻ സാമി വഴക്കു പറഞ്ഞതും മലായ് സ്റ്റോറിൽ നിന്നും വെല്ലത്തിന്റെ പൊടിയും, പൊട്ടുക്കടലയും ജാനകി വിലാസത്തിലെ സംഭാരവും ചക്കര കമ്പനിയിലെ അടിയും പൊടിയും മുഹമ്മദ്ക്കയുടെ സോഡാ കമ്പനിയും മായപ്പേട്ടന്റെ ചായക്കടയിലെ നെയ്യപ്പവും വേണു വിലാസത്തിലെ ബോണ്ടയും അബ്ദുൾക്കയുടെ കടയിലെ നാരങ്ങ മിഠായിയും പാല ചുവട്ടിലെ പാലപ്പൂ പെറുക്കലും എന്നിങ്ങനെ എല്ലാം കൊണ്ടും സന്തോഷമായിരുന്ന ബാല്യം എന്നെന്നും മധുരസ്മരണയാണെന്നതിന് യാതൊരു സംശയവും ഇല്ല. എല്ലാ ഓർമ്മകളും എല്ലാവർക്കും ഉണ്ടാകുമല്ലോ.

*'ചെറുപ്പകാലങ്ങളിലുള്ള ശീലം*
*മറക്കുമോ മാനുഷനുള്ള കാലം.'*

●



ഇന്ദുജൻ ഇന്ദീവരം
9567128513

# ഒരു ശ്രാവണ സംഗീതം പോലെ മുരളീരവം

സമൂഹത്തിലെ പരുപരുത്ത യാഥാർത്ഥ്യങ്ങളെ തന്റെ ഉൾക്കണ്ണുകൊണ്ട് നോക്കിക്കാണുകയും കാണുന്നതെല്ലാം ഉണ്മയോയെന്ന നീതിബോധത്തിന്റെ ഉരകല്ലിൽ ഉരച്ചുനോക്കി എഡിറ്റോറിയലിന്റെ മുഖാവരണം ചാർത്തി ജനസമക്ഷം സമർപ്പിക്കുന്ന ശ്രീ. മുരളീധരൻ 'ഏക തത്ത്വ'യിൽ കൂടി വിളംബരം ചെയ്യുന്നത് മഹാസത്യത്തിന്റെ മഹനീയതയാണ്.

ഓരോ മാസവും വെളിച്ചത്തിലേക്ക് കാലെടുത്തുവയ്ക്കുന്ന 'ഏക തത്ത്വ' മാസിക നവ്യമായ ഓരോ സന്ദേശവും പ്രദാനം ചെയ്യുന്നു. ചില ഉദാഹരണങ്ങളിതാ :

1. ലോകാ സമസ്താ സുഖിനോ ഭവന്തു.
2. ചോദ്യം ചെയ്യാനല്ല ചോദ്യം ചോദിക്കാനാണ് പഠിക്കേണ്ടത്.
3. പരോപകാരം ഇദം ശരീരം.
4. അറിവിന്റെ എരിവ്.
5. ദിനവും മനസ്സിൽ ചോദ്യങ്ങൾ ഉണരട്ടെ !
6. ഇല്ലാത്തവർ ഇല്ലായ്മ പറയില്ല, ഉള്ളവരേ പറയൂ.
7. കണിയൊരുക്കിയ പ്രകൃതിയെ വികൃതമാക്കരുത് !
8. നാളെയെക്കുറിച്ച് നേരത്തേ അറിഞ്ഞാൽ...
9. പറഞ്ഞിട്ട് കാര്യമില്ല, പക്ഷേ പറയാതെ വയ്യ.
10. ഞാനാര് ?
11. അറിവിലേക്ക് ക്ഷണം ലഭിക്കാതെ പോയ പാവങ്ങൾ.
12. തിരകൾ തീർക്കുന്നതാർക്കുവേണ്ടി ?
13. കത്തിത്തീരും മുൻപ്.
14. ഞങ്ങളെ നശിപ്പിക്കരുതേ !
15. ഞങ്ങളെ കളർമുക്കി വേർതിരിച്ചതാരാണ് ?

'ഏക തത്ത്വ'യുടെ പ്രഥമ പേജിൽ ദൃശ്യമാകുന്ന ഈ സന്ദേശാമൃതം മുഴുത്ത ജീവിതയാഥാർത്ഥ്യങ്ങളുടെ ഘോഷയാത്രയെയാണ് പ്രതിനിദാനം ചെയ്യുന്നത്. നൂറ്റാണ്ടുകളായി ഭാരതസംസ്കാരത്തിന്റെ ആത്മാവിൽ നിന്ന് ഉണർന്നെണീറ്റ് നിൽക്കുന്ന മഹദ്വചനങ്ങളും പ്രശ്നസങ്കുലമായി ജീവിതത്തിന്റെ അപരിഹാര്യമായ സത്യബോധത്തിന്റെ കനൽക്കാഴ്ചകളുമാണ് ശ്രീ. മുരളീധരൻ നമ്മുടെ മുമ്പിൽ നിരത്തിവയ്ക്കുന്നത്.

ആർജ്ജവമുള്ള അഭിപ്രായങ്ങൾ വിളിച്ചുപറയുന്നവർക്ക് ശത്രുക്കളുണ്ടാവുക സ്വാഭാവികമാണ്. ഇരുട്ടിലാണ്ടുപോയ സമൂഹത്തെ വെളിച്ചത്തിലേക്ക് കൈപിടിച്ചു നടത്തുവാൻ നമുക്കേവർക്കും കടമയുണ്ട്. അധിക്ഷേപിക്കുന്നവർ ഉണ്ടായേക്കാം. പക്ഷേ അവർ അറിവിന്റെ മൂല്യം, അക്ഷരങ്ങളുടെ മൂല്യം അറിയാത്തവരാണ്.

പത്രാധിപക്കുറിപ്പിലൂടെ ശ്രീ. മുരളീധരൻ ജീവിതഗന്ധിയായ അനേകകാര്യങ്ങൾ അവധാനപൂർവ്വം അവതരിപ്പിക്കുന്നു. ഉദാഹരണമായി വിദ്യാഭ്യാസ സമ്പ്രദായത്തിലെ ക്രമക്കേട്, ദേശീയഗാന വിവാദങ്ങൾ, ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം, ജിഷാവധം, നോട്ടു പ്രതിസന്ധി, സ്ത്രീപീഡനം, ക്യാമ്പസ്സിലെ കയ്യാങ്കളി എന്നുവേണ്ട തിളച്ചുമറിയുന്ന കനൽക്കാഴ്ചകൾ അനവദ്യ സുന്ദരമായ ഭാഷയിൽ ഹൃദയദ്രവീകരണ ശക്തിയോടെ അനാവരണം ചെയ്യുന്നു. മാറ്റത്തിനുവേണ്ടി ചന്ദ്രഹാസം മുഴക്കുന്ന ശ്രീ. മുരളി ജീവിതത്തിൽ നിന്ന് സ്നേഹം കൊഴിഞ്ഞുപോയവരുടെ കഥകളാണ് ഉദ്ഗാനം ചെയ്യുന്നത്.

അനീതിയ്ക്കെതിരെയുള്ള ആക്രോശം ചിലപ്പോൾ പ്രതിഷേധത്തിന്റെ പെരുമ്പറനാദമായി തീരുന്നു. വൈരുദ്ധ്യങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലാണ് പുരോഗതിക്ക് നിദാനമെന്ന് മാർക്സ് പറയുന്നു.

ശ്രീ. മുരളീധരന്റെ രചനാശൈലി പരിശോധിച്ചാൽ ഒരുതുറന്ന മനസ്സിന്റെ ഹൃദയനൈർമ്മല്യം പ്രകടമാണ്. ഒളിച്ചുവച്ച് ആരാധിക്കുന്നതിനേക്കാൾ നല്ലത് വിളിച്ചുപറഞ്ഞ് ആഹ്ലാദിക്കുന്നതാണ് എന്ന് അദ്ദേഹം വിശ്വസിക്കുന്നതായി തോന്നിപ്പോകുന്നു. സമൂഹത്തിലെ നൂതന ചലനങ്ങളെ സപ്തവർണ്ണങ്ങളിൽ ചാലിച്ച് ആവിഷ്കരിക്കുമ്പോൾ അദ്ദേഹത്തോട് ആർക്കും പടലപ്പിണക്കമുണ്ടാകാൻ സാധ്യതയില്ല.

ഒഴുക്ക് നിലച്ച് കെട്ടിക്കിടന്നഴുകുന്ന പാഴ്ജീവിതത്തിന് പരന്ന് പാഞ്ഞൊഴുകാൻ ചാലുകീറിക്കൊടുക്കുന്ന പാവനകർമ്മമാണ് ശ്രീ. മുരളീധരൻ പത്രാധിപക്കുറിപ്പിലൂടെ നിർവ്വഹിക്കുന്നത്. വിദൂരചക്രവാളങ്ങളുടെ അന്തരാത്മാവിൽ തുളച്ചുകയറുന്ന സൂര്യതേജസ്സുപോലെ അതുവായിക്കുന്ന ഓരോരുത്തരുടേയും മനസ്സിൽ സ്വാധീനമുറപ്പിക്കുന്നു. ആ പ്രസ്താവനകൾ ഒരു ശ്രാവണ സംഗീതം പോലെ ശ്രുതിമധുരവും നിശാഗന്ധിപ്പൂപോലെ തീക്ഷ്ണസുരഭിലവുമാണ്. അതിൽ ഉഷ: സന്ധ്യയുടെ ഉണർത്തുപാട്ടുണ്ട്. മനുഷ്യമനസ്സിൽ സ്നേഹം മുളപ്പിച്ചെടുക്കുന്ന മാന്ത്രികവിദ്യയുമുണ്ട്.

സാമൂഹ്യതിന്മകളെയെല്ലാം കല്ലെറിഞ്ഞോടിക്കുവാൻ മുരളി നടത്തുന്ന ശ്രമം എപ്പോഴും ശ്ലാഘനീയമാണ്. അദ്ദേഹത്തിന്റെ സാമൂഹ്യ വിമർശനങ്ങളെ വിടർത്തിനോക്കിയാൽ കറുത്ത ദു:ഖങ്ങളെ നെഞ്ചുലയിൽവച്ചുരുക്കുന്ന ജനസാമാന്യത്തിന്റെ തീക്ഷ്ണസ്വരം കേൾക്കാം. മാതൃരാജ്യത്തിന്റെ ഹൃദയസ്പന്ദനത്തെ സ്വന്തം കരൾത്തുടിപ്പുമായി ബന്ധിപ്പിക്കുന്ന ശ്രീ. മുരളി ഒരു വിപ്ലവകാരിയായ ഗാന്ധിയനാണെന്ന് എനിക്ക് തോന്നുന്നു.

'ഏക തത്ത്വ' പോലുള്ള ഒരു ചെറു പ്രസിദ്ധീകരണത്തിൽ വരുന്നതുകൊണ്ടാവാം പലരുടേയും ശ്രദ്ധ ഇതിലേക്ക് തിരിയാത്തത്. ഓരോ മനസ്സിന്റേയും മുറ്റത്ത് ഒരു പനിനീർച്ചെടി നടുകയും അതിന്റെ വളർച്ച കണ്ട് നമുക്ക് ആസ്വദിക്കുകയും ചെയ്യാം. അക്ഷരവിരോധികളെ അവരുടെ പാട്ടിന് വിടുക. ബർണ്ണാഡ് ഷാ പറഞ്ഞതുപോലെ (Let the Dogs bark) പട്ടികൾ കുരയ്ക്കട്ടെ ! മുള്ളു പിഴിഞ്ഞാൽ മുന്തിരിനീര് കിട്ടുകയില്ലല്ലോ. താഴ്‌വേര് നഷ്ടപ്പെട്ട ചെടിയോട് പൂ ചോദിക്കാതിരിക്കുക. ജീവിതത്തിന്റെ നിമ്നോന്നത പാതകളിലൂടെ മുരളി തേരുകൾ ഇനിയും പായിക്കുക. നമസ്കാരം !

## കവിത




ഡി. തോമസ്
9495163186

# അമ്മായിഅമ്മ

"അമ്മേ വിശക്കുന്നു നേരം കടന്നുപോയ്
ചെമ്മേ തരുകെനിക്കെന്തെങ്കിലും."
"കുഞ്ഞേ, ക്ഷമിക്കയിതൊന്നു കഴിഞ്ഞോട്ടെ
കഞ്ഞിതരാമമ്മയിപ്പോൾത്തന്നെ.
ചേട്ടത്തിയമ്മയിന്നാപ്പീസിൽ പോയപ്പോൾ
ചട്ടീം കലോം കഴുകാതെ പോയി.
ആപ്പീസിൽ പോകുംമുൻപെന്തുകൊണ്ടാണവൾ
കാപ്പിക്കുപോലുമൊന്നുണ്ടാക്കീല ?"
"അമ്മേ,യതുപിന്നെയാപ്പീസിലിന്നവർ-
ക്കിമ്മിണി ജോലിക്കുടിശിഖയായ്
അമ്മയോടിന്നലെ ചൊല്ലിയതല്ലിയോ-
യിമ്മട്ടിലല്ലാതെയെന്തു ചെയ്യും ?"
"ആപ്പീസിൽ ജോലിയുണ്ടെന്നാകിലെന്താടാ
കാപ്പിക്കെന്തെങ്കിലുമുണ്ടാക്കേണ്ടേ ?"
"ചേട്ടത്തിയാപ്പീസിൽ പോയെങ്കിലെന്താമ്മേ
മട്ടത്തിലമ്മയ്ക്കുണ്ടാക്കിക്കൂടേ"
"ഉദ്യോഗമേതും ഭരിക്കുന്നോരാരുമേ
ഉദ്യമിക്കുന്നില്ലേ വീടുനോക്കാൻ
ഉദ്യോഗ ഗർവ്വം തലയ്ക്കുപിടിച്ചവ-
ളുദ്യമിക്കുന്നില്ല വീടുനോക്കാൻ."
"അമ്മയ്ക്കിതെന്താണ് ചേട്ടത്തിയോടിത്ര
വിമ്മിട്ടം ? പാവമതെന്തു ചെയ്തു ?
ചേട്ടനുണ്ടായിരുന്നെങ്കിലിന്നമ്മയ്ക്ക്
കാട്ടിത്തന്നേനെയിതിന്റെ ശേഷം."
"അല്ല, നീയും നിന്റെ ചേട്ടത്തിയമ്മയും
വല്ലാതെ കോപിക്കുന്നെന്റെ നേരെ
ഞാനൊരധികപ്പറ്റാണെങ്കിലിന്നു നീ-
യന്ത്യം കുറിക്കെടാ സാമദ്രോഹി."
"അമ്മയിപ്പോഴുമാ 'ടീവി'യിൽ കാണുന്നൊ-
രമ്മായിയമ്മയെപ്പോലെ തന്നെ.
അമ്മയൊന്നോർക്കണം രണ്ടു ദശാബ്ദം മുൻ-
പമ്മ മരുമകളായിരുന്നു !!!"

## ലേഖനം



വിനോദ് കുമാർ ദാമോദർ
9446352141

# വൻ കെട്ടിട നിർമ്മാണങ്ങൾക്ക് വന പരിസ്ഥിതിമന്ത്രാലയ നിയന്ത്രണങ്ങൾ തുടരും !

**ഈ** കഴിഞ്ഞ ദിവസം കേന്ദ്ര ഹരിത ട്രിബ്യൂണൽ ഇറക്കിയ ഉത്തരവ് പ്രത്യേകമായും വൻ കെട്ടിടനിർമ്മാണകാര്യത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിയന്ത്രണം എടുത്തുകളയാൻ പറ്റില്ല യെന്നു പറഞ്ഞുകൊണ്ടായിരുന്നു.

20000 മുതൽ 150000 വരെ ചതുരശ്രമീറ്റർ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് ഇന്ന് ആവശ്യമുള്ള നിബ ന്ധനകൾ കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ സമ്മതപത്രം വേണ്ടെന്നും അവ പൂർണ്ണമായും തദ്ദേശ സ്വയം ഭരണവകുപ്പിന് നല്കിക്കൊണ്ടുമാണ് ഡിസംബർ 2016 ഉത്തരവിറങ്ങിയത്.

ഉത്തരവിറങ്ങിയ അന്ന് മുതൽ തന്നെ പലയി ടങ്ങളിൽ നിന്നും രൂക്ഷമായ വിമർശനങ്ങളാണ് മന്ത്രാ ലയം നേരിട്ടത്. തദ്ദേശ സ്വയം ഭരണ വകുപ്പുകൾ പൊതു വേ വൻകെട്ടിട നിർമ്മാണകാര്യത്തിൽ വൻരീതിയിലു ള്ള ഉദ്ദാരനയം കാണിച്ചിരുന്നു. അതുകൊണ്ടുതന്നെ പരിസ്ഥിതിമന്ത്രാലയത്തിന്റെ നിയന്ത്രണം എടുത്തുകള യുന്നത് വൻ പ്രവ്യാതങ്ങളുണ്ടാക്കുമെന്നാണ് പരിസ്ഥി തി പ്രവർത്തകർ വിലയിരുത്തിയത്.

സെന്റർ ഫോർ പോളിസി റിസർച്ച് - നവതി എൻവയർമെന്റ് പ്രോഗ്രാം ഡയറക്ടർ പറഞ്ഞത് വൻ കെട്ടിടനിർമ്മാണവേളയിൽ വൻ തോതിലുള്ള പരിസ്ഥി തി സമ്പത്തിന്റെ ആവശ്യം വരുമെന്നുള്ളതിന്റെ അടി സ്ഥാനത്തിൽ വൻ കെട്ടിട നിർമ്മാണവേളയിൽ മന്ത്രാല യത്തിന്റെ അനുവാദം ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് എന്നാണ്. പ്രത്യേകിച്ചും വൻ രീതിയിൽ ജലക്ഷാമം നേ രിട്ടുകൊണ്ടിരിക്കുമ്പോൾ നിയന്ത്രണങ്ങൾ കൂടുതൽ കർശനമാക്കുകയാണ് വേണ്ടതെന്നാണെന്നായിരുന്നു ട്രിബ്യൂണലിനേ സമീപിച്ച പരിസ്ഥിതി സ്നേഹസംഘട നകളുടെ അഭിപ്രായം.

വാട്ടർ ആന്റ് എയർ ആക്ട് 2012 കെട്ടിടങ്ങൾക്ക് ബാധകമല്ലയെന്നതിന്റെ അടിസ്ഥാനത്തിലായിരുന്നു മന്ത്രാലയത്തിന്റെ ഉത്തരവ് എന്ന വാദം ട്രിബ്യൂണൽ തള്ളി.

●

# സ്മരണ



**മുരളീധർ കൊല്ലത്ത്**

**9387475851**

# എന്റെ ഉണ്ണിക്ക്

**ഓ**രോ വേർപാടും ഓരോ വേദനയാണ്. തീരാത്ത വേദന. തീരാദുരിതങ്ങൾ പേറി ജീവിക്കുമ്പോഴും ഉണ്ണിയ്ക്ക് കരുത്ത് പകർന്നത് അക്ഷരങ്ങളായിരുന്നു. അക്ഷരങ്ങളോടുള്ള അടങ്ങാത്ത ആർത്തിയിൽ ഉണ്ണി ജീവിതം അസ്വദിയ്ക്കുകയായിരുന്നു. തന്റെ ബലഹീനതകളെ അകറ്റിനിർത്തി ഉണ്ണിയെഴുതി. പാടി, ചിത്രം വരച്ചു. ചങ്ങാതിമാരെ സൃഷ്ടിച്ചു. അമ്മയേയും അമ്മുവിനേയും തന്റെ പ്രിയതമയേയും ഒക്കെ ഏറെ സ്നേഹിച്ചു. മരണം തോല്പ്പിക്കാൻ ശ്രമിച്ചപ്പോഴൊക്കെ എതിർത്തും കയർത്തും ചെറുത്തുനിന്നു. എന്നിട്ടും തോല്പ്പിച്ച മരണമേ... നീ ജയിച്ചിട്ടില്ല. ഞാനടയാളപ്പെടുത്തിയ വാക്കുകൾ ഈ ഭൂമിയിലുണ്ടെന്ന് പറഞ്ഞുകൊണ്ടാണ് ഉണ്ണി പടിയിറങ്ങിയിരിക്കുന്നത്.





എന്റെ ഉയർച്ചയും വളർച്ചയും മോഹിച്ച് എന്റെ ഹൃദയത്തിന്റെ ഓരോ സ്പന്ദനവും ധ്യാനിച്ച് എനിയ്ക്കുവേണ്ടി മാത്രം ജീവിയ്ക്കുന്ന എന്റെ അമ്മയ്ക്ക് സമർപ്പിച്ച ഹൃദയപൂർവ്വം F.Bയ്ക്ക് എന്ന ഉണ്ണി എടക്കഴിയൂരിന്റെ പുസ്തകം അദ്ദേഹത്തിന്റെ അമ്മ, ശ്രീ. രാധാകൃഷ്ണൻ കാക്കശ്ശേരി മാസ്റ്റർക്ക് 8-5-16ന് മാതൃദിനത്തിൽ വൈകുന്നേരം മൂന്നു മണിയോടെ ഉണ്ണിയുടെ വീട്ടിൽ വെച്ച് നല്കിക്കൊണ്ട് പ്രകാശനം ചെയ്യപ്പെടുകയുണ്ടായി. ബോറടിപ്പിയ്ക്കാത്ത വാക്ക് അതമ്മയാണ് എന്ന് ഒറ്റവരിയിലൂടെ പറഞ്ഞ കവി. മമ്മിയെപ്പോലല്ല അമ്മ എന്ന് പറഞ്ഞ ഉണ്ണി ഉയരങ്ങളിലേക്ക് ഉയർന്നുപോകുന്ന ഉയരക്കാരന്റെ ഉയരം. ആറടി എന്നുപറഞ്ഞ എടക്കഴിയൂരിന്റെ അഭിമാനം. ഹാർമാണിയക്കട്ടയിൽ ആർത്തലച്ച് ഉമിനീരിൻ വിശപ്പകറ്റി കണ്ണീരിന്റെ ശുദ്ധസംഗീതത്തെ മലയാളിക്ക് സന്നിവേശിപ്പിച്ച ഉണ്ണി എടക്കഴിയൂർ എന്ന എഴുത്തുകാരൻ. ഈ പുസ്തകച്ചടങ്ങിലേയ്ക്ക് വരാൻ അദ്ദേഹത്തിന് ആഗ്രഹമില്ലാഞ്ഞിട്ടല്ല. പറയാൻ കുറേ ബാക്കിവെച്ച് പോയതാണ് അകാലമരണം എന്നെഴുതിയതുകൊണ്ടുമാത്രം ദൈവം വിട്ടില്ലീ കവിയെ. ആറടി മണ്ണിന്റെ പോക്കുവരവിന് തിയതി കുറിച്ച് അവൻ പോയിരിക്കയാണ്. ഇനി ഒരു തിരിച്ചുവരവില്ലാതെ തിരിച്ചറിയാനാകാത്ത ഇദ്ദേഹത്തിന്റെ കുഞ്ഞ് പുസ്തകച്ചടങ്ങിന്നടുത്തേയ്ക്ക് നടന്നുനീങ്ങുമ്പോൾ കാണികൾ കണ്ണീരുതുടച്ചു. അനേകം പുസ്തകച്ചടങ്ങിനീ വിനീതൻ സാക്ഷിയായിട്ടുണ്ടെങ്കിലും എഴുത്തുകാരനില്ലാത്ത പ്രകാശനച്ചടങ്ങ് ജീവിതത്തിൽ ആദ്യം. ഇനിയുള്ള ഒരു കവിയ്ക്കും, ഒരു സാഹിത്യകാരനും ഇത്തരം ഒരു ദുർഗ്ഗതി ഉണ്ടാവരുതേ എന്നാണ് പ്രാർത്ഥന. ഡോ. കൃഷ്ണകുമാറും ശ്രീ. സുരേഷ് ആലങ്കോടും കൂട്ടരും ഒക്കെ ഈ പുസ്തകച്ചടങ്ങിന് മുൻകൈ എടുത്തത് അങ്ങകലെയിരുന്ന് ഉണ്ണി കാണുന്നുണ്ടാവാം. തന്റെ സ്വപ്നസാക്ഷാൽക്കാരത്തിന് അനേകം സാഹിത്യകുതുകികളും ആ മുറ്റത്തണിനിരന്നത് കണ്ട് ഉണ്ണി ആനന്ദിയ്ക്കുന്നുണ്ടാവാം. FB യിലെ ഇരുപത്തിയാറോളം ചങ്ങാതിമാരെ സ്മരിച്ചുകൊണ്ടാണ് ഉണ്ണി ഇതിലെഴുതിത്തുടങ്ങുന്നത്. മാത്രമല്ല തന്റെ പൂർവ്വസൂരികളായ എഴുത്തുകാർ വള്ളത്തോൾ, വൈലോപ്പിള്ളി, ലളിതാംബികാ അന്തർജ്ജനം, ബാലാമണിയമ്മ, കടമ്മനിട്ട, എൻ. എൻ. കക്കാട്ട് തുടങ്ങി സുഗതകുമാരി ടീച്ചറേയും മധുസൂദനൻ നായരേയും, ബാലചന്ദ്രൻ ചുള്ളിക്കാടിനേയും ഒക്കെ ഓർക്കാനും അവരിലെ മാതൃവചനങ്ങൾ രേഖപ്പെടുത്താനും ഈ പുസ്തകം കാരണമാകുന്നെങ്കിൽ ഇവരുടെയൊക്കെ അനുഗ്രഹം ഉണ്ണിയ്ക്കുണ്ടാകുമെന്നുറപ്പ്. പക്ഷെ ഉണ്ണി ഏറെ ഇഷ്ടപ്പെട്ടിരുന്നത് കറുത്ത തൊലിയുള്ളവളെ, വികൃത രൂപമുള്ളവളെ. ആരും കൂടെ കൂട്ടാത്തവളെ അവർ അവരൊക്കെ ഉണ്ണി എടക്കഴിയൂരിന്റെ സ്വന്തം എന്ന് എപ്പോഴോ ഇദ്ദേഹമെഴുതി. പക്ഷേ ഉണ്ണിയെ ഞങ്ങൾ മനസ്സിലാക്കിയിടത്തോളം ഉണ്ണി നിറങ്ങളേയും പൂക്കളേയും അമ്മയേയും ഒക്കെ ഒത്തിരി സ്നേഹിച്ചിരുന്നു. കൂടാതെ ഉണ്ണിയുടെ ജീവിതത്തിലേയ്ക്ക് കയറിവന്ന പ്രിയ സഖി പ്രീതയേയും ഉണ്ണി അളവറ്റു സ്നേഹിച്ചിരുന്നു. ആ സ്നേഹത്തിന് മുൻപിൽ ഉണ്ണിയുടെ ഒരാരാധകൻ എന്ന നിലയ്ക്ക് ഞാനിങ്ങനെയെഴുതട്ടെ.

*അംബരം കാട്ടിയതമ്മ*
*അമ്പിളി കാട്ടിയതമ്മ*
*പമ്പരം തന്നതമ്മ*
*എൻ നൊമ്പരം മാറ്റിയതമ്മ.*

## ജ്യോതിഷം പഠിയ്ക്കാൻ ഇതാ ഒരു സുവർണ്ണാവസരം.

ബേസിക് & അഡ്വാൻസ്ഡ് കോഴ്സുകൾ ശ്രേഷ്ഠമായും ലളിതമായും പഠിപ്പിക്കുന്നു. ബേസിക് കോഴ്സ് തപാലിലൂടെയും നേരിട്ടും. അഡ്വാൻസ് കോഴ്സ് നേരിട്ടും പഠിപ്പിക്കുന്നു. ജ്യോതിഷത്തിൽ അടിസ്ഥാന പരിജ്ഞാനം ഉള്ളവർക്ക് അഡ്വാൻസ്ഡ് കോഴ്സിലേക്ക് നേരിട്ട് പ്രവേശനം ഉണ്ട്. കൂടാതെ ജ്യോതിഷസംബന്ധമായ എല്ലാകാര്യങ്ങളും വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്ത് റിപ്പോർട്ട് കൊടുക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഉടൻ വിളിയ്ക്കുക.

**എൻ. ബി. കർത്ത, 9388524617**



ടി. ജെ. നായർ
9446630412

# ആരോഗ്യം സർവധനാൽ പ്രധാനം

നമ്മുടെ ആരോഗ്യപ്രശ്നങ്ങൾ മൂന്നു കാര്യങ്ങളിലൂടെ മുൻകൂറായി മനസ്സിലാക്കാം. അതിന് മൂന്നുപേരുടെ സഹായ സഹകരണങ്ങളും അനാവശ്യമാണ്. ആദ്യമായി ദൈവം, പിന്നെ വൈദ്യൻ, മൂന്നാമത്തെ ആൾ നാം തന്നെ. അതുകൊണ്ടാണ് രോഗനിർണ്ണയത്തിനായി മൂന്നുകാര്യങ്ങൾ അറിഞ്ഞിരിക്കണമെന്നു പറയുന്നത്. ദർശനം, സ്പർശം, പ്രശ്നം.

ഇത് എല്ലാ കാര്യങ്ങൾക്കും ആവശ്യമാണ് - മൂന്നു കാര്യങ്ങളുടെ സഹകരണം. ഉദാഹരണമായി തീവണ്ടി ഓടണമെങ്കിലും വേണം മൂന്നു കാര്യങ്ങൾ - ഇന്ധനം, തണ്ടവാളം, ഡ്രൈവർ. അതുപോലെത്തന്നെയാണ് മനുഷ്യശരീരവും. വാതം, പിത്തം, കഫം എന്നീ കാര്യങ്ങളുടെ ഏറ്റക്കുറച്ചിലുകളാണ് ശരീരത്തെ ആരോഗ്യത്തോടെ പരിരക്ഷിക്കുന്നതും രോഗിയാക്കുന്നതും. ഇവയുടെ ഒത്തൊരുമിച്ചുള്ള പ്രയാണം നമ്മുടെ ജീവിതയാത്രയും സുഖകരമാക്കും. അവർ പിഴച്ചാൽ നമ്മുടെ ആരോഗ്യവും ക്ഷയിക്കും. അതുകൊണ്ട് ഇവ മൂന്നും സമതുലിതാവസ്ഥയിൽ നിലനിർത്തുക എന്നത് ഓരോരുത്തരുടേയും ക്ഷമയാണ്.

രോഗങ്ങളിൽ വളരെ മാരകമായ ഒരു രോഗമാണ് പാണ്ഡുരോഗം. ഇത് രോഗിയെ മാത്രമല്ല, ബന്ധുമിത്രാദികളേയും നമ്മിൽ നിന്ന് അകറ്റി നിർത്തും. ശരീരത്തിന് മാത്രമായിരിക്കില്ല അപ്പോൾ വേദന - മനസ്സിനെയാണ് കൂടുതൽ വ്യാകുലചിത്തരാക്കുക. യോഗമാണ് എന്ന് പറഞ്ഞ് ഇരിക്കുന്നത് ശരിയല്ല. ഗ്രഹങ്ങളുടെ സഞ്ചാരവും ഈ രോഗത്തിന് കാരണമാണ്. അതറിഞ്ഞ് പരിഹാരങ്ങൾ ചെയ്യുക. അതുകൊണ്ടു മാത്രമായില്ല - ചികിത്സയും വേണം. ആയുർവേദചികിത്സയാണ് പാണ്ഡുരോഗത്തിന് ഉത്തമം. മറ്റു വിഭാഗങ്ങളെ അധിക്ഷേപിക്കുകയല്ല. കേരളീയരുടെ ആരോഗ്യത്തിനും കാലാവസ്ഥയ്ക്കും ആയുർവേദത്തിന് പ്രാധാന്യമുണ്ട്.


"നവായസ ലേഹ്യഭസ്മം" എന്ന ഒരു പൊടിയുണ്ട്. ഇത് രാവിലേയും, വൈകുന്നേരവും വെറും വയറ്റിൽ തേനിൽ കലർത്തി കഴിക്കണം എന്ന് ആയുർവേദ പണ്ഡിതൻമാർ പറയുന്നു. അതുശരിയാണ് എന്ന് പറയുവാനായി ഉദാഹരണങ്ങളും സാക്ഷികളും വളരെയേറെയുണ്ട്. ഇത് പിത്തത്തെ നിയന്ത്രിക്കും. കുരുമുളക്, തിപ്പലി എന്നിവയുടെ മിശ്രിതമാണ് മേൽ പറഞ്ഞ ഭസ്മം.

കുമാര്യാസവം, ലോഹഭസ്മം എന്നിവയും പാണ്ഡുരോഗത്തെ നിയന്ത്രണവിധേയമാക്കും. പിത്തമാണ് ശരീരത്തെ ചൂടാക്കി പനി ബാധിതനാക്കുന്നത്. ഇത് മലബന്ധത്തിന് കാരണമാകുന്നു. ഇതിന് കാരണം ജഠരാഗ്നിയുടെ ബലവും ശക്തിയും കുറയുന്നതുമൂലമാണ്. അതുമൂലം കഴിക്കുന്ന മരുന്നുകൾ ഒന്നും തന്നെ ഫലപ്രദമാകുന്നില്ല. അതിന് ആദ്യമായി ബലാദ്രികാതി കഷായം തേൻ ചേർത്തുകഴിക്കണം. നെല്ലിക്ക നീര് തേൻ ചേർത്തുകഴിക്കുന്നതും നല്ലതാണ്. ഇതിന് കേരളീയർക്ക് അധികം ധനനഷ്ടവുമില്ലല്ലോ ?

ഈ രീതികൾ തുടർന്നാൽ പാണ്ഡുരോഗം പറന്നുപോകും. പക്ഷെ മരുന്നുകൾ കൊണ്ടുമാത്രം ഫലം പൂർണ്ണമാകുന്നില്ല. പഥ്യമാണ് പ്രധാനം. വൈദ്യർ പറയുന്ന എല്ലാ ഭക്ഷണ പദാർത്ഥങ്ങളും, പാനീയങ്ങളും ഉപേക്ഷിക്കുകതന്നെ വേണം. മരുന്നിനേക്കാൾ പ്രധാനമാണ് പഥ്യം പാലിക്കൽ.

പിന്നെ വിശ്വാസികളാണെങ്കിൽ ദിവസവും രണ്ടുനേരവും ഈ ശ്ലോകം ആയിരത്തിഎട്ടുതവണ ജപിക്കുക :

*പക്ഷിരാജവിത് മഹേ*
*സ്വർണ്ണപക്ഷായ ധീമഹീ,*
*തന്നോ ഗരുഡപ്രജോതയാത്.*



ഡോ. സി. രാമകൃഷ്ണൻ
9447358663, 0491 2505521

# ഹൈപ്പോകോൺട്രിയാസിസ്
(Hypochondriasis)

ഒരുതരം മാനസികാവസ്ഥയാണ് ഈ രോഗം. അതായത് താനൊരു രോഗിയായി മാറിക്കഴിഞ്ഞിരിക്കുന്നു എന്നുള്ള തെറ്റായ ധാരണ മൂലം സ്ഥിരം രോഗിയായി മാറിക്കഴിയുന്ന ഒരവസ്ഥ. ഏതെങ്കിലും നിസ്സാരമായ താൽക്കാലിക ദേഹാസ്വാസ്ഥ്യം പിടിപെട്ടാൽ അതൊരു മാറാരോഗമാണെന്നുള്ള മിഥ്യാബോധം മൂലം വ്യാകുലപ്പെടുന്ന അവസ്ഥയിലേക്ക് എത്തിച്ചേരുന്നു. തൊട്ടതിനെല്ലാം സംശയമായിരിക്കും. വായുക്ഷോപം കൊണ്ടുള്ള വയറുവേദന വന്നാൽ അത് ഉദരത്തിലുള്ള അർബുദരോഗമെന്ന അനാവശ്യചിന്തമൂലം വൈഷമ്യാവസ്ഥയിലേക്ക് പ്രവേശിക്കുന്നു. ഇത് ചികിത്സിച്ച് മാറ്റാൻ സാധിക്കില്ല എന്ന് സ്വയം തീരുമാനിച്ച് അസ്വസ്ഥനായിതീരുന്നു. ഈ കാരണം കൊണ്ട് ചിലപ്പോൾ ആത്മഹത്യക്ക് ശ്രമിച്ചെന്നുവരാം. ഈ അസുഖത്തിന്ന് പരിഹാരം വിദഗ്ദ്ധ ചികിത്സയും ബോധവൽക്കരണവും തന്നെയാണ്. സമുചിതമായ ഉപദേശങ്ങൾ തുടർന്നുകൊണ്ടേയിരിക്കണം. മിഥ്യാരോഗഭീതിയിൽ നിന്ന് മാറ്റിയെടുക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കണം. ഒരു വിദഗ്ദ്ധ ചികിത്സകന്റെ ഉപദേശം കൂടിയേ തീരു. രോഗിയെ മാനസികാരോഗ്യത്തിന് പറ്റിയ വിനോദങ്ങളിൽ പങ്കെടുപ്പിക്കുകയും വേണം. അനാവശ്യചിന്തകളിൽ നിന്ന് വ്യതിചലിപ്പിക്കുവാനുള്ള ഉപായങ്ങൾ പ്രയോഗിക്കുകയും വേണം. ഹോമിയോ ചികിത്സ വളരെ ഫലപ്രദമാണ്. ഫലപ്രദമായ നിരവധി ഹോമിയോ മരുന്നുകൾ ലഭ്യമാണ്.



പ്രമോദ് മഞ്ചേരി
9495607393

# പുരുഷാർത്ഥം

**ക**ണ്ണകിയുടെ കണ്ണിലപ്പോൾ നനവുണ്ടായിരുന്നില്ല. അവൾ നിസ്സംഗയായി മുന്നിൽ കിടത്തിയിട്ട ശീതളിമ പകരുന്ന സ്ഫടിക ശവപേടകത്തിലെ തന്റെ പുരുഷനെ തലവെട്ടിച്ചിടയ്ക്കിടെ നോക്കിക്കൊണ്ടിരുന്നു. അയാൾ ചിലപ്പോൾ കണ്ണ് തുറന്നിരിക്കുമെന്നും പതിവായി വിളിക്കാറുള്ളതുപോലെ 'ബേൻ ഛോത്ത്' എന്ന് അട്ടഹസിക്കുമെന്നും അവൾ അപ്പോഴും കരുതിയിരുന്നിരിക്കണം.

മൂക്കറ്റം മദ്യപിച്ച് അയാൾ ചത്തപോലെ കിടന്ന ഒരുദിവസം പേടിച്ചു താൻ അയാളുടെ മൂക്കിൽ വിരൽ വെച്ചുനോക്കിയതിനു അതായിരുന്നല്ലോ പ്രതികരണം ? രണ്ടു നാൾ മുമ്പ് അവസാനമായി ആശുപത്രിയിൽ കണ്ണു തുറക്കാനാവാതെ തന്റെ ശബ്ദം കേട്ടു വിരലനക്കുക മാത്രം ചെയ്തപ്പോഴും അതൊക്കെ വെറും കാട്ടിക്കൂട്ടലുകളാണെന്ന് തനിക്ക് തോന്നാൻ എന്തേ കാരണം ? ശവപേടകത്തിനടുത്ത് തിരക്കു കൂടുകയാണ്. മരിക്കുന്നതുവരെ ജോലി ചെയ്തതുകൊണ്ടു ഓഫീസിൽ നിന്നും സഹപ്രവർത്തകന്മാരെല്ലാം വന്നിരിക്കുന്നു. മുഖപരിചയമുള്ള ഒരുപാടുപേർ. അമ്മായിയമ്മയും നാതൂന്മാരും നിലത്തുവീണ് അലമുറയിടുമ്പോഴും കല്യാണപ്രായമായ മകൾ രാധ മുഖത്തുനോക്കി "അമ്മാ" എന്നലറിയപ്പോഴും തനിക്കൊന്നും തോന്നിയില്ല. ജീവിതത്തിൽ ഇനി കരഞ്ഞുകൂടാ എന്ന് ഉള്ളിലാരോ പറഞ്ഞുകൊണ്ടിരിക്കുന്നു.

ഒരിക്കലും അയാൾ തന്നെ തല്ലിയിട്ടില്ല. ആണുങ്ങളായാൽ കുറച്ചു തിമിരൊക്കെ വേണം, അതൊക്കെയല്ലേ അയാൾക്കുമുണ്ടായിരുന്നുള്ളൂ. പാവമായിരുന്നു. ചിലരങ്ങിനെ ആണ് ഒന്നും പ്രകടിപ്പിക്കാനറിഞ്ഞുകൂടാ. സ്വയം നശിക്കാനല്ലാതെ. "ശങ്കറിന്റെ" (ഈശ്വരാ... പേരുച്ചരിക്കാൻ പാടില്ലാത്തതാണ്.) ബാല്യം ഉത്തരേന്ത്യയിലായതുകൊണ്ടാവാം തമിഴിനേക്കാൾ വഴക്കം ഹിന്ദിയായിരുന്നല്ലോ ? അമ്മായിയപ്പൻ ഏതോ ഖനിയിൽ ഡൈനാമിറ്റുവെയ്ക്കുന്ന ആളായിരുന്നത്രേ. "ബ്ലാസ്റ്റർ" ങ്ഹാ, അതാണദ്ദേഹം പറഞ്ഞിരുന്ന പേര്. വെടിമുഴക്കം പോലെതന്നെ ആണ് അപ്പനും മോനും സംസാരിച്ചിരുന്നത്.

അപ്പാവുടെ സ്കൂളിൽ താത്കാലിക നിയമനത്തിൽ വന്ന സ്റ്റൈലൻ പയ്യനെ അപ്പാവുക്ക് ബോധിച്ചു. "എന്നാ ഇങ്ക്ളീഷ്, എന്നാ നടപ്പ്, എന്നാ സ്റ്റൈൽ" അപ്പാ നാവെടുത്തു പുകൾ പറഞ്ഞപ്പോൾ തനിക്കും കാണാനാശയായി. പതിനൊന്നിൽ പഠിക്കുന്ന കാലം പതിനേഴിന്റെ പൊട്ടിത്തെറിച്ച പ്രായവും. ബെല്ബോട്ടത്തിൽ സ്വന്തം അപ്പാവുടെ കൂടെ വന്ന സായിപ്പിനെ, കറുത്തു കൊലുന്നനെ നീണ്ട മുടിയുമായി നിന്ന തന്റെ പുരുഷനെ ആദ്യം കണ്ടതന്നാണ്. ആ കണ്ണുകൾ മുഖം നിറഞ്ഞു പുറത്തുവരുമെന്നു തോന്നി. രണ്ടു കാരണവന്മാരും സംസാരം തുടങ്ങിയിരുന്നു. അപ്പാ നാലഞ്ചു തവണ തന്നെ വിളിച്ചപ്പോഴുദ്ദേശ്യം പിടികിട്ടി. അവരന്നു നാട്ടിലേക്കു വന്നിട്ടേയുള്ളൂ. ഭൂവുടമകൾ, പിന്നെ എല്ലാം പെട്ടെന്നായിരുന്നു. രഹസ്യമായൊന്നും പറയാനാവില്ല എന്നു ബോധ്യമായത് ആദ്യരാത്രിയിൽ തന്നെ. പേടിച്ചു നാണിച്ചു മൂലയിൽ നില്ക്കുമ്പോഴായിരുന്നു ആദ്യമാ വിളികേട്ടത്. "ബേൻ ഛോത്ത്, ഇധർ ആ ജൽദി" ഒന്നുമറിയാതെ കണ്ണുതുറന്നപ്പോൾ കൈ പിടിച്ചൊരു വലി. അതുവരെ അറിയാത്ത ഗന്ധവും ശബ്ദവും. എന്തൊക്കെയോ നടന്നു... വേദനാരസ സമ്മിശ്രങ്ങളായ അനുഭൂതികൾ.

പിന്നീട് ഉദ്യോഗസംബന്ധങ്ങളായ യാത്രകൾ പല ഭൂവിഭാഗങ്ങൾ പല അനുഭവങ്ങൾ മക്കൾ... ഏതാണ്ടെന്നുമെന്നും തന്നെ അനുഗമിക്കുന്ന ആ ഗന്ധങ്ങളും അബോധാവസ്ഥയും ബോധാവസ്ഥയും മാറിമറയുന്ന പുരുഷന്റെ യാത്രകൾക്കിടയിൽ കൂടെ നടന്നു താനും... അവൾ വീണ്ടും തന്റെ പുരുഷനെ നോക്കി... വരും എണീറ്റുകൊള്ളും... കള്ള് കുടിക്കാതിരിക്കുമ്പോൾ ഒരു കൊതുകിനെപ്പോലും സഹിക്കില്ല. ആ നശിച്ച കള്ളുകുടി വേണ്ട എന്നുപറഞ്ഞാൽ വീണ്ടുമതേവിളി. "ബേൻ ഛോത്ത്". ആരൊക്കെയോ തന്റെ അരികിൽ വന്നിരിക്കുന്നുണ്ട്. മാലകൾ മൂടി ഇപ്പോൾ മുഖം കാണുന്നതേയില്ല. അമ്മായിയമ്മ നിലത്തുവീണുരുളുകയാണ്. നാട്യങ്ങൾ... കൊടുത്തതുപോര എന്നല്ലാതെ ഒരുവാക്ക് പറഞ്ഞിട്ടില്ല. അനിയൻ മുറ്റത്തിറങ്ങി നില്ക്കുകയാണ്. നഷ്ടം എല്ലാം അവരുടെ മാത്രം !!! താനെല്ലാം പിടിച്ചു പറിക്കയാണെന്നും കുട്ടികളെ വഴി തെറ്റിക്കയാണെന്നുമയല്ക്കാരോടു പറയാൻ ബാക്കിയൊന്നുമില്ല. ദൂരെ... കാണാവുന്ന ദൂരത്തിൽ വിറകട്ടി വെച്ചു കൊണ്ടിരിക്കയാണ്. വീട്ടുകാരുടെ പൊതുശ്മശാനം. കുറേ വൃദ്ധകൾ തന്റെ അരികിലേക്ക് വരുന്നു. മുന്നിൽ ഒരാൾ കൈയ്യിലെ ചേങ്ങില കൊട്ടി ശംഖ് ഇടവിട്ട് ഊതി മുറ്റത്തേക്കിറങ്ങുന്നു. ഒരു വൃദ്ധ പറഞ്ഞു.

"അകത്തേക്കു പോരു."

കണ്ണകി അനുസരിച്ചു. അകത്തു മുറിയിൽ ഒരു വെള്ളസാരി മടക്കി വെച്ചിരിക്കുന്നു. മാറ്റി ഉടുക്കണമത്രേ. അമ്മായിയമ്മ കരച്ചിൽ മാറ്റി അധികാരത്തോടെ ഒരു പെട്ടിയുമായി വന്നിരിക്കുന്നു. ആഭരണങ്ങളെല്ലാം ഊരിക്കൊടുക്കണമത്രേ. മാലയും വളയുമെല്ലാം ഊരിയെടുത്തു. അമ്മായിയമ്മ പറഞ്ഞു, "മൂക്കത്തിയെടു". അപ്പോൾ മാത്രമാണ് മുഖം തലോടിയോർത്തത്. അദ്ദേഹമാദ്യമായും അവസാനമായും തന്ന സ്നേഹോപഹാരം ഡയമണ്ടാണത്രേ, ഇരുപത്തഞ്ചാം വർഷത്തിലേക്ക് നീണ്ട ദാമ്പത്യത്തിലാദ്യമായി വിവാഹനാൾ ഓർമ്മിച്ച്, നിർബന്ധിച്ച് ശിവക്ഷേത്രത്തിൽ കൊണ്ടുപോയ് തൊഴുവിച്ച് ബ്രാഹ്ണാൾ ഹോട്ടലിൽ പോയി മസാല ദോശ വാങ്ങിക്കഴിക്കുമ്പോൾ എവിടെയോ ഒളിപ്പിച്ച ചെറിയ പൊതി തുറന്നീ മൂക്കുത്തി തന്നത്. "നീയെന്നും കുട്ടികൾക്കായല്ലാതെ നിനക്കുവേണ്ടി എന്തെങ്കിലും ആവശ്യപ്പെട്ടിട്ടില്ല. ഇത്തവണ നിനക്കിതിരിക്കട്ടെ." പൊട്ടിക്കരഞ്ഞുപോയി. ഉടൻ വന്നു പതിവുപോലെ... "ചുപ് രഹോ ബേൻ ഛോത്ത്."

അവളാമൂക്കുത്തി തലോടി. അതഴിപ്പിക്കാനാണ് ശ്രമം. ആരോ

നെറ്റിയിലെ കുങ്കുമം മായ്ച്ചിരിക്കുന്നു. അദ്ദേഹത്തിനിഷ്ടമല്ലാത്ത കാര്യം... "ഇല്ലാ എന്തുവന്നാലും ഞാനിതഴിക്കില്ലാ..." കണ്ണകി കുതറി മാറി. അമ്മായിയമ്മയുടെ മുഖം മാറുകയാണ് "ശവമേ, എന്റെ മകനെ കൊന്നതും പോരാഞ്ഞു നീ വീണ്ടും വിളയുകയാണോ ?" ആളുകൾ അകത്തേക്കു തിരിഞ്ഞുനോക്കുന്നു. അദ്ദേഹത്തിന്റെ അനിയനും കുപിതനായി അലറുന്നു.

"ചുപ് രഹോ, തും ലോഗ് ബേൻ ഛോഡ്ത്ത്" കണ്ണകി തന്റെ പുരുഷന്റെ ശബ്ദം ഉയർന്നുകേട്ടു. അല്ല അദ്ദേഹമല്ല, രാധ ! തന്റെ പൊന്നോമന, ശങ്കറിന്റെ ജീവൻ അച്ഛനെപ്പോലെ തന്നെ ദീപ്തമായ കണ്ണുകളുള്ളവൾ, അവൾ അലറിപ്പറയുന്നു. കണ്ണുകളിൽ നിന്നു തീയും കണ്ണീരുമൊപ്പം !

എന്റെ അപ്പാവിരിക്കുമ്പോൾ എങ്ങനെ ഇരുന്നുവോ അതുപോലെ തന്നെയിരിക്കും അമ്മാ... കാശിന്റെ കണക്കും പ്രാരാബ്ധവും പറഞ്ഞ് ഉയിരെടുത്തിട്ടും തൃപ്തിയാകാത്ത വർഗ്ഗം... കടന്നുപൊയ്ക്കൊള്ളണം...

തന്നെ കടന്നു പിടിച്ചു മാറോടണച്ച മകളിൽ തന്റെ പുരുഷന്റെ കരുത്ത് കണ്ണകി അറിഞ്ഞു. അവൾ മുളചീന്തും പോലെ പൊട്ടിപൊട്ടിക്കരഞ്ഞു. ●

## അറിയിപ്പ്

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**

നാം ആരെ നോവിച്ചാലും നോവുന്നത് നമ്മിലെ ആത്മചൈതന്യത്തിനു തന്നെയെന്ന് അദ്വൈതത്തിലൂടെ നാം അറിയണം.

-സ്വാമി വിവേകാനന്ദൻ-





പി. എം. ശശിധരൻ
9745228779

# ഒരു അധമർണ്ണന്റെ ജന്മങ്ങൾ

**ഓ**ഫീസ് വരാന്തയിൽ വല്ലാത്ത തിരക്ക്. രാജേന്ദ്രൻ സാറ് ഉണ്ടാവുമോ എന്തോ - പെൻഷനെപ്പറ്റിയുള്ള ചില സംശയങ്ങൾ തീർക്കണം.

നടന്നുചെല്ലുമ്പോൾ മുന്നിൽ സുരേഷ് സാർ. അറിയാതെ കൈ കൂപ്പിപ്പോയി. ഒരുപാട് സഹായിച്ച സാറാണ്.

"തന്നെ ഞാൻ കാണാനിരിക്കയായിരുന്നു. ഒരു ഉപകാരം ചെയ്താൽ നന്ദിവേണം - നന്ദി"

ആ ഭാവമാറ്റം അമ്പരപ്പിച്ചു. എന്തെങ്കിലും തെറ്റിദ്ധാരണ ഉണ്ടായിക്കാണുമോ ?

"എന്താണ് സാർ, ഞാനെന്തെങ്കിലും തെറ്റ്..."

"എന്റെ സാലറി സർട്ടിഫിക്കറ്റ് ജാമ്യം കാണിച്ചല്ലേ തനിയ്ക്ക് ലോണെടുത്ത് തന്നത്. ഇപ്പോ ബാധ്യത അടയ്ക്കണമെന്ന് നോട്ടീസ് എനിയ്ക്ക്. ഓഫീസിൽ വല്ലാത്ത നാണക്കേടായി. താൻ ആളെ പറ്റിക്കുമെന്ന് വിചാരിച്ചില്ല. വെറുതെയല്ല ഡിഗ്രിയും കോപ്പും ഒക്കെ ഉണ്ടായിട്ടും താൻ പ്യൂണായി പോയത്. എവിടെയെങ്കിലും കേട്ടിട്ടുണ്ടോ ഒരു മേലധികാരി, പ്യൂണിന് ജാമ്യം നില്ക്കുന്നത്."

"അങ്ങനെ പറയരുത് സാർ. സാറന്ന് വലിയ ഉപകാരമാണ് ചെയ്തത്. കുട്ടിയെ ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ്ജ് ചെയ്യിക്കാൻ - സാറില്ലായിരുന്നെങ്കിൽ കഷ്ടത്തിലായേനേ."

"എന്നിട്ട് താൻ ഡിപ്പാർട്ടുമെന്റ് മാറി ട്രാൻസ്ഫർ ആയി ദൂരെ പോയാൽ പിന്നെ അടയ്ക്കേണ്ട എന്ന് വിചാരിച്ചു അല്ലേ. ഇപ്പോ പെൻഷനും ആയി. ഇനി ആരേയും പേടിക്കണ്ടല്ലോ."

സാറിന്റെ ദേഷ്യം കുറയുന്നില്ല. എവിടെയോ ആശയക്കുഴപ്പം ഉണ്ടായിരിക്കുന്നു. കൃത്യമായി അയച്ചുകൊടുത്തുകൊണ്ടിരുന്നതാണ്. അവസാനത്തെ കുറേ അടവുകൾ ഇവിടെയുള്ള ഡിപ്പോസിറ്റിൽ നിന്നും അഡ്ജസ്റ്റ് ചെയ്യാൻ കത്തും അയച്ചതാണ്.

"സാർ ! ഞാനാ കൗണ്ടറിൽ ഒന്നു ചോദിച്ചോട്ടെ. കൃത്യമായി അടച്ചിരുന്നതാണല്ലോ."

കൗണ്ടറിൽ പുതിയ ആൾ വന്നിരിക്കുന്നു. അവർ കമ്പ്യൂട്ടറിൽ നോക്കി വിശദീകരിച്ചുതന്നു. നിങ്ങളുടെ കത്ത് ഇവിടെ കിട്ടിയിട്ടുണ്ട്. അടയ്ക്കാനുള്ള ലോണിനേക്കാൾ കൂടുതൽ സംഖ്യ ഷെയറായി ഇവിടെ ഉണ്ട്. എന്നുവച്ച് ഷെയർ സംഖ്യ ലോണിലേക്ക് വരവുവയ്ക്കാൻ നിയമമില്ല. നിങ്ങളിത് അടച്ചുതീർക്കു. എന്നിട്ട് ഷെയർ തിരികെ കിട്ടാൻ അപേക്ഷിക്കൂ."

അവർ പറഞ്ഞത് സാറും കേട്ടു.

"അപ്പോൾ പിന്നെയും സമയമെടുക്കും. ഞാനിനിയും നോട്ടീസ് കൈപ്പറ്റി നാണംകെടണം. അതോ ബാക്കിയുള്ളത് എന്നെക്കൊണ്ട് അടപ്പിയ്ക്കാനാണോ."

ആത്മാവിന് അടിയേറ്റ പോലെ തോന്നി. വാക്കുകൾ കിട്ടുന്നില്ല. വിക്കി വിക്കി പറഞ്ഞു, 'അടയ്ക്കാം സാർ, ഉടനെ."

ബസ്സിൽ വല്ലാത്ത തിരക്ക്. വീട്ടിൽ എത്തിയപ്പോൾ ഭാര്യയില്ല. സ്ഥിരമായി വയ്ക്കുന്ന സ്ഥലത്ത് നിന്നും താക്കോൽ തപ്പിയെടുത്ത് വാതിൽ തുറന്നു. ഇന്നുതന്നെ പണമടയ്ക്കണം എന്ന ബോധം മനസ്സിൽ കത്തിനിന്നു. ആഭരണം അലമാറയിൽ തന്നെ ഉണ്ട്. കുടുംബശ്രീ കാര്യങ്ങൾക്ക് പോയ ഭാര്യ വരാൻ സമയമെടുക്കും. ആഭരണത്തിന്റെ കണ്ണി മുറിഞ്ഞുപോയത് നന്നാക്കിയിട്ടില്ല. അത് ഇപ്പോൾ ഭാഗ്യമായി.

വീടുപൂട്ടി താക്കോൽ വച്ച് ധൃതിയിൽ നടന്നു. സമയത്തിന്റെ വില ഇതുമാതിരി സന്ദർഭങ്ങളിലാണ് മനസ്സിലാവുന്നത്. "സ്വർണ്ണപ്പണ്ടം പണയം" എന്ന ബോർഡിനുപിന്നിൽ പ്രഭാകരൻ

ഇരിയ്ക്കു ന്നു. ഹൈസ്കൂളിൽ രണ്ടുകൊല്ലം ഒരുമിച്ച് ഉണ്ടായിരു ന്നു. ബ്രിട്ടാനിയ ബിസ്കറ്റിന്റെ കലണ്ടർ നോക്കി മടിയിൽ വീണയുമായിരിക്കുന്ന സരസ്വതീ ദേവിയുടെ ചിത്രം അതേപടി വരച്ചുതരും പ്രഭാകരൻ. ബാങ്ക് നിയമപ്രകാരം പ്രഭാകരന് ഇനിയും സർവ്വീസിൽ കുറച്ചുകൂടെ തുടരാം.

"എന്തേ ഇപ്പോൾ വരുന്നത്. ഇതിനൊക്കെ നേര ത്തേ വരണ്ടേ" - പ്രഭാകരൻ തുടർന്നു. "ടോക്കൺ 29 ലെ ത്തി നില്ക്കുന്നു. ഇനി അടുത്ത ടോക്കണെടുത്ത് താനു ദ്ദേശിക്കുന്ന കാര്യം ഇന്നുനടക്കില്ല." പുറകോട്ടു വരാൻ ആംഗ്യം കാണിച്ചതിൻ പ്രകാരം ചെന്നു.

"ഈ തിരക്കിനിടയിൽ ഒരു അഡ്ജസ്റ്റ്മെന്റും ചെയ്യാൻ പാടില്ല. ടോക്കൺ നമ്പർ ഉറക്കെ വിളിച്ചു പറ യുന്നതുകൊണ്ട് ഇനി അടുത്തത് ആരുടെ ഊഴമാണെന്ന് എല്ലാവർക്കും അറിയാം." പ്രഭാകരൻ തന്റെ നിസ്സഹായത ചൂണ്ടിക്കാട്ടി. "നിനക്ക് ഇന്നുതന്നെ വേണമെന്നുണ്ടെങ്കി ൽ ഒന്നു ചെയ്യാം. ക്യാഷ് കൗണ്ടറിൽ ഞാൻ പറഞ്ഞു വയ്ക്കാം. പണം വാങ്ങി പൊയ്ക്കോ. അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുമുമ്പ് എന്റെ പേർക്ക് പണയം വച്ച് പണം കൗണ്ടറിൽ കൊടുക്കും. തിരിച്ചെടുക്കാൻ വരുമ്പോൾ ശ്രദ്ധിയ്ക്കണം. കാർഡ് എന്റെ പേർക്കായിരിക്കും." ആഭ രണം പ്രഭാകരനെ ഏൽപ്പിച്ച് നന്ദി പറഞ്ഞ് കൗണ്ടറിലേ യ്ക്ക് നടന്നു.

സിവിൽ സ്റ്റേഷനുമുന്നിൽ ബസ്സിറങ്ങുമ്പോൾ പണമടയ്ക്കാനുള്ള സമയം തീർന്നുപോകുമോ എന്ന ഭയം ഉണ്ടായിരുന്നു. അടുത്ത രണ്ടുദിവസം ഓഫീസു കൾക്ക് അവധിയാണ്. സഹകരണ സംഘത്തിൽ ബാധ്യ തകൾ തീർത്ത് സുരേഷ് സാറിനെ ഫോണിൽ വിളിച്ചറി യിച്ചപ്പോൾ എന്തെന്നില്ലാത്ത സംതൃപ്തി. ഒരു പരീക്ഷ ജയിച്ചതുപോലെ. പുറത്തിറങ്ങുമ്പോൾ ഇന്നുച്ചയ്ക്ക് ഒ ന്നും കഴിച്ചില്ലല്ലോ എന്ന് ഓർത്തു. മണി മൂന്ന് കഴിഞ്ഞി രിക്കുന്നു.

ജ്ഞാനപ്പാനയിൽ പറയുന്ന പട്ടിയായും കഴുത യായും ഉറുമ്പായും കൃമിയായും പശുവായും ഒക്കെ യുള്ള ജന്മങ്ങൾ മരിച്ചുകഴിഞ്ഞ് ഉണ്ടാവുന്നതല്ല എന്ന ബോധ്യമായി. ഇന്ന് രാവിലെ തുടങ്ങി ഈ നേരം വരെ ഈ ജന്മങ്ങൾ ഒക്കെ ജീവിച്ചു തീർക്കുകയായിരുന്നില്ലേ. ഇനി ബാക്കി എന്തൊക്കെയാണാവോ...

വീട്ടിലെത്തിയപ്പോൾ ഭാര്യ കലിതുള്ളി നില്ക്കു ന്നു. "അലമാറ തുറന്ന് ആഭരണം എടുക്കുമ്പോൾ എ ന്നോടൊന്ന് പറഞ്ഞിട്ട് ചെയ്യാൻ പാടില്ലേ. കള്ളന്മാർ കട്ടു കൊണ്ടു പോയിരിക്കുമെന്ന് വിചാരിച്ച് ചങ്ക് തകർന്നു പോയി. കുത്തിപ്പൊളിയ്ക്കാതെ താക്കോൽ വച്ച സ്ഥലം മനസ്സിലാക്കി കക്കണമെങ്കിൽ അത് വീട്ടിലുള്ള കള്ളൻ ത ന്നെ ആയിരിക്കണമല്ലോ." ശ്വാസം വിടാൻ ഒന്നു നിർത്തി അവൾ തുടർന്നു. "നിങ്ങൾക്കെന്താ ഇത്ര വലിയ ചെലവ്. അതും ഞാനറിയാതെ."

കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കാൻ ഏറെ ബുദ്ധിമുട്ടണം. ഷെയർ തിരികെ കിട്ടാൻ ബോർഡ് മീറ്റിം ഗ് കൂടി പാസ്സാക്കണമെന്നോ, പെൻഷൻ എ. ജി. യിൽ നി ന്ന് പാസായി വരണമെന്നോ പറഞ്ഞിട്ട് കാര്യമില്ല.

"പെൻഷൻ കിട്ടുമ്പോൾ ആഭരണം തിരിച്ചെടു ത്തുതരാം" എ ന്നു പറഞ്ഞപ്പോൾ ഭാര്യ പറഞ്ഞു,

"അതിന് നിങ്ങൾക്കിനി പെൻഷൻ കിട്ടുമെന്ന് എന്താണുറപ്പ് ?"

മനസ്സിൽ ചെറിയൊരു ഷോക്ക്. ശരിയാണല്ലോ ഇനി പെൻഷൻ കിട്ടും എന്നതിന് എന്താണ് ഉറപ്പ്. പെൻ ഷൻ, കുടുംബ പെൻഷനാവാൻ അധികസമയം വേണ്ട ല്ലോ...

●

**കവിത**

രജനി തരൂർ
9747750522




# കടിഞ്ഞൂൽ കല്യാണം

അഴകുള്ള പെണ്ണിനെ കെട്ടിയ നാൾ മുതൽ
അതിരു കവിഞ്ഞു ഞാനാഗ്രഹിച്ചു.
അടുക്കാറില്ലവളാരുമായുമിതുവരെ
അടുപ്പിച്ചതില്ലയി എന്നെവരെ.
സുന്ദരമാമൊരു മേനിയഴകെന്റെ
സ്വന്തമെന്നോർത്തു ഞാനാശ്വസിച്ചു.
സ്വപ്നങ്ങളില്ല സ്വകാര്യങ്ങളില്ലെന്റെ
ജീവിതയാത്ര തുടങ്ങിടുമ്പോൾ.
നാട്ടിലും വീട്ടിലും വല്ലഭനെങ്കിലും
അവളുടെ മുന്നിൽ ഞാനന്യനായി.
നഷ്ടബന്ധത്തിൻ നഖക്ഷതങ്ങൾ കൊണ്ടെൻ
നീറി പുകഞ്ഞിതെൻ മാനസവും.
പക്വതയെത്താത്ത പ്രായമെന്നോർത്തുഞാൻ
പലകുറി കാര്യം പറഞ്ഞുനോക്കി, ഫലം
പതിവായി കാണുന്ന പുച്ഛഭാവം
പലവട്ടമെൻ ശ്രമം വിഫലമായി.
കാണുവാനായി ഞാൻ കൺമുമ്പിലെത്തുമ്പോൾ
വെട്ടിത്തിരിഞ്ഞവളവജ്ഞയോടെ
അന്നൊരു നാളിലെൻ പൗരുഷം രൗദ്രമായ്
ക്ഷമകെട്ടാ ബന്ധം ഞാൻ വേർപെടുത്തി.
മുൾമുന വാക്കുകൾ കൊണ്ടെന്റെ നെഞ്ചിലെ
ചോര പടർപ്പതുകാണുവാനായ്
പരിഹാസ ചിരിയുടെ പലതരം ഭാവങ്ങൾ
പതിവായിട്ടെന്നെ തടയുവതും.
വർഷങ്ങൾ മുന്നിലൂടങ്ങു നീങ്ങുന്നതും
വയസുമതിനൊപ്പം മേലേക്കുയർന്നതും
സഹനത്തിനപ്പുറം കഥനമായപ്പോൾ ഞാൻ
കണ്ണീരാൽ ദൈവത്തിലർപ്പിച്ചിടും എല്ലാം.
കളറും കനകവും വേണ്ടെനിക്കീ ജന്മം
കരളിലെ സ്നേഹം മതിയെനിക്ക്.
എന്നിലെ ഇഷ്ടങ്ങൾ കണ്ടറിഞ്ഞീടുന്ന
എന്നിണ കിളിയിതാ കൂട്ടിനെത്തി ഇന്ന്.
പുറമെ കറുപ്പിൻ നിറമാണവൾക്കുള്ളിൽ
അകമേ അലിവിന്റെ പുഞ്ചിരി പൂ.
ഇഷ്ടങ്ങളിരുവർക്കും ഒരുപോലെയാണിന്ന്
ഇരുമെയ്യിലൊരു മനസ്സായൊരാ ദാമ്പത്യം.
നേട്ടങ്ങളൊരുപാട് നേടിയിട്ടും അന്ന്
ഉത്തരമില്ലാത്ത ചോദ്യം മാത്രം.
ജീവിതമോഹങ്ങൾ പൂവണിഞ്ഞു ഇന്ന്
മനസുഖമെന്തെന്നറിഞ്ഞിടുന്നു.

**(വിവാഹത്തിന്റെ മധുവിധു നാളുകളിൽ വരനനുഭവിക്കേണ്ടിവന്ന മാനസിക വിഷമങ്ങളാണ് ഈ കവിതയുടെ ആദ്യവരികളിൽ. രണ്ടാം വിവാഹത്തോടെ തിരിച്ചുകിട്ടിയ സന്തോഷമാണ് അവസാനവരികളിൽ.)**

# കഥ




പ്രകാശൻ ചുനങ്ങാട്
9447278230


# അപൂർവ ജീവികൾ

**തൃ**ശ്ശൂർ സിറ്റിസെന്ററിലെ മൂന്നാം നിലയിലാണെന്നാണോർമ്മ. ഒരു ജീൻസ് ഷോപ്പുണ്ട്. കടയുടെ പേര് 'ലീ'.

മകൾക്കൊരു ജീൻസ് വേണം. ഞാനും ശ്രീമതിയും മോളും കൂടി കടയിലേക്കു കേറിച്ചെന്നു. വാക്കുകളിൽ നിന്ന് ജീൻസുകൾ ഒന്നൊന്നായി കൗണ്ടറിലെ മേശപ്പുറത്തു വലിച്ചിട്ടു. പലതും നിവർത്തി നോക്കി. ചിലത് ഇട്ടു നോക്കി.

ഈ അഭ്യാസം അരമണിക്കൂറോളം തുടർന്നു. നിർഗ്ഗുണ പരബ്രഹ്മമായി ഞാൻ ഒരു മൂലയ്ക്ക് ഒഴിഞ്ഞുമാറി നിന്നു. മോളുടെ സങ്കൽപ്പത്തിലുള്ള ജീൻസ് ഇനിയും സ്റ്റിച്ചു ചെയ്യാനിരിക്കുന്നതേ ഉള്ളൂ എന്ന തിരിച്ചറിവുണ്ടായപ്പോൾ ശ്രീമതി പറഞ്ഞു.

''പോവാം''

കടയുടമസ്ഥനായിരിക്കണം ആ പയ്യൻ. അവൻ ഹൃദ്യമായി ച്ചിരിച്ചു.

''ചേച്ചീ അടുത്താഴ്ച വരൂ. പുതിയ സ്റ്റോക്കു വരുന്നുണ്ട്''.

വരാമെന്നു വാക്കു കൊടുത്ത് ഞങ്ങൾ കടയിൽ നിന്നിറങ്ങി.

എനിക്കെന്തോ ആ പയ്യനോട് സഹതാപം തോന്നി. റാക്കുകളിലുള്ള ജീൻസ് മുഴുവൻ മേശപ്പുറത്ത് വലിച്ചിട്ടിട്ടുണ്ട്. ഇതെല്ലാം അവൻ മടക്കി വെയ്ക്കണ്ടേ. പാവം.

ഏതായാലും വന്നതല്ലേ മോളേ. ഏതെങ്കിലും ഒന്നെടുക്ക്. ഞാൻ അവളുടെ പിറകേ നടന്നു കൊണ്ട് പറഞ്ഞു.

ശ്രീമതി എന്നെ കടുപ്പിച്ചൊരു നോട്ടം നോക്കി.

ഒന്നു രണ്ടു കടകളിൽ കൂടി ഞങ്ങൾ ജീൻസും തപ്പിച്ചെന്നു. ഈ ക്രൂരകൃത്യം കണ്ടു. നിൽക്കാൻ വയ്യാഞ്ഞിട്ടാവണം സൂര്യൻ പടിഞ്ഞാറൻ കടലിൽ മുങ്ങിത്താണു.

ഒടുക്കം കല്ല്യാൺ സിൽക്സിൽ കേറി ഒരു ചുരിദാർ സെലക്ടു ചെയ്തു. ചുരിദാർ ഇട്ടുനോക്കുമ്പോഴാണ് വെള്ളിടി വെട്ടിയത്. ഇടതുകാലിലെ പാദസരം കാണുന്നില്ല. ശ്രീമതിയുടെയും മകളുടേയും പരിഭ്രമവും വേവലാതിയും കണ്ടപ്പോൾ എനിക്കിങ്ങനെയാണ് തോന്നിയത്. പാടത്തു പണി. വരമ്പത്തു കൂലി.

എന്നാലും ഭഗവാനേ എന്റെ ഇരുപത്തയ്യായിരം രൂപയാണല്ലോ പോയത്.

ഒരു യോഗിവര്യന്റെ ശാന്തതയോടെ ഞാൻ മകളെ സമാധാനിപ്പിച്ചു.

''പോട്ടെ, മോളെ. അച്ഛൻ വേറെ വാങ്ങിത്തരാം.''

എന്തിന് കുട്ടിയുടെ മനോവിഷമം കൂട്ടണം. ഏതു കടയിലായിരിക്കും പാദസരം ഊരിപ്പോയത് ?

തൃശൂര് കടകളെല്ലാം നേരത്തേ ഷട്ടറിടും. ഇപ്പോൾത്തന്നെ സമയം അതിക്രമിച്ചിരിക്കുന്നു. ജീൻസ് കടയിലൊന്ന് ചോദിച്ചാലോ. പ്രതീക്ഷയില്ല. ആണെങ്കിൽത്തന്നെ ഡ്രസ്സിങ്ങ് റൂമിലായിരിക്കും ഊരി വീണിട്ടുണ്ടാവുക. എങ്കിൽ ഡ്രസ്സിട്ടു നോക്കാൻ കേറുന്ന ആർക്കെങ്കിലും കിട്ടിയുണ്ടാവും.

ഏതായാലും ലീയിലേക്കു കേറിച്ചെന്നു. ഞങ്ങളെക്കണ്ടപ്പോൾ പയ്യൻ പരിചയഭാവത്തിൽ ചിരിച്ചു. ഒരു ക്ഷമാപണത്തിന്റെ സ്വരത്തിൽ ഞാനന്വേഷിച്ചു : ''മോൾടെ പാദസരം കാണുന്നില്ല. ആർക്കെങ്കിലും - ''

പയ്യൻ മേശവലിപ്പു തുറന്ന് ആ പാദസരം പൊക്കിക്കാണിച്ചു. ''ഇതാണോ ?''

''ഇതു തന്നെ''

''ഡ്രസ്സിങ്ങ് റൂം വെറുതെ തുറന്നു നോക്കിയതാ. റൂമിന്റെ മൂലയ്ക്ക് കിടക്കുന്നു.''

ഞങ്ങളുടെ സന്തോഷം എങ്ങനെ വാക്കുകളിൽ വർണ്ണിക്കും !

ഒരായിരം നന്ദി പറഞ്ഞു കൊണ്ട് ഞാനാ പാദസരം വാങ്ങി ശ്രീമതി പേർസു തുറന്ന് ആയിരം രൂപയെടുത്ത് പയ്യനു നീട്ടി.

''ഞങ്ങടെ സന്തോഷത്തിന്.''

''വേണ്ട''

''വാങ്ങിക്കോളൂ. സന്തോഷിച്ചു തരുന്നതല്ലേ.'' ഞാൻ നിർബന്ധിച്ചു.

എത്ര പറഞ്ഞിട്ടും പയ്യൻ അതു വാങ്ങാൻ കൂട്ടാക്കിയില്ല.

ഒടുവിൽ ഞങ്ങൾ തോൽവി സമ്മതിച്ചു. തൊട്ടടുത്ത് ഒരു ദുബായ് ഷോറൂമുണ്ട്. അവിടെക്കേറി നല്ല ഭംഗിയുള്ളൊരു ശിൽപം വാങ്ങി. ആ ശിൽപം ലീയുടെ ടേബിളിന്റെ പുറത്തുവെച്ചു. ''ഇതിവിടിരിക്കട്ടെ ഞങ്ങടെ ഓർമ്മയ്ക്ക്''.

അതും സ്വീകരിക്കില്ലെന്ന ഉറച്ച നിലപാടിലാണ് പയ്യൻ. തിരിച്ചെടുക്കില്ലെന്ന് ഞങ്ങളും വാശിപിടിച്ചു. പയ്യൻ വഴങ്ങി.

'എന്താ താങ്കളുടെ പേര് ?''

'സുബിൻ''

''വീട് ?''

''വാടാനപ്പിള്ളി''

ഞങ്ങളൊരു നല്ല കാര്യം ചെയ്തു. ആ കടയിൽ നിന്നുതന്നെ മകൾക്കൊരു ജീൻസു വാങ്ങി. ക്യാഷു കൊടുക്കുമ്പോഴും പയ്യൻ ചിരിച്ചു.

''താങ്ക്സ്''

ഇത് വാടാനപ്പിള്ളിക്കാരനായ ഒരു സത്യസന്ധന്റെ കഥ. മടക്കത്തിലെനിക്ക് പഴയൊരു കഥ ഓർമ്മവന്നു. ഒറ്റപ്പാലത്തുകാരനായ ഒരു ഹരിശ്ചന്ദ്രന്റെ.

ഈ ഹരിശ്ചന്ദ്രൻ പത്താം ക്ലാസു കഴിഞ്ഞ് ടൈപ്പിങ്ങ് ഷോർട്ട് ഹാൻഡ് പഠിക്കുന്ന കാലം. നല്ല മാർക്കുണ്ടായിട്ടും കോളേജിൽ ചേരാൻ കഴിഞ്ഞില്ല. സാമ്പത്തികമില്ല. അച്ഛനാണെങ്കിൽ ആത്മവിശ്വാസം തീരേയില്ല. ചെക്കൻ ടൈപ്പിങ്ങ് പഠിക്കട്ടെ. ആരുടേയെങ്കിലും കയ്യോ കാലോ പിടിച്ച് അന്യനാട്ടിലേക്ക് കേറ്റി വിടാം. എന്തെങ്കിലും ജോലി കിട്ടാതിരിക്കില്ല.

(നല്ല മനസ്സുള്ളവർ നിർബന്ധിക്കാൻ തുടങ്ങിയതുകൊണ്ടാവണം അടുത്ത കൊല്ലം മകനെ അച്ഛൻ കോളേജിൽ ചേർത്തു. ഒരു വർഷം വെറുതെ കളയാൻ കഥാനായകൻ തയ്യാറായില്ല. കൂട്ടത്തിൽ ടൈപ്പിങ്ങും ഷോർട്ട് ഹാൻഡും തുടർന്നു)

രണ്ടേ രണ്ടു ഷർട്ട്. അടിച്ചും കഴുകിയും മടുത്തുകൊണ്ടായിരിക്കണം, മുഖം തെളിയാത്ത രണ്ടുമുണ്ട്. ഇങ്ങനെ മുഴുവൻസമയ ദരിദ്രവാസിയായിക്കഴിയുന്ന കാലത്ത് കഥാനായകന് വേറൊരു ദരിദ്രവാസിയെ കൂട്ടുകാരനായിക്കിട്ടി. പനമണ്ണ എന്ന കുഗ്രാമത്തിൽ നിന്നുവരുന്ന ഒരു തനി നാട്ടിൻപുറ ത്തുകാരൻ. പനമണ്ണ പോലൊരു നാട്ടിൻപുറത്തു

# കഥ

നിന്നാ ണ് കഥാനായകനും വരുന്നത്.

ഒറ്റപ്പാലം ടൗണിൽ, ഒരു നിര കടമുറികൾക്കു മുകളിലാണ് പിച്ചൂസ് ടൈപ്പിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്. മുകളിലെത്താൻ മരത്തിന്റെ കോണി. തെക്കോട്ടുചെരിഞ്ഞു നിൽക്കുന്ന കോണി പകുതി കേറിച്ചെന്നാൽ ചെറിയൊരു പ്ളാറ്റുഫോം. ഇപ്പോൾ കോണിയുടെ ചെരിവ് പടിഞ്ഞാട്ടാണ്.

ഉച്ചയ്ക്കാണ് കൊട്ടു പഠിക്കാനുള്ള ഞങ്ങളുടെ സമയം. രണ്ടു ദരിദ്രവാസികളും അന്ന് കോണിക്കു താഴെ വെച്ചു കണ്ടുമുട്ടി. കഥാനായകൻ മുമ്പിൽ. മറ്റേ ദരിദ്രവാസി തൊട്ടുപിറകിൽ. അങ്ങനെ കോണികേറി ഇടത്താവളത്തിലെത്തിയപ്പോൾ ഒരു കടലാസു പൊതി കിടക്കുന്നു.

കഥാനായകൻ പൊതിയെടുത്ത് തുറന്നുനോക്കി. പത്തിന്റെ നാലു നോട്ടുകൾ. ആയിരത്തിത്തൊള്ളായിരത്തി അറുപത്തേഴു കാലത്ത് നാൽപ്പതു രൂപ വലിയ തുകയാണ്. പണം പൂർവസ്ഥിതിയിൽ കടലാസിൽ പൊതിഞ്ഞുപിടിച്ചു. പടിഞ്ഞാട്ടു ചെരിഞ്ഞു നിൽക്കുന്ന കോണിയുടെ ഒന്നാമത്തെ പടിയിലേക്ക് കഥാനായകൻ കാലെടുത്തുവെച്ചു. മറ്റേ ദരിദ്രവാസി കൈയിൽ പിടിച്ചുവലിക്കുന്നു.

''നീ എന്താ ചെയ്യാൻ പോണത് ?''

''ഈ പൊതി മാഷെ ഏൽപ്പിക്കും. ഉടമസ്ഥൻ ചോദിച്ചാൽ മാഷു കൊടുത്തോളും''

''അങ്ങനെ വേണ്ട''

''പിന്നെ''

''നമ്മക്ക് ഈ പണം ഭാഗിക്കാം. ഇരുപതുറുപ്പിക നിനക്ക്, ഇരുപതുറുപ്പിക എനിക്ക്. ഇരുപതുറുപ്പിക കൊണ്ട് എനിക്കൊരു ആടിനെ വാങ്ങണം.

''ഒറ്റപ്പൈസ എനിക്കു വേണ്ട. ഇത് എനിക്കവകാശപ്പെട്ടതല്ല. മനസ്സിലായോ''

''നീയെടുക്കേണ്ട. മുഴുവനും എനിക്കു താ. ഇതോണ്ട് എനിക്ക് രണ്ട് ആടിനെ വാങ്ങാം.''

''പറ്റില്ല, ഇത് ഞാൻ മാഷെ ഏൽപ്പിക്കും.''

മറ്റേ ദരിദ്രവാസി കാലു പിടിച്ചു പറഞ്ഞിട്ടും ഹരിശ്ചന്ദ്രന്റെ മനസ്സു മാറിയില്ല. കടലാസു പൊതി മാഷെ ഏൽപ്പിച്ചു.

ഹാളിലിരുന്ന് ടൈപ്പ്റൈറ്ററിൽ കൊട്ടിക്കൊണ്ടിരിക്കുന്ന നേരത്ത് നന്നായി വസ്ത്രം ധരിച്ച ഒരു മാന്യൻ വല്ലാതെ പരിഭ്രമിച്ചുകൊണ്ട് ഓഫീസ് റൂമിലേക്ക് കേറിപ്പോകുന്നതു കണ്ടു. അൽപ്പം കഴിഞ്ഞ് വർദ്ധിച്ച സന്തോഷത്തോടെ മടങ്ങിപ്പോകുന്നതും കണ്ടു. ക്ലാസുമുറിയിലേക്ക് അയാളൊന്നു നോക്കുകപോലും ചെയ്തില്ല.

പിന്നിലത്തെ മെഷീനിലിരുന്ന് കൊട്ടിക്കൊണ്ടിരിക്കുന്ന മറ്റേ ദരിദ്രവാസി ഹരിശ്ചന്ദ്രന്റെ മുതുകത്ത് ശക്തിയായിട്ടൊന്നു തോണ്ടി. ഹരിശ്ചന്ദ്രൻ തിരിഞ്ഞു നോക്കി.

ഇപ്പോഴോ എന്നൊരു ചോദ്യമുണ്ടായിരുന്നു മറ്റേ ദരിദ്രവാസിയുടെ കത്തുന്ന നോട്ടത്തിൽ.

നമ്മുടെ ഹരിശ്ചന്ദ്രന് പ്രത്യേകിച്ചൊരു വികാരവും തോന്നിയില്ല. അയാളുടെ പണം അയാൾക്ക് നഷ്ടപ്പെട്ടു. ഇപ്പോഴതയാൾക്ക് തിരിച്ചുകിട്ടി. അയാളത് കൊണ്ടുപോകുന്നു. അതിലെന്താണ് അപാകത ?

മറ്റേ ദരിദ്രവാസിയുടെ ദൈന്യമാർന്ന മുഖം കാലമേറെച്ചെന്നിട്ടും ഹരിശ്ചന്ദ്രന്റെ മനസ്സിൽ നിന്നു മായുന്നില്ല. രണ്ട് ആടിനെ വാങ്ങണമെന്ന അവന്റെ മോഹം സാധിച്ചു കൊടുക്കണമായിരുന്നോ. അങ്ങനെയാണോ ചെയ്യേണ്ടിയിരുന്നത് ?

# കവിത

## സസ്യജാലം

മീനാക്ഷി എഴുവത്ത്
8447291292, 9526048127

നിൻ ധർമ്മമെന്നെന്നും നല്കുകയെന്നല്ലോ
മാനവധർമ്മം കൈക്കൊൾക എന്നതും
നീ ധന്യ! ഞാനപരാധിയാം നിൻ മുന്നിൽ
മാപ്പു നല്കു സസ്യജാലങ്ങളെ !

മാനവർ ഘാതകർ വിശ്വപ്രകൃതിതൻ
സൃഷ്ടികളെ നിഹനിച്ചിടുവോർ
ഭൂവിന്റെ ഗർഭത്തിൽ തപമിരുന്നീടുന്ന
ബീജങ്ങൾ വർഷത്താലങ്കുരമായ്
മണ്ണിൻ മുകളിൽ മുളപൊട്ടി തളിരായി
പിന്നെയൊരു ചെറുസസ്യമായി
ശാഖകൾ വന്നു, മുകുളങ്ങളായ് നീയോ
പുഷ്പിണിയായി കനി നിറഞ്ഞു
മാതൃത്വം തന്നുടെ നിർവൃതി തന്നിൽ
നീ പ്രൗഢയായ് സ്മേരം പൊഴിച്ചുനിന്നു
എങ്കിലും നിൻ സ്മേരം സുസ്ഥിരമല്ലല്ലോ
മാനവരാശിതൻ മുന്നിലെന്നും
ക്രൂരകരങ്ങളാൽ ദണ്ഡുകളാൽ നിന്നെ
തല്ലിപ്പൊഴിക്കുന്നു നിഷ്കരുണം
നിൻ മേനി പുളയുന്നു, രക്തമുതിരുന്നു
കാതരയായി നീ കേണിടുന്നു
നിന്നശ്രു കാണാതെ, നിൻ ശ്രവം കേൾക്കാതെ
തച്ചുലച്ചീടുന്നു നിർദ്ദയരായ്
മക്കളെ വേർപിരിഞ്ഞീടുന്നൊരമ്മതൻ
ദുഃഖത്തിനാഴം അളന്നിടാതെ
കനികളെ കാണാമറയത്ത് നീക്കിതൻ
ജീവനത്തിന്നു വഴിതേടുന്നു
വർഷവും വേനലും, മഞ്ഞും, ഋതുക്കളായ്
നിന്നെത്തഴുകുമ്പോൾ വിസ്മൃതയായ്
പൊയ്പോയ കാലത്തിൻ ദുർഗ്ഗതിയോർക്കാതെ
വീണ്ടും തളിർക്കുന്നു, കായ്ക്കുന്നു നീ !
ഉൽകൃഷ്ട നീയിപ്രപഞ്ചത്തിൻ സൃഷ്ടിയിൽ
നിൻ സേവനമോ അതുല്യമെന്നും
പാപത്തിൻ ഭാരം ചുമക്കുന്ന മാനവർ
നിൻ മുന്നിലെന്നും വിധേയരല്ലോ !

**ഏക തത്ത്വ വരിക്കാരാവുക**
**ഒറ്റ പ്രതി - 15 രൂപ**
**ഒരു വർഷത്തേക്ക് - 170 രൂപ**
**രണ്ടു വർഷത്തേക്ക് - 330 രൂപ**
**മൂന്നു വർഷത്തേക്ക് - 500 രൂപ**
**മണിയോഡറായോ ചെക്കായോ ഡിഡിയായോ ഇ-ട്രാസ്ഫറിലൂടേയോ പണമടയ്ക്കാം. വിലാസവും ബാങ്ക് വിവരങ്ങളും ഉള്ളടക്കം പേജ് നോക്കുക.**

# ആടിന്റെ പ്രസക്ത ഭാഗം*

കെ. വിജയകുമാരൻ
9448312631 9444540631

സത്യകൃസ്ത്യാനിയും നേർ രേഖയിൽ സഞ്ചരിക്കുന്നയാളും സർവ്വോപരി മലയാളിയുമായ ശ്രീമാൻ ഔസേപ്പദ്ദേഹം (നമുക്കിദ്ദേഹത്തെ ഔസേപ്പച്ചനെന്നു സ്നേഹപൂർവ്വം വിളിക്കാം) കൊച്ചിയിൽ നിന്നും ട്രാൻസ്ഫറായി വിശാഖപട്ടണത്തുള്ള പര്യവേഷണ നിലയത്തിന്റെ തലവനായി ചാർജ്ജെടുത്തത് ഒരു ഓണക്കാലത്തായിരുന്നു. കൊച്ചിയിൽ ടി കാലത്ത് ഒരാഴ്ചയോളം 'അവുധി' കളാഘോഷിച്ചു ശീലിച്ചതുകൊണ്ട് പുതിയ സ്ഥലത്ത് എത്തിയ ഉടനെ ഒന്നു റിലാക്സ് ചെയ്യാമെന്നു കരുതി ലിസ്റ്റ് ഓഫ് ഹോളിഡെയ്സ് നോക്കിയപ്പോൾ ഒരു ഷോക്കേറ്റതുപോലെ അദ്ദേഹം നടുങ്ങി. ഓണത്തിന് വെറും ഒരു ആർ എച്ച് (നിയന്ത്രിത ഒഴിവ്) മാത്രമേയുള്ളു. ഭാഗ്യമെന്നു പറയട്ടെ ഒരു വെള്ളിയാഴ്ച വിനായക ചതുർഥി ഒഴിവുദിനമായിക്കിട്ടിയത് ആശ്വാസകരമായി.

ഔസേപ്പച്ചൻ തികഞ്ഞ ഒരു മാംസഭുക്കാണ്, മുയ്മനും അശൈവം എന്നു തെലുഗിൽ പറയാം. ഉദരനിമിത്തം ബഹുകൃത വേഷം എന്നാണല്ലോ പ്രമാണം. കിട്ടിയ ആദ്യത്തെ ഒഴിവുദിവസം ഒട്ടും പാഴാക്കാതെ ഔസേപ്പച്ചൻ കുളിക്കാതെ വേഷം മാറി തന്റെ സ്കൂട്ടറിൽ ഒരു മാർക്കറ്റ് സർവേയിലേർപ്പെട്ടു. സ്ഥലത്തെ ചിക്കൻ, മട്ടൻ, മത്സ്യൻ (പ്രാസമൊപ്പിക്കേണ്ടിവന്നു) എന്നിവ വിൽക്കുന്ന സ്ഥലങ്ങളുടെ അക്ഷാംശ-രേഖാംശങ്ങൾ ഹൃദിസ്ഥമാക്കി. ബീഫ് (പ്രാസാനുസാരം കാളൻ, പോത്തൻ എന്നിവ) എന്ന സംഗതി ലഭ്യമാകുന്ന അക്ഷാംശ-രേഖാംശങ്ങൾ തേടി കണ്ടമാനം വലഞ്ഞു. ഭാഷാപ്രശ്നം രൂക്ഷമായനുഭവപ്പെട്ട ആ സമയത്ത് "ഇവറ്റകൾക്കൊക്കെ ഇംഗ്ലീഷ് പഠിക്കാമ്മേലായോ" എന്ന് മനസ്സിൽ പിരാകിക്കൊണ്ട് പര്യവേഷണം അവസാനിപ്പിച്ചു.

പുതിയ സ്ഥലത്ത് തന്റെ മുഖ്യാഹാരമായ ബീഫ് കിട്ടാതെ മട്ടനടിച്ച് ഹൃദ്രോഗിയാകാനാവുമോ വിധി എന്ന് ചിന്തിച്ച് ശനിയാഴ്ച ഔസേപ്പച്ചൻ ആകുലനായി കാണപ്പെട്ടു. ഞായറാഴ്ച അടുത്തുള്ള പള്ളിയിൽ പോയി വ്യാകുലമാതാവിനോട് തന്റെ ആകുലത വ്യക്തമാക്കി നന്നായി പ്രാർത്ഥിച്ചു. കുർബാന കഴിഞ്ഞ് സ്ഥലത്തെ പ്രധാന ദിവ്യന്മാരുമായി പരിചയം സ്ഥാപിക്കുകയും, തക്കം പാർത്ത് 'കാളനും, പോത്തനും' കിട്ടുന്ന സ്രോതസ്സുകൾ തന്റെ ജനുസ്സിൽപെട്ട ജീവകാരുണ്യമുള്ളവരിൽനിന്നും മനസ്സിലാക്കുകയും ചെയ്തു. സ്ഥലം അല്പം ദൂരെ ആയതിനാൽ പിറ്റേന്ന് ആപ്പീസിലെ ഡ്രൈവനുമായ് ചെന്നന്വേഷിക്കാമെന്നു മനസ്സിൽ കരുതി. ഭക്ഷ്യപ്രശ്നം ഒരുവിധം പരിഹരിക്കപ്പെട്ടതായിക്കരുതി ആ 'ആദിവാര' ദിവസത്തെ അദ്ദേഹം അനുഗ്രഹിച്ചു.

പിറ്റേന്നു രാവിലെ ആപ്പീസിൽ ചെന്നവാറെ കവാടത്തിൽ അദ്ദേഹത്തെ വരവേറ്റത് ഒരു മുട്ടനാടായിരുന്നു. വഴിതെറ്റിവന്ന ഒരു 'ആടുജീവിത'മാകുമെന്നുകരുതി ജീപ്പിൽ നിന്നിറങ്ങിയ ഉടനെ 'ശൂ... ശൂ...' എന്ന് അതിനെ ആട്ടിയോടിക്കാൻ തുനിയവേ അജരാജൻ ഒരു അര ഇഞ്ച് പോളിപ്രൊപ്പ്യലിൻ കയറിനാൽ സമീപത്തുള്ള ഞാവൽമരത്തിൽ ബന്ധിതനാണെന്ന കാര്യം ശ്രദ്ധിച്ചു. ഒരു പ്രശസ്ത കേന്ദ്ര ഗവ. സ്ഥാപനത്തിന്റെ കവാടത്തിൽ ആടിനെ ബന്ധിച്ചിടാൻ ആർ ധൈര്യം കാണിച്ചു? അതിനു കാരണമായി തന്റെ തട്ടകത്ത് അജമേധയാഗം നടത്തിയവൻ എവൻ? അദ്ദേഹം ക്ഷുബ്ധനായി. അരിശം വന്നാൽ അദ്ദേഹം പല രൂപത്തിൽ അതിവേഗം പരിണമിക്കുമെന്നാണ് നാട്ടറിവ്. പുലി, സിംഹം എന്നീ സഹിക്കാവുന്ന മൃഗങ്ങൾക്കുമപ്പുറം ഹിറ്റ്ലർ, മുസ്സോളിനി, സദ്ദാം ഹുസൈൻ എന്നീ രൂപങ്ങളിലും അദ്ദേഹത്തെ കണ്ടവരുണ്ട്.

"ഹു ഹാസ് ടൈഡ് ദിസ് ബ്ലഡി ഗോട്ട് ഹിയർ" അദ്ദേഹം ഉച്ചത്തിൽ ചോദിച്ചുകൊണ്ട് അകത്തേക്കുനടന്നു. "റിമൂവ് ഇറ്റ് ഇമ്മീഡിയറ്റ്ലി, ഐ സേയ്!!" അതാണ് അദ്ദേഹത്തിന്റെ രീതി. പറഞ്ഞവസാനിപ്പിക്കുമ്പോൾ ഒരു 'ഐ സേയ്', തന്റെ വാക്കുകൾ തന്റേതുതന്നെ എന്ന് ഉറപ്പാക്കുന്നു.

മുറിക്കകത്തുകയറി വാതിലടച്ച് ഒന്നുരണ്ടു ഫോൺ വിളികളുമായി ഔസേപ്പച്ചൻ തിരക്കിലായി. അതുകഴിഞ്ഞ് മേശപ്പുറത്തുള്ള രണ്ടു ഫയലുകളിൽ മുകളിലേത് എടുത്ത് മറിച്ചുനോക്കവേ വാതിൽക്കൽ പ്യൂൺ പ്രത്യക്ഷനാകുന്നു.

"മ്....? വാട്ടീസ് ദ മാറ്റർ ?" അദ്ദേഹം ശിപായിയെ വിരട്ടി.

"സാ...ർ വർക്ഷാ..പ് സ്റ്റാ...പ് മിമ്മലിനെ ചൂഡ്ഡാ... നിക്ക് ഒച്ചേരു". യന്ത്രവന്മാർ അദ്ദേഹത്തെ കാണാൻ പുറത്തുനില്പാണെന്ന്.

"ഓ കേയ്... ലെറ്റ് ദെം ഇൻ." ഉള്ളേ വന്തു തൊലയുങ്കടാ കശ്മലന്മാരെ എന്നായി അദ്ദേഹം. പ്യൂൺ നിഷ്ക്രമിക്കുന്നു. കശ്മലർ അഞ്ചുപേർ രംഗപ്രവേശം ചെയ്യുന്നു.

"മ്...? വാട്ടീസ് ദ പ്രോബ്ലം ?"

"പ്രോ...ബ്ലം ഏമി ലേദു സാർ." ഒരു 'പ്രോബ്ലവും' ഇല്ലെന്ന് പോലയ്യ അറിയിച്ചു.

പിന്നെന്തിനാണിങ്ങോട്ട് കെട്ടിയെടുത്തത് എന്ന് മി. ഔസേപ്പ് കണ്ണുരുട്ടി. ഉരുട്ടിന്റെ സമ്മർദ്ദത്താൽ ചിന്നാ റാവു ആംഗലത്തിൽ ഇപ്രകാരം ഛർദ്ദിച്ചു.

"സാ...ർ വീ ഗാട്ട് ദാറ്റ് ഗാട്ട് ഫാർ ദസറാ. ആൻഡ് എവെരി ഇയർ വീ ഗാട്ട് എ ഗാട്ട്. അന്ഡ് വീ ഷെയർ മണി ഫാർ ബയ്യിങ് ഗാട്ട്. അൻഡ് വീ കട്ട് ദ ഗാട്ട് ഓൺ ദസറ. അൻഡ് വീ ഷെയർ ദ ഗാട്ട് മീറ്റ് സാ...ർ." ഇത്രയും ഒപ്പിച്ച ചിന്നാ റാവു നന്നായി കിതക്കുന്നുണ്ടായിരുന്നു.

സംഭാഷണത്തിൽ കണ്ടമാനം 'ഗാട്ട്' വന്നതുകൊണ്ട് വീരേന്ദ്രകുമാറിന്റെ 'ഗാട്ടും കാണാച്ചരടുകളും'[3] പോലെ സങ്കീർണമായ വല്ല സമസ്യയുമാകാം മണിപ്രവാളത്തിൽ കശ്മലൻ പറഞ്ഞതെന്ന് ഔസേപ്പ് മഹാശയൻ കരുതി. അദ്ദേഹം ബെല്ലടിച്ചു പ്യൂണിനെ വരുത്തി.

"അപ്പാറാ...വ്, കാൾ മൂർത്തി...!" മൂർത്തീനെ ബിളിയെടാ ഹമുക്കേ !

അക്കൗണ്ടന്റിന്റെ മൂർത്തരൂപം ക്ഷിപ്രം പ്രത്യക്ഷമായി. അദ്ദേഹം എത്തിയ ഉടനെ ചിന്നാ റാവു സംഘത്തിന്റെ (അ)ധർമ്മസങ്കടം വിവരിച്ചു. അവർ മേടിച്ചുനിർത്തിയ അജരാജനെ നിർദ്ദയം നാടുകടത്തണമെന്ന തലവന്റെ ആജ്ഞ നടപ്പാക്കാനാകാത്ത സാഹചര്യം ബോധ്യപ്പെടുത്തി. മൂർത്യദ്ദേഹം കാര്യം തലവനെ നല്ല ആംഗലത്തിൽ വിശദ

മാക്കി. അതിന്റെ രത്നച്ചുരുക്കം ഇതാണ്.

വർഷങ്ങളായി വർക്ക്ഷാപ്പിലെ യന്ത്രവന്മാർ ദസറയോടനുബന്ധിച്ച് ഒരു ആടിനെ മേടിച്ച് പരിപാലിക്കുന്ന പതിവുണ്ട്. ദസറയ്ക്ക് ഒന്നോ രണ്ടോ മാസം മുമ്പുതന്നെ പിരിവെടുത്ത് ആടിനെ മേടിക്കുകയും ദസറവരെ അതിനെ തീറ്റിപ്പോറ്റുകയും ചെയ്യുന്നതാണ് പദ്ധതി. ദസറദിവസം അതിനെ കശാപ്പുചെയ്ത് മാംസം പങ്കിടുകയാണ് ഉദ്ദേശ്യശുദ്ധി. നേരത്തേതന്നെ ആടിനെ മേടിക്കുമ്പോൾ ചുളിവുവിലക്ക് തരാകും എന്നതിനുപുറമെ ഉത്സവസമയത്തെ തീവിലക്കയറ്റത്തെ തൃണവൽഗണിച്ചുകൊണ്ട് യഥേഷ്ടം ആട്ടിറച്ചി തിന്നാൻ സാധിക്കും എന്നതാണ് അന്തർലീനമായ ഇക്കണോമിക്സും, കാമേഴ്സും. ഒരു പക്ഷിക്ക് രണ്ടു വെടി എന്നപോലെ. കശാപ്പു ചെയ്യുന്നതിനായി പ്രത്യേകം പ്രൊഫഷനൽ അറവുകാരൻ വരുന്നതാണ്. അങ്ങോർക്ക് കാശും അവകാശമായി ആടിന്റെ കാലുകളും, തലയും, കുടലും ലഭിക്കുന്നു. തോലിന്റെ വില സംഘത്തിനാണ്.

വിവരങ്ങൾ ഗ്രഹിച്ച ഔസേപ്പച്ചൻ ഒന്നു പുഞ്ചിരിച്ചു. അദ്ദേഹത്തിന്റെ മനസ്സിൽ രാവിലെ കണ്ട ആട് ഒരു നിമിഷത്തേക്ക് മട്ടനായി പരിണമിച്ചു. തികച്ചും സ്വാമിഭക്തരായ ഈ പ്രജകൾ സ്ഥലത്തെ പ്രധാന ദിവ്യനും സർവ്വോപരി അവരുടെയൊക്കെ 'ബോസ്സും' ആയ തനിക്ക് ദസറദിനത്തിൽ ആ ആട്ടിന്റെ ഇറച്ചിയുടെ ഒരു ഷെയർ നല്കാതിരിക്കാൻ ഒരു കാരണവും അദ്ദേഹം കണ്ടില്ല. മറിച്ച് അവർ ആടിന്റെ പ്രസക്ത ഭാഗം തിരുമുൽക്കാഴ്ചയായി അദ്ദേഹത്തിനു സമർപ്പിക്കാനാണ് ചുരുങ്ങിയ സാധ്യത. ആ ശുഭപ്രതീക്ഷ നാമ്പിട്ട ധന്യ നിമിഷത്തിൽ ഔസേപ്പച്ചന്റെ മനസ്സു മാറി.

"ഓ...ക്കേ... ഓ... ക്കേ... യ്, യൂ ടൈ ദ് ഗോട്ട് എ ലിറ്റിൽ എവേയ് ഫ്രം ദ ഫ്രണ്ട് ഗേറ്റ്, ഐ സേയ്!"

മൂർത്തി തലവന്റെ നിർദ്ദേശം പ്രജകൾക്ക് പറഞ്ഞുമനസ്സിലാക്കി. പ്രജകൾ തലവനെ വാഴ്ത്തി പുറത്തിറങ്ങി ആടിനെ അഴിച്ച് കുറെ ദൂരെ മാറ്റിക്കെട്ടി.

മാനസാന്തരം വന്ന ഔസേപ്പച്ചൻ ആടിനെ സ്ഥാപനത്തിലെ ഒരംഗമായി കണ്ടുതുടങ്ങി. ക്രമേണ അദ്ദേഹം ആടിനെ ഇഷ്ടപ്പെടുവാനും തുടങ്ങി. ഒരുതവണ കോമ്പൗണ്ട് ചുറ്റി നിരീക്ഷിക്കുന്നതിനിടയിൽ പുറകിലൊരു ചപ്പക്കൊന്നയുടെ (ലുസീന ല്യൂകോസെഫാല എന്ന് ശാ.നാ.) ഇല പറിച്ച് ആടിനെ തീറ്റി. ആറടി പൊക്കമുള്ള അദ്ദേഹത്തിന് കയ്യെത്തിപ്പറിക്കാവുന്ന ഉയരത്തിലുള്ള ഇലകൾ പലപ്പോഴായി നടക്കുന്നതിനിടയിൽ ഒരുദ്ദേശ്യവുമില്ലാതെ പറിക്കുകയും അലസമായി ആടിനു സമീപം നിക്ഷേപിക്കുകയും ചെയ്തു. എന്നാൽ ആടിലുള്ള അതീവ താൽപര്യം പുറത്താരും അറിയരുതെന്ന നിർബന്ധമുണ്ടായിരുന്നു. മറ്റൊരിക്കൽ മതിലിനെ കണ്ടമാനം വിള്ളിക്കുന്ന ഒരു അരയാലിന്റെ ശാഖ വെട്ടിമാറ്റുവാനും (അതിന്റെ ഇല ആട്ടിനു കൊടുക്കുവാൻ പറഞ്ഞില്ലെങ്കിലും ജനം അത് ചെയ്യുമെന്ന് ഉറപ്പുണ്ടായിരുന്നു) നിർദ്ദേശിച്ചു. ക്രമേണ ആടൊന്നു മിനുങ്ങിത്തുടങ്ങിയതുകണ്ട് അതിന്റെ പ്രസക്തഭാഗം തനിക്കു ലഭിക്കുമല്ലോ എന്നോർത്ത് ഔസേപ്പച്ചൻ അത്യധികം സന്തോഷിച്ചു.

അങ്ങിനെ അത്യന്തം പ്രതീക്ഷയോടെ കാത്തിരുന്ന ദസറ വന്നു. ആടിന് 'ബലിച്ചാവ്', 'കറിച്ചാവ്' എന്നീ രണ്ടുതരം ചാവ് (മരണം) ആണ് വിധിച്ചിട്ടുള്ളതെന്ന് പെരുമാൾ മുരുകൻ തന്റെ 'ഒരു വെള്ളാട്ടിൻ കതൈ' എന്ന കൃതിയിൽ പറഞ്ഞിട്ടുണ്ട്. ഇതിൽ ഏതാണ് നമ്മുടെ ആടിന് കിട്ടിയത് എന്ന് നിശ്ചയമില്ല. അന്ന് ഒഴിവുദിവസമായതിനാൽ ഔസേപ്പച്ചൻ ആപ്പീസിലേക്ക് പോയില്ല. ഏതാണ്ട് ഒമ്പതുമണിമുതൽ അദ്ദേഹം പ്രതീക്ഷയിലായിരുന്നു. പാപ്പാറാവു, പോലയ്യ, ഭീമാ റാവു, ചിന്നാറാവു, പെഞ്ചലയ്യ എന്നീ യന്ത്രവന്മാരിൽ ആരെങ്കിലും തങ്ങളുടെ സ്കൂട്ടറിൽ ഏതുസമയവും ആടിന്റെ പ്രസക്ത ഭാഗവുമായി പ്രത്യക്ഷപ്പെടാം എന്നദ്ദേഹം കരുതി. പത്രം വായിക്കുന്ന വ്യാജേന അദ്ദേഹം ഗേറ്റിനുമപ്പുറം റോഡിൽ നോക്കെത്താത്ത ദൂരത്ത് കണ്ണും നട്ടിരുന്നു.

നേരം ഉച്ചയായി. കൃത്യം ഒരു മണിക്ക് നെയ്മീൻ കറിയും, ചെമ്മീൻ വറുത്തതും കൂട്ടി ഊണു കഴിച്ചു. അല്പം മയങ്ങാൻ കിടന്നു. എഴുന്നേറ്റപ്പോൾ മണി നാലര. ആപ്പീസിൽ നിന്നും ആരെങ്കിലും വന്നോ എന്നു ഭാര്യയോട് ചോദിക്കാനാഞ്ഞതായിരുന്നു. പെട്ടെന്ന് അദ്ദേഹം അതുവേണ്ടെന്നു വച്ചു. പക്വതയുള്ള ആപ്പീസർമാർ മനസ്സിലെ ലോല വികാരങ്ങൾ പുറത്തുപ്രകടിപ്പിക്കരുതെന്ന ഔസേപ്പച്ചന്റെ ഗുരുവായ മത്തായിസാറിന്റെ ഒന്നാം പ്രമാണം ഓർത്തതാണ് കാരണം. സന്ധ്യ വന്നു, ഇരുട്ടുവന്നു, വഴിവിളക്കുകൾക്ക് ജീവൻ വന്നു, അദ്ദേഹം കാത്തിരുന്ന ആടിന്റെ പ്രസക്ത ഭാഗം മാത്രം വന്നില്ല. (ഇവിടെ സാന്ദർഭികമായി പൂവും പ്രസാദവും... കൊടുത്തില്ല... എടുത്തില്ല... നല്കിയില്ല...' എന്ന ജാനകിയമ്മയുടെ പാട്ടിലെ വരികൾ[4] അശരീരിയായി കേൾക്കുന്നത് അനുയോജ്യമായിരിക്കും) ഒരുനിമിഷം ഔസേപ്പച്ചന് വർക്ക്ഷാപ്പിലെ യന്ത്രവന്മാരെ കൂട്ടത്തോടെ അന്തമാനിലേക്ക് ട്രാൻസ്ഫർ ചെയ്യാനുള്ള അരിശം തോന്നി. ചുരുങ്ങിയത് ചില നിസ്സാര കാരണങ്ങൾ കണ്ടുപിടിച്ച് അവർക്കോരോരുത്തർക്കും ഓരോ മെമോ ഇഷ്യു ചെയ്യുകയോ, വാർഷിക അസ്സെസ്സ്മെന്റിൽ 'ബിലോ ആവരേജ്' എഴുതുകയോ ചെയ്യാമായിരുന്നു. എന്നാൽ അദ്ദേഹം സത്യകൃസ്ത്യാനിയും നേർരേഖയിൽ സഞ്ചരിക്കുന്നയാളും ആകയാൽ അതിനൊന്നും മിനക്കെട്ടില്ല. എന്നിരുന്നാലും അവരിലാരെയെങ്കിലും കാണുമ്പോൾ തനിക്കു കിട്ടാതെപോയ ആ ആടിന്റെ പ്രസക്ത ഭാഗത്തെപ്പറ്റി ചിന്തിക്കാതിരിക്കാൻ അദ്ദേഹത്തിനു കഴിയാറില്ല.

**കുറിപ്പുകൾ**

*കഥയുടെ ആശയം നൽകിയ ഫിലിപ് സാറിന് സമർപ്പിക്കുന്നു.


1. പ്രയോഗം - വി കെ എന്നിനോട് കടപ്പാട്.
2. മെക്കാനിക് എന്ന പദത്തിന് ലേഖകന്റെ 'കു'തന്ത്ര പരിഭാഷ.
3. ഗാട്ടും കാണാച്ചരടുകളും - ലേഖനങ്ങൾ, എം. പി. വീരേന്ദ്രകുമാർ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
4. വിത്തുകൾ എന്ന സിനിമയിൽ (1971) എസ്. ജാനകി ആലപിച്ച 'ഗോപുരമുകളിൽ...' എന്ന ഗാനം (രചന, സംഗീതം: പി. ഭാസ്കരൻ, പുകഴേന്തി)


**വൈവാഹികം**

| | | ഗു മ | | | |
|---|---|---|---|---|---|
| ശി | | | | കു ബു | |
| ശു | | 16.7.1981. 5.20 pm പൂരാടം (2 ദോഷം) നായർ യുവാവ് (ജോലി: സൗദി) | | രസ ശു | രല |
| മാ | ശി | | | | |
| ബു | ല ച | | | ഗു മ മാ | സ |
| | | കു | ച | | |

ശിഷ്ടദശ ശുക്രൻ 6 വർഷം 9 മാസം 26 ദിവസം
ഭരണി, മകീരം, പൂയ്യം. അവിട്ടം, അനിഴം, പൂരം, പൂരാടം, ഉത്രട്ടാതി ചിത്തിര ഇവ ചേരില്ല

CONTACT : 9387263885 (PALAKKAD)



ടി. കെ. ഉണ്ണികൃഷ്ണൻ
0491 - 2578098

# പരിവർത്തനം

**കു**ന്നിൻ ചരിവുകളിൽ വെയിലും മഴയുമേറ്റ് കാറ്റിന്റെ ചൂളം കേട്ട്, മഞ്ഞിന്റെ കുളിർമയേറ്റ്, കിളികളുടെ നാദം കേട്ട്, മാടുകളുടെ അലർച്ച കേട്ട് കുറുക്കന്റെ ഓളി കേട്ട്, നിലാവിന്റെ വെളിച്ചം കണ്ട് ഞാൻ വളർന്നു.

ചോർന്നൊലിക്കുന്ന കൂരകളിൽ എല്ലും തോലും അവശേഷിക്കുന്ന വൃദ്ധർക്കും, കണ്ണും വാരിയെല്ലുകളും പുറത്തുതുറിക്കുന്ന കുട്ടികൾക്കും, വിയർപ്പുചൂര് വിടാത്ത ചെറുപ്പക്കാർക്കും ഞാൻ ആശ്വാസമായിരുന്നു.

കാലത്തിന്റെ ഒഴുക്കിൽ ഞാൻ വയലിലേക്ക് ഇറങ്ങി. കടകളിലേക്ക് ചെന്നു. ഇടത്തരം കുടുംബങ്ങളിലെ നിത്യ സന്ദർശകനായി. എന്റെ രൂപത്തിന് മാറ്റങ്ങൾ വന്നു. കൊല്ലങ്ങൾ പിന്നിട്ടപ്പോൾ ഞാനും വിവാഹങ്ങളിലും ആഘോഷങ്ങളിലും ചേരാൻ തുടങ്ങി. എന്നെ പുകഴ്ത്തുന്നവർ കൂടിക്കൂടി വന്നു.


എങ്ങിനെയെന്നറിയില്ല ഇപ്പോൾ എന്നെ ഫൈവ് സ്റ്റാർ ഹോട്ടലുകളിലും കണ്ടുതുടങ്ങി. വലിയ വലിയ ആഘോഷങ്ങളിൽ വലിയവർ എന്നുപറയുന്ന വർഗ്ഗം പളുപളാ തിളങ്ങുന്ന സാരിയും ആഭരണങ്ങളുമണിഞ്ഞ സ്ത്രീകൾ, സൂട്ടും ബൂട്ടുമിട്ട പുരുഷന്മാർ എല്ലാവരും എന്റെ അടുത്തുവരും.

അങ്ങിനെ ഒരാഘോഷത്തിൽ വെച്ചാണ് അയാളെ കണ്ടത്. മുമ്പു കണ്ട പരിചയം തോന്നി. ചുറ്റും സുന്ദരികൾ വളഞ്ഞ് ഓച്ഛാനിച്ച് നിൽക്കുന്ന യുവാക്കളുടെ ഒപ്പം. എല്ലാവരുടേയും കൈകളിൽ മദ്യഗ്ലാസ്സുകൾ ഉണ്ട്. സ്റ്റേജിൽ നടക്കുന്ന നൃത്തത്തിന്റെയും മ്യൂസിക്കിന്റെയും ഒപ്പം അവരുടെ കാലുകൾ താളം വയ്ക്കുന്നുണ്ടായിരുന്നു. പെട്ടെന്നാണ് അയാൾ എന്നെ കണ്ടത്. അയാൾ എന്റെ അടുത്തേക്ക് വന്നു. കൂടെയുള്ളവരും.

വെളുത്ത യൂണിഫോമും ഉയർന്നുനിൽക്കുന്ന വെള്ളത്തൊപ്പിയും ഇട്ട ഒരാൾ അലങ്കരിച്ചൊരുക്കിയ സ്റ്റാളിൽ എന്നെയുമായി നിന്നിരുന്നു. അടുത്തുവന്ന അയാൾക്ക് ഒപ്പമുള്ളവർ പളുപളാ തിളങ്ങുന്ന പ്ലെയിറ്റിൽ കറിയും സമ്മന്തിയുമായി എന്നെ വിളമ്പി.

എല്ലാവരുടേയും ഒപ്പം അയാളും എന്നെ മെല്ലെ മെല്ലെ സ്പൂൺ കൊണ്ട് വായിലേക്കിടുമ്പോൾ എനിക്കോർമ്മ വന്നു. ചോർന്നൊലിക്കുന്ന കുടിലുകളിൽ പോലീസിന്റെ ഇടി ഭയന്ന് അയാൾ വിശക്കുന്ന വയറിലേക്ക് ചട്ടിയിൽ പുഴുങ്ങിവച്ച എന്നെ ആർത്തിയോടെ വായിലേക്ക് പോക്കുന്നത്. പുറത്ത് ഒരനക്കം കേട്ടാൽ നാറിപ്പുളിച്ച ഹരിജനങ്ങളുടെ പുതപ്പിലേക്ക് കയറി ഒളിക്കുന്നത്.

ഇന്നും ഞാനയാളുടെ വായിൽ ചമചരയുമ്പോൾ ഒന്നുമാത്രം തോന്നി. നമ്മൾ രണ്ടുപേരും ഒരുപാട് മാറിയിരിക്കുന്നു. കുടിലുകളേയും വൃത്തിയില്ലാത്ത പുതപ്പിനേയും വിയർപ്പിന്റെ ചൂരിനെയും മറന്നിരിക്കുന്നു. ഇന്ന് ജനം അയാളെ കോമരേഡ് എന്നും എന്നെ കപ്പ എന്നും പറയുമ്പോൾ ലജ്ജ തോന്നുന്നു.



സൈനുദീൻ മുണ്ടക്കയം
9947253006

# പത്താം അവതാരം

പത്താമവതാരമെത്തിയോ കൂട്ടരേ
ചിത്തത്തിലില്ലല്ലൊ ശാന്തിയിന്ന്
കത്തുന്ന വേനലും
വന്ധ്യമേഘങ്ങളും
എത്തുന്നു, ഭൂമി തപിക്കയാണ്.
ഉത്തരദിക്കിൽ നിലവിളിയൊച്ചകൾ,
പത്തിവിടർത്തുന്നു
ഭീകരവേഴ്ചതൻ
സ്വസ്ഥമായൊന്നു
കിടന്നുറങ്ങീടുവാൻ
അസ്വസ്ഥമാനസർക്കെങ്ങനാകും ?
വെടിയേറ്റുവീഴുന്നു
കാവലാളോരോന്നായ്
വിധിയെപ്പഴിക്കുന്നു വീട്ടുകാരും.
ചതിയിൽപ്പെടുത്തുന്നു
നാരീജനങ്ങളെ
പുരുഷന്റെ കാമം
ഞെളിഞ്ഞുനില്പൂ.
ജാതിക്കൊമ്പുമിളക്കി കളിയ്ക്കുന്നു
ജാതിയറിയാത്ത കോമരങ്ങൾ.
നാട്ടിൽ നടക്കുന്നതൊന്നും
ശ്രവിക്കാതെ-
നാട്യക്കാർ നാടുഭരിയ്ക്കയാണ്.
ഇല്ല സമാധാനമാരിലും നാട്ടിലും
വേട്ടനായ്ക്കൾ പല്ലിളിച്ചോട്ടമായി
ഇരകളെത്തേടിയലയുന്നു ചുറ്റിലും
വിറളിപിടിച്ചവരെങ്ങുമുണ്ട്.
നാടുമുന്നോട്ടെന്നു
പാടിപ്പുകഴ്ത്തുമ്പോൾ
നാട്ടിന്നകക്കാമ്പിലഗ്നിയാളും
സാധുജനങ്ങൾക്കില്ല പുരോഗതി
സമ്പന്നന്മാരതു സ്വന്തമാക്കും.
മേനി പറഞ്ഞുനടക്കുന്നു മേലാളർ
ആധി പരത്തുന്നു മാനസത്തിൽ
പാടിപ്പുകഴ്ത്താനകമ്പടിക്കാരുണ്ട്
പാവങ്ങൾക്കില്ല സുഖമിതെങ്ങും.
എങ്ങോട്ടുപോകുന്നു
ലക്ഷ്യമില്ലാതെ നാം
ഏതു തീരത്തിനി ശാന്തിതേടും ?
പത്താമവതാരമെത്തിയോ കൂട്ടരേ
ഭാരതാംബക്കിനി മോക്ഷമുണ്ടോ ?

# കഥ




**സുരേഷ് തെക്കീട്ടിൽ**
9446330957


## ഒടുവിൽ

**സ**ത്യം. സത്യത്തിൽ ഞങ്ങളന്തം വിട്ടുപോയിരുന്നു. അവന്റെ സെറ്റപ്പ്, വീടിന്റെ വലിപ്പം, സൗകര്യങ്ങൾ. ഞങ്ങളുടെ പ്രതീക്ഷകൾക്കും എത്രയോ അപ്പുറത്തായിരുന്നു അതെല്ലാം.

കാർപോർച്ച്, സ്വീകരണമുറി, അറ്റാച്ച്ഡ് ബെഡ്റൂമുകൾ, അപ്സ്റ്റെയർ, ഫർണ്ണീച്ചർ, ഇല്ല എന്നു പറയാനോ, കുറവ് എന്നു പറയാനോ ഒന്നുംതന്നെയില്ല. പറയത്തക്ക പാരമ്പര്യ സ്വത്തില്ലാത്തവൻ. വേറെ വരുമാന സ്രോതസ്സില്ലാത്തവൻ, മാത്രമോ പൊതുവേ ഒരു ധാരാളി, ചെലവു നിയന്ത്രിക്കാൻ കഴിയാത്തവൻ, പൊങ്ങച്ചക്കാരൻ, കാട്ടികൂട്ടലുകാരൻ എന്നൊക്കെ തന്നെയായിരുന്നു അവനെ പറ്റി ഞങ്ങൾക്കെല്ലാം അഭിപ്രായം. അഭിപ്രായം മാത്രമല്ല അനുഭവവും. പക്ഷേ അതിനിടക്ക് ഇത്രയും സൗകര്യത്തിൽ സ്ഥലവും, വീടും. ഞങ്ങളാരും വീട് പണി നടക്കുന്ന വിവരം അറിഞ്ഞിരുന്നതു പോലുമില്ല. മാത്രമല്ല സ്ഥലം വാങ്ങുന്നതിനെ കുറിച്ചും വീട് നിർമ്മിക്കുന്നതിനെ കുറിച്ചും ഒക്കെ ഞങ്ങൾ ചർച്ച നടത്തുമ്പോൾ പുച്ഛത്തോടെ എണീറ്റു പോകുകയുമാണ് പതിവ്. ഒരു പക്ഷേ എല്ലാവരേയും ഒന്നു ഞെട്ടിക്കാൻ തന്നെ അവൻ തീരുമാനിച്ചു കാണും. എന്തു തന്നെയായാലും സമ്മതിച്ചേ പറ്റൂ. കൈ കൊടുത്തു കൊണ്ട് ഞാൻ അഭിനന്ദിച്ചു.

വളരെ ശ്രദ്ധിച്ച് ചെലവു ചുരുക്കി ജീവിച്ചിട്ടും ഞങ്ങൾക്കാർക്കും സ്വപ്നം കാണാനോ ചിന്തിക്കാൻ പോലുമോ കഴിയാത്തത് നിനക്ക് സാധിച്ചു. സന്തോഷം. അഭിനന്ദനങ്ങൾ.

ശ്രമിച്ചാൽ കഴിയാത്ത കാര്യമുണ്ടോ എന്ന് ആമുഖമായി പറഞ്ഞ അവൻ പിന്നെ പറഞ്ഞകാര്യം ഞങ്ങളെയെല്ലാം ഒന്നുകൂടി ഞെട്ടിച്ചു.

വൻതുകയാടോ അഡ്വാൻസ്. അത് ഭാര്യയുടെ ഗോൾഡ് മൊത്തം പണയം വെച്ചു കൊടുത്തു. ഇനി മാസം തോറും വാടക അതും നല്ല ഒരു തുക വരും അതാലോചിക്കുമ്പോഴാ...

●

**അറിവുള്ളവൻ മൂഢനോടു കാരുണ്യമുള്ളവനാവണം. യഥാർത്ഥ ജ്ഞാനി തന്റെ ദേഹം ഒരു ഉറുമ്പിനുവേണ്ടിപ്പോലും ഉപേക്ഷിക്കുവാൻ തയ്യാറാവും. എന്തെന്നാൽ ശരീരം ശാശ്വതമല്ലെന്ന് അവന് പണ്ടേ അറിയാം.**

-സ്വാമി വിവേകാനന്ദൻ-



## വിഷം


**ജിഷ രതീഷ്**
**9526172310**


**ഞാ**ൻ ദീപ. എന്റെയും മോഹനേട്ടന്റേയും വിവാഹം കഴിഞ്ഞിട്ട് ഏകദേശം 9 വർഷം കഴിഞ്ഞു. പക്ഷെ ഇത്രയും നാളായിട്ടും ദൈവം കുഞ്ഞ് എന്നൊരു ഭാഗ്യം ഞങ്ങൾക്ക് തന്നില്ല. കാണിക്കാത്ത ഡോക്ടർമാരില്ല. പോകാത്ത അമ്പലങ്ങളില്ല... നേരാത്ത നേർച്ചയും ഇല്ല...

ഞങ്ങൾ അദ്ധ്യാപകരാണ്. ഒരുപക്ഷേ കുട്ടികളില്ലാത്ത ദുഃഖം ഒരുപരിധിവരെ സ്കൂളിൽ ചിലവഴിക്കുമ്പോൾ ഇല്ലാതാകുന്നു. വീട്ടിലെ ഏകാന്തത പലപ്പോഴും ഞങ്ങളെ തളർത്തിയിരുന്നു. ജീവിതം തന്നെ മടുത്തിരിക്കുമ്പോഴാണ് നാട്ടിലെ ഹോസ്പിറ്റലിൽ ഒരു പുതിയ ഗൈനക്കോളജി ഡോക്ടർ എത്തിയത്. ഡോക്ടർമാരെ കണ്ടും, ട്രീറ്റ്മെന്റ് ചെയ്തും മടുത്തു എങ്കിലും ഒരു കുഞ്ഞ് എന്ന സ്വപ്നം ഞങ്ങളെ ഡോക്ടറുടെ അരികിൽ എത്തിച്ചു... 4 മാസത്തെ ചികിത്സക്കൊടുവിൽ ആ അത്ഭുതം സംഭവിച്ചു. ഞാൻ ഗർഭിണിയായി. ഡോക്ടറുടെ കൈപ്പുണ്യമാണോ അതോ ദൈവം പരീക്ഷണമവസാനിപ്പിച്ചതാണോ എന്നറിയില്ല. ലോകം പിടിച്ചടക്കിയ സന്തോഷമായിരുന്നു ഞങ്ങൾക്ക്. മാസങ്ങൾ വളരെ പെട്ടെന്ന് കടന്നുപോയി. ആകാംക്ഷയോടെ ഞങ്ങൾ ദിവസങ്ങൾ തള്ളിനീക്കി.

അങ്ങനെ എട്ടാം മാസത്തിൽ ഞാൻ പ്രസവിച്ചു. ഒരു പൊന്നുമോൻ... വലിയ തൂക്കക്കുറവൊന്നു ഉണ്ടായിരുന്നില്ല. എങ്കിലും പ്രസവം നേരത്തേ ആയതിനാൽ ഏകദേശം മൂന്നാഴ്ചയോളം കുട്ടി 'എൻ.ഐ.സി.യു.' വിൽ ആയിരുന്നു... ആശുപത്രിയിൽ നിന്ന് തിരിച്ച് ഒരു മാസം കഴിഞ്ഞാണ് വീട്ടിൽ എത്തിയത്... വീട്ടിലെത്തിയതിൽ പിന്നെ കാണികളുടെ തിരക്കായിരുന്നു. അതിൽ ഞങ്ങൾക്ക് സന്തോഷവുമായിരുന്നു... വീട്ടിലെത്തി ഒരാഴ്ച കഴിഞ്ഞ് മോഹനേട്ടൻ സ്കൂളിൽ പോയി തുടങ്ങി... എനിക്ക് കൂട്ടായി മോഹനേട്ടന്റെ അമ്മയുണ്ടായിരുന്നു. ഇരുപത്തെട്ടാം ദിവസം പാലുകൊടുക്കൽ ചടങ്ങ് കെങ്കേമമായി ആഘോഷിച്ചു. ഞങ്ങളെ ഭാഗ്യമില്ലാത്തവർ എന്ന് പറഞ്ഞവർ തന്നെ ഞങ്ങളെ ഭാഗ്യവാൻമാർ എന്നു വിളിച്ചു. പേരും വിളിച്ചു 'മനു' മോനൂ എന്ന് വിളിക്കാനും തുടങ്ങി. എന്റെ 6 മാസത്തെ അവധി കഴിയാൻ ഇനി ഒരാഴ്ച കൂടിയേ ബാക്കിയുള്ളൂ. മോനെ ഒരു നേരം പോലും പിരിയാൻ എനിക്കിഷ്ടമില്ലായിരുന്നു. എങ്കിലും അമ്മയുള്ള സമാധാനത്തിൽ ഞാൻ സ്കൂളിൽ പോയിത്തുടങ്ങി. ഞാൻ സ്കൂളിൽ നിന്ന് വരുമ്പോൾ അമ്മ മോനുനെം കൊണ്ട് വാതിൽക്കൽ കാത്തുനിൽപ്പുണ്ടാവും. എന്നെ കാണുമ്പോൾ അവന്റെ ചിരി കാണണം. അമ്മമാരെ ഏറെ സന്തോഷിപ്പിക്കുന്ന ഒന്നാണല്ലോ മക്കളുടെ ചിരി.

വൈകി കിട്ടിയ കൺമണിയായതുകൊണ്ട് ഏറെ ലാളിച്ചു ഞങ്ങൾ മോനൂനെ... വാശിയും കുറുമ്പും അവനിത്തിരി കൂടുതലായിരുന്നു. ആ വാശി ഞങ്ങൾക്ക് ഇഷ്ടമായിരുന്നു... അവന്റെ ശാഠ്യങ്ങൾക്കൊക്കെ ഞങ്ങൾ വഴങ്ങിക്കൊടുത്തു... ഒറ്റ മോൻ അല്ലേ... എല്ലാ അച്ഛനമ്മമാരും അങ്ങനെയാണല്ലോ ? വർഷങ്ങൾ പെട്ടെന്നാണ് കടന്നുപോയത്. മനുവിന് 6 വയസ്സ്. ഞങ്ങൾ ജോലി ചെയ്യുന്ന സ്കൂളിൽ തന്നെ അവനേയും ചേർത്തു.

# കഥ

ഭക്ഷണപ്രിയനായിരുന്നു മോനു... അതുകൊണ്ട് അവന് വേണ്ടതൊക്കെ ഞാൻ ഉണ്ടാക്കിക്കൊടുക്കുമായിരുന്നു... എണ്ണ പലഹാരങ്ങൾ അവന് ജീവനായിരുന്നു. അവൻ കഴിക്കുന്നത് കണ്ടിരിക്കാൻ എന്തു രസമാണെന്നോ... ആഴ്ചകളിൽ ഒരു ദിവസം ഞങ്ങൾക്ക് ഹോട്ടലുകളിൽ പോയി ഭക്ഷണം കഴിക്കുന്ന പതിവുണ്ടായിരുന്നു. അന്ന് മോനു പറയുന്നതൊക്കെ വാങ്ങിക്കൊടുക്കും... ബർഗറും പിസയും ന്യൂഡിൽസും ബിരിയാണീം ഒക്കെ അവന്റെ ഇഷ്ട ഭക്ഷണമാണ്.

വളരുംതോറും അവന്റെ ഭക്ഷണത്തിലും ഞാൻ ശ്രദ്ധിച്ചു... അവനിഷ്ടമുള്ള ഭക്ഷണം ഉണ്ടാക്കിയും ഹോട്ടലിൽ നിന്നും വാങ്ങിക്കൊടുത്തും അവനെ സന്തോഷിപ്പിച്ചു. അവന്റെ സന്തോഷത്തിനായി വേണ്ടതൊക്കെ ഞാനും മോഹനേട്ടനും ചെയ്തു. അത്രയ്ക്ക് ഞങ്ങളവനെ ശ്രദ്ധിച്ചു.

മനുവിനെ ഞങ്ങൾ വർക്ക് ചെയ്യുന്ന സ്കൂളിൽ തന്നെ ചേർത്തപ്പോൾ എനിക്കും മോഹനേട്ടനും ആശ്വാസമായി. ഇനി സ്കൂളിൽ വരുന്ന സമയത്ത് അവനെ പിരിഞ്ഞിരിക്കണ്ടല്ലോ... ഞങ്ങടെ കൂടെ തന്നുണ്ടല്ലോ.

ചിത്രം വരക്കാൻ വലിയ ഇഷ്ടമായിരുന്നു അവന്. വീട്ടിലെ ചുമര് മുഴുവൻ മനുവിന്റെ ചിത്രങ്ങളാണ്. ഒരുദിവസം സ്കൂളിൽ ചിത്രരചന മത്സരം നടത്തി. ആ ദിവസം അന്നായിരുന്നു ഞങ്ങളുടെ സന്തോഷങ്ങൾ അവസാനിച്ച ദിവസം.

ചിത്രരചനയിൽ മനുവിനായിരുന്നു ഒന്നാം സമ്മാനം. അത് പറയാൻ എന്റടുക്കലേക്ക് ഓടി വന്നതായിരുന്നു അവൻ. പടി കയറി വരുന്നതിനിടയിൽ അവൻ കുഴഞ്ഞുവീണു. അമിതമായി ഓടിയതുകൊണ്ടാവാം എന്നാണ് ഞങ്ങൾ കരുതിയത്. ആശുപത്രിയിൽ ചെന്നതും ഡ്രിപ്പിട്ടു. എന്നിട്ടും അവന് ബോധം വന്നില്ല. ഡോക്ടർ മോനെ ഐ.സി യു.വിലാക്കണമെന്നും കുറച്ച് ടെസ്റ്റുകൾ നടത്തിയാലെ എന്താണെന്ന് പറയാൻ പറ്റൂ എന്നും പറഞ്ഞു.

ഞങ്ങൾ ആശുപത്രി വരാന്തയിൽ പാതി മരിച്ചവരെ പോലിരുന്നു. ഒടുവിൽ ടെസ്റ്റ് റിസൽട്ട് വന്നു. ഡോക്ടർ ഞങ്ങളെ മുറിയിലേക്ക് വിളിപ്പിച്ചു.

“ഇരിക്കൂ”

“വേണ്ട ഡോക്ടർ. ഞങ്ങളിവിടെ നിന്നോളാം... ഞങ്ങടെ മോനെന്തു പറ്റിയെന്ന് പറയൂ.”

“തുറന്നുപറയാതിരിക്കാൻ പറ്റില്ല. രോഗവിവരം കൃത്യമായി പറയുക എന്നത് ഡോക്ടർ എന്ന നിലയിൽ എന്റെ കടമയാണ്. കുട്ടിക്കിപ്പോൾ ബോധം വീണിട്ടുണ്ട്. പക്ഷെ നില വളരെ മോശമാണ്. കുട്ടിയുടെ ധമനികളിൽ കൊഴുപ്പടിഞ്ഞു കൂടിയിരിക്കുന്നു. അതുകൊണ്ടാണ് കുഴഞ്ഞുവീണത്. കൂടാതെ വൃക്കകൾക്കും തകരാറ് സംഭവിച്ചിട്ടുണ്ട്.”

“എന്താണ് ഡോക്ടർ പറയുന്നത്... അവൻ ചെറിയ കുട്ടി അല്ലേ.”

“സാധാരണയായി പ്രായമായവരിലാണ് ഇങ്ങനെയുള്ള കുഴപ്പങ്ങൾ കാണുക... കുട്ടി പുറത്തുനിന്ന് ഭക്ഷണം കഴിക്കാറുണ്ടോ ?”

‘ഉണ്ട് ഡോക്ടർ. ന്യൂഡിൽസ്, ബർഗർ, പിസ, ബിരിയാണി ഇവയൊക്കെ അവന്റെ ഇഷ്ട ഭക്ഷണമാണ്. എണ്ണ പലഹാരങ്ങളും ഇഷ്ടമാണ്... ഞങ്ങളുടെ ഏറെ നാളത്തെ കാത്തിരിപ്പിനൊടുവിൽ കിട്ടിയ മോനാണ് ഡോക്ടർ. ഞങ്ങൾ ജീവിക്കുന്നത് അവന് വേണ്ടിയാണ്. എങ്ങനെയെങ്കിലും രക്ഷിക്കണം. ഞങ്ങളെ കൈവിടരുത്.”

“ഈ ഭക്ഷണ സാധനങ്ങൾ തന്നാണ് വില്ലൻ. പുറത്തുനിന്നുള്ള ഭക്ഷണങ്ങളിൽ കളറുകളും രുചി കൂട്ടാനുള്ള കെമിക്കലുകളും മറ്റും ചേർക്കുന്നു. നിങ്ങൾ കുട്ടിക്ക് ചെറുപ്പം മുതൽ നൽകിയ കൊഴുപ്പടങ്ങിയ ഭക്ഷണമാണ് കുട്ടിയുടെ ഈ അവസ്ഥയ്ക്ക് കാരണം. ഞങ്ങളുടെ പരമാവധി ഞങ്ങൾ ശ്രമിക്കാം. ബാക്കിയൊക്കെ ദൈവത്തിന്റെ കൈയ്യിലാണ്.”

ഡോക്ടറുടെ ആ വാക്കുകളിൽ ഞങ്ങളുടെ മോൻ ജീവിതത്തിലേക്ക് തിരിച്ചുവരാൻ 100 ൽ 1% മാത്രമേ ചാൻസുള്ളൂ എന്ന് ഞങ്ങൾക്ക് മനസ്സിലായി. ഞങ്ങളുടെ ഇടനെഞ്ച് കുത്തിക്കീറുന്ന പോലാണ് തോന്നിയത്. ഒരുനിമിഷം നിന്ന നിൽപ്പിൽ ഭൂമി പിളർന്ന് താഴ്ന്ന് പോയാ മതി എന്നുതോന്നി.

ചെറുപ്പം മുതൽ ഞങ്ങൾ അവനുനൽകിയ ഭക്ഷണം അതാണ് മോനെ ഈ നിലയിലാക്കിയത്. ഞാൻ സ്നേഹത്തോടെ അവനെ ഊട്ടിയത് വിഷമാണോ ? അവൻ വാശി പിടിക്കുമ്പോൾ വാങ്ങിക്കൊടുത്തത് വിഷമാണോ ? അവന്റെ ആരോഗ്യത്തിനുവേണ്ടി ഞാൻ നൽകിയത് വിഷമാണോ ?

നിറകണ്ണുകളോടെ എന്റെ മകന്റെ അടുത്തേക്ക് ചെന്നു. എന്നെ കണ്ടതും അവൻ ഇതുവരെ എനിക്ക് നൽകാത്ത തരത്തിലുള്ള ഒരു പുഞ്ചിരി എനിക്ക് തന്നു. ഒന്നു കരയാൻ പോലുമാകാതെ ഞാൻ അവന്റെ മുന്നിൽ നിന്നു ഒരു കുറ്റവാളിയെ പോലെ.

ഇതുപോലെ ഒരുപാട് രക്ഷിതാക്കളുണ്ടാകും. മക്കളുടെ ശാഠ്യത്തിന് വഴങ്ങി ഒക്കെ വാങ്ങിക്കൊടുക്കുന്നവർ. മക്കളുടെ സന്തോഷം മാത്രം കണക്കിലെടുത്ത് അവരുടെ വാശികൾ നടപ്പിലാക്കുമ്പോൾ അറിയുക നിങ്ങൾ മക്കളോട് തെറ്റ് ചെയ്യുകയാണ്. പിസയും ബർഗറും മറ്റു ആഹാരസാധനങ്ങളും വാങ്ങി കൊടുക്കുമ്പോൾ അതിലടങ്ങിയിരിക്കുന്ന കെമിക്കലുകൾ നിങ്ങളുടെ കുഞ്ഞുങ്ങളുടെ ജീവൻ തട്ടിയെടുത്തേക്കാം. നിങ്ങളറിയാതെ നിങ്ങൾ കുഞ്ഞുങ്ങളെ ഊട്ടുന്നത് വിഷമാണ്. തിരിച്ചറിയുക നിങ്ങളുടെ മക്കളുടെ സുരക്ഷ നിങ്ങളുടെ കൈയ്യിലാണ്... •

**കവിത**



പ്രസാദ് വാസുദേവൻ
ഷാർജ്ജ, 00971529979496

# മാറിയ ഗ്രാമം

ഇതെന്തൊരു മാറ്റം,
എൻ ചെറുഗ്രാമം
കുഞ്ഞിൽ കണ്ടവയെല്ലാം മാഞ്ഞു.
മുന്നിൽ പുതിയൊരു ദേശവളർച്ച
അമ്പലമുറ്റത്താൽത്തറയില്ല
അവിടെ ആളുകളില്ല,
ആർപ്പുവിളീല്ല !
വറ്റിയ തോടുകൾ,
പൊട്ടിയ റോഡുകൾ
പൂഴി പറത്തി പായും വണ്ടികൾ.
എന്തൊരു മാറ്റം എന്നുടെ ഗ്രാമം
എന്തിനുമേതിനും ഒത്തിരി മാറ്റം.
കാവുകൾ, മാവുകൾ,
കുന്നുകൾ, തവളകൾ
കുന്നികൾ, കൊന്നകൾ
കാണാനില്ല.
കണ്ടവരത്രയും
സോഷ്യൽ ചാറ്റിംഗ്,
എൻഡ്രൻസ് കോച്ചിംഗ്,
ഡയബോപേഷ്യന്റ്
പിന്നെ ചന്ദനമഴയിലും
മുഴുകിയിരുന്നു.
ഇതെന്തൊരു മാറ്റം,
എൻ ചെറുഗ്രാമം !

# കത്തുകൾ

## അഭിപ്രായങ്ങളും പ്രതികരണങ്ങളും

പ്രിയ മുരളിക്ക്,

ഏക തത്ത്വ മാർച്ച് ലക്കത്തിൽ എന്റെ ഏറെ നീണ്ട കഥ 'കൊണ്ടച്ചീപ്പുരു' പ്രസിദ്ധീകരിച്ചതിനു നന്ദി. അതിൽ ഒരു പിശക്. 'പേരാലിന്റെ വേടുകളിൽ തൂങ്ങി' എന്നത് 'പേരാലിന്റെ വേരുകളിൽ തൂങ്ങി' എന്ന് അടിച്ചുകണ്ടു. ഇതേ പിശക് ഇതിനുമുമ്പ് 'പൂതബാധ' എന്ന എന്റെ ലേഖനത്തിൽ 'ആൽമരത്തിൽനിന്നും താഴോട്ടു വളരുന്ന വേടുകളേയും' എന്ന പ്രയോഗത്തിലും കണ്ടതായി ഓർക്കുന്നു. ഇതിൽ നിന്നും 'വേട്' എന്ന പദം അപരിചിതമാണ് എന്ന് അനുമാനിക്കുന്നു.

ശബ്ദതാരാവലിയിൽ ഈ വാക്കിന് 'പേരാലിന്റേയും മറ്റും കൊമ്പുകളിൽനിന്നും പൊട്ടിപ്പുറപ്പെട്ട് തടിയിൽ തൂങ്ങിക്കിടക്കുന്ന വേര് (വിഴുത്)' എന്ന് അർത്ഥം കൊടുത്തിട്ടുണ്ട്. ഈ പദം ആദ്യമായി എനിക്ക് പരിചയമായത് സി. രാധാകൃഷ്ണന്റെ ഒരു നോവലിൽ നിന്നാണ്.

ഏപ്രിൽ ലക്കത്തിലെ സ്മരണ 'നമുക്ക് വീണ്ടും സഹമുറിയന്മാരാകാം' ഒരു 'സ്പോൺസേഡ്' പേജാണെന്ന് സൂചിപ്പിക്കാത്തത് നന്നായില്ല. പേജ് സ്പോൺസർഷിപ്പിലൂടെ മാസികയ്ക്ക് വരുമാനമുണ്ടാക്കാനുള്ള ഒരു വഴിയാകട്ടേ എന്നു കരുതിയാണ് നിർബന്ധിച്ച് ഒരു ചെക്കും സ്മരണയോടൊപ്പം അയച്ചത്. നന്നാവാനുള്ള വഴി കാട്ടുന്ന അമ്മാവന്മാർക്ക് ഇനിയെന്ത് ചെയ്യാനാവും ?

സസ്നേഹം

കെ. വിജയകുമാരൻ
9448312631, 9444540631

ഇ. ടി. മുരളീധരന് നന്ദി

കേരളം ഏതവസ്ഥയിലായിരിക്കണം എന്ന് ഇവിടത്തെ ജനങ്ങൾ കാംക്ഷിക്കുന്നതുപോലെയല്ല ഇവിടെ നടക്കുന്നതെന്ന് എനിക്ക് പറയാനുള്ളത് എന്ന പംക്തി വായിക്കുമ്പോഴറിയാം. എത്രയോ തവണ ഞാനെഴുതിയിരുന്നു. ഇ. ടി. മുരളീധരൻ ഒരു ഖജനാവാണെന്ന്. പക്ഷെ ഇപ്പോഴതും തിരുത്തേണ്ട നിലയിലാണ്. എല്ലാ വിഷയങ്ങളേയും വളരെ ലളിതമായി അവതരിപ്പിക്കുന്നതിൽ ഇ. ടി. എം. വല്ലാത്തൊരു മിടുക്ക് കാണിക്കുന്നുണ്ട്. തലവാചകം കലക്കി. കത്തിത്തീരും മുമ്പേ...

എനിക്കു പറയാനുള്ളതിൽ ഇ. ടി. എം. പറയുന്നതു പോലെത്തന്നെയാണ് കാര്യങ്ങൾ. നാട്ടിലത്തെ നാലാൾ താമസിക്കുന്നിടത്തെ നാലായിരം പേർ വസിക്കുന്നിടത്ത് നാലുലക്ഷം പേരുള്ളിടത്തെയൊക്കെ കാര്യങ്ങൾ നാലുചുമരുകൾക്കുള്ളിലിരുന്ന് അവരിലൊരാളായി ചിന്തിച്ചെഴുതുന്ന പ്രകൃതം. പണം പണം എന്നാർത്തി പിടിച്ചലയുന്ന ജനത്തിനെ തേനീച്ചകളോടുപമിച്ച് എഴുതിയത് ചിന്തിക്കുന്നവർക്ക് മനസ്സിലാവും. അല്ലാത്തവർക്ക് എന്തായാലെന്താ ?

രാത്രി ഉറക്കമൊഴിച്ച് തല കുനിച്ചിരിക്കുന്നവരുടെ കാലം. രാവിലെ എഴുന്നേൽക്കുന്ന ശീലങ്ങളാകെ മാറി. എഴുതുന്നവൻ എഴുതുന്നു. വായിക്കുന്നവൻ വായിക്കുന്നു.

വാട്സ് അപ്പും ഫേസ് ബുക്കും നോക്കിക്കൊണ്ടിരിക്കുന്നവർക്ക് മറ്റേതോ ലോകത്തോട് സംവദിക്കുന്നു. തൊട്ടടുത്തുള്ള ജനാല തുറന്നാൽ അവൻ ആ മുറി വിട്ടൊഴിഞ്ഞുപോകും. അത്രയ്ക്ക് ദുർഗന്ധം വമിക്കുന്ന പാതയോരങ്ങളിലെ മാളികകളിലാണ് താമസം. എങ്കിലും കാണേണ്ടത് കാണാതെ, പ്രവൃത്തിക്കേണ്ടത് പ്രവർത്തിക്കാതെ, മുറിയ്ക്കുള്ളിലെ എ.സിയുമിട്ട് കുമ്പിട്ടിരുന്നാലും ജീവിക്കാമെന്ന അവസ്ഥയിലാണ് ഇളമുറക്കാർ. എന്നാലും പഠിക്കുന്നുണ്ടല്ലോ എന്നായിരിക്കും. ബ്രിട്ടീഷുകാർ മാത്രമാണ് അന്ന് ഇന്ത്യ വിട്ടത്. അവരന്ന് ഇറങ്ങിപ്പോയി എന്നു മാത്രം. അവരുടെ എല്ലാ സമ്പ്രദായങ്ങളും ഗുണത്തെക്കാളേറെ ദോഷവശങ്ങൾ അപ്പാടെ ഇന്നിവിടെ ദിനംപ്രതി അരങ്ങേറിക്കൊണ്ടിരിക്കുന്നു.

ഇതൊക്കെ അവസാനിക്കുമെന്ന് കരുതിയിരുന്നവർക്ക് തെറ്റി. ഇതൊക്കെ ഇപ്പോഴും തുടക്കം മാത്രമേ ആയിട്ടുള്ളു. കണ്ടറിഞ്ഞില്ലെങ്കിൽ പിന്നെ കൊണ്ടറിയണമെന്ന ശാസ്ത്രമുണ്ട്. അപ്പോ എല്ലാം ശരിയാവും. പക്ഷെ കൊണ്ടറിയുമ്പോഴേക്കും നിലം പരിശാവാതിരുന്നാൽ മതി.

ശ്രീ. എം. എം. മേനോൻ എഴുതിയ ലേഖനം വായിക്കുമ്പോൾ തോന്നിയ കാര്യമുണ്ട്. ഇന്നത്തെ പശ്ചാത്തലത്തിൽ ജീവിക്കുന്നവർ അഹങ്കാരം കൊണ്ടുള്ള ജീവിതമാണ്. പരസ്പരധാരണയും വിശ്വാസവും കാരുണ്യവും സ്നേഹവും ദയയും ഉണ്ടായിരുന്ന ഒരു കൂട്ടുകുടുംബ വ്യവസ്ഥിതി നിലനിന്നിരുന്ന കാലത്ത് ഏതച്ഛൻമാരാണ് സ്വന്തം മക്കളെ കുരുതികൊടുത്തിരുന്നത്. ഏതച്ഛൻമാരാണ് ആ വീടിന് അപമാനമായി തീർന്നത്. അന്നും ഇന്നും വ്യവസ്ഥിതികൾക്ക് മാറ്റമുണ്ടായപ്പോൾ അത്യാധുനിക നൂതന സാങ്കേതിക മികവുകൾ കൈകളിൽ വന്നപ്പോൾ ചിന്തകളിൽ അശ്ലീലം നിറയുകയും ആയത് ഒരു ലഹരിയായി ശരീരത്തിൽ പടരുകയും യഥാർത്ഥ സ്നേഹവും വാത്സല്യവും ശോഷിക്കുകയും ചെയ്തുകൊണ്ടിരുന്നു.

നാലുചുമരുകൾക്കുള്ളിലെ വീർപ്പുമുട്ടുന്ന രണ്ടു മനസ്സുകൾ ജീവിക്കുന്നത് ജീവിതമല്ല. ഒരുതരം രോഗാവസ്ഥയിലാണ്. എന്താ സംശയം. മേനോൻ സാറിന്റെ ലേഖനം വായിച്ചവർ ചിന്തിക്കും. വായിക്കാത്തവർക്ക് എന്തായാലെന്താ ?

മുക്കം ഭാസി സാർ സ്മരണകളിലൂടെ പറഞ്ഞുവരുന്നത് ശ്രദ്ധിക്കുന്നുണ്ടോ. ആ കാലഘട്ടത്തിലെ വരമ്പുകളിലൂടെ, ഭൂവുടമയുടെ സമ്മതമില്ലാതെ വഴി നടക്കാൻ പോലും അനുവദിക്കാത്ത കാലമുണ്ടായിരുന്നു. ഭാസി സാർ എഴുതുന്നത് സംഭവങ്ങളുടെ സ്മരണയാണ്. അല്ലാതെ സങ്കൽപ്പങ്ങളുടെതല്ല. എന്റെ ജ്യേഷ്ഠ സഹോദരൻ ഭാസ്കരൻ കേരളശ്ശേരി എഴുതി ഇത്തിരി പ്രണയവും ഏറെ നർമ്മവും ചെറുകഥാസമാഹാരത്തെക്കുറിച്ച് കെ. പി. രാധാകൃഷ്ണൻ തിരുവനന്തപുരം ഇങ്ങനെയെഴുതി. കഥാസൃഷ്ടികളുടെ തട്ടകങ്ങളായ കേരളശ്ശേരിയിലും പാലക്കാട് വിക്ടോറിയ കോളേജിലുമായി അനേകായിരം പ്രണയജോഡികളുടെ ഉത്ഭവസ്ഥാനങ്ങളാണ് ത്രസിപ്പിക്കുന്ന ഭാവനകളോടെ, ഉൾക്കാഴ്ചയുള്ള രചനാവൈഭവത്തോടെ ഭാസ്കരേട്ടന്റെ പ്രണയത്തിലൂടെയുള്ള മൗനസഞ്ചാരം. കഥകളിലൂടെ മനസ്സോടിച്ചാലറിയാം. എല്ലാ കഥകളും മാനസികമായി വായനക്കാരനെ ഏതോ ഒരവസ്ഥയിലേക്ക് കൊണ്ടെത്തിക്കുന്നു എന്നതായിരിക്കും ശരി.

പ്രമോദ് മഞ്ചേരിയെ കണ്ടിട്ടുണ്ടെന്നല്ലാതെ കഥാ വൈഭവങ്ങളെക്കുറിച്ചറിയില്ല. വളച്ചുകെട്ടില്ലാതെ നേരെ പറയുന്ന കഥാരീതി നിസ്സംശയം പറയാം ഭംഗിയാവുന്നുണ്ട്. ടി. കെ. ഉണ്ണികൃഷ്ണനെക്കുറിച്ച് പറയാതിരിക്കാനാവില്ല. അദ്ദേഹം ഇതിനകം മനസ്സിൽ തൊട്ടു എന്നല്ല. മനസ്സിനെ വേദനിപ്പിച്ച കഥകളുണ്ടാ

ക്കി എന്നുവേണം പറയാൻ. മരണത്തിന്റെ ഗന്ധമുള്ള കഥകൾ ഈയിടെ ധാരാളമുണ്ടാകുന്നുണ്ട്. പക്ഷെ ഇക്കാലത്ത് മരണം ഒരു വിഷമവൃത്തമല്ലാതാകുന്നുണ്ടോ എന്നൊരു സംശയമായിത്തുടങ്ങി.

'ഇന്ദുജൻ ഇന്ദീവരം' സാറൊരു വിസ്മയം തന്നെ. 'അമ്മ' കവിത നന്നായി. കേമം. രേഖ രമേശന്റെ 'വിദേശയാത്ര', മോഹൻദാസിന്റെ 'വിനോദക്കാഴ്ച' രചനാ രുചി അനുഭവപ്പെട്ടു. സുരേഷ് തെക്കീട്ടിലിനെ തേടി 42ാം പേജിലേക്ക് പോകേണ്ടി വന്നു എങ്കിലും മനസ്സിൽ കുളിരു കോരി.

എം. പി. വാസുദേവൻ
9048912029

പ്രിയപ്പെട്ട മുരളി,

അങ്ങനെ ഒരു വിഷുവും കൂടി നഷ്ടസ്മൃതിയായി. എത്രയെത്ര വിഷുദിനങ്ങൾ !!

വിഷുരാത്രി ഏകദേശം പത്തുമണിയായിക്കാണും. ചുട്ടുപൊള്ളുന്ന അന്തരീക്ഷത്തിൽ ഫാനിന്റെ ശീതളസ്പർശത്തിൽ ഉറക്കത്തിലേയ്ക്ക് ഊർന്നുവീണു കൊണ്ടിരിക്കയായിരുന്നു ഞാൻ. അപ്പോഴെന്റെ ഫോൺ തുരുതുരാ മണിയടിച്ചു കൊണ്ടിരുന്നു. അർദ്ധനിദ്രയിൽ ഞാനവനെ തപ്പിപ്പിടിച്ച് കാതോടുചേർത്തു. പതിഞ്ഞതും ആർദ്രവുമായ ഒരു ശബ്ദം. "ഭാസി സാറല്ലെ ? ഇത് അജയ് ! ഏക തത്ത്വ മാർച്ച് ലക്കം ഇപ്പോഴാണ് കിട്ടിയത്. അതിൽ സാറിന്റെ ഒരു കുറിപ്പുകണ്ടു."

വെളിപാടിന്റെ ഒരു മിന്നലൊളി തലച്ചോറിലൂടെ പാഞ്ഞു. അജയ് ബാലചന്ദ്രൻ, വിധിയുടെ വേട്ടമൃഗം !! വർഷങ്ങളോളം ചലനശേഷി നഷ്ടപ്പെട്ട - നട്ടെല്ല് തകർന്ന - കമ്പ്യൂട്ടറിനെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന അജയ് ബാലചന്ദ്രൻ !

അജയിന്റെ ഒരു ഏകദേശ ചിത്രം മുരളി എന്റെ മനസ്സിൽ കോറിയിട്ടിട്ടുണ്ടല്ലോ. അപൂർണ്ണ ചിത്രം ! അജയിന്റെ എല്ലാമെല്ലാമായിരുന്ന വന്ദ്യപിതാവും ഈയിടെയാണ് വേർപിരിഞ്ഞത്. അതും മുരളിയാണല്ലോ എന്നെ അറിയിച്ചത്.

എന്താണ് ഞാൻ അജയിനോട് പറയേണ്ടത് ? എങ്ങിനെയാണ് അജയിനെ അഭിസംബോധന ചെയ്യേണ്ടത് ? ആ രാത്രി ഞാൻ അജയിനെ സമാധാനിപ്പിക്കാൻ ഏതോ ചില പൊള്ളവാക്കുകൾ കടമെടുത്തു !

രാത്രി പിന്നീടെനിക്ക് ശരിയായ ഉറക്കം വന്നില്ല. പിറ്റേന്ന് കാലത്ത് ഞാൻ വീണ്ടും അജയിനെ വിളിച്ചു. ഏറെനേരം സംസാരിച്ചു. യുക്തിബോധത്തിനുമപ്പുറമുള്ള നിയോഗങ്ങളുടെ രക്തസാക്ഷിത്വം വരിച്ച് ജീവിക്കേണ്ടിവരുന്ന ചില ജീവിതങ്ങളുണ്ട് നമ്മുടെ കൺമുന്നിൽ. തെറ്റുകൾ ചെയ്യാതെ ശിക്ഷയനുഭവിക്കേണ്ടിവരുന്ന ജീവിതങ്ങൾ ! അത്ഭുതകരമായ സമസ്യകൾ !! ഒരു ജലദോഷം വന്നാൽ, തലവേദന പിടിപെട്ടാൽ, പനിച്ചാൽ, കാൽമുട്ടു വേദനിച്ചാൽ വയ്യ... എനിക്ക് തീരെ വയ്യ... എന്ന് ആത്മരോദനം കൊള്ളുന്ന വികാരജീവിതങ്ങളെവിടെ. ഒരു ചെറുചലനം പോലും വിലക്കപ്പെട്ടിട്ടും മനസ്സിന്റെ ആർജ്ജവം കൊണ്ടുമാത്രം വിധിയെ വെല്ലുവിളിക്കുന്ന അജയിനെ പോലുള്ള കർമ്മധീരരെവിടെ ? പ്രിയപ്പെട്ട അജയ്, താങ്കളുടെ മനോധൈര്യത്തിനുമുന്നിൽ ഞാൻ തലകുനിക്കുന്നു. മനസ്സിനെ ഒരിക്കലും വിധിക്കുവിട്ടു കൊടുക്കാതിരിക്കുക. അനുഭവങ്ങളും ഓർമ്മകളും കവിതകളായി പിറക്കട്ടെ ! എഴുതാൻ വയ്യെങ്കിലും കമ്പ്യൂട്ടർ തുണയ്ക്കട്ടെ. എന്റെ പ്രാർത്ഥനയിൽ അജയ് എന്നുമുണ്ടാവും. താങ്കൾക്കിഷ്ടമാണെങ്കിൽ താങ്കളുടെ ജീവിതം മുരളി 'ഏക തത്ത്വ'യിൽ വരച്ചിടട്ടെ. മുരളി അജയിനൊരു സാന്ത്വനമാണ് എക്കാലത്തും.

സ്നേഹവാത്സല്യത്തോടെ
മുക്കം ഭാസി, 9846138693

**മറുപടി**

ഒമ്പതുവർഷങ്ങൾക്കുമുമ്പുള്ള ഒരു വിഷുക്കാലത്ത് മാതാപിതാക്കൾക്കും സഹോദരിക്കുമൊപ്പം വിഷുക്കണി കാണാനായി ബാംഗ്ലൂരിൽ നിന്നും വണ്ടികയറി. സേലത്തുവെച്ച് ഒരുകൂട്ടം കള്ളൻമാർ കൈയിലുള്ള പണവും ആഭരണവുമെല്ലാം കവർന്ന് ഓടുന്ന വണ്ടിയിൽ നിന്ന് തള്ളിയിട്ടു. ആ അപകടത്തിൽ നട്ടെല്ലിലെ സുഷുമ്ന നാഡിക്ക് പറ്റിയ ക്ഷതമാണ് അജയിന്റെ ഈ ദുരവസ്ഥയ്ക്ക് കാരണം. എന്നിട്ടും അജയ് വെറുതെ ഇരിക്കുന്നില്ല. ശാസ്ത്ര ജ്ഞന്റെ മനസ്സുമായി പലതും കണ്ടെത്താനുള്ള ശ്രമത്തിലാണ്. നിരവധി കുട്ടികൾക്ക് ട്യൂഷനെടുക്കുന്നു. പാട്ടെഴുതുന്നു, സെമിനാറെടുക്കുന്നു, വെബ് സൈറ്റ് നിർമ്മിച്ചുകൊടുക്കുകയും അതിലെ ഡാറ്റ അപ്ഡേറ്റ് ചെയ്യുകയും ചെയ്യുന്നു. അജയ് എപ്പോഴും തിരക്കിലാണ്. വീട്ടിൽ വരുന്ന ഏവരേയും ചിരിച്ചു വരവേൽക്കുന്ന അജയിനെ ഒരിക്കൽ കണ്ടവർക്ക് മറക്കാനാവില്ല. കഴുത്തിന് കീഴ്പോട്ട് ചലനശേഷി പൂർണ്ണമായും നഷ്ടപ്പെട്ടിരിക്കുന്ന അജയുടെ ചലനശക്തി തിരിച്ചുകിട്ടാൻ വേണ്ടി ഏവരും പ്രാർത്ഥിക്കുക.

# കഥ

മെഡിക്കൽ സയൻസിന്റെ കണ്ടെത്തലുകളെ അത്ഭുതപ്പെടുത്തിക്കൊണ്ട് അവനൊരു ദിവസം എഴുന്നേറ്റ് നടക്കും എന്നുതന്നെയാണെന്റെ വിശ്വാസം.

കത്തിലൂടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ എം. പി. വാസുദേവൻ സാറിനും മുക്കം ഭാസി സാറിനും പിന്നെ പുതിയ വാക്ക് പരിചയപ്പെടുത്തിയ വിജയകുമാരൻ സാറിനും നന്ദി. തുടർന്നും കത്തുകളയക്കുക.

ഇ. ടി. മുരളീധരൻ

## കവിത

# നോക്കും വാക്കും

**ഓമന ചന്ദ്രൻ**
**പെരുങ്ങോട്ടുകുറുശ്ശി**

ഓരോ നോക്കിലും
ഒരായിരം വാക്കുകളുണ്ട്.
ഓരോ വാക്കിലും
ഒരായിരം മുറിവുകളുണ്ട്.
ഓരോ മുറിവിലും
ഒരായിരം കനലെരിയുന്ന
കണ്ണുകളുണ്ട്.
ഓരോ കണ്ണിലും
ഒരായിരം തിരമാലകളുണ്ട്.
ഓരോ തിരമാലയിലും ഒരായിരം
ചിപ്പികളുടെ സ്വപ്നങ്ങളുണ്ട്.
ഓരോ സ്വപ്നത്തിലും
ഒരായിരം പ്രവചനങ്ങളുണ്ട്
ഓരോ പ്രവചനത്തിലും
ഒരായിരം നക്ഷത്രങ്ങളുണ്ട്
ഓരോ നക്ഷത്രത്തിലും
ഒരായിരം നിശബ്ദപ്രണയങ്ങളുണ്ട്
ഓരോ പ്രണയത്തിലും
ഒരായിരം കടന്നൽപ്പൂക്കളുണ്ട്.
പുഴുകുത്തേൽക്കാത്ത
പൂക്കൾ തേടി
നോക്കെത്താദൂരം
നടന്നുപോയവൻ.
മടങ്ങിവരുമെന്നോർത്ത്
കാത്തിരിക്കുമ്പോൾ
ചുട്ടുപൊള്ളുന്ന വാക്കുകൾ
കൊത്തിവിഴുങ്ങിയ കവിത പക്ഷി.
മറ്റാരും കേൾക്കാതെ
തേങ്ങാൻ തുടങ്ങുന്നു.
കരിയിലകളിൽ വീണ തേങ്ങൽ
കാറ്റിലെങ്ങോ പറന്നുപോയി.
കടലിൽ വീണ തേങ്ങൽ
കണ്ണുനീരിൽ അലയടിച്ചു.



അരവിന്ദൻ
9745935385, 0494 – 2682899

# അവാർഡ്

**പ**ത്രത്തിൽ കണ്ട വാർത്ത കൗതുകമുണർത്തി. വാസ്തവം പറയുകയാണെങ്കിൽ കൗതുകമല്ല, അത്ഭുതമാണ് തോന്നിയത്. ഒട്ടും പ്രതീക്ഷിക്കാത്ത സംഭവം. വാർത്തയിൽ ഒരിക്കൽ കൂടെ കണ്ണുകൾ നട്ടു.

ബുദ്ധിജീവിയും സുപ്രസിദ്ധ സാഹിത്യകാരനും സിനിമാ സംവിധായകനും പത്രപ്രവർത്തകനുമായിരുന്ന ഭാഷാപണ്ഡിതൻ നാണുവിന്റെ സ്മരണാർത്ഥം അവാർഡ്... നാണുവിന്റെ ഭാര്യയും ഒരു സംസ്ഥാനതല കലാസാംസ്കാരിക കേന്ദ്രവും കൂടി ഒപ്പിച്ച പണി.

നാണു ബുദ്ധിജീവിയായിരുന്നുവോ ? എഴുത്തുകാരനായിരുന്നോ ? സിനിമാ സംവിധായകനായിരുന്നോ ? പത്രപ്രവർത്തകനായിരുന്നോ ? സ്വയം അടിച്ചിറക്കിയ വീരപരാക്രമ കഥകളിൽ നാണു ഇതെല്ലാമായിരുന്നു എന്നതാണ് ശരി.

ഒരിക്കൽ കണ്ടാൽ, പരിചയപ്പെട്ടാൽ നാണുവിനെ മറക്കാനാവില്ല. ആറടി പൊക്കം. മെലിഞ്ഞ ശരീരം. വെട്ടിയൊതുക്കാത്ത നീണ്ട താടി, കെട്ടിവെച്ച മുടി, കാൽമുട്ടുകൾക്കുതാഴെ വരെ നീണ്ടുകിടക്കുന്ന കാവി ജുബ്ബ. അതിനൊത്ത കനത്ത കരയുള്ള കട്ടികൂടിയ ഖദർ മുണ്ട്. തോളിൽ തൂങ്ങിക്കിടന്നാടുന്ന വീർത്ത സഞ്ചി. അതിൽ ഡയറി, എഴുതാനുള്ള പേഡുകൾ, ക്യാമറ, മൊബൈൽ, മാസികകൾ, പുസ്തകങ്ങൾ...

ഇംഗ്ലീഷും മലയാളവും വെള്ളം പോലെ കൈകാര്യം ചെയ്യും. മറ്റുപല ഭാഷകളും സ്വായത്തമാണെന്ന് ജനം. മാലപ്പടക്കം പോലെയാണത്രെ ഹിന്ദിയും മറാഠിയും കന്നഡയും തമിഴും പൊട്ടിക്കുക.

ആരെയും കുടുക്കുന്ന വാക്ചാതുരി. അതിൽ ലയിച്ച് കുറേക്കാലം ജനം ബോധമറ്റുകിടന്നു. ബോധം തെളിയുന്നതിനുമുമ്പ് നാണു പലതും കാട്ടിക്കൂട്ടി. ആർക്കും അയാളെ പിടിച്ചുകെട്ടാൻ കഴിഞ്ഞില്ല. പിടിക്കാനായുമ്പോഴെല്ലാം അയാൾ വഴുതിയകന്നു.

നാണു ജനിച്ചതും വളർന്നതും വലിയൊരു തറവാട്ടിൽ. പഠിപ്പ് പൂർത്തിയാക്കാനുള്ള ക്ഷമ കാട്ടിയില്ല. അതിനുമുമ്പ് നാടുവിട്ടു. വർഷങ്ങളോളം ഒരുവിവരവുമുണ്ടായിരുന്നില്ല. ഇന്ത്യയൊട്ടാകെ ഒന്നളന്നു നോക്കിയെന്നാണയാളുടെ ഭാഷ്യം. അതിനിടക്ക് പലവേഷങ്ങളും കെട്ടി. ബുദ്ധിജീവിയുടെ, എഴുത്തുകാരന്റെ, സിനിമാസംവിധായകന്റെ, പത്രപ്രവർത്തകന്റെ, ഭാഷാപണ്ഡിതന്റെ... ഒന്നിലും ഉറച്ചുനില്ക്കാനാവാതെ ഒരു സുപ്രഭാതത്തിൽ നാട്ടിൽ തിരിച്ചെത്തി. വീട്ടുകാർ അയാൾക്കൊരു ജോലി തരപ്പെടുത്തി. എങ്ങും പോകാതിരിക്കാനായി ഒരു വിവാഹവും നടത്തിക്കൊടുത്തു. ഒതുങ്ങിയിരുന്ന ശീലമില്ലാത്ത അയാൾ യഥാർത്ഥ നാണുവായി. ദേശാടനത്തിനിറങ്ങിയ സമയത്ത് കെട്ടിയാടിയ പല വേഷങ്ങളും അയാൾ പുറത്തെടുത്തു. ജനം അയാളെ നോക്കി മൂക്കത്ത് വിരൽ വെച്ച് പുച്ഛത്തോടെ ചിരിച്ചു...

ഞാനയാളെ പരിചയപ്പെടുന്നത് തികച്ചും യാദൃശ്ചികമായിട്ടായിരുന്നു. എന്റെ മകൾക്കൊരു ഡെന്റൽ ക്ലിനിക്കൊരുക്കിക്കൊടുക്കാനായി നാട്ടിൽ വന്ന സമയം. അന്യനാട്ടിൽ ജോലി ചെയ്തിരുന്ന എനിക്ക് പരിചയക്കാർ വളരെ കുറവായിരുന്നു.

ഒരുദിവസം നാണു വീട്ടിൽ കയറിവന്നു. എന്നിട്ടൊരു ചോദ്യം : “Will you be kind enough to spare sometimes for me ?” – മലയാളച്ചുവയില്ലാത്ത ഇംഗ്ലീഷ് ! എനിക്കുവേണ്ടി സ്വല്പ സമയം ഒഴിവാക്കാമോ എന്ന ഉപചാരവാക്കുകളോടെ വന്ന അയാളെ സൂക്ഷിച്ചുനോക്കി. തൊഴുതുകൊണ്ടാണ് നിൽപ്പ്. പ്രസന്നമായ മുഖം. ആരെയും വശീകരിക്കുന്ന ഭവ്യത. ബഹുമാനം.

ഞാനയാളെ ഡ്രോയിങ് റൂമിലേക്ക് ക്ഷണിച്ചു. ഡ്രോയിങ് റൂമിൽ തൂക്കിയിട്ട പെയ്ന്റിങ്ങുകളിലും ബുക്ക് ഷെൽഫിലെ തടിച്ച പുസ്തകങ്ങളിലും അയാളുടെ കണ്ണുകൾ സഞ്ചരിക്കുന്നത് ശ്രദ്ധിച്ചു. സോഫാസെറ്റിലിരുന്നുകൊണ്ടയാൾ പറഞ്ഞു:

“പെയ്ന്റിങ്ങുകൾ നന്നായിട്ടുണ്ട്. ബുക് ഷെൽഫിലെ കളക്ഷനും.”

സംസാരം തുടങ്ങാനൊരു പോംവഴി കണ്ടതാവും. മുഖത്തൊരു മന്ദഹാസം വരുത്തി ഞാനന്വേഷിച്ചു : “What can I do for you ?” ഞാനെന്താണ് ചെയ്യേണ്ടത് ?

അയാൾ സാവധാനം മനസ്സിലിരിപ്പ് കെട്ടഴിച്ചു. ഡെന്റൽ ക്ലിനിക്കിന്റെ ഉദ്ഘാടനമല്ലേ ? ഉദ്ഘാടനത്തിന് നല്ല പബ്ലിസിറ്റി കിട്ടേണ്ടത് ആവശ്യമാണ്. എല്ലാ പത്രങ്ങളിലും വിശദമായ വാർത്തയും ഫോട്ടോകളും വരണം. ലോക്കൽ കേബിളിലും നല്ല കവറേജ് കിട്ടണം.

പരസ്യങ്ങളുടെ പ്രാധാന്യം, മാർക്കറ്റിങ്ങ് തട്ടിപ്പുകൾ തുടങ്ങി ഇന്നത്തെ യുഗത്തിന്റെ പ്രത്യേകതകളെക്കുറിച്ചയാൾ പലതും തോണ്ടി പുറത്തിട്ടു. അവസാനം അയാൾ പറഞ്ഞു നിർത്തിയ വാക്കുകൾ ഇന്നും ഓർമ്മയിലുണ്ട്.

“The success of any venture depends on publicity.”

ഞാനയാളോട് ചോദിച്ചു : “നിങ്ങൾ എന്താണ് ഉദ്ദേശിക്കുന്നത്?”

അയാൾ വിവരിച്ചു. ആകർഷകമായ ഒരു റിപ്പോർട്ട് തയ്യാറാക്കണം. ഫോട്ടോകളെടുക്കണം – ക്ലി

നിക്കിന്റെ, ഉദ്ഘാടനച്ചടങ്ങിന്റെ, ഡോക്ടർമാരുടെ, സന്നിഹിതരായ സാമൂഹ്യരാഷ്ട്രീയ നേതാക്കളുടെ... കേബിൾ ടി. വി.ക്കാരുടെ സാന്നിദ്ധ്യവും ഉറപ്പുവരുത്തണം...

ഞാൻ അയാൾ പറഞ്ഞതിനോട് അനുകൂലിച്ചു. "ശരിയാണ്. ഇക്കാലത്ത് എന്തിനും പബ്ലിസിറ്റി ആവശ്യമാണ്. ക്ലിനിക്ക് തുടങ്ങിയ കാര്യം ജനം അറിയണമല്ലോ."

അയാൾ തുടർന്നു. "റിപ്പോർട്ട് വിദഗ്ദ്ധമായി ഞാൻ തയ്യാറാക്കിക്കൊള്ളാം. ഫോട്ടോഗ്രാഫറേയും കേബിൾകാരെയും കൊണ്ട് ഞാൻ രാവിലെ നേരിട്ടവിടെയെത്താം. എല്ലാ പത്രങ്ങളിലും കേബിളിലും നല്ല കവറേജ് വരുത്താൻ എനിക്കൊരു വിഷമവുമില്ല."

മകളുടെ ക്വാളിഫിക്കേഷൻസ്, ജോലിയിലുള്ള പരിചയം തുടങ്ങിയ പല വിവരങ്ങളും അയാൾ ചോദിച്ചറിഞ്ഞു. എല്ലാം അയാൾ പേഡിൽ കുറിച്ചുവെച്ചു. പോകുമ്പോൾ അയാൾ അറിയിച്ചു : "എനിക്ക് നിങ്ങളുമായി നേരത്തെ പരിചയമില്ലെന്നത് ശരിയാണ്. പക്ഷെ നിങ്ങളുടെ ഫാദർ ഇൻ ലോ എന്റെ കുടുംബക്കാരനാണ്. ആ മഹാന്റെ പേരക്കുട്ടിക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിയുന്നതെന്റെ ഭാഗ്യമായി കരുതുന്നു..."

നല്ല മുഹൂർത്തത്തിലാണയാൾ കടന്നുവന്നത്. തിരക്കിനിടയിൽ ഇത്തരം പബ്ലിസിറ്റിയെക്കുറിച്ചോർത്തിരുന്നില്ല. കുറേ നോട്ടീസടിച്ച് വിതരണം ചെയ്തിരുന്നു. പഞ്ചായത്തംഗങ്ങൾ, വില്ലേജ് ഓഫീസർ, നാട്ടിലെ ചില പ്രമുഖർ, എല്ലാ പാർട്ടിയിലേയും ലോക്കൽ നേതാക്കൾ എന്നിവർക്കെല്ലാം ക്ഷണക്കത്തും എത്തിച്ചിരുന്നു. അത്രമാത്രം. ഏതായാലും നാണുവിന്റെ വരവ് സമയത്തിനായി.

ഉൽഘാടന ദിവസം ഏറ്റവും ആദ്യം സ്ഥലത്തെത്തിയത് നാണുതന്നെ. കയ്യിൽ ക്യാമറയുമായാണ് നിൽപ്പ്. വീഡിയോ ക്യാമറയുമായി നാണുവിനോടൊപ്പം നിൽക്കുന്നത് ലോക്കൽ ചാനൽക്കാരനാകാമെന്ന് മനസ്സിലാക്കാൻ വിഷമമില്ല. നെയിം ബോർഡ് തൊട്ട് എല്ലായിടങ്ങളിലും അവരുടെ ക്യാമറകൾ സഞ്ചരിച്ചുകൊണ്ടിരുന്നു. ചടങ്ങുകൾക്കുപുറമെ എന്റെയും മകളുടേയും പല പോസുകളിലുമുള്ള ഫോട്ടോകളും എടുത്തു. ഞങ്ങൾക്ക് സന്തോഷം. എല്ലാം ഭംഗിയായി നിർവ്വഹിച്ചതിന് നാണുവിനോട് പ്രത്യേകം നന്ദി പറഞ്ഞു. യാത്ര പറഞ്ഞ് പിരിയുമ്പോൾ നാണു എന്നെ പുറത്തേക്ക് വിളിച്ചു. ശബ്ദം താഴ്ത്തി അ യാൾ പറഞ്ഞു : എടുത്ത ഫോട്ടോകൾ ഡവലപ് ചെയ്ത് കോപ്പികൾ എടുക്കണം. എല്ലാ പത്രങ്ങൾക്കും ഇന്നുതന്നെ അയക്കണം. 15 പത്രങ്ങളുണ്ട്. റിപ്പോർട്ട് വിശദമായി തയ്യാറാക്കിയിട്ടുണ്ട്. മാത്രമല്ല ലോക്കൽ ടി. വി.ക്കാർ എന്റെ നിർബന്ധം കാരണം പല പരിപാടികളും മുടക്കി വന്നതാണ്.

"ശരി. എല്ലാറ്റിനും കൂടി എത്ര പണം വേണം ?"

" തല്ക്കാലം 2500 ക. തരൂ. കണക്കൊക്കെ നമുക്ക് പിന്നീട് പറയാം. ജാസ്തിയുണ്ടെങ്കിൽ തിരിച്ചു തരാം."

ഒന്നും ആലോചിച്ചില്ല. പണം കൊടുത്തു. അപ്പോൾ ഒന്നു മാത്രം പറഞ്ഞു. "എല്ലാ ഫോട്ടോയുടേയും ഓരോ കോപ്പികൾ എനിക്കുതരണം."

"അതുപിന്നെ പറയാനുണ്ടോ..."

അയാൾ കേബിൾക്കാരൻ പയ്യന്റെ മോട്ടോർ ബൈക്കിൽ കയറുമ്പോൾ ചോദിച്ചു: "പത്രങ്ങളിൽ നാളെത്തന്നെ റിപ്പോർട്ട് വരുമോ?" അയാൾ ചിരിച്ചു.

"Definitely. Don't Worry."

പിറ്റേന്ന് രാവിലെ വീട്ടിൽ വരുന്ന പത്രങ്ങൾ അരിച്ചുപെറുക്കി. റിപ്പോർട്ട് വന്നിട്ടുണ്ടോ ? ഫോട്ടോകൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ടോ ? ഇല്ല. കണ്ടില്ല. വീണ്ടും വീണ്ടും പരതിനോക്കി. ഒരു ചെറിയ ന്യൂസായിട്ടു പോലും വന്നിട്ടില്ല. ഭാര്യയോട് വിളിച്ചുപറഞ്ഞു: "ഞാനൊന്ന് അങ്ങാടി വരെ പോയി വരാം. മറ്റേതെങ്കിലും പത്രത്തിൽ വന്നിട്ടുണ്ടോ എന്നുനോക്കട്ടെ." അങ്ങാടിയിൽ ലഭിക്കുന്ന എല്ലാ പത്രങ്ങളിലൂടെയും കണ്ണോടിച്ചു. ഒരുവരി പോലും ഒരു പത്രത്തിലും വന്നിട്ടില്ല.

തിരിച്ചുനടക്കുമ്പോൾ സ്വയം സമാധാനം കണ്ടെത്താൻ ശ്രമിച്ചു. റിപ്പോർട്ടയക്കാൻ വൈകിക്കാണും. അതവിടെ കിട്ടുന്നതിനുമുമ്പ് പത്രം പ്രിന്റിങ്ങിനുപോയിരിക്കാം. നാളെ വരാതിരിക്കില്ല. അയാൾ നാണുവിനെ വിളിച്ചന്വേഷിച്ചു.

"എന്താ ഇന്ന് പത്രത്തിൽ ഒരു ന്യൂസും വന്നില്ലല്ലോ ?"

"ഇന്നലെ ഫോട്ടോയുടെ കോപ്പികൾ കിട്ടാൻ വൈകി. എല്ലാം നാളെ വരും."

"നാളെ വരുമെന്നതുറപ്പാണോ ?" അയാൾ മറുപടി പറഞ്ഞില്ല. ഫോൺ നിശ്ചലമായത് ലൈനിലെ തകരാറുകൊണ്ടാവാമെന്ന് കരുതി.

പിറ്റേന്നും വ്യത്യസ്തമായിരുന്നില്ല സ്ഥിതി. ഒരു ചെറിയ ന്യൂസ് പോലും പത്രങ്ങളിൽ കണ്ടില്ല. വിവരമന്വേഷിക്കാൻ നാണുവിനെ കിട്ടണ്ടേ ? അയാൾ ഒളിച്ചുകളിച്ചു. ഏതാനും ദിവസങ്ങൾക്കുശേഷം അങ്ങാടിയിൽ വെച്ചയാളെ പിടികൂടി. അയാൾ കുതറിയോടി ബസ്സിലേക്ക് ചാടിക്കയറി. അങ്ങിനെ വിട്ടാൽ പറ്റില്ലല്ലോ. ഞാനും അയാളോടൊപ്പം ബസ്സിൽ കയറി. കാർക്കശ്യത്തോടെ ചോദിച്ചു: "തന്റെ റിപ്പോർട്ടിതുവരെയും പത്രങ്ങളിൽ വന്നില്ലല്ലോ. ഇത്രയും ദിവസങ്ങൾ കഴിഞ്ഞ സ്ഥിതിക്ക് ഇനി വരുകയുമില്ല. അന്നെടുത്ത ഫോട്ടോകളെങ്കിലും തന്നാൽ മതി."

"I am really sorry. ക്യാമറയുടെ തകരാറുമൂലം ഒറ്റ ഫോട്ടോ പോലും ശരിക്ക് കിട്ടിയില്ല."

"ലോക്കൽ ചാനലിലും കവറേജ് വന്നില്ലല്ലോ. അവരുടെ ക്യാമറയും കേടായിരുന്നോ ?"

അയാൾ നിന്നുപരുങ്ങി. ഞാൻ കർശനമായി പറഞ്ഞു : "ഒന്നുകിൽ ഫോട്ടോ അല്ലെങ്കിൽ വാങ്ങിയ പണം."

അയാൾ വളരെ നിസ്സാരമായി ചിരിച്ചു. "പണം ചെലവായിപ്പോയില്ലേ മാഷേ."

അയാൾ ബസ്സിൽ നിന്ന് ചാടിയിറങ്ങിയോടി. നാണു തന്നെ കബളിപ്പിക്കുകയായിരുന്നു. ഭംഗിയുള്ള, കേടുള്ള ക്യാമറകളുമായി അയാൾ നടത്തിയ കപടനാടകങ്ങൾ നാട്ടിൽ പാട്ടാണെന്ന് പിന്നീടറിഞ്ഞു. പറ്റിക്കലായിരുന്നത്രെ അയാളുടെ സ്ഥിരം തൊഴിൽ. ചില്ലറക്കാശിന് കൂലിക്ക് വരുന്നവനാണ് ടി. വി. ക്കാരൻ. ഒക്കെ അയാളുടെ നാണമില്ലാത്ത അഴിഞ്ഞാട്ടങ്ങൾ.

ഇതിലും രസകരമായ തട്ടിപ്പുകൾ അയാൾ നടത്തിയിട്ടുണ്ടത്രെ. വാചകമടികൊണ്ട് വശീകരിക്കാനുള്ള അയാളുടെ ശേഷി ആരെയും അമ്പരപ്പിക്കും. അയാൾ നേരം പുലരുന്നതിനുമുമ്പ് വീട്ടിൽ നിന്നിറങ്ങുന്നു. ചായയും ഊണും ആരെയെങ്കി

# കഥ

ലും വലയിട്ടകത്താക്കും. പല അഭിനയങ്ങളും കാട്ടി പണം കൈക്കലാക്കും. നാടൻ ചാരായക്കടയിൽ കുടിച്ചവശനായിക്കിടക്കും. വല്ലപ്പോഴും വീട്ടിൽ ചെന്നുകയറും. അയാളെ സഹിക്കാനാകാത്ത ഭാര്യ അവരുടെ വീട്ടിലേക്ക് താമസം മാറ്റിയിരുന്നു. സ്വന്തം വീട്ടുകാരെല്ലാം അയാളെ അകറ്റിനിർത്തി. എല്ലാവർക്കും അയാളെ പുച്ഛമായിരുന്നു. വെറുപ്പായിരുന്നു.

ഈയിടെ കേട്ട തട്ടിപ്പിന്റെ കഥ ഓർമ്മയിൽ തെളിഞ്ഞു. എവിടെയൊക്കെയോ ചുറ്റിക്കറങ്ങി അന്യസംസ്ഥാനത്തിൽ നിന്നുവന്ന ഡീലക്സ് ബസ്സിൽ നിന്ന് നാണു ടൗണിൽ ഇറങ്ങി. നേരേ പോയത് ടൗണിലെ ഏറ്റവും നല്ല ഹോട്ടലിലേക്കായിരുന്നു. അവിടെ ചെന്നപാടെ അയാൾ റിസപ്ഷനിൽ ചെന്നുചോദിച്ചു.

“ഒരു പത്തമ്പതുപേർക്ക് ഡിന്നർ വേണം. ഉണ്ടാവില്ലേ ?”

“ഉണ്ടാവൂലോ. ആരാ ഈ നേരം വൈകിയ സമയത്ത് ഒന്നിച്ചു വരുന്നത്.?”

“ഒരു ഫിലിം പ്രൊഡക്ഷന്റെ ആൾക്കാരാണ്. ലൊക്കേഷൻ ഷൂട്ടിങ്ങ് കഴിഞ്ഞ് വരികയാ. എന്നോട് ഭക്ഷണത്തിന്റെ അറേയ്ഞ്ച്മെന്റ് ചെയ്യാൻ നേരത്തേ വിട്ടതാ.”

“സന്തോഷം. അവർ എപ്പോഴേക്കെത്തും ?”

“അരമണിക്കൂറിനുള്ളിൽ. ഡിന്നർ ഉഗ്രനായിരിക്കണം. നായകനും നായികയും സംവിധായകനും നിർമ്മാതാവും ഒക്കെയുണ്ട്.‘

“അതിനെന്താ. എല്ലാം വൃത്തിയായി, ഭംഗിയായി നൽകാമല്ലോ.”

“അവർ വരുമ്പോഴേക്ക് ഞാൻ ഭക്ഷണം കഴിച്ചാലോ? ആകെ ക്ഷീണിച്ചിരിക്കുന്നു. നല്ല വിശപ്പുണ്ട്.”

“അതിനെന്താ ? കഴിച്ചോളൂ...”

ഡൈനിങ്ങ് ഹാളിൽ ചെന്ന് നല്ലവണ്ണം തട്ടി. ഭക്ഷണത്തിനു പുറമെ, അത് വേഗം ദഹിക്കാനുതകുന്നതും കൂടെ കഴിച്ചപ്പോൾ അയാൾക്ക് ജീവൻ വന്നു. അയാൾ കൈകഴുകി പുറത്തുകടന്ന് വാച്ചിൽ നോക്കി. ബസ് വന്നെത്താത്തതിന്റെ ഉൽക്കണ്ഠയും വേവലാതിയും മുഖത്ത് വരുത്തി... അയാൾ റിസപ്ഷനിസ്റ്റിന്റെ അടുത്തെത്തി.

“ബസ്സെത്തുമ്പോഴേക്ക് ഞാനൊരു പാൻ കഴിച്ചുവരാം. ഭക്ഷണത്തിന്റെ ബില്ല് ഒന്നിച്ച് തന്നാൽ മതിയല്ലോ ?”

“മതി മതി. പോയ് വരൂ...”

റിസപ്ഷനിസ്റ്റിന്റെ കണ്ണെത്താത്തിടത്തെത്തിയപ്പോൾ അയാൾ തടി രക്ഷപ്പെടുത്തി. ഹോട്ടൽകാർ അമ്പതുപേരേയും കാത്ത് രാത്രി പാതിരവരെ ഇരുന്നെന്നാണ് കഥ.

ഇങ്ങിനെ എത്രയോ കഥകൾ നാണുവിനെക്കുറിച്ച് കേട്ടിട്ടുണ്ട്. സിനിമക്കുവേണ്ടി നടീനടന്മാരെ റിക്രൂട്ട് ചെയ്ത് മദ്രാസിൽ കൊണ്ടുപോയി ചതിച്ച കഥകൾ. പ്രൊഫഷണൽ നാടകങ്ങൾക്ക് വേണ്ടി അഡ്വാൻസ് വാങ്ങിച്ച് മുങ്ങിയ കഥകൾ... സൃഷ്ടികൾ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിപ്പിക്കാമെന്നേറ്റ് പണം പറ്റിച്ച കഥകൾ... ജോലിയാക്കാനായി കൊണ്ടുപോയവരെ റെയിൽവേ സ്റ്റേഷനിൽ വിട്ടോടിയ കഥകൾ...

അത്തരമൊരാഭാസനെ സ്മരിക്കാനാണ് സംസ്ഥാനതല സ്വാധീനമുള്ള സംഘടന അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്. സംഘടനയ്ക്ക് ഭാര്യ വീട്ടുകാർ നല്ലൊരു സംഖ്യ സംഭാവനയായി കൊടുത്തിട്ടുണ്ടാവും. അവാർഡ് തുക അവർ തന്നെയാവും ഓരോ വർഷവും കൊടുക്കുന്നതും. പണമുണ്ടെങ്കിൽ ആരേയും എന്തുമാക്കാൻ കഴിയുമെന്നതിനൊരുത്തമോദാഹരണം ! പത്രം ചുരുട്ടിക്കൂട്ടി താഴേക്കിട്ടയാൾ പൊട്ടിച്ചിരിച്ചു. അവാർഡ് ജേതാക്കളും ഇത്തരക്കാരാവരുതെ എന്നയാൾ പ്രാർത്ഥിച്ചു. ●


## വൈവാഹികം

| | | | | | |
|---|---|---|---|---|---|
| ശു | | ല മാ | | സ | മാ സ |
| | | 20.1.1982. 1.30 pm<br>അനിഴം<br>(ശുദ്ധജാതകം)<br>നായർ യുവാവ്<br>(ജോലി: സ്വന്തം) | | * | കു |
| | ര ശു ബു | | | | ബു |
| ല ശി | ശി | ച | ഗു | മ കു | |
| | | | ച | മ | |

ശിഷ്ടദശ ശനി 5 വർഷം 6 മാസം 6 ദിവസം
ഭരണി, മകീരം, പൂയ്യം. അവിട്ടം, അനിഴം, പൂരം, പൂരാടം,ഉത്രട്ടാതി ചിത്തിര ഇവ ചേരില്ല

CONTACT : 9387263885 (PALAKKAD)


# പാചകം




ജയ ബാലചന്ദ്രൻ
09895659050


## കുമ്പളങ്ങ , ക്യാരറ്റ് പച്ചടി

### ആവശ്യമുള്ള സാധനങ്ങൾ

1) കുമ്പളങ്ങ ഒരു ചെറിയ കഷ്ണം
2) ക്യാരറ്റ് - 1 ചെറുത്
3) മാങ്ങ - 1 ചെറുത്
4) നാളികേരം - 1 മുറി (ചെറുത്)
5) കടുക് - 2 സ്പൂൺ
6) പച്ചമുളക് - 3 എണ്ണം
7) തൈര് - 4 സ്പൂൺ
8) ഉപ്പ് - ആവശ്യത്തിന്
9) വറ്റൽ മുളക് - 2 എണ്ണം
(മോരിൽ ഇട്ട മുളകായാലും നന്ന്)
10) കറുവേപ്പില - 1 കൊത്ത്
11) മല്ലി ഇല - കുറച്ച്

### തയ്യാറാക്കുന്ന വിധം

പച്ച കുമ്പളങ്ങ, ക്യാരറ്റ് (വെള്ളരിയ്ക്ക) പച്ച മാങ്ങ ഇവ വളരെ ചെറുചെറുതായി മുറിച്ച് ഉപ്പും ചേർത്ത് വെയ്ക്കുക. ചുരണ്ടിയ തേങ്ങ, പച്ചമുളക്, 1 സ്പൂൺ കടുക്, തൈര് ഇവ ചേർത്ത് അരയ്ക്കുക. ഈ കൂട്ട് മുറിച്ച് വെച്ച കഷ്ണങ്ങളിലേയ്ക്ക് ചേർക്കുക. ഇതിലേക്ക് 1 സ്പൂൺ വെളിച്ചെണ്ണയിൽ 1 സ്പൂൺ കടുക് പൊട്ടിച്ച് വറ്റൽമുളകും, കറുവേപ്പിലയും ഇട്ട് വറുത്ത് തയ്യാറാക്കിയ കറിയിലേക്ക് ചേർക്കുക. പൊടി ആയി അരിഞ്ഞ മല്ലി ഇലയും ചേർത്ത് നന്നായ് ഇളക്കുക. (കടുക് വറുത്തിടാതെയും ഇത് ഉപയോഗിക്കാം). സ്വാദിഷ്ഠവും ആരോഗ്യകരവുമായ അടുപ്പിൽ വയ്ക്കാത്ത പച്ചടി തയ്യാർ.

## ദൈവനാമത്തിൽ

ഇതിനെല്ലാം കാരണം എന്നതാണ് സത്യം. കലി (ദജ്ജാൽ) എന്ന ഭീകരൻ മനുഷ്യമനസ്സിനെ കൈകാര്യം ചെയ്യുന്നു. ദൈവത്തോട് കൂടുതൽ അടുത്തുകൊണ്ടിരുന്നാലെ അവനിൽ നിന്നും മോചനം ലഭിക്കുകയുള്ളു.

ഒരു കുഞ്ഞിന്റെ ഏറ്റവും നല്ല ഗുരുനാഥമാതാവാണ്. മക്കളുടെ സ്വഭാവരൂപീകരണവും, വ്യക്തിത്വവികാസവും മാതാപിതാക്കളിലൂടെ കരഗതമാവുന്നു. അമ്മയാണ് അതിൽ പ്രഥമസ്ഥാനം വഹിയ്ക്കുന്നത് എന്ന് എല്ലാവർക്കും അറിയാവുന്ന സത്യമാണ്. അമ്മമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

# കഥ

# അത്യാഹിതം

**സതീഷ് മാമ്പ്ര**
**9495509223**

**നി**രത്തിലൂടെ സൈറൺ മുഴക്കി അതിവേഗത്തിൽ കടന്നുപോകുന്ന ആംബുലൻസിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് അച്ഛനോടൊപ്പം ബൈക്കിൽ സഞ്ചരിക്കുന്ന മകൻ ചോദിച്ചു, ''അച്ഛാ, ആ വണ്ടിയെന്തിനാ ഇങ്ങനെ ഒച്ചയെടുത്തുകൊണ്ട് കുതിച്ചുപായുന്നത് ?''

''അതോ... അത്യാഹിതം സംഭവിച്ചവരുടെ ജീവൻ രക്ഷിക്കാൻ തൊട്ടടുത്തുള്ള മികച്ച ഹോസ്പിറ്റലിലേക്ക് കൊണ്ടു പോകുന്നതാ... മറ്റ് വാഹനങ്ങൾ ആ വണ്ടിയ്ക്ക് വഴിമാറി കൊടുത്ത് ഒരു ജീവൻ രക്ഷിക്കാൻ സഹായിക്കുന്നതിനുവേണ്ടിയാണ് ആ സൂചനാ ശബ്ദം.''

അച്ഛന്റെ മറുപടി മകന് തൃപ്തികരമായതുകൊണ്ടാണെന്നു തോന്നുന്നു മകൻ പിന്നെ ഒന്നും ചോദിച്ചില്ല. അവരങ്ങനെ യാത്ര തുടരുന്നതിനിടയിൽ ആംബുലൻസും പോലീസ് വണ്ടികളും അവയ്ക്കിടയിൽ കൊടിവച്ച ആഢംബരക്കാറുകളുമായി ലൈറ്റിട്ട് സൈറൺ മുഴക്കി കടന്നുപോകുന്ന വാഹനവ്യൂഹം കണ്ടപ്പോൾ കുട്ടി കൗതുകത്തോടുകൂടി ചോദിച്ചു, ''ഇത് എന്തോ വലിയ അപകടമായിരിക്കും അല്ലേ അച്ഛാ...?''

''അതെ മോനെ; ജനങ്ങൾക്ക് പറ്റിയ വലിയൊരബദ്ധം അഥവാ അത്യാഹിതത്തിന്റെ അടയാളമാണ്.''

**ഏക തത്ത്വയിലേയ്ക്ക് മികവുറ്റ സൃഷ്ടികൾ അയച്ചുതരിക.**

**വരിസംഖ്യ എടുത്തും വരിസംഖ്യ യഥാസമയം പുതുക്കിയും സഹകരിക്കുക**

**പരസ്യങ്ങളും നല്കാം!**



**മുഹമ്മദ് കനി 9605604406**

# അമ്മ എന്ന അമൂല്യനിധി

**കു**ടുംബം ഒരു സ്വർഗ്ഗമാക്കി മാറ്റുന്നതിൽ ഏറ്റവും വലിയ പങ്ക് സ്ത്രീകളിൽ നിക്ഷിപ്തമാണ്. "താൻ കൊടും വെയിൽ കൊണ്ടിട്ടു തണലേകുന്നു തൈമരം" എന്ന കവിവാക്യം അക്ഷരാർത്ഥത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് 'അമ്മ' എന്ന തുല്യതയില്ലാത്ത സ്നേഹത്തിന്റെ ഉറവിടത്തിലാണ്.

ഏതാനും ദിവസം മുമ്പ് ടെലിവിഷനിലൂടെ ഒരു കാഴ്ച കണ്ടു. ആരുടേയും മനസ്സിൽ മുറിപ്പാടുണ്ടാക്കത്തക്ക വിധത്തിലുള്ള കാഴ്ചയായിരുന്നു അത്. ഒളിഞ്ഞുനിന്നുകൊണ്ട് ആരോ ക്യാമറയിൽ പകർത്തിയ ഒരു ക്രൂരതയുടെ ദൃശ്യം. വരുമാനമാർഗ്ഗം തേടി വിദേശത്തേക്കുപോയ മകന്റെ ഭാര്യയുടെ ആശ്രിതത്തിൽ കഴിയുന്ന വൃദ്ധമാതാവിനെ ഒരു ദയാദാക്ഷിണ്യവുമില്ലാതെ മരുമകൾ ഉപദ്രവിക്കുന്നു. പിന്നീട് കണ്ടത് ഒരു കയ്യിൽ ബാന്റേജ് ഇട്ടുകൊണ്ടും ശരീരമാകെ വേദന കാരണം ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന കാഴ്ചയാണ്. അപ്പോഴും ആ അമ്മ പറയുന്നത് മരുമകൾ എന്നെ ഉപദ്രവിച്ചിട്ടില്ല എന്നായിരുന്നു. വീണ്ടും മരുമകളുടെ ആശ്രിതത്തിൽ കഴിയേണ്ടിവരുമെന്ന ഭയം കൊണ്ടാവാം ആ മാതാവ് അങ്ങിനെ പറഞ്ഞത് എന്നൂഹിക്കുന്നു. ഇതേപോലെ എത്രയെത്ര വൃദ്ധജനങ്ങൾ ഉപദ്രവം സഹിക്കുന്നുണ്ടാവും എന്ന് പറയുവാൻ സാധ്യമല്ലല്ലോ. ബന്ധങ്ങളുടെ വിലയറിയാത്തതും ഈശ്വരൻ കുറ്റവാളികളെ കഠിനമായി ശിക്ഷിയ്ക്കുന്നവനാണ് എന്ന വിശ്വാസമില്ലായ്മയുമാണ്

ഇന്ത്യ ആദരിയ്ക്കുന്ന വ്യക്തിത്വത്തിന്റെ ഉടമയും ഭൂദാനപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവുമായിരുന്ന ആചാര്യ വിനോബാഭാവെ തന്റെ ജീവിതത്തെത്തന്നെ മാറ്റിമറിച്ച ചെറുപ്പകാലത്തു നടന്ന ഒരു സംഭവത്തെക്കുറിച്ച് തന്റെ ജീവചരിത്രത്തിൽ ഇങ്ങിനെ രേഖപ്പെടുത്തിയിരിക്കുന്നു.

ഒരിക്കൽ ഒരു സ്ത്രീയും എന്റെ പ്രായത്തിലുള്ള അവരുടെ മകനും കൂടി വീട്ടിലേക്കുവന്നു. ആഹാരം ആവശ്യപ്പെട്ടുകൊണ്ടുവന്നതായിരിക്കുമെന്ന് ഞങ്ങൾ കരുതി. ഞങ്ങൾക്ക് ആഹാരം വേണ്ട എനിയ്ക്ക് ധരിയ്ക്കുവാൻ ഒരു സാരി കിട്ടിയാൽ കൊള്ളാമായിരുന്നു എന്നാണവർ പറഞ്ഞത്. ഉടൻ തന്നെ അമ്മ എന്നോട് പറഞ്ഞു, മോനെ പെട്ടിയിൽ ഒരു നീല സാരി മടക്കി വച്ചിട്ടുണ്ട്. അതെടുത്ത് കൊണ്ടുവന്ന് അവർക്ക് കൊടുക്ക്. ഞാൻ ചെന്ന് നീല സാരിക്കു പകരം ഒരു ചുവന്ന സാരിയാണ് അവർക്ക് കൊണ്ടുവന്ന് കൊടുത്തത്. അത് വാങ്ങിക്കൊണ്ട് സന്തോഷത്തോടെ അവർ പോവുകയും ചെയ്തു. അന്ന് രാത്രി ഉറങ്ങാൻ നേരത്ത് സ്നേഹത്തോടെ എന്നെ തലോടിക്കൊണ്ട് അമ്മ ചോദിച്ചു, മോനെ ഞാനവർക്ക് നീല സാരിയല്ലേ കൊടുക്കുവാൻ പറഞ്ഞത്. മോനെന്താ ചുവന്ന സാരി കൊണ്ടുവന്ന് കൊടുത്തത്. അമ്മേ ആ നീല സാരി പുതിയതല്ലേ ! അമ്മ ഇതേവരെ അത് ധരിച്ചിട്ടുമില്ല. എന്റെ അമ്മ പുതിയ സാരിയുടുത്തുകാണുവാൻ ഞാനാഗ്രഹി

ച്ചതുകൊണ്ടാണ് അവർക്ക് കൊടുക്കാതിരുന്നത്. അപ്പോൾ അമ്മ പറഞ്ഞതിങ്ങനെയായിരുന്നു. മോനെ, മോനെപ്പോലൊരു മകൻ അവർക്കുമുണ്ടല്ലോ. അവന്റെ അമ്മ പുതിയ സാരിയുടുത്തു കാണുവാൻ അവന്നും ആഗ്രഹമുണ്ടാവുമല്ലോ. അതുകൊണ്ടാണ് മോനെ ഞാൻ നീല സാരി കൊടുക്കുവാൻ പറഞ്ഞത്. അമ്മയുടെ ഈ വാക്കുകൾ നന്നേ ചെറുപ്പമായ ആചാര്യന്റെ മനസ്സിൽ ചെലുത്തിയ സ്വാധീനം അദ്ദേഹത്തെ ഒരു മഹാനാക്കി മാറ്റിയെങ്കിൽ അമ്മ എന്ന അമൂല്യനിധിയ്ക്ക് നാം നൽകേണ്ടുന്ന സ്ഥാനം എന്തായിരിക്കണം എന്ന് ദൈവനാമത്തിൽ നമുക്ക് വിശകലനം ചെയ്യാം.

മനുഷ്യവർഗ്ഗത്തിന്റെ നിലനിൽപ്പിൽ പ്രഥമസ്ഥാനം സ്ത്രീകൾക്കാണ് ദൈവം നൽകിയിരിക്കുന്നത്. അമ്മ എന്ന അമൂല്യനിധിയുടെ ഗർഭാശയത്തിൽ വച്ച് പത്തുമാസം കൊണ്ട് രൂപപ്പെടുത്തി സൃഷ്ടിച്ച് മണ്ണിലേക്ക് കൊണ്ടുവന്നവൻ 'പരിശുദ്ധനായ' ദൈവമല്ലാതെ മറ്റാരുമല്ല. ആ മഹാനായ ദൈവം പറയുന്നു 'മാതാവിന്റെ കാൽക്കീഴിലാണ് സ്വർഗ്ഗം.' എന്ന്. ചെറുപ്പത്തിൽ അവർ നമ്മെ പോറ്റിവളർത്തിയതുപോലെ മാത്രമല്ല അതിലുപരി നാമവരെ പരിചരിയ്ക്കേണ്ടതുണ്ട്, സ്നേഹിക്കേണ്ടതുണ്ട്. എന്നാൽ നാമവരെ ഉചിതമായ വിധത്തിൽ സംരക്ഷിയ്ക്കുന്നുണ്ടോ ? അവർ നമ്മുടെ ആശ്രിതത്തിൽ വരുന്നത് ഒരു ഭാഗ്യമായിക്കരുതി നാമവരെ ബഹുമാനിയ്ക്കുകയും സ്നേഹിക്കുകയും, പരിചരിക്കുകയും വേണം. അല്ലെങ്കിൽ അത് ഒരിക്കലും നികത്താനാവാത്ത നഷ്ടമായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. മരണാനന്തരം ദൈവസന്നിധിയിൽ ഹാജരാവുമ്പോൾ മാത്രമല്ല മരണത്തിനു മുമ്പുതന്നെ നാം അതിന്നുള്ള ശിക്ഷയനുഭവിയ്ക്കേണ്ടിവരുമെന്ന കാര്യത്തിൽ തർക്കമില്ല.

മരുഭൂമി കത്തുന്ന ഉച്ചസമയം. നബിതിരുമേനിയുടെ ഭവനത്തിൽ ആരോ വന്ന് പതിഞ്ഞ സ്വരത്തിൽ വാതിലിൽ മുട്ടുന്നു. രണ്ടു പെൺകുട്ടികളുടേയും ചൂണ്ടുവിരൽ പിടിച്ചുകണ്ട് ഒരു മാതാവ് ഉമ്മറപ്പടിയുടെ മുന്നിൽ നിന്ന് അല്പം മാറിനിന്നു. സൂര്യന്റെ അഗ്നിശരങ്ങൾ പതിച്ച് കരുവാളിച്ച മുഖങ്ങൾ വിശപ്പിന്റെ കാഠിന്യത്താൽ പുഞ്ചിരി വറ്റിപ്പോയ പിഞ്ചുമകളുടെ ഇടറിയ ചുണ്ടുകൾ. പട്ടിണി കൊണ്ടുവലഞ്ഞ കുഞ്ഞോമനകൾക്ക് എന്തെങ്കിലും തിന്നാൻ കൊടുക്കാൻ കഴിയാത്ത മാതാവിന്റെ ആകുലത നിറഞ്ഞ മുഖം. ഒട്ടിയ കവിളുകളിൽ ജീവിത പ്രാരാബ്ധത്തിന്റെ നികത്താനാവാത്ത കുഴികൾ. നബി പത്നി ആയിഷ വാതിൽ തുറന്നപ്പോൾ കുഞ്ഞുമക്കളുടെ കണ്ണുകളിൽ പ്രതീക്ഷയുടെ തിളക്കം. അമ്പിളിക്കീറിന്റെ ചന്തമുള്ള കവിളുകളിൽ പട്ടിണിയുടെ കാർമുഖിൽ വിഷാദം. ആയിഷയുടെ മനസ്സ് ഒന്ന് പിടഞ്ഞു. പ്രവാചക ഭവനത്തിൽ ഒഴിഞ്ഞ ഭക്ഷണപാത്രങ്ങൾ. ആയിഷയുടെ കൈയിൽ ആകെയുള്ളത് ഐച്ഛിക നോമ്പ് മുറിയ്ക്കാൻ കരുതിവെച്ച ഒരു ചുള കാരക്ക മാത്രം. കഴിയ്ക്കുന്നതിനേക്കാൾ കൊടുക്കുന്നതിന്നുള്ള പരിശീലനമാണല്ലോ നോമ്പ്. കാത്തുവച്ച ആ കാരക്ക ആയിഷ് ആ മാതാവിന്റെ കൈയിൽ വച്ചുകൊടുത്തു. അമ്മക്കിളിയുടെ ചുണ്ടിൽ പ്രതീക്ഷയോടെ നോക്കുന്ന കുഞ്ഞിക്കിളികളെപ്പോലെ ആ മക്കൾ അമ്മയെ നോക്കി. ആ മാതാവിനാകട്ടെ ഒന്നല്ല ഒരു കുല ഈത്തപ്പഴം കഴിച്ചാലും തീരാത്തത്ര വിശപ്പുണ്ട്. ആയിഷ കണ്ണെടുക്കാതെ ആ മാതാവിനെ നോക്കിക്കൊണ്ടിരുന്നു. വാത്സല്യനിധിയായ ആ മാതാവ് കാരക്കയെ രണ്ടാക്കി പകുത്തു. കുഞ്ഞോമനകളുടെ ചുണ്ടുകളിൽ ഉത്സാഹത്തോടെ വച്ചുകൊടുത്തു. കുഞ്ഞിളം ചുണ്ടുകളിൽ മാധുര്യത്തിന്റെ പുഞ്ചിരി വിടർന്നു. അമ്മയുടെ നെഞ്ചകത്തുനിന്ന് ആത്മസംതൃപ്തിയുടെ ചുടുനിശ്വാസമുയർന്നു. ആയിഷയുടെ മനസ്സിൽ ആ മാതൃവാത്സല്യത്തിന്റെ സ്നേഹതന്ത്രികൾ വീണമീട്ടി. അമ്മയും മക്കളും സന്തോഷത്തോടെ മടങ്ങി.

മരുഭൂമിയിലെ സൂര്യൻ പടിഞ്ഞാറൻ ചക്രവാളത്തിലേക്ക് മെല്ലെ നീങ്ങി. പ്രവാചകതിരുമേനി തന്റെ ഭവനത്തിലേക്കും. ആയിഷ തന്റെ ഹൃദയത്തിൽ നിറഞ്ഞുനിന്ന ആ മാതൃസ്നേഹത്തിന്റെ വൈകാരികഭാവം പ്രവാചകനിലേക്ക് പകർന്നു. സംഭവം ആദ്യാവസാനം കേട്ടുകഴിഞ്ഞപ്പോൾ പ്രവാചക നേത്രങ്ങളിൽ അശ്രുകണങ്ങൾ നിറഞ്ഞു. വിതുമ്പുന്ന ചുണ്ടുകളോടെ പ്രവാചകൻ പറഞ്ഞു 'അതാണ് ആയിഷാ മാതൃഹൃദയം. പടച്ചവൻ (ഈശ്വരൻ) ഭൂമിയിൽ സൃഷ്ടിച്ച കാരുണ്യത്തിന്റെ പുണ്യസാഗരം.'

'അമ്മ'. ഭൂമിയിലെ ഒരു നിഘണ്ടുവിനും അർത്ഥം പറയാൻ കഴിയാത്ത മഹാത്ഭുത നാമം. ഒരു സാമൂഹിക ശാസ്ത്രജ്ഞനും ആ സൃഷ്ടിവൈഭവത്തെ നിർവ്വചിക്കാൻ കഴിയില്ല. മനുഷ്യൻ കണ്ടുപിടിച്ച ഒരു ഉപകരണത്തിനും മാതൃമനസ്സിന്റെ കരുണാർദ്രഭാവത്തെ അളക്കാൻ കഴിയില്ല. വാക്കുകളിലൊതുങ്ങാത്ത നിർവ്വചനങ്ങളുടെ മഹാസാഗരമാണ് മാതാവ്. ഒന്നല്ല ഏഴു കടലുകളും കൂടിച്ചേർന്ന കാരുണ്യത്തിന്റെ അലയൊടുങ്ങാത്ത മഹാസാഗരം. അതാണ് 'അമ്മ എന്ന അമൂല്യനിധി.'

'മാതാപിതാക്കളുടെ കാര്യത്തിൽ മനുഷ്യനെ ഞാനുപദേശിച്ചിരിക്കുന്നു. അവന്റെ മാതാവ് മേൽക്കുമേൽ ക്ഷീണം സഹിച്ചാണ് അവനെ ഗർഭം ചുമന്നത്. അവന്റെ മുലകുടി നിർത്തുന്നതോ രണ്ടുകൊല്ലം കൊണ്ടുമാണ്. അതിനാൽ നീ എന്നോടും നിന്റെ മാതാപിതാക്കളോടും നന്ദി കാണിക്കുക. ഓർക്കുക, എന്റെ അടുത്തേക്കായിരിക്കും നിന്റെ തിരിച്ചുവരൽ.' (വിശുദ്ധ ഖുർആൻ 31:14)

'നാം നമ്മുടെ മാതാപിതാക്കളെ ജീവനുതുല്യം സ്നേഹിക്കാം, സംരക്ഷിക്കാം, അവർക്കുവേണ്ടി പ്രാർത്ഥിക്കാം.'

ദൈവത്തിനു സ്തുതി.

●

Our Address :

**EKA THATHWA**
**POST BOX NO 70**
**PALAKKAD - 678001**

## കണ്ണേട്ടൻ

ഡേവിഡ് മാത്യു



**തന്റെ കൂടെയിരുന്ന് പരീക്ഷ എഴുതിയവൻ മഹാമണ്ടനായിരുന്നെന്നോ ! എങ്ങനെ മനസ്സിലായി ?**

**അതുകൊണ്ടല്ലേ ഞാൻ എല്ലാ പേപ്പറിനും തോറ്റുപോയത്.**



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# ജോസ് ചാലക്കലിന്
## മുണ്ടൂർ യുവക്ഷേത്ര കോളേജിന്റെ ആദരം

പ്രവീൺ കുനിശ്ശേരി
94 000 123 68

**മുണ്ടൂർ** : പത്രപ്രവർത്തകൻ, ഫോട്ടോഗ്രാഫർ, സാമൂഹ്യപ്രവർത്തകൻ എന്നീ മേഖലകളിൽ ദീർഘകാലത്തെ സേവനപ്രവർത്തനത്തെ മുൻനിർത്തി ജോസ് ചാലക്കലിനെ മുണ്ടൂർ യുവക്ഷേത്ര കോളേജ് മൊമെന്റോ നൽകി ആദരിച്ചു.

യുവക്ഷേത്ര കോളേജ്, ദയ ചാരിറ്റബിൾ ട്രസ്റ്റ്, ജനമൈത്രി സുരക്ഷ പ്രൊജക്ട് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 'എല്ലാവർക്കും ഭൂമിയും വീടും പദ്ധതിയുടെ' ഉദ്ഘാടനസമ്മേളനത്തിൽ വെച്ചായിരുന്നു കേരളാഗവർണർ പി. സദാശിവം മൊമെന്റോ നൽകി ആദരിച്ചത്. മുൻ ഹൈക്കോടതി ജഡ്ജി എം. എൻ. കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. യുവക്ഷേത്ര കോളേജ് ഡയറക്ടർ ഫാ. ചെറിയാൻ ആഞ്ഞിലിമൂട്ടിൽ മുഖ്യപ്രഭാഷണം നടത്തി. ഡോ. കെ. പി. നന്ദകുമാർ, ടി. ജി. എൻ. കുമാർ, ആലത്തൂർ ഡി. വൈ. എസ്. പി. വി. എസ്. മുഹമ്മദ് കാസിം, പാലക്കാട് മുൻസിപ്പൽ ചെയർപേഴ്സൺ പ്രമീള ശശിധരൻ എന്നിവർ പ്രസംഗിച്ചു.

പഠനകാലത്തുതന്നെ ഫോട്ടോഗ്രാഫിയിലും പത്രപ്രവർത്തനത്തിലും തൽപരനായ ജോസ് ചാലക്കൽ ഫ്രീലാന്റ്സ് ആയി വാർത്തകളും ഫോട്ടോകളും എല്ലാ പത്രങ്ങളിലേക്കും നൽകിയിരുന്നത് ഇപ്പോഴും അമ്പത്തിആറാം വയസ്സിലും തുടരുന്നു. പല ആനുകാലിക പ്രസിദ്ധീകരണങ്ങളിലായി അറുനൂറോളം ചെറുകഥകളും നാടകങ്ങളും നോവലും എഴുതിയിട്ടുണ്ട്. ഒട്ടേറെ ടെലിഫിലിമുകളിലും സീരിയലുകളിലും ചെറിയ ചെറിയ വേഷങ്ങൾ ചെയ്തിട്ടുണ്ട്. ബോണസ്സുകിട്ടിയപ്പോൾ, നിയോഗം, ഫ്ളോറിയ എന്നീ ടെലിഫിലിമുകളുടെ സംവിധായകനായിരുന്നു. സിനിമ-സീരിയൽ-നാടകങ്ങളുടെ പി. ആർ. ഒ. ആയും പ്രവർത്തിച്ചിട്ടുണ്ട്. മികച്ച പി. ആർ. ഒ. ക്കുള്ള നാട്ടരങ്ങ് കേന്ദ്രത്തിന്റേയും ഗായത്രി സിനി ക്രിയേഷന്റേയും അവാർഡുകൾ ജോസ് ചാലക്കലിന് ലഭിച്ചിട്ടുണ്ട്. ഭാര്യ മിനി, ചിത്ര, അഭിൻ, അനു എന്നിവരാണ് മക്കൾ. തിരഞ്ഞെടുത്ത നൂറു ചെറുകഥകൾ ചേർത്ത് ചെറുകഥാസമാഹാരം പുറത്തിറക്കാനുള്ള പണിപ്പുരയിലാണ് ഇപ്പോൾ ജോസ് ചാലക്കൽ. ഏകതത്ത്വ മാസികയിലെ സ്ഥിരം എഴുത്തുകാരനാണ്.

മൊബൈൽ - 9020147667




മുണ്ടൂർ യുവക്ഷേത്ര കോളേജിന്റെ ആദരം കേരള ഗവർണ്ണർ, പി. സദാശിവം ജോസ് ചാലക്കലിന് സമ്മാനിക്കുന്നു. യുവക്ഷേത്ര കോളേജ് ഡയറക്ടർ ഫാ. ചെറിയാൻ ആഞ്ഞിലിമൂട്ടിൽ. റിട്ടേർഡ് ഹൈകോടതി ജഡ്ജി എം. എൻ. കൃഷ്ണൻ, പാലക്കാട് നഗരസഭ ചെയർപേഴ്സൺ പ്രമീള ശശിധരൻ, ഡി. വൈ. എസ്. പി. മുഹമ്മദ് കാസിം എന്നിവർ സമീപം.

മനസ്സിനിണങ്ങിയ ജീവിതപങ്കാളിയെ സ്വന്തമാക്കാൻ
ഒരു സുവർണ്ണാവസരം !!!!
വൈവാഹികം
മാര്യേജ് ബ്യൂറോ
മണലി, പാലക്കാട് -1
E-mail : suryaprabha66@gmail.com, Fax 0491 - 2544471
0491 2544471, 9387263885
പൊരുത്ത പരിശോധന നടത്തി യോജിപ്പുള്ള ഗ്രഹനിലകൾ മാത്രം നൽകുന്നു.
NB : ജാതകം, പൊരുത്തം, മുഹൂർത്തം എന്നീ സേവനങ്ങൾ ഇവിടെ ലഭ്യമാണ്.
*With best compliments from :* SK PRINTERS, Manali, Palakkad -1. Ph:9387588371
PRINTING, BINDING, DTP, SCANNING, PHOTOSTAT, LAMINATION, SPIRAL BINDING, A3PRINT, INTERNET

Published on 15/04/2017, RNI No. KERMAL/2010/35818, REGISTERED Eka Thathwa Monthly, Vol 7 Issue 6, May 2017, Rs. 15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019

# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS

MULTI BRAND SHOW ROOM



ബെഡ്ഡിനോടൊപ്പം ബെഡ്ഷീറ്റും പില്ലോയും സൗജന്യം







Performance with style

Sleepwell MATTRESSES PILLOWS CUSHIONS

Peps

RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**

Opp Town Bus Stand, T.B. Road, Palakkad- 14.

Tel: 0491-2515112

+91 9447034614, +91 9400496112

e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**

College Road, Palakkad -1.

Tel: 0491 - 2545112

+91 9447034614, +91 9400499112

Website: www.technowoodkitchens.com